340

340

1218

ഭാരത

# സാഹിത്യപ്രവേശിക

## അദ്ധ്യായം I

## സാഹിത്യം

ബാഹ്യജഗത്തു് മനുഷ്യരുടെ ഹൃദയാന്തർഭാഗത്തിൽ കടന്നു് ഒരു പ്രത്യേക ലോകത്തെ സൃഷ്ടിക്കുന്നു. അതിൽ ബാഹ്യജഗത്തിൻെറ രൂപമോ, ആകൃതിയോ, ധ്വനിയോ ഒന്നുംതന്നെയില്ല. മനുഷ്യസംബന്ധികളായ സൽക്കർമ്മങ്ങളും, ദുഷ്കർമ്മങ്ങളും, ഭയവും,വിസ്മയവും, സുഖവും' ദുഃഖവും പരിതസ്ഥിതികൾക്കു് അനുരൂപമായി അതിൽ നിലകൊള്ളുന്നതു കാണാം.

ബാഹ്യജഗത്തിനെ മറെറാരു ലോകമായി മാററുവാൻ ഏതൊരു ഹൃദയത്തിനു ശക്തിയുണ്ടാകുന്നില്ല, അവൻ എല്ലാക്കാലത്തും ബാഹ്യലോകനിവാസിതന്നെ. ഉദരാന്തർഭാഗത്തെത്തുന്ന ആഹാരപദാർത്ഥങ്ങളെ ദഹിപ്പിയ്ക്കത്തക്കവണ്ണം ശക്തിയായ ജാഠരാഗ്നി ആർക്കില്ലയോ, അവൻ ഭക്ഷിക്കുന്നതു നിഷ്പ്രയോജനമാകുന്നു. അവൻെറ

ശരീരത്തെ പോഷിപ്പിക്കുവാനും ആ ഖാദ്യവസ്തുവിനു കഴി യുന്നതല്ല. ആസ്വാദനക്ഷമമായഹൃദയം ഇല്ലാത്തവൻെറ യും സ്ഥിതി ഏറെക്കുറെ ഇപ്രകാരമാകുന്നു. അവനു ബാ ഹ്യജഗത്തിനെ ആസ്വദിച്ച് തദ്ദ്വാരാ മാനുഷികലോക ത്തെ സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല.

ഏതൊരാൾക്കു പ്രാപഞ്ചികവിഷയങ്ങളിൽ ഔത്സു ക്യം ഉണ്ടാകുന്നില്ല, അവൻെറ ആയുഷ്ക്കാലം മിക്കവാറും ലോകത്താൽ വഞ്ചിക്കപ്പെടുന്നു. പ്രപഞ്ചത്തിൽ അവനു ള്ള സ്ഥാനം പ്രവാസിയുടേതിൽനിന്ന് ഒട്ടും വ്യത്യസ്തമാ കുന്നില്ല.

സൗഭാഗ്യവാനായ മനുഷ്യൻെറ നില ഒന്നു വേറെ യാണ്. അദ്ദേഹത്തിൻെറ വീക്ഷണവൃത്തത്തിൽ വിസ്മ യം, പ്രേമം, വിഭാവന എന്നിവ സ്ഥലം പിടിച്ചിരിക്കുന്നു. പ്രകൃതിയുടെ മുക്കും മൂലയും അവൻെറ സാന്നിദ്ധ്യത്തെ അനവരതം പ്രതീക്ഷിക്കുന്നുണ്ട്. പ്രാപഞ്ചികാനുഭവങ്ങൾ അവൻെറ മനോവല്ലകിയിൽ വിവിധരാഗങ്ങളെ സമുത്ഭ വിപ്പിക്കാതിരിക്കയും ചെയ്യുന്നില്ല. ബാഹ്യജഗത്ത് അയാ ളുടെ മനസ്സിൽ പ്രവേശിച്ച് അയാളെ വിവിധവികാര വീചീവിക്ഷുബ്ധനാക്കിത്തീർക്കുന്നു.

ഭാവുകഹൃദയങ്ങളിൽ ബാഹ്യജഗത്തിനല്ല, സാങ്ക ല്പികമായ മനുഷ്യപ്രപഞ്ചത്തിനാണു പ്രാധാന്യം നൽക പ്പെട്ടിരിക്കുന്നത്. അവർ ആ മാനുഷികലോകത്തെ മനു ഷ്യർക്ക് ഏററവും സുഗമവും ആകൎഷവുമാക്കിത്തീർക്കുന്നു. മനുഷ്യപ്രഭാവത്താൽ ബാഹ്യജഗത്ത് വിശേഷരൂപത്തെ കൈക്കൊള്ളുമ്പോൾ മനുഷ്യർ അതിനെ ഹൃദയംഗമമാ

യി വീക്ഷിക്കുകയും, അതിൻെറ സാമീപ്യത്തിൽ ബദ്ധശ്ര ദ്ധരായിത്തീരുകയും ചെയ്യുന്നു.

ഇത്രയും പറഞ്ഞതിൽനിന്നു് നാം ഗ്രഹിക്കേണ്ടതു ബാഹ്യജഗത്തിനും മനുഷ്യജഗത്തിനും തമ്മിൽ വലുതാ യ അന്തരമുണ്ടെന്നുള്ള യാഥാർത്ഥ്യമാകുന്നു. ഏതൊന്നു പൂർണ്ണമാണു്, ഏതൊന്നു ശൂന്യമാണു്, ഏതു ബൃഹത്താ ണു്, ഏതു ചെറുതാണു് എന്നിങ്ങിനെ സൂചിപ്പിക്കുകയല്ല മനുഷ്യലോകം ചെയ്യുന്നതു്. നേരെമറിച്ചു് അതു് ഏതൊ രുവസ്തു ഹൃദ്യമാണു്,ഏതൊന്നു് അപ്രിയമാണു്, ഏതൊ ന്നു വിശിഷ്ടമാണു്, ഏതു ഗർഹണീയമാണു് എന്നിങ്ങി നെ അനുഭവവേദ്യമാക്കി പ്രദർശിപ്പിക്കുകയാണു ചെയ്യു ന്നതു്.

ഏവംവിധമായ ഒരു മനുഷ്യലോകം ഓരോ മനു ഷ്യനിലും പ്രഭവിച്ചുകൊണ്ടിരിക്കുന്നു. ആ പ്രഭാവം, അഥ വാ മനുഷ്യലോകപ്രവാഹം, പുരാതനവും അതുപോലെ തന്നെ നിത്യവുമാകുന്നു. പുതിയ പുതിയ ഇന്ദ്രിയങ്ങളു ടെ—നവംനവങ്ങളായ ഹൃദയങ്ങളുടെ—അന്തർഭാഗത്തു പ്രോജ്വലിക്കുന്ന പ്രവാഹം ഏതുകാലത്തും നവീന മാണു്.

ഇത്തരത്തിലുള്ള ഒരു ലോകത്തെ അധീനമാക്കു വാൻ കഴിയുന്നതെങ്ങിനെ? എങ്ങിനെ അതു നിലനി റുത്താം? മനുഷ്യസൃഷ്ടമായ പ്രപഞ്ചം ബാഹ്യജഗത്തെ ന്നപോലെ നമ്മുടെ മാംസേക്ഷണങ്ങൾക്കു വിഷയമാ കുന്നില്ല. അതിനു നാശവും ഇല്ല. അതു് ആത്മസ്വരൂപ ത്തെ സ്ഫുടീഭവിപ്പിക്കുന്നതിൽ സദാ വ്യാപൃതമായിരി

ക്കുന്നു. ഈ ആസക്തിവിശേഷം ഒന്നുമാത്രമാണ് മനുഷ്യഹൃദയങ്ങളിലേക്കു സാഹിത്യത്തെ പ്രവേശിപ്പിച്ചിട്ടുള്ളതു്.

സാഹിത്യവിചാരത്തിനു സന്നദ്ധനാകുന്ന ഒരു സഹൃദയനു രണ്ടു സംഗതികൾ സവിശേഷം സ്മരിക്കാതെ കഴികയില്ല. ഒന്നാമതായി അദ്ദേഹം ആലോചിക്കേണ്ടതു് പ്രപഞ്ചത്തിൽ ഒരു കവിയ്ക്കുള്ള അധികാരം എത്രത്തോളമാണ് എന്നതിനെക്കുറിച്ചാകുന്നു. രണ്ടാമതു് കാവ്യത്തിൻെറ സ്ഥായീഭാവം എത്രത്തോളം വ്യക്തമാണെന്നുള്ളതിനെക്കുറിച്ചായിരിക്കണം.

കല്പനാസജീവമായ കവിയുടെ ഹൃദയം എത്രത്തോളം വിശ്വവ്യാപിയായിരിക്കുന്നുണ്ടോ, അത്രത്തോളം സന്തുഷ്ടി അദ്ദേഹത്തിൻെറ രചനാഗാംഭീര്യത്തിലും നമുക്കുണ്ടാകുന്നുണ്ടു്. മാനവലോകത്തിൻെറ സീമ, കവി വിസ്തൃതമാക്കിത്തരികയും, മനുഷ്യർക്ക് അവിടെ യഥേഷ്ടം വിഹരിക്കുന്നതിനു സന്ദർഭം ഉണ്ടാക്കിത്തീർക്കുകയും ചെയ്യുന്നു.

സാഹിത്യത്തിൽ രചനാശക്തിയുടെ നൈപുണ്യമാകുന്നു അത്യന്തം അമൂല്യമായിരിക്കുന്നതു്. ഈ ഗുണംകൊണ്ടാണ് സാഹിത്യം ശക്തിസമ്പന്നമായിത്തീർന്ന് സഹൃദയങ്ങളെ ആകർഷിക്കുന്നതും. രചനാശക്തിനൈപുണ്യം ഭാഷയെ ആശ്രയിച്ചു നിൽക്കുന്നു. ഭാഷയാണു മാനുഷികജഗത്തിൻെറ വ്യാപാരങ്ങളെ ചിത്രീകരിക്കുന്നതിനുള്ള പ്രധാന ഉപകരണം. സാഹിത്യത്തിൽ ഭാഷയ്ക്കുള്ള സ്ഥാനം മഹത്തും സർവ്വോൽകൃഷ്ടവുമാകുന്നു. കവി, ഭാഷയെ ആശ്രയിച്ചു നിന്നുകൊണ്ടു് രചനാശക്തി സമ്പാദിക്കുന്നു. ഭാഷാ

സ്വാധീനത്തിന്നായി കവിഹൃദയം വ്യാകുലപ്പെട്ടുകൊ ണ്ടാണിരിക്കുന്നതു്. ഏതൊരാൾക്കു ഭാഷയുടെ നിർവ്യാജ സഹകരണം സിദ്ധിക്കുന്നില്ല, അവനു സാഹിത്യക്ഷേത്ര ത്തിൽ കടന്നു് സാഹിതീദേവിയെ ആരാധിക്കുവാൻ അ ധികാരമില്ല.

കവിയുടെ ഭാവനകൾ സുവ്യക്തമാക്കുന്നതിനു വിവി ധസാമഗ്രികൾ ആവശ്യപ്പെടുന്നുണ്ടു്.

പുരുഷന്മാരെ സംബന്ധിച്ചിടത്തോളം കാൎയ്യക്ഷ മതയ്ക്കു് ഏററവും വിലകുറഞ്ഞ ചെറിയ വസ്ത്രങ്ങളാണു പ്രയോജകീഭവിക്കുക. സ്ത്രീകളുടെ സ്ഥിതി ഇത്തരത്തി ലല്ല. വേഷഭൂഷകളും, ലജ്ജാവിനയങ്ങളും, ഭാവഭംഗിയും അവൎക്കു കൂടിയേ തീരൂ. സ്ത്രീകളുടെ കാൎയ്യം ഹൃദയത്തി ൻെറ കാൎയ്യമാകുന്നു. അതിനാൽ ഭംഗിയുള്ള വസ്ത്രങ്ങളും ആഭരണങ്ങളും അവൎക്കു് ഒഴിച്ചുകൂടുന്നതല്ല. സൗന്ദൎയ്യത്തെ യാണു് അവർ അധികം കാൎയ്യമായി ഗണിക്കുന്നതു്. ഋജു ഭാഷണംകൊണ്ടു പുരുഷന്മാരുടെ ഇടയിൽ പെരുമാറാം. ആശയങ്ങളെ വ്യംഗ്യംകൊണ്ടു മറച്ചിട്ടുവേണം സ്ത്രീക ളോടു പെരുമാറുവാൻ. സാഹിത്യത്തിൻെറയും സ്ഥിതി ഏറെക്കുറെ ഇപ്രകാരം തന്നെ.

സാഹിത്യം, സ്വചേഷ്ടയെ സഫലമാക്കുന്നതിനുവേ ണ്ടി ഉപമാദ്യലങ്കാരങ്ങളേയും, വാസ്തവോക്തി, ശ്ലേഷം, അതിശയോക്തി തുടങ്ങിയ മററു അലംകൃതികളേയും, ഛ ന്ദസ്സുകളേയും വിടാതെ പിടികൂടുന്നു. ദർശനങ്ങളെപ്പോ ലെയോ, സ്മൃതികളെപ്പോലെയോ നിരലംകൃതമായാൽ ആ സാഹിത്യത്തിനു യാതൊരു മേന്മയുംഉണ്ടാകുന്നില്ല.

അദൃശ്യവസ്തുക്കളുടെ ഒരു ചിത്രം രൂപവൽക്കരിക്കുന്നതിൽ കവി, വാക്കുകളെ സുരക്ഷിതങ്ങളാക്കി പ്രയോഗിക്കുന്നു. സ്ത്രീകൾക്കു സൗന്ദര്യ്യവും ലജ്ജയുമെന്നപോലെ സാഹിത്യത്തിനും ശാബ്ദിക ഭംഗിയും ധ്വനിയും അപരിഹാര്യമാകുന്നു. അനുകരണാതീതമായ ഒരനിർവചനീയതത്വമാണു് സാഹിത്യത്തിനുള്ളതു്. അതു് അലങ്കാരങ്ങളെ അതിക്രമിച്ചു നിൽക്കുന്നതോടൊപ്പം അലങ്കാരങ്ങളാൽ ആച്ഛന്നമായും സ്ഥിതിചെയ്യുന്നു.

സാഹിത്യത്തിനു ഭാഷയെന്നപോലെതന്നെ അത്യാവശ്യമായി വേറെയും രണ്ടു വസ്തുക്കളുണ്ടു്. ഒന്നുചിത്രം, മറെറാന്നു സംഗീതം.

വാക്കുകൊണ്ടു വർണ്ണിക്കാൻ സാധിക്കാത്തതിനെ ചിത്രംകൊണ്ടു വിശദമാക്കാം. ഇത്തരത്തിലുള്ള ചിത്രമല്ല സാഹിത്യത്തിൽ കാണുക. സാഹിത്യചിത്രരചനയ്ക്കു സീമയേ ഇല്ല. ഉപമ, രൂപകം മുതലായവകൊണ്ടാണു് സാഹിത്യത്തിൽ ചിത്രനിർമ്മാണം ചെയ്യുന്നതു്.

"കാണുവാൻ പറക്കുന്ന ദൃഷ്ടികൾ പതത്രങ്ങൾ." കണ്ണുകൾ പതത്രങ്ങളല്ലെങ്കിലും അവയ്ക്കു് അഭേദം കല്പിച്ചുകൊണ്ടു് പറക്കുക എന്ന ക്രിയയെ അനപത്ഥമാക്കിത്തീക്കയാണു കവി ചെയ്യുന്നതു്. മാത്രമല്ല, പക്ഷിശബ്ദപ്രയോഗംകൊണ്ടു് ശാന്തതയും, പറക്കുക എന്ന പ്രയോഗം കൊണ്ടു് ഉൽക്കണ്ഠയും പ്രദർശിപ്പിക്കുകകൂടി ചെയ്യുന്നുണ്ടു് ഇവിടെ വർണ്ണ്യവസ്തുക്കളായ ദൃഷ്ടികൾക്കും, അവർണ്ണ്യവസ്തുക്കളായ പതത്രികൾക്കും ബാഹ്യജഗത്തിൽ

ഭേദമുണ്ടെങ്കിലും കവിസങ്കല്പത്തിൽ അഭേദമാണുള്ളത്. അതിനാൽ ഇതു രൂപകാലങ്കാരത്തിന് ഉദാഹരണവുമായിത്തീൎന്നിരിക്കുന്നു.

ഇതിനും പുറമെ, ഛന്ദസ്സുകളിലും, ശബ്ദങ്ങളിലും, വാക്യവിന്യാസങ്ങളിലും നിർല്ലീനമായ സാഹിത്യം സംഗീതത്തെക്കൂടി സമാശ്രയിക്കുന്നുണ്ടെന്നു നിരീക്ഷണപടുക്കൾക്കറിയാം. സാഹിത്യത്തിലെ ഈ സംഗീതം, സുവൎണ്ണത്തിനു സൗരഭ്യം എന്നപോലെ, ലോകോത്തരമാഹാത്മ്യം പ്രദാനം ചെയ്യുന്നുണ്ട്. ഇതുകൊണ്ടു തന്നെയാണ് ചിത്രത്തിനും സംഗീതത്തിനും സാഹിത്യത്തിൽ ഗണനീയമായ സ്ഥാനം കല്പിക്കപ്പെടുന്നതും.

കേവലമനുഷ്യനെ തൃപ്തിപ്പെടുത്തുവാനുള്ള ശക്തി സാഹിത്യത്തിനില്ലെന്ന് വ്യസനപൂർവ്വമെങ്കിലും, പറയാതെ കഴികയില്ല.അവൻ പശുസമാനമായ ജീവിതത്തിൽ കവിഞ്ഞതായി മറെറാന്നും പ്രതീക്ഷിക്കുന്നില്ല. അവനെ ജഡസൃഷ്ടികളുടെ കൂട്ടത്തിൽ ഗണിക്കുന്നതായാലും, വലിയ അപരാധമായി അതെന്നു പറഞ്ഞുകൂടാ. അവനു ബാഹ്യേന്ദ്രിയങ്ങളെ അതിക്രമിച്ചുള്ള രസാസ്വാദനശക്തിയില്ല. അവനു ബാഹ്യപ്രപഞ്ചത്തെ കവിഞ്ഞൊരു പ്രപഞ്ചവും ഇല്ല.

സാഹിത്യം ഇത്തരത്തിലുള്ള മനുഷ്യകീടങ്ങൾക്കുള്ളതല്ല. പ്രജ്ഞാശക്തിയും, സഹൃദയവും ഉള്ളവൎക്കാണു സാഹിത്യം. അവർ അതിൻെറ മാഹാത്മ്യത്തെ നിരീക്ഷിച്ചും, അതിൽ ഇറങ്ങി വിഹരിച്ചും, ജീവിതത്തെ സുഗമവും

മഹത്തും ആക്കിത്തീക്കുന്നു. അവക്കു നിർവൃതികരവും സാഹിത്യമാണു്.

ജീവിത രഹസ്യങ്ങളെ, ഒരു പ്രത്യേകലോകം സൃഷ്ടിച്ചു് അതിൽ കൊണ്ടുവന്നു ചിത്രീകരിക്കുക എന്നതു് അത്ര എളുപ്പമല്ല. കവികൾ മാത്രമേ അത്തരം സൃഷ്ടികർമ്മം ചെയ്യുന്നതിനും, ചിത്രങ്ങൾ നിർമ്മിക്കുന്നതിനും ശക്തരാകുന്നുള്ളു. ഒരസാധാരണ ശക്തിയുടെ പ്രചോദനമാണു് കവികളെ താദൃശസൃഷ്ടിക്കു സമർത്ഥന്മാരാക്കിത്തീക്കുന്നതു്. ഇങ്ങിനെയുള്ള മഹാത്മാക്കളുടെ സംഖ്യ ലോകത്തിൽ ഏതുകാലത്തും ദുർല്ലഭമേ ആയിരിക്കു.

വ്യാസൻ, വാത്മീകി, കാളിദാസൻ തുടങ്ങിയ അസാധാരണ പുരുഷന്മാരാണു് ഭാരതീയ സാഹിത്യകർത്താക്കൾ. അവരുടെ ഭാവനാപ്രപഞ്ചമാണു് ഇന്നും നമ്മുടെ പാവനക്ഷേത്രം.

സാഹിത്യത്തിന്നു് ഒരു ശരിയായ നിർവ്വചനം നൾകാമെങ്കിൽ അതു് ഇങ്ങിനെയായിരിക്കും:—"മനുഷ്യഹൃദയവും മനുഷ്യചരിത്രവുമാണു് സാഹിത്യത്തിനു വിഷയം." മനുഷ്യചരിത്രം എന്നുമാത്രം പറഞ്ഞാലും പോരെന്നുണ്ടോ എന്നു ചിലക്കു സംശയം തോന്നാം. ബാഹ്യപ്രകൃതിയും മനുഷ്യചരിത്രവും മർത്ത്യഹൃദയാന്തർഭാഗങ്ങളിൽ നിമിഷംപ്രതി യാതൊരു രൂപത്തെ ചിത്രീകരിച്ചുകൊണ്ടിരിക്കുന്നു, യാതൊന്നു സംഗീതധ്വനിയാൽ സജീവകമായി പരിണമിക്കുന്നു, ഭാഷാരചിതമായ ആ ചിത്രവും ആ ഗാനവും തന്നെയാണു സാഹിത്യം.

ഈശ്വരന്റെ ആനന്ദപ്രകൃതിയിൽ, മനുഷ്യചരിത്രത്തിനിടയിൽ, കവി, സൃഷ്ടിവിധാനം ചെയ്യുന്നു. മനുഷ്യഹൃദയവും സാഹിത്യത്തിൽ വിഹരിച്ച് ആത്മസാക്ഷാൽക്കാരം അനുഭവിക്കുന്നു. ഈ ചേഷ്ടകൾ യാതൊരന്തവും ഇല്ലെന്നുള്ളതു് അത്ഭുതാവഹമായിരിക്കുന്നു. കവികൾ മനുഷ്യഹൃദയത്തിന്റെ ഈ ചിരന്തനചേഷ്ടയ്ക്കു ഉപലക്ഷ്യമാത്രകന്മാർ മാത്രമാകുന്നു.

ഈശ്വരന്റെ ആനന്ദസൃഷ്ടി, അന്തർഭാഗത്തുനിന്നു സ്വയം ബഹിർഗ്ഗമിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യഹൃദയത്തിന്റെ ആനന്ദസൃഷ്ടിയാകട്ടെ, അതിന്റെ പ്രതിദ്ധ്വനിയുമാണു്. കവിയുടെ സൃഷ്ടിയിൽ നിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്ന സംഗീതഝങ്കാരം നമ്മുടെ ഹൃദയവീണയിലെ തന്ത്രികളെ കൂടക്കൂടെ സ്പന്ദിപ്പിക്കാതിരിക്കുന്നില്ല. മനുഷ്യസംഗീതം യാതൊന്നോ, ഭഗവദ്സൃഷ്ടിയുടെ പ്രതിഘാതത്തിൽ മനുഷ്യസൃഷ്ടിയുടെ ആവേഗം യാതൊന്നോ, അതിന്റെ വികാസമാകുന്നു സാഹിത്യം. പ്രപഞ്ചത്തിന്റെ നിശ്വാസം നമ്മുടെ ചിത്തവല്ലകിയിൽ ഏതൊരു രാഗത്തെ ആലാപിക്കുന്നുവോ, സാഹിത്യം അതിനെ സ്പഷ്ടമാക്കുവാനാണു് അശ്രാന്തയത്നം ചെയ്യുന്നതു്. ഏതെങ്കിലും, വ്യക്തിയെ പരാമർശിക്കുന്ന ഒന്നല്ല സാഹിത്യം. അതു രചയിതാവിനെയും പരാമർശിക്കുന്നില്ല. അതു ദേവവാണിമാത്രമാകുന്നു. ബാഹ്യസൃഷ്ടി, എങ്ങിനെ നന്മതിന്മകളെയും അസംപൂർണ്ണതയെയും വഹിച്ചുകൊണ്ടു ചിരകാലമായി, അവയെ വ്യക്തമാക്കാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നുവോ, സാഹിത്യവും ആ വിധംതന്നെ ദേശദേശാ-

ന്തരങ്ങളിലും, ഭാഷകളിലും മനുഷ്യജഗത്തിൻെറ രഹസ്യങ്ങളെ വിശദീകരിക്കുവാൻ യത്നിച്ചുകൊണ്ടാണിരിക്കുന്നതു്.

സാഹിത്യസാമഗ്രികൾ

സ്വാനന്ദാനുഭൂതിക്കായി രചിക്കുന്ന കവിതകൾക്കു സാഹിത്യപരമായ വില കല്പിക്കാവുന്നതല്ല. ചിലർ കവിതയെഴുതുമ്പോൾ പറയാറുണ്ടു്, "പക്ഷികൾ ആനന്ദത്തോടുകൂടി പാടുന്നതു മററുള്ളവരെ ഉദ്ദേശിച്ചല്ല; അതുപോലെ ഞങ്ങൾ കവിത രചിക്കുന്നതും ആത്മാനന്ദത്തെ മാത്രം ലക്ഷ്യമാക്കിയിട്ടാണു്" എന്നു്.

പക്ഷിയുടെ ഗാനം, പറവക്കൂട്ടത്തിൻെറ ആനന്ദത്തെ ലക്ഷ്യമാക്കിക്കൊണ്ടല്ല എന്നു് എങ്ങിനെ തീർച്ച പറയും ? അല്ലെങ്കിൽ വേണ്ട; അതിനെപ്പററി വാദപ്രതിവാദംചെയ്യുന്നതു നിരർത്ഥകംതന്നെ. എന്നാൽ കവിയുടെ രചനാലക്ഷ്യം പ്രധാനമായി വായനക്കാർ ആയിരിക്കും.

ഈ ഒരൊററക്കാരണത്താൽ കവിത കൃത്രിമമായിത്തീരുന്നു എന്നു പറയാനും വയ്യ. മാതാവിൻെറ സ്തന്യം അവളുടെ സന്താനത്തിനു മാത്രമായിട്ടുള്ളതാണു്. ഈ പയസ്സാണു് ആ സന്താനത്തെ പോഷിപ്പിക്കുന്നതിനു മുഖ്യസഹായമായിരിക്കുന്നതു്. ഇക്കാര്യത്തിൽ ആരും എതിരഭിപ്രായം പുറപ്പെടുവിക്കുമെന്നു തോന്നുന്നില്ല.

നിശ്ശബ്ദകവിത്വം, ആത്മഗതമായ ഭാവോച്ഛ്വാസം; സാഹിത്യത്തിൽ ഇവരണ്ടും നിരർത്ഥകങ്ങളാണു്;

വർജ്ജ്യങ്ങളുമാകുന്നു. കരിക്കൊള്ളിയെ തീക്കൊള്ളിഎന്ന് ആരും പറയാറില്ല. തീക്കൊള്ളിയാണെങ്കിൽ അതിൽ തീ ഉണ്ടായിരിക്കണമല്ലോ. ഒരാൾ ആകാശത്തേയ്ക്കു നോക്കി, ആകാശംകണക്കെ നിശ്ശബ്ദനായിത്തീരുന്നുവെങ്കിൽ അയാളെ കവി എന്നു പറയുന്നത് ഇതുപോലെതന്നെ അർത്ഥശൂന്യമാണ്. പ്രകാശംതന്നെയാണു സാഹിത്യം. മനസ്സിൻെറ അന്തർഭാഗത്ത് എന്താണുള്ളത്? എന്താണില്ലാത്തത്? എന്നിങ്ങനെ ആലോചന നടത്തുന്നതിൽ പുറമേയുള്ള ഒരാൾക്കും ഒരുവിധമായ ലാഭമോ നഷ്ടമോ ഇല്ല. "മിഷ്ടാന്നമിതരേജനാ:" എന്നുണ്ടല്ലോ. ഭണ്ഡാരത്തിൽ എന്തുബാക്കിയുണ്ട് എന്നു ഊഹിച്ചു തലപുകയ്ക്കുന്നതുകൊണ്ടു മററുള്ളവക്കു ഹാനിയോ ലാഭമോ ഇല്ല; അവക്കു മിഷ്ടാന്നം ലഭിക്കണം. അത്രയേ ആവശ്യമുള്ളു.

സാഹിത്യത്തിൽ ആത്മഗതമായ ഭാവോച്ഛ്വാസത്തിൻെറയും സ്ഥിതി ഇങ്ങിനെതന്നെ. രചന, രചയിതാവിനായിക്കൊണ്ടല്ല; ഈ സംഗതി പുരസ്കരിച്ചുകൊണ്ടു വേണം സാഹിത്യചിന്ത ചെയ്യുവാൻ.

നമ്മുടെ മനോഭാവങ്ങളുടെ ഒരു സ്വാഭാവികവൃത്തി അവ പരഹൃദയഗതി അറിയുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. ജീവിതസമുച്ചയത്തിൻെറ അന്തർവ്യാപ്തിക്കും, നിലനില്പിനും ആവശ്യകമായ ഒരു ചേഷ്ടാവിശേഷം നടമാടിക്കൊണ്ടിരിക്കുന്നുവെന്നു പ്രകൃതി നിരീക്ഷകന്മാക്കറിയാം. സന്താനങ്ങൾവഴിയായി സ്വജീവിതപരിധി വർദ്ധിപ്പിക്കുവാനും, ജീവിതവ്യാപ്തി

ശത്രുണീഭവിപ്പിക്കുന്നതിനും ജീവികൾ അശ്രാന്തയത്നം ചെയ്യുന്നു. ഇതുപോലെ തന്നെയാണു മനോഭാവങ്ങളുടെയും പോക്കു്. മനുഷ്യന്റെ മനോഭാവങ്ങളുടെ അന്തർഭാഗത്തും ഇത്തരത്തിലുള്ള ഒരു ചേഷ്ട സ്ഥിതിചെയ്യുന്നുണ്ടു്. പ്രാണികളുടെ അധികാരം, ദേശകാലങ്ങളെ ആശ്രയിച്ചു നിൽക്കുന്നു; മനോഭാവങ്ങളുടെ അധികാരം മനസ്സിനെയും കാലത്തെയും ആശ്രയിച്ചുനിൽക്കുന്നു. ഇതാണു് ഇവയുടെ തമ്മിലുള്ള അന്തരം. മനോഭാവചേഷ്ട വളരെ സമയത്തോളം—അഥവാ വളരെ കാലത്തോളം—മനുഷ്യഹൃദയങ്ങളെ സ്വാധീനമാക്കി വച്ചുകൊണ്ടിരിക്കുന്നു.

ഈ ഒരാകാംക്ഷയുടെ പൂർത്തിക്കുവേണ്ടി വളരെ പുരാതനകാലം മുതൽ ഏതെല്ലാം സങ്കേതങ്ങളിൽ, ഏതെല്ലാം ഭാഷകളിൽ, ഏതെല്ലാം ലിപികളിൽ, ഏതെല്ലാം ശിലകളിൽ, ഏതെല്ലാം ധാതുപദാർത്ഥങ്ങളിൽ, ഏതെല്ലാം വൃക്ഷചർമ്മങ്ങളിൽ, ഏതെല്ലാം ഇലകളിൽ, കടലാസ്സുകളിൽ, തൂലികകൾ കൊണ്ടും, എഴുത്താണികൾ കൊണ്ടും ചിത്രകർമ്മം നടത്തപ്പെട്ടിരിക്കുന്നു ! കാലാന്തരത്തിൽ നമ്മുടെ ധനവും, സാമഗ്രികളും, ശരീരവും, മനസ്സും, സുഖവും, ദുഃഖവും എല്ലാം നശിക്കും. അപ്പോഴും മനുഷ്യഹൃദയങ്ങളെ വശീകരിച്ചു ചിത്രീകരിച്ചിട്ടുള്ള സാഹിത്യചിത്രങ്ങൾക്കു നാശമോ മോശമോ സംഭവിക്കുന്നതല്ല. അവ മനുഷ്യഭാവനകളേയും മനുഷ്യബുദ്ധിയേയും ആകർഷിച്ചുകൊണ്ടു പ്രപഞ്ചത്തിൽ സജീവചൈതന്യത്തോടുകൂടി സമുജ്ജ്വലിയ്ക്കും. അതു തീർച്ചതന്നെ.

മദ്ധ്യഏഷ്യയിൽ ഗോബി മരുഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള സ്'തൂപങ്ങളിൽനിന്നു കിട്ടുന്ന യാഥാൎത്ഥ്യം—നഷ്ടഭ്രഷ്ടമായ ഒരു ജനസമുദായത്തിൻെറ വിസ്'മൃതവും പുരാതനവുമായ ഇതിഹാസം, അതു് അജ്ഞാതാക്ഷരങ്ങളിൽ സ്ഥിതിചെയ്യുന്നതായിരുന്നിട്ടും—അനവാചകരായ നമുക്കു് എത്രമാത്രം മനോവ്യഥ ഉണ്ടാക്കിത്തീക്കുന്നു.! ഏതുസമയത്തായാലും വേണ്ടില്ല, ആരുടെയായാലും വേണ്ടില്ല, സജീവകമായ ചിത്തത്തിൻെറ ചേഷ്ട, അപ്പോഠം നമ്മുടെ മനസ്സിനുള്ളിൽ കടന്നുലയിക്കാതിരിക്കയില്ല. ആ സംഭവം എഴുതിയ ആഠം ഇന്നു ജീവിച്ചിരിക്കുന്നില്ല. ഏതൊരു സ്ഥലത്തുവച്ചു് എഴുതപ്പെട്ടു എന്നും നമുക്കറിഞ്ഞുകൂടാ. മനുഷ്യൻെറ മനോഭാവം, ഒരു കാലഘട്ടത്തിൽനിന്നു മറെറാരു യുഗത്തിലേയ്ക്കു സംക്രമിപ്പിച്ചു് മററുള്ളവരുടെ സുഖദുഃഖങ്ങളിലേയ്ക്കു അതിനെ പകത്തുകയല്ല, ആ ശിലാലേഖനം നമ്മെ ഉററു നോക്കുകയാണു ചെയ്യുന്നതു്.

ലോകത്തിലെ സൎവ്വശ്രേഷ്ഠനായ ചക്രവൎത്തി എന്നു ഖ്യാതിനേടിയ അശോകൻ ഏതൊരു വൃത്താന്തം വളരെക്കാലം ലോകൎക്കു ശ്രുതിഗോചരമാക്കിത്തീക്കാൻ ആഗ്രഹിച്ചിരുന്നുവോ,അതിനെ അദ്ദേഹം ശിലാഗാത്രത്തിൽ മറച്ചുവയ്ക്കുകയാണു ചെയ്തതു്. അദ്ദേഹത്തിനറിയാം ശിലാശരീരങ്ങഠക്കു നാശം അഥവാ ജീൎണ്ണത സംഭവിക്കയില്ലെന്നു്. കാലം എത്രതന്നെ കഴിഞ്ഞാലും ആ ശിലാദേഹങ്ങഠ അചലരൂപങ്ങളിൽ സ്ഥിതിചെയ്തു് നവയുഗത്തിലെ പഥികന്മാൎക്കു ഭൂതകാലസംഭവങ്ങഠ പാടി കേഠപ്പിക്കാതിരിക്കയില്ലെന്നു ആ സൂക്ഷ്മദൎശി ഗ്രഹിച്ചിരുന്നു.

സ്വസന്ദേശം പ്രചരിപ്പിയ്ക്കുവാൻ അദ്ദേഹം പാഷാണ ശരീരങ്ങളെയാണു ഏർപ്പാടുചെയ്തിരുന്നതു്. മററുള്ളവ യെല്ലാം കാലാന്തരത്തിൽ നാശം സംഭവിക്കാതിരിക്ക യില്ലെന്നു അദ്ദേഹം കണ്ടു.

ശിലയാകട്ടെ മനുഷ്യരുടെ സമയമോ സൗകര്യ മോ ഗണിക്കാതെ ഭാഷാവിനിമയം ചെയ്തുകൊണ്ടിരിക്കു ന്നു. അശോകൻ എവിടെ ? പാടലീപുത്രം എവിടെ ? ധർമ്മജാഗ്രത്തായ ഭാരതവർഷത്തിൻെറ ആ ഗൗരവമേറി യ ദിനങ്ങൾ എവിടെ? എന്നാൽ അശോകചക്രവർത്തിയു ടെ വിളംബരം പ്രചരിപ്പിക്കുവാൻ ഭാരം ഏററ ശിലകൾ, ആ കൃത്യം ഇന്നും നിർവ്വിഘ്നം അനുഷ്ഠിക്കുന്നുണ്ടു്. അ ശോകൻെറ മററു പ്രഭാഷണങ്ങളെല്ലാം വെറും വനരോ ദനങ്ങളായിത്തീൎന്നു. പക്ഷെ ശിലകളിൽ സമർപ്പിച്ചിട്ടു ള്ള അദ്ദേഹത്തിൻെറ മഹാവാണികൾ ഇക്കാലത്തും അ നേകായിരം മനുഷ്യഹൃദയങ്ങളിൽ വികാരവീചികൾ അ ങ്കുരിപ്പിച്ചു ഇളക്കികൊണ്ടിരിക്കുന്നു. ഇനിയും അവ അ ങ്ങിനെ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. രജപുത്രന്മാ രുടെ പ്രഭാവസൂര്യൻ ഇനിയൊരിക്കലും ഉദിക്കാത്തമട്ടിൽ അസ്തംഗമിച്ചു; പട്ടാണികളുടെ ശൗര്യവും നാമാവശേഷ മായി; മുകിലപ്രതാപവും അദൃശ്യമായി; മഹാരാഷ്ട്ര ന്മാരുടെ ഖഡ്ഗപാതദ്ധ്വനിയും ഇല്ലാതായി. ഇവയ്യെല്ലാം കാരണമെന്തെന്നു ചോദിച്ചാൽ മറുവടി പറയുവാൻ ആളില്ല. സമുദ്രതീരത്തുള്ള ക്ഷുദ്രദ്വീപുകളിലല്ല അദ്ദേ ഹം സന്ദേശം സമർപ്പിച്ചതു്. പാഷാണഹൃദയങ്ങളിലാ ണു് അതു വിന്യസ്തമായതു്. പക്ഷെ, ആ ഹൃദയം പ്രദ

ശിപ്പിക്കുന്നതെന്തെന്നറിവാൻ നിദ്രാധീനരായ ഇന്ത്യാക്കാക്ക് കഴിഞ്ഞില്ല. കച്ചവടത്തിനായി ഭാരതത്തിൽ എത്തിയ ചിലരുടെ ദൃഷ്ടികൾ അശോകപ്രതിഷ്ഠിതങ്ങളായ സ്തൂപങ്ങളിൽ പതിഞ്ഞു. ആ കാഴ്ച അവരെ സ്തിമിതന്മാരാക്കിത്തീർത്തു. ഏറെ താമസിയാതെ അശോകചക്രവത്തിയുടെ സന്ദേശങ്ങൾ വ്യാഖ്യാതങ്ങളായി. ഭാരതസമ്രാട്ടിൻെറ സന്ദേശം ഭാരതീയക്ക് മനസ്സിലാക്കുവാൻ ഒരു വിദേശിയുടെ ശ്രദ്ധയും പ്രയത്നവും വേണ്ടിവന്നു എന്നുള്ളതു വാസ്തവമാണ്.

ചക്രവത്തി എന്തു് ആശിച്ചിരുന്നുവെന്നും എന്തെല്ലാം സ്വീകരിച്ചിരുന്നുവെന്നും സ്തൂപങ്ങളിലില്ല. പക്ഷെ, മനുഷ്യൻെറ ധമ്മാധമ്മങ്ങൾ ഏതെല്ലാമെന്നു നമുക്കു ആ ശിലാദ്ധതനിൽനിന്നു മനസ്സിലാക്കാം. അദ്ദേഹത്തിൻെറ മനോഭാവം അന്നുമുതൽ ഇന്നുവരെ സകല മനുഷ്യരുടെയും ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ടെങ്കിൽ അതിനുകാരണം ചിരഞ്ജീവികളായ ശിലകളായിരുന്നു. ഭാരതസമ്രാട്ടിൻെറ ആ ഏകാഗ്രാകാംക്ഷയുടെ നേരെ ചിലർ ഉററുനോക്കുന്നു; ചിലർ നോക്കുകപോലുംചെയ്യാതെ അവരവരുടെ വഴിക്കു പോകുന്നു.

അശോകൻെറ ആജ്ഞകളാണു സാഹിത്യം എന്നു ഞാൻ പ്രസ്താവിക്കാനുദ്ദേശിക്കുന്നതായി ആരും കരുതേണ്ടതില്ല. മനുഷ്യഹൃദയത്തിൻെറ ഏകവും അദ്വിതീയവുമായ ആകാംക്ഷ എന്താണെന്നു ഈ പ്രസ്താവത്തിൽനിന്നു വെളിപ്പെട്ടും. നാം പ്രതിമകൾ നിമ്മിക്കുന്നു; സ്ഥാപിക്കുന്നു; ചിത്രങ്ങൾ രചിയ്ക്കുന്നു; കവിതകൾ എഴുതുന്നു; ശി

ലാമന്ദിരങ്ങൾ ഉണ്ടാക്കുന്നു; സാർവ്വലൌകികമായി ഇത്തരം ചേഷ്ടകൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. ഇവയുടെയെല്ലാം രത്നചുരുക്കം എന്താണു് ? മനുഷ്യഹൃദയം, മനുഷ്യഹൃദയത്തോടു അമരത്വത്തെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണു് അതു്.

യാതൊരു ചിരകാലീനവസ്തു, മനുഷ്യഹൃദയത്തിൽ അമരത്വസ്ഥാപനത്തിനു യത്നിച്ചുകൊണ്ടിരിക്കുന്നു, സാധാരണയായി അതു നമ്മുടെ ക്ഷണകാലീനപ്രയോജനത്തോടും ചേഷ്ടയോടുംകൂടി നാനാപ്രകാരത്തിൽ പാർത്ഥക്യത്തെ അവലംബിക്കുകയാണു ചെയ്യുന്നതു്. നാട്ടിലിരിക്കുന്ന നമ്മൾ ആഹാരപദാർത്ഥങ്ങളെന്നനിലയിൽ അരി മുതലായവ വാങ്ങുന്നു. എന്നാൽ നമ്മുടെ സ്ഥിരവാസം വനത്തിലാണെങ്കിലോ ? അപ്പോൾ നാം ചെയ്യുന്നതു പഴങ്ങളും കായ്കളും കിഴങ്ങുകളും സംഗ്രഹിക്കുകയായിരിക്കും.

സാഹിത്യത്തിൽ ചിരസ്ഥായിയാകുന്നതിനുള്ള ചേഷ്ടതന്നെയാണു മനുഷ്യൎക്കു അത്യന്തം ഹൃദ്യമായ ചേഷ്ടയും. ദേശഹിതൈഷികളോടു എത്രതന്നെ യാചിച്ചാലും സാഹിത്യത്തെ പ്രബുദ്ധവും സമൃദ്ധവും ആക്കേണ്ടകാര്യത്തിൽ അവർ പരാങ്മുഖരാണു്. അവർ പറയുന്നതു നാടകങ്ങളും, ആഖ്യായികകളും, പദ്യകാവ്യങ്ങളും നാട്ടിൽ നിറഞ്ഞുകഴിഞ്ഞിരിക്കെ, കവികൾക്കു അസന്തോഷത്തിനും അതൃപ്തിക്കും കാരണമെന്താണെന്നാകുന്നു. നിർദ്ദോഷമായ സാഹിത്യം താൽക്കാലികാവശ്യത്തെ നിറവേററുന്നു. ഈ താൽക്കാലികാവശ്യം മാത്രം മതിയോ മനുഷ്യ

സമുദായത്തിനു നിർവ്വഹിക്കുവാൻ ? പോരാ; തീർച്ചയായും പോരാ.

ജ്ഞാനത്തെ സംബന്ധിച്ചു പറയുന്നപക്ഷം അതു ജനസമുദായത്തിൽ വ്യാപിക്കുന്നതോടുകൂടി അതിൻെറ ഉദ്ദേശവും സഫലമായിത്തീരുന്നു. മനുഷ്യരുടെ ജ്ഞാനത്തിൽ, നവീനാവിഷ്ക്കരണങ്ങൾവഴി, പുരാതനാവിഷ്ക്കാരം അദൃശ്യമായി സഞ്ചരിക്കുന്നു. ഇന്നലെവരെ പണ്ഡിതന്മാർക്കുപോലും അഗമ്യങ്ങളായിരുന്നവ, ഇന്നു ചെറുകുട്ടികൾക്കു് ഏററവും സുഗമങ്ങളായിത്തീർന്നിരിക്കുന്നു. യാതൊരു സത്യം പുതിയ വേഷത്തിൽ വിപ്ലവത്തെ സൃഷ്ടിക്കുന്നുവോ, അതു പുരാതനവേഷത്തിൽ അന്നു വിസ്മയഹേതുകമായിത്തീരുന്നില്ല. ഏതു തത്വവും ഇക്കാലത്തു് അറിയാത്തവർ വളരെ ചുരുങ്ങും. പാണ്ഡിത്യത്തിൻെറ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നവരുടെ സംഖ്യ ദുർല്ലഭമായിത്തീർന്നിരിക്കുന്നു.

എന്നാൽ ഹൃദയത്തിൻെറ ഭാവം പ്രചരിക്കുന്നതിൽ നവീനത്വം തീരെയില്ല. ഒരിക്കൽ സമ്പാദിച്ച ജ്ഞാനം പുനരാവർത്തനത്തിനു വിഷയമാകാറില്ല. അഗ്നിയ്ക്കു ചൂടുണ്ടു്; സൂര്യൻ ഒരു ഗോളമാണു്; ജലം ദ്രവപദാർത്ഥങ്ങളിൽ പെട്ടതാണു്; ഇവയെല്ലാം ഒരിക്കൽ ഗ്രഹിച്ചാൽ മനുഷ്യഹൃദയം അടങ്ങിക്കൊള്ളും. രണ്ടാമതൊരിക്കൽ ഇവയൊന്നും അദ്ധ്യയനവിഷയമാകാറില്ല. ഭാവങ്ങളെ സംബന്ധിച്ചിടത്തോളം അവ ഒരിക്കൽ അനുഭവമായാലും മനുഷ്യരുടെ മനസ്സിനു ശാന്തി ഉണ്ടാകുന്നില്ല. സൂര്യൻ പൂർവ്വദിക്കിൽ ഉദയം ചെയ്യുന്നു എന്ന യാഥാർത്ഥ്യം നമ്മുടെ

മനസ്സിനെ പെട്ടെന്നാകർഷിക്കുന്നില്ല. എന്നാൽ ആദിത്യ ൻെറ ഉദയത്തിൽ യാതൊരു സൌഭാഗ്യവും ആനന്ദവും ഉണ്ടോ, അതു ഇന്നും നമ്മെ ആകർഷിച്ചുകൊണ്ടാണി രിക്കുന്നതു്. ഈ സൌന്ദര്യാനന്ദങ്ങളുമായി നമുക്കുള്ള പ രിചയത്തിന്നു വളരെ പഴക്കമുണ്ടായാലും വേണ്ടില്ല, അതു നമ്മെ ആകർഷിയ്ക്കത്തക്കവണ്ണം എന്നും നവംനവമായി രിക്കുന്നു.

മനുഷ്യൻ ഏതെങ്കിലുമൊരുവസ്തു, വളരെ കാല ത്തോളം മനുഷ്യരുടെ സമീപം ഉജ്ജ്വലവും നവീനവുമാ യ ഭാവങ്ങളാൽ അമരത്വസ്ഥാപനാർത്ഥം വിന്യസിക്കു വാൻ ആശിക്കുന്നുവെങ്കിൽ, അതിനെ ഭാവങ്ങളുടെ വിഷ യത്തിൽ ആശ്രയമായി എടുക്കാതെ കഴികയില്ല. ഇക്കാ രണത്താൽത്തന്നെയാണു സാഹിത്യത്തിൻെറ പ്രധാനാ വലംബനം ജ്ഞാനമല്ല. ഭാവമാണെന്നു പറയുന്നതും.

ജ്ഞാനവസ്തുക്കളെ ഒരു ഭാഷയിൽ നിന്നു മറെറാരു ഭാഷയിലേക്കു പരിവർത്തനം ചെയ്യുന്നതുകൊണ്ടു ഉദ്ദേശം സാധിക്കുന്നു. ഉഭയഭാഷാജ്ഞാനിയാണു പരിവർത്തനത്തി ന്നു സന്നദ്ധനാകുന്നതെങ്കിൽ തീർച്ചയായും മൗലികഭാഷ യിലെ ആശയം ഏററക്കുറച്ചിൽ കൂടാതെ പരിവർത്തന ത്തിൽ കൊണ്ടുവരാൻ അദ്ദേഹത്തിന്നു കഴിയും.

ഭാവപരിവർത്തനത്തിൽ ഇതു സാദ്ധ്യമല്ല. അവ— ഭാവങ്ങൾ—ഏതൊരു മൂർത്തിയെ ലക്ഷ്യമാക്കി പ്രയോഗി ക്കുന്നുവോ അവയെ ആ മൂർത്തിയിൽനിന്നു വേർതിരിക്കു വാൻ കഴിവില്ല.

കലാകൗശലംകൊണ്ടു പരിപൂൎണ്ണമായ ഈ രചന ഭാവങ്ങളുടെ ദേഹമാണെന്നു പറയാം. ഈ ദേഹത്തിൻെറ നടുക്കു ഭാവങ്ങളെ പ്രതിഷ്ഠിക്കുവാൻ പരിചയിക്കയാണു കവി ചെയ്യുന്നതു്. ശരീരപ്രകൃതിയ്ക്കും ശരീരഘടനയ്ക്കും അനുസരണമായി ആശ്രിതഭാവങ്ങൾ മനുഷ്യരുടെ സമീപം ആദരവോടുകൂടി സന്നിഹിതങ്ങളായിത്തീരുന്നു. ഭാവങ്ങൾക്കു എത്രത്തോളം ശക്തിയുണ്ടോ അത്രത്തോളമാണു അവ മനുഷ്യശരീരാന്തൎഭാഗത്തു പ്രവേശിച്ചു ഹൃദയത്തെ ഇളക്കുന്നതു്.

പ്രാണൻ ഏകമാത്രമായ ശരീരത്തിൽ നിൎഭരം സ്ഥിതിചെയ്യുന്നു. ജലത്തിനുതുല്യം അതിനെ ഒരു പാത്രത്തിൽനിന്നു മറെറാരു പാത്രത്തിലേക്കു പകൎത്തുവാൻ നിവൃത്തിയില്ല. ഒരുവൻെറ ഭാവവൎണ്ണന മറെറാരുവനു ആയത്തമാകുന്നില്ല. ദേഹവും പ്രാണനും ഒന്നായിച്ചേരുമ്പോൾ ഗൗരവാന്വിതമായ ഒരവസ്ഥ രണ്ടിനും ഉണ്ടാകുന്നു. അതുപോലെ രചനയും ഭാവവും ഏകീഭവിക്കുമ്പോൾ രണ്ടിനും ഒരു മഹത്വം വെവ്വേറെ ഉണ്ടാകുന്നുണ്ടു്.

പൊയ്ക എന്നു പറയുമ്പോൾ, ജലം, ജലാധാരവസ്തു എന്നിവയുടെ സ്മരണശ്രോതാക്കൾക്കുണ്ടാകുന്നു. ജലം മനുഷ്യസൃഷ്ടിയല്ല; അതു ചിരന്തനവും ദൈവസൃഷ്ടവുമാകുന്നു. ആ ജലത്തെ രക്ഷിച്ചു ജനോപകാരമാക്കിത്തീൎക്കുവാനാണു് മനുഷ്യൻ പൊയ്ക ഉണ്ടാക്കുന്നതു്. പക്ഷെ ദൈവമല്ല, പൊയ്ക നിൎമ്മിച്ച മനുഷ്യനാണു് വിഖ്യാതിക്കൎഹനായിത്തീരുന്നതു്. ദൈവായത്തവസ്തുക്കളെ ജനസമൂഹത്തിനു ഉപകാരമാംവണ്ണം സജ്ജീകരി

ക്കുമ്പോഴാണ് മനുഷ്യൻ കീർത്തനീയനാവുന്നതു്. അതു പോലെ ഭാവവും മനുഷ്യമാത്രകമാകുന്നു. എന്നാൽ അതിൻെറ സവിശേഷ ശരീരത്തിൽ മനുഷ്യർക്കെല്ലാം ആനന്ദാനുഭൂതിക്കുള്ള വസ്തുക്കളെ വിന്യസിക്കുകയാണു് രചനകൊണ്ടു കവി ചെയ്യുന്നതു്. ഇതാണു് അയാൾക്കു് വിഖ്യാതിയ്ക്കു കാരണവും.

ഭാവങ്ങളെ സൃഷ്ടിക്കുകയും അവയെ എല്ലാവരിലും വ്യാപരിപ്പിക്കുകയും ചെയ്യുന്നതു് സാഹിത്യത്തിൻെറ ധർമ്മമാകുന്നു; ഇതു തന്നെയാണു ലളിതകലയും. അംഗാരവസ്തു സാമാന്യേന ജലത്തിലും, കരയിലും, വായുവിലും, അതു പോലെ തന്നെ മററനേകം വസ്തുക്കളിലും സ്ഥിതി ചെയ്യുന്നുണ്ടു്. വൃക്ഷലതാദികൾ, അവയ്ക്കു നിഗൂഢമായിട്ടുള്ള ശക്തിയുടെ (ഇംഗാലാമ്ളം) ബലത്താൽ ഒന്നാമതായി വിശേഷാകൃതിയിൽ അതിനെ കരസ്ഥമാക്കുന്നു. ആ ഉപായം വഴിയായി അവ ദീർഘകാലം സർവ്വസാധാരണമായ ഉപയോഗത്തിനു പോരുന്ന വസ്തുക്കളായി പരിണമിക്കുന്നു. മററുള്ളവക്കു ആഹാരപദാർത്ഥങ്ങളെ സൃഷ്ടിക്കുകമാത്രമല്ല വൃക്ഷലതാദികൾ ചെയ്യുന്നതു്. അവ സൗന്ദര്യത്തെ പ്രദർശിപ്പിച്ചു കാണികളെ സന്തോഷിപ്പിക്കയും, നിഴൽ നൾകി പാന്ഥലോകത്തെ ആശ്വസിപ്പിക്കുകയും കൂടി ചെയ്യുന്നുണ്ടു്. സാഹിത്യപ്രയോജനം ഏറെക്കുറെ ഈ വിധത്തിലാകുന്നു.

സാഹിത്യത്തിൽനിന്നു ജ്ഞാനവസ്തു എത്രയോ പുറത്തായെന്നു് ഇത്രയും പറഞ്ഞതുകൊണ്ടു് മനസ്സിലാക്കാം. എങ്ങനെ എന്നാൽ ആംഗലഭാഷയിൽ ട്രൂത്ത്

(Truth)എന്ന വാക്കിന് നമ്മുടെ ഭാഷയിൽ സത്യം എന്നാണർത്ഥം. നമുക്കതു ബുദ്ധിഗമ്യമാണ്. അതിനെ വ്യക്തിവിശേഷത്തിൻെറ നിജത്വം കൊണ്ടു വരച്ചു കാണിക്കുവാൻ കഴിവില്ല. സർവ്വാംശം കൊണ്ടും സത്യം വ്യക്തിനിരപേക്ഷവും ശുഭ്രനിരഞ്ജനവും ആകുന്നു. മദ്ധ്യാകർഷണതത്വം നമ്മെ സംബന്ധിച്ചിടത്തോളം ഏകരൂപമാകുന്നു. മററുള്ളവർക്കും അതു് അന്യരൂപമാകുന്നില്ല. അതിന്മേൽ വിചിത്രഹൃദയത്തിന്നു പുതിയ പുതിയ നിറങ്ങളുടെ ഛായ പതിക്കുവാൻ നിർവ്വാഹമില്ല.

യാതൊരു വസ്തുക്കൾ മററുള്ളവരുടെ ഹൃദയങ്ങളിൽ സഞ്ചരിക്കാൻ പ്രതിഭാശാലികളുടെ ഹൃദയത്തോടു സ്വരങ്ങളും നിറങ്ങളും ഇംഗിതങ്ങളും മുൻനിറുത്തി പ്രാർത്ഥിക്കുന്നുവോ; യാതൊരു വസ്തുക്കൾക്കു നമ്മുടെ ഹൃദയങ്ങൾവഴി എപ്പോൾവരെ സൃഷ്ടിയുണ്ടാകുന്നില്ല, അപ്പോൾ വരെ അന്യഹൃദയങ്ങൾക്കു പ്രതിഷ്ഠാലാഭം ഉണ്ടാകുന്നില്ല; അവയാകുന്നു സാഹിത്യസാമഗ്രികൾ. അവ ആകാരത്തിലും, പ്രകാരത്തിലും, ഭാവത്തിലും, ഭാഷയിലും, സ്വരത്തിലും, ഛന്ദസ്സിലും ജീവിച്ചുകൊണ്ടിരിക്കുന്നു. അവ ആവിഷ്ക്കാരങ്ങളോ, അനുകരണങ്ങളോ അല്ല, സൃഷ്ടികളാകുന്നു.

സാഹിത്യത്തെയും സാഹിത്യസാമഗ്രികളെയും കുറിച്ചു ചിലതെല്ലാം പ്രസ്താവിച്ചു കഴിഞ്ഞു. ഇനി നമുക്കു് സംസ്കൃതസാഹിത്യത്തിലേയ്ക്കു് ഒന്നു കടക്കുക. അതിൽ കാണാവുന്നതെന്തെല്ലാമെന്നും എത്രത്തോളമെന്നും ഒന്നു ആരായുകയും ചെയ്യുക.

## സംസ്കൃത സാഹിത്യം

പ്രാധാന്യം—പ്രാചീനാര്യാവർത്തവും ആധുനികഭാരതവും തമ്മിൽ എത്രയോ വ്യത്യസ്തമായിട്ടാണു സ്ഥിതിചെയ്യുന്നതു്. ഓരോ കാലത്തുണ്ടാകുന്ന ഭരണരീതിയും, ജനസമൂഹത്തിൻെറ ആചാരാനുഷ്ഠാനങ്ങളിൽ സംഭവിക്കുന്ന മാററവും, പരിതസ്ഥിതികളുടെ പരിവർത്തനവുമാണു് ഈ വ്യത്യസ്തതയ്ക്കുള്ള കാരണം. ഇൻഡ്യയെ സംബന്ധിച്ചു മാത്രമല്ല മററു് ഏതു രാഷ്ട്രത്തെ സംബന്ധിച്ചും ഇത്തരത്തിലുള്ള വ്യതിയാനം ഉണ്ടാകാതിരിക്കുന്നില്ല. സാഹിത്യമാണു വാസ്തവത്തിൽ പരിവർത്തനത്തെ സഹായിക്കുന്ന പ്രധാനശക്തി. അതിനാൽ മററു കാരണങ്ങളുടെ കൂട്ടത്തിൽ സാഹിത്യത്തെ വേണം മുഖ്യമായി പരിഗണിക്കുവാൻ.

ആധുനികഭാരതീയരായ നമുക്കു് അഭിനവഭാരതത്തെക്കുറിച്ചുള്ള പരിപൂർണ്ണജ്ഞാനം സമാർജ്ജിക്കണമെങ്കിൽ, ഇന്ത്യയിൽ നിലവിലിരിക്കുന്ന ഇതരസാഹിത്യങ്ങളേക്കാളെല്ലാം മേലേക്കിടയിൽ നിൽക്കുന്ന സംസ്കൃതസാഹിത്യത്തിൻെറ സഹായം കൂടിയേതീരൂ. സാഹിത്യത്തിൻെറ സഹായം എന്നിവിടെ പ്രസ്താവിക്കുന്നതു സാഹിത്യപരിചയം എന്ന വ്യാപകാർത്ഥത്തിലാകുന്നു. ഉത്തരേന്ത്യയിൽ പ്രചരിക്കുന്ന ഭാഷകൾ ഒന്നോ രണ്ടോ അല്ല; അനേകം ഉണ്ടു്. ഹിന്ദി, പഞ്ചാബി, ഗുജറാത്തി, ഉർദ്ദു, മാറാട്ടി എന്നിവയാണു് ഇക്കൂട്ടത്തിൽ മുന്നണിയിൽ നിൽ

കുന്നതു്. ഇവയുടെ പിതൃസ്ഥാനം വഹിക്കുന്നതു് ആ ര്യഭാഷയായ സംസ്കൃതമാകുന്നു. ഇത്രത്തോളം തന്നെ യില്ലെങ്കിലും ദക്ഷിണേന്ത്യയിലെ ഭാഷകളായ തമിഴ്, തെലുങ്ക്, കർണ്ണാടകം, തുളു, മലയാളം എന്നിവയും സംസ്കൃതത്തിനു് ഏറെക്കുറെ വിധേയങ്ങളാണു്. അതി നാൽ ഇവയ്ക്കെല്ലാം ഗുരുസ്ഥാനം നേടിയിട്ടുള്ള സംസ് കൃതഭാഷയും സാഹിത്യവുമാകുന്നു ആധുനികഭാരതത്തി ൻെറ യഥാർത്ഥ സ്ഥിതി അറിയുവാൻ നമ്മെ ശേഷിയും ശേമുഷിയും ഉള്ളവരാക്കിത്തീർക്കുന്നതു്.

ഇന്ത്യയിലെ സ്ഥിതിഗതികൾ സാമാന്യമായും ഹൈന്ദവപരിഷ്ക്കാരത്തെ പ്രത്യേകമായും അദ്ധ്യയനം ചെയ്യുവാൻ നമ്മെ ഏററവും സഹായിക്കുന്നതും സഹാ യിച്ചിട്ടുള്ളതും സംസ്കൃതസാഹിത്യമാകുന്നു.

പ്രാചീനഭാരതം കലാജ്ഞാനികളുടെ വിഹാരരംഗ മായിരുന്നു. അവരുടെ ഇടയിലാണു് സംസ്കൃതസാഹി ത്യം പ്രചരിച്ചിട്ടുള്ളതു്. സാഹിത്യം അവരുടെ ജീവി തസർവ്വസ്വമായിരുന്നു എന്നു പറഞ്ഞാൽ തന്നെയും അ തൊട്ടും അതിശയോക്തിയായിരിക്കയില്ല. കലാകോവിദ ന്മാരെ അത്രമാത്രം ആകർഷിച്ചിട്ടുള്ള പ്രസ്തുത സാഹിത്യ ത്തിനു ലോകോത്തരമായ പ്രശസ്തി സിദ്ധിച്ചതു് ആശ്ച ര്യാവഹമല്ലതന്നെ. മാനുഷികപരിവർത്തനത്തിൻെറ ഉല്പ ത്തി, വളർച്ച, വ്യാപ്തി എന്നിവ എത്രത്തോളമായിരു ന്നു എന്നറിയുവാൻ സംസ്കൃതസാഹിത്യം പോലെ പ്ര യോജകീഭവിക്കുന്ന മറെറാന്നുംതന്നെ നമുക്കില്ല. മാത്ര മല്ല, ഭാഷയുടെ പ്രാക്കാലികവും താല്ക്കാലികവുമായ നില

അറിയുന്നതിനും സംസ്കൃതസാഹിത്യം ഉപകരിക്കുന്നുണ്ട്. ഭാഷാതാരതമ്യവിവേചനത്തിന ബദ്ധപരികരന്മാരാകുന്ന വിമർശകന്മാക്ക് ഉദ്ദേശസിദ്ധിക്കുള്ള വിശിഷ്ട ഉപകരണം സാഹിത്യമാകുന്നു എന്നുള്ളതു നിരാക്ഷേപമാണല്ലൊ. പുരാണങ്ങളെ താരതമ്യപ്പെടുത്തി നിഷ്പക്ഷമായ ഒരഭിപ്രായം സ്ഥാപിക്കണമെങ്കിലും സാഹിത്യം കൂടിയേ കഴിയൂ. ഹിന്ദുമതത്തിൽ അതാതുകാലത്തുണ്ടായിട്ടുള്ള പരിവത്തനങ്ങൾ അവയുടെ ഏറക്കുറെ സൂക്ഷ്മമായ രൂപത്തിൽ ഗ്രഹിക്കുന്നതിന ജിജ്ഞാസുക്കളെ സഹായിക്കുന്ന മുഖ്യസാധനവും സാഹിത്യമാകുന്നു.

ഋഷിപ്രോക്തങ്ങളെന്നു വിശ്വസിക്കപ്പെടുന്ന ഋഗ്വേദാദിഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നതെന്താണെന്നും, അതിന മാനുഷികചര്യകളുമായി എത്രത്തോളം ബന്ധമുണ്ടെന്നും അറിയുവാൻ സംസ്കൃതസാഹിത്യ പരിചയം അപരിഹാര്യമത്രെ. അതിനാൽ ആ വിഷയത്തിലും അതിന പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നു.

സംസ്കൃതസാഹിത്യത്തെ അവഗ്രഥിച്ചു നോക്കുന്നതായാൽ പ്രധാനമായി അതു രണ്ടു പ്രബലപ്രകരണങ്ങൾ ഉൾക്കൊണ്ടിരിക്കുന്നതായി കാണാം. ആ പ്രകരണങ്ങളിൽ ഒന്നു ഹൈന്ദവൈറോപ്യകുടുംബങ്ങളിൽപ്പെട്ട ഇന്ത്യാക്കാർ ഏതുവിധമാണു ഒരു പ്രത്യേക വിഭാഗമായിനിന്നു വിശിഷ്ടവും രാഷ്ട്റീയവുമായ ഒരു മഹാമതത്തെ, അഥവാ ബ്രാഹ്മണമതത്തെയും, ലോകമഹാമതമെന്നുതന്നെ പറയാവുന്ന ബുദ്ധമതത്തെയും ഉല്പാദിപ്പിച്ചതു എന്നുള്ള പ്രശ്നത്തിൻെറ സയുക്തികവും സാര

ഗർഭവുമായ സമാധാനമാകുന്നു. മഹാപ്പുരുഷന്മാരുടെ നിരീക്ഷണത്തിനു വിഷയീഭവിച്ചിട്ടുള്ള അനേകം സ്വാതന്ത്ര്യോദ്ബോധകങ്ങൾ തത്വശാസ്ത്രദ്വാരാ ലോകത്തിൽ അവതരിച്ചിട്ടുണ്ടെന്നു നമുക്കിതിൽനിന്നു ഗ്രഹിക്കാം. മേൽ പ്രസ്താവിച്ചവിധം രണ്ടുൾപ്പിരിവുകളുള്ള സംസ്കൃതസാഹിത്യത്തിൽ നമുക്കു സവിശേഷപ്രതിപത്തി ഉണ്ടോ എന്നു ആരെങ്കിലും ചോദിക്കുന്നതായാൽ, 'ഇല്ലാതില്ല' എന്നു വക്രഭാഷയിൽ പറയുവാനല്ലാതെ പ്രത്യേകമായ അനുഭവം പ്രദർശിപ്പിച്ച് നമ്മുടെ പ്രത്യുത്തരത്തെ സമർത്ഥിക്കുവാൻ നമുക്കു സാദ്ധ്യമല്ല. എന്നിരുന്നാലും തത്വജ്ഞാനവിചിന്തനത്തിനും മതപരിവർത്തനത്തിനും ആവശ്യമായ മാർഗ്ഗങ്ങളെല്ലാം വെളിപ്പെടുത്തിത്തരുന്നതു് ഈ സാഹിത്യമാകുന്നു.

ഭൂപടം എടുത്തു നോക്കുന്നവരാൾക്കു് ഇന്ത്യയെക്കൂടാതെ, എത്രയോ അനേകം രാജ്യങ്ങൾ കണ്ടെത്തുവാൻ നിഷ്പ്രയാസം കഴിയും. ഇവയിൽ ചിലതു ഇന്ത്യയെ അപേക്ഷിച്ചു എത്രയോ മടങ്ങ് വലുതാണു്. ചിലതു നന്നേ ചെറുതുമാണു്. എന്നാൽ ആ വക രാജ്യങ്ങളിൽ നിന്നു ഈ അർദ്ധ ദ്വീപിനെ—ഇന്ത്യാരാജ്യത്തെ—വേർതിരിക്കുന്നതു വമ്പിച്ച പർവ്വതനിരകളാകുന്നു. അവയുടെ കിടപ്പിന്റെ പ്രാധാന്യതയാൽ ഇന്ത്യൻസാഹിത്യവും ഇന്ത്യൻപരിഷ്ക്കാരവും വേർതിരിഞ്ഞ് അനന്യസാധാരണങ്ങളായി സ്ഥിതിചെയ്യുന്നു. ഇന്ത്യൻസാഹിത്യമെന്നപോലെ തന്നെ ഭാരതപരിഷ്ക്കാരവും അപൂർവ്വകല്പനാസാമർത്ഥ്യത്തിനു മാതൃകയാകുന്നു. ഇവിടെയാണു് ഇന്ത്യ

യും ഇതരരാജ്യങ്ങളും തമ്മിലുള്ള വിഭിന്നത നമുക്കു ദൃശ്യമായിഭവിക്കുന്നതു്.

പ്രാചീനഭാരതത്തിലെ സാഹിത്യചരിത്രത്തെ രണ്ടു പ്രധാനഭാഗമായി വിഭജിക്കാം. ഇങ്ങനെ വിഭജിക്കുന്നതിൽ ചരിത്രാന്വേഷികൾ പ്രദർശിപ്പിച്ചിട്ടുള്ള സാമർത്ഥ്യം ഏററവും സ്തുത്യർഹമാകുന്നു. അവരുടെ വിഭജനമനുസരിച്ചു നോക്കുമ്പോൾ വൈദിക സാഹിത്യം, സംസ്കൃതസാഹിത്യം എന്നിങ്ങനെ ഭാരതസാഹിത്യം രണ്ടായി പിരിയുന്നു. വൈദിക സാഹിത്യമാകട്ടെ, ഉദ്ദേശം ക്രി. മു. ൧൫൦൦–മുതൽ ക്രി. മു. ൨൦൦–വരെയുള്ള കാലത്തിൽ ഉൾപ്പെടും. സിന്ധുനദിയുടെ സമതലപ്രദേശത്താണു മതപരങ്ങളായ കവിതകൾ ആവിർഭവിച്ചിട്ടുള്ളതു്. ഗംഗാതീരത്താണു് സംസ്കൃത സാഹിത്യം സമാരംഭിക്കപ്പെടുന്നതു്.

വൈദികകാലത്തു് ആര്യന്മാരുടെ പരിഷ്ക്കാരം ഹിന്ദുസ്ഥാനത്താണു് വ്യാപിച്ചു വശായതു്. ഈ ഹിന്ദുസ്ഥാനമാകട്ടെ, വടക്കുഭാഗത്തു ഹിമാലയം, തെക്കുഭാഗത്തു വിന്ധ്യൻ, കിഴക്കു ഭാഗത്തു ഗംഗാനദി, പടിഞ്ഞാറു ഭാഗത്തു സിന്ധുനദി എന്നിവയാൽ ചുററപ്പെട്ടു കിടക്കുന്നു. സംസ്കൃതകാലത്തു് ക്രി. മു. ൩൦൦–മുതൽ ഏകദേശം ക്രി. പി. ൧൦൦൦–കൊല്ലത്തോളം, അതായതു മുഹമ്മദീയരുടെ ആക്രമണകാലംവരെ, ഡക്കാനിൽ ബ്രാഹ്മണരുടെ പരിഷ്ക്കാരം ശക്തിയായി വ്യാപിച്ചിരുന്നു. ലൌകികവിഷയങ്ങളിൽ, പ്രകൃതിശാസ്ത്രത്തിൻെറയും, സാഹിത്യത്തിൻെറയും അനേക പ്രകാരത്തിലുള്ള ജ്ഞാനം എത്രയോ

സീമാതീതവും ജാജ്വല്യമാനവുമായ ഒരു പ്രാപ്യസ്ഥാന ത്തിനു നിദാനമായിത്തീൻ. ചരിത്രസംബന്ധമായ പ്രവത്തനം, അതിൻെറ പ്രവാഹമായ അത്ഥത്തോടുകൂടി പ്രത്യക്ഷമാകേണ്ട അവസരവും ആവിർഭവിച്ചു. പക്ഷെ, സംസ്കൃത ഗ്രന്ഥകത്താക്കന്മാരുടെ ജീവചരിത്രത്തെ പ്പററി യാതൊരു പരിജ്ഞാനവും സമ്പാദിക്കാൻ വഴി ഉണ്ടായില്ലെന്നു മത്രമല്ല, അവരെ സംബന്ധിച്ചിടത്തോ ളമുള്ള കാലഗണന ക്രി. പി. ൫൦൦–വരെ സാദ്ധ്യമല്ലാ തെയും വന്നു.

കാലഗണനാവൈഷമ്യം—ബാഹ്യവും ആന്തരവുമായ തെളിവുകളാണു് കാലഗണനയ്ക്കു എത്രയും ആവശ്യമായി രിക്കുന്നതു്. എന്നാൽ നമുക്കാകട്ടെ വൈദികകാലം എ ന്നാണെന്നറിയുന്നതിനു് ആന്തരമായി ചില തെളിവുകൾ മാത്രമേ ലഭിക്കുകയുണ്ടായിട്ടുള്ളു. അവയും ഊഹാപോഹ ങ്ങളുടെ നിഴലിലാണു സ്ഥിതിചെയ്യുന്നതു്. വൈദിക കാലഗണനയ്ക്കു മൂന്നു ഉപാധികളെ അഭയം പ്രാപിക്കേ ണ്ട ഒരു സന്ദർഭത്തിലാണു് നാം എത്തിയിരിക്കുന്നതു്. സംസ്കൃതകാലം ക്രി. മു. ൫൦൦–ന താഴെയല്ലെന്നു തീരു മാനിക്കാം. ഇപ്രകാരം തീർച്ചപ്പെടുത്താൻ നമ്മെ സ ഹായിക്കുന്നതു്, ഒന്നാമതു ബുദ്ധമതത്താൽ അംഗീകരി ക്കപ്പെട്ടിട്ടുള്ള ഏററവും നൂതനമായ സിദ്ധാന്തം; രണ്ടാ മതു ശ്രീ ബുദ്ധദേവൻെറ ചരമസംവത്സരം; മൂന്നാമതു് ക്രി. മു. ൪൫൦–ൽ ഉണ്ടായിട്ടുള്ള വിവിധബുദ്ധപരിഷത്തു കളിലെ റിക്കാർട്ടുകൾ എന്നിവയാണു്.

ആദിമകാലത്തുള്ള ശിലാപ്രസ്തരങ്ങളിൽ നിന്ന പരിഗണിക്കാവുന്നിടത്തോളം വേദസൂക്തങ്ങളുടെ കാലം ക്രി. മു. ൧൫൦൦-നും ൧൦൦൦-ത്തിനും മദ്ധ്യേയാണെന്ന സമ്മതിക്കണം.

ആന്തരമായ തെളിവിന്ന പുറമെ, വിദേശിയസന്ദശ്കന്മാർ എഴുതി റിക്കാർട്ടാക്കിയിട്ടുള്ള ചില വിവരണങ്ങളും സംസ്കൃതകാലം നിണ്ണയിക്കുന്ന വിഷയത്തിൽ സഹായിക്കുന്നുണ്ട്. ക്രി. മു. ൩൨൭-ൽ ഇൻഡ്യയെ ആക്രമിച്ച അലക്സാണ്ടർ ചക്രവത്തിയെപ്പററിയും, അദ്ദേഹത്തെ അനുഗമിച്ചു ഭാരതത്തിൽ കടന്നുകൂടിയ ചില ഗ്രീക്കുകാരെപ്പററിയും ചരിത്രത്തിൽ പല രേഖകളും കാണ്മാനുണ്ട്.

ക്രി. മു. ൩൦൦-ൽ പാടലീപുത്രത്തിൽ കുറെക്കാലം താമസിക്കുകയും അക്കാലത്ത് തനിയ്ക്കനുഭവപ്പെട്ട സംഗതികളെപ്പററി ഖണ്ഡംഖണ്ഡമായി രേഖപ്പെടുത്തുകയും ചെയ്ത ഗ്രീക്കിലെ മെഗാസ്തനീസാണ സംസ്കൃതകാലഗണനാ വിഷയത്തിൽ പ്രധാനമായി നമ്മെ സഹായിക്കുന്നത്. പിന്നീട് ഏതാദൃശരായ സന്ദശ്കന്മാരുടെ പേരുകൾകൂടി കുറേക്കാലത്തേക്കു നാം കേൾക്കുന്നില്ല. അനേകം നൂററാണ്ടുകൾ ഇങ്ങനെ കഴിഞ്ഞു. ക്രി. പി. ൩൯൯-മുതൽ ൬൯൫-വരെ ചീനാ തീത്ഥയാത്രക്കാരിൽ പലരും ഇന്ത്യ സന്ദശിക്കയുണ്ടായിട്ടുണ്ട്. ഇവരിൽ പ്രധാനികൾ ഫാഹിയാനും ഹ്യൂയൺസാങ്ങും, ഇററ്സിങ്ങും ആകുന്നു. ൩൯൯-നും ൪൧൪-നും മദ്ധ്യേയാണ് ഫാഹിയാൻ ഇന്ത്യ സന്ദശിച്ചത്. ഹ്യൂയൺസാങ് ഇററ്സിങ് എന്നിവർ ൬൨൯-നും ൬൯൫-നും ഇടക്കാ

ങ്ഇന്ത്യ സന്ദർശിച്ചതു്. ഈ മൂന്നു സന്ദർശകന്മാരും എഴുതിയിട്ടുള്ള "സഞ്ചാരവൃത്താന്തങ്ങൾ" ഇംഗ്ലീഷിലേയ്ക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. മതചിന്തകളിലും സാമുദായിക വ്യവസ്ഥകളിലും ഇന്ത്യയിലെ പുരാതന ബുദ്ധമതസിദ്ധാന്തങ്ങളിലും നിന്നു നമുക്കുകിട്ടുന്ന അറിവിനു പുറമെ, ഭാരതീയ സാഹിത്യത്തെ പരാമർശിച്ചുകൊണ്ടുള്ള സാമാന്യവിശേഷതത്വങ്ങളും അറിയുവാൻ ആ 'സഞ്ചാരചരിത്രം' സഹായിക്കുന്നുണ്ടു്. ക്രി. പി. ൧൰൩൦-ൽ അറബിഗ്രന്ഥകാരനായ ആൽബറൂണി മഹമ്മദീയാക്രമണകാലത്തെയും മററും ഉപപാദിക്കുന്ന ഒരു ഗ്രന്ഥം എഴുതിയിട്ടുണ്ടു്. പ്രസ്തുത ഗ്രന്ഥം സംസ്കൃതകാലത്തിൻെറ അന്ത്യദശയെപ്പററി പല അറിവുകളും നമുക്കു തരുന്നുണ്ടെന്നുള്ളതു പ്രത്യേകം സ്മത്തവ്യമാകുന്നു.

## വൈദികസംസ്കൃത പ്രാകൃതഭാഷകൾ—വേദങ്ങൾ

വിരചിതങ്ങളായതു സംസ്കൃതത്തിൻെറ ആദിമദശയിലാകുന്നു. ഹോമറിൻെറ കാലത്തെ ഗ്രീക്കുപോലെയേ വൈദിക ഭാഷയായ സംസ്കൃതത്തെ പരിഗണിക്കേണ്ടൂ. വൈദിക ഭാഷയിൽ, ഭാഷയ്ക്കു പല പ്രസ്ഥാനവും ദശാവിശേഷവും ഉള്ളതായി കാണാം. ക്രി. മു. ൪-ാം നൂററാണ്ടിലാണല്ലോ വ്യാകരണശാസ്ത്രപാരംഗതനായ പാണിനിമഹഷി ജീവിച്ചിരുന്നിട്ടുള്ളതു്. അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള വ്യാകരണവിധികളെ പുരസ്കരിക്കുന്ന ഭാഷാപ്രസ്ഥാനം സംസ്കൃത ഭാഷാകാലത്തു നാം കാണുന്നു; പരിഷ്കൃതമായ ആര്യഭാഷയുടെ ആദിമരൂപമാണു വേദത്തിൽ സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ള

ത്ത്. ചില സ്ഥലങ്ങളിൽ വൈദികസൂക്തങ്ങൾ രചിച്ചിട്ടുള്ളത് പദപ്രയോഗ വിഷയത്തിൽ മുമ്പുണ്ടായിട്ടുള്ളവയെ അപേക്ഷിച്ചു വളരെ വ്യത്യസ്തമായിട്ടാണ്. മാത്രമല്ല അവയിലുള്ള പ്രാചീനഭാഷാപദങ്ങൾ പലതും പിന്നീടുണ്ടായവയിൽ കാണാതിരിക്കുകയും ചെയ്യുന്നു. ആ വക ശബ്ദങ്ങൾ ശബ്ദകോശങ്ങളിൽ സ്ഥലം പിടിക്കുകയും ചെയ്തിരിക്കുന്നു. ആര്യഭാഷയുടെ രണ്ടു വിഭാഗങ്ങളിൽ ഒന്നു പ്രാകൃതവും മറെറാന്നു സംസ്കൃതവുമാകുന്നു. ഇവയിൽ ആദ്യത്തേതു സങ്കഥാർഹവും രണ്ടാമത്തേതു ഗ്രന്ഥാർഹവുമത്രെ. പ്രാചീന സാമൂഹ്യസംഭാഷണത്തിൽ പ്രാകൃതമാണു് ഉപയോഗിക്കപ്പെട്ടിരുന്നതു്. അതിൻെറ ശക്തി, ഭാരതത്തിൽ ഇന്നു നിലവിൽ ഇരിക്കുന്ന എത്രയോ ഭാഷകളിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. പൈതൃകഭാഷ എന്ന നിലയിൽ പ്രാകൃതത്തിനു സിദ്ധിച്ചിട്ടുള്ള സ്ഥാനം അദ്വിതീയമാകുന്നു. ക്രി. മു. മൂന്നാംശതാബ്ദം മുതൽ ഉണ്ടായിട്ടുള്ള ശിലാശാസനങ്ങളിലെല്ലാം പ്രാകൃതഭാഷയാണു പ്രയോഗിച്ചിരിക്കുന്നതു്. പുരാതന ഹൈന്ദവനാടകങ്ങളിലും ചില സ്ഥലങ്ങളിൽ സംസ്കൃതത്തെ അവഗണിച്ചും പ്രാകൃതഭാഷയ്ക്കു നാടകകൃത്തുക്കൾ വിഹാരരംഗം നൽകിയിട്ടുണ്ടു്.

<u>പ്രാകൃതഭാഷയ്ക്കുള്ള പ്രാമുഖ്യവും പ്രാമാണ്യവും</u>—ഇന്ത്യയിലെ രണ്ടു വിശിഷ്ട അബ്രാഹ്മണമതങ്ങളാണല്ലൊ ബുദ്ധമതവും ജൈനമതവും. ഇവയുടെ സാഹിത്യസമ്പത്തു സ്ഥിതിചെയ്യുന്നതു പ്രാകൃതഭാഷയിലാകുന്നു. ക്രി. മു. ന്നാം ശതകത്തിൽ പ്രാകൃതഭാഷയ്ക്കു പ്രചുരപ്രചാരമു

ണ്ടായിരുന്നു. അതാണ്, സർവ്വജനാദൃതമായ പ്രാകൃത ഭാഷയിൽ ബുദ്ധദേവൻ സ്വമതപ്രസംഗങ്ങൾ ചെയ്യാനുള്ള കാരണം. പ്രാകൃതഭാഷയുടെ ഏററവും പുരാതന രൂപമാണു പാലിഭാഷ. സിലോണിലെ ബുദ്ധമതാനുയായികൾ മതതത്വങ്ങൾ അഭ്യസിച്ചിരുന്നതു പാലിഭാഷയിലുള്ള ഗ്രന്ഥങ്ങൾ വഴിയായിരുന്നു. ലത്തീൻഭാഷയ്ക്കു ഇത്താലിയൻ ഭാഷയുമായി എത്രത്തോളം സാജാത്യമുണ്ടോ, അത്രത്തോളം സാജാത്യവും സാധർമ്മ്യവും പ്രാകൃതത്തിനും സംസ്കൃതത്തിനും തമ്മിലുണ്ട്. സംസ്കൃതത്തിലെ സൂത്രം പ്രാകൃതത്തിൽ സുട്ടവും, സംസ്കൃതധർമ്മം പ്രാകൃതത്തിൽ ധമ്മവുമായി മാറുന്നു. കുറേക്കൂടി ഉദാഹരണങ്ങൾ കാണിക്കാം:—

| സംസ്കൃതം | പ്രാകൃതം |
|---|---|
| വിദ്യുത്ത് | ബിജ്ജൂ—വിജ്ജൂ |
| ശയ്യ | സേജ്ജ |
| നവമല്ലികാ | ണോമല്ലിആ |
| ലവണം | ലോണം |
| പത്മനാഭഃ | പദുമനാഫ |
| നമോനമഃ | ണമോണമഃ |
| പങ്കജാക്ഷഃ | പങ്കയക്കഃ |

ഇത്രയും ഉദാഹരണങ്ങളിൽ നിന്നു സംസ്കൃത പ്രാകൃതഭാഷാ ശബ്ദങ്ങൾക്കുള്ള വ്യത്യാസം എത്രത്തോളമെന്നു നമുക്കു മനസ്സിലാക്കാം.

വൈദികസാഹിത്യത്തിലെ മതപരസ്വരൂപങ്ങൾ— വൈദികസാഹിത്യം ആദിമുതൽ അവസാനംവരെ സാർ

വൃത്തികമെന്നോണം മതമുദ്ര അംഗീകരിച്ചിരിക്കുന്നു. പിന്നീട് അനുബന്ധിപ്പിച്ചിട്ടുള്ളവയെന്നു വിശ്വസിച്ചുവരുന്ന വൈദികസൂക്തങ്ങൾപോലും ഈ നിബന്ധനക്കു് നിശ്ശേഷം കീഴ്പ്പെട്ടിട്ടുണ്ടു്. "വൈദികം" എന്ന പ്രയോഗത്തിനു വിധേയമാക്കി വേദത്തെ നിലനിറുത്തുന്നതു് ഈ വിധമാകുന്നു. വേദം എന്നവാക്കിനു അറിവെന്നാണല്ലൊ അൎത്ഥം. അതു സാഹിത്യത്തിൻെറ ഒരു പരിശുദ്ധ അംശവുമാകുന്നു. പരിശുദ്ധഗ്രന്ഥം എന്ന പേർ വേദത്തിനു ചുമത്തി, മററുള്ളവയിൽ നിന്നു ഇതിനെ അകററി നിറുത്തുന്നതു് നാം മുമ്പു പറഞ്ഞ മതമുദ്രമാത്രമാകുന്നു. അബ്രാഹ്മണരിൽ ചിലരെ സംബന്ധിച്ചിടത്തോളം വേദം അസ്പൃശ്യമാണു്. അവൎക്കു് വൈദികസൂക്തങ്ങൾ കേൾക്കുവാൻകൂടി പാടില്ല. മതമുദ്രയാണിതിനു കാരണമെങ്കിൽ ബ്രാഹ്മണരല്ലാത്തവരും ചിലർ ഹിന്ദുമതത്തിലുണ്ടല്ലൊ. അവൎക്കു വേദം നിഷിദ്ധമായിത്തീൎന്നതെന്തുകൊണ്ടു്? ഈ ചോദ്യത്തിനു ശരിയായ മറുവടി ലഭിക്കുകയില്ല. ബ്രാഹ്മണ്യത്തിൻെറ ധൂമത്തിൽ വേദസംഹിതയെ പൊതിഞ്ഞു വച്ചിരിക്കുന്നു എന്നേ നാം മനസ്സിലാക്കേണ്ടതുള്ളു. ബ്രാഹ്മണരുടെ പൊതുസ്വത്താണത്രെ വേദം. അതിൽ മററുള്ളവൎക്കു അധികാരമോ അവകാശമോ ഇല്ലപോൽ. ഈ ശാഖാചംക്രമണം ഇവിടെ നില്ക്കട്ടെ. നമുക്കു പുരോഗമിക്കുക.

വൈദികസാഹിത്യത്തിനു മൂന്നു ഉപാധികൾ ഉണ്ടെന്ന സംഗതി സുസ്പഷ്ടമാകുന്നു. ഒന്നാമതു്, അതു ആദ്യസൃഷ്ടിയായ കവിതയാണെന്നുള്ളതത്രെ. ഋക്, യജുസ്സ്,

സാമം, അഥർവണം എന്നീ നാലു വേദങ്ങളിലും ആദ്യ സൃഷ്ടിതപവും ആദ്യകവിതപവും സർവ്വവ്യാപിയായി നിൽക്കുന്നുണ്ട്. സൂക്തങ്ങളെന്നു വിളിക്കപ്പെട്ടുന്ന കീൎത്തനങ്ങളുടെയും പ്രാൎത്ഥനകളുടെയും സമാഹാരമാകുന്നു വേദങ്ങൾ. ഈ സൂക്തങ്ങളെല്ലാം വിവിധരൂപത്തിലുള്ള യാഗാദികൎമ്മങ്ങൾക്കു് ഉപയോഗിക്കുവാൻ വേണ്ടി സജ്ജീകൃതങ്ങളുമാണു്. യാഗാദിസൽക്കൎമ്മങ്ങളിൽ ദത്താവധാനന്മാരായ പുരോഹിതന്മാർ, അവരുടെ ഉത്സാഹശക്തിയെല്ലാം ഏതൊന്നിനു വേണ്ടി സമർപ്പിച്ചിരുന്നുവോ, അതിനാൽ പിന്തുടരപ്പെട്ടിരുന്നു സൃഷ്ടിപരമായ യുഗം. വേദങ്ങളാണു യുഗനിൎമ്മാതാക്കളെന്നു ചുരുക്കത്തിൽ പറയാം. വൈദികച്ചടങ്ങുകളുടെയും, കീൎത്തനങ്ങളുടെയും, അഭ്യൎത്ഥനകളുടെയും പ്രധാനോദ്ദേശ്യം ഇന്നുള്ളവരുടെ വിചാരത്തിൽ പുരാതനവും പവിത്രവുമായ ഒരു പ്രകാശനം മാത്രമാണെന്നുവരികിലും, അതു വാസ്തവത്തിൽ പുരാതനജനദൃഷ്ട്യാ യാഗാദികൎമ്മങ്ങളുടെ അസംഖ്യങ്ങളായ വിവരണങ്ങളെ പ്രകാശിപ്പിക്കുക എന്നതത്രെ. ഈ വേദഗ്രന്ഥങ്ങളെ പിന്തുടൎന്നു് ആവിർഭവിച്ചവയും, എന്നാൽ വേദാർത്ഥപ്രതിപാദകങ്ങളുമായ ഗ്രന്ഥങ്ങളാണു് ബ്രാഹ്മണങ്ങൾ. ഇവ എഴുതപ്പെട്ടിട്ടുള്ളതു ഗദ്യത്തിലായതുകൊണ്ടു് ആൎയ്യന്മാരുടെ ഭാഷാഗദ്യസമ്പ്രദായത്തിൻെറ അതിപ്രാചീനരൂപം ഇന്നവിധത്തിലുള്ളതാണെന്നു കണ്ടുപിടിക്കാനും പ്രസ്തുത ഗ്രന്ഥങ്ങൾ ഉപകരിക്കുന്നുണ്ടു്. ശ്രുതികൾ അന്തർഭവിച്ചിരിക്കുന്നു എ,ന്ന കാരണത്താൽ ബ്രാഹ്മണങ്ങൾക്കു പവിത്രതയും വൈശിഷ്ട്യവും കല്പിക്കപ്പെ

ട്ടിരിക്കുന്നു. മതപരവും വ്യാവഹാരിക (civil) പ്രയോജനാപേക്ഷകവുമായി, ഒടുവിൽ ആവിർഭവിച്ചിട്ടുള്ള ഗ്രന്ഥങ്ങൾക്കു സ്മൃതികൾ എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. മഹർഷിമാരുടെ പരമ്പരാഗതങ്ങളായ സ്മരണകൾതന്നെയാണ് അനപർത്ഥസംജ്ഞങ്ങളായ ഗ്രന്ഥങ്ങൾ—അഥവാ സ്മൃതികൾ. വൈദികസാഹിത്യത്തിന്റെ തൃതീയസോപാനം അഥവാ ഉപാധിയായി പരിഗണിക്കപ്പെട്ടിരിക്കുന്ന സൂത്രഗ്രന്ഥങ്ങളുടെ സ്വഭാവം ഇത്തരത്തിലുള്ളതാകുന്നു. സൂത്രങ്ങളിലെ ഉപന്യാസരീതി അസാധാരണവും, അവ യാഗാദികർമ്മനിയമങ്ങളുടെ ഘടനയുമാകുന്നു. ബ്രാഹ്മണങ്ങളിലെ സാരതത്വങ്ങൾ ക്രോഡീകരിച്ചു സമാഹരിക്കുകയാണ് സൂത്രങ്ങളുടെ പ്രധാനോദ്ദേശ്യം.

---

## അദ്ധ്യായം 2

## ഋഗ്വേദം

വേദങ്ങളിൽ വച്ച് അതിപ്രാചീനവും അതുപോലെതന്നെ ഏററവുംപ്രാധാന്യം അർഹിക്കുന്നതും ഋഗ്വേദമാകുന്നു. അനേകം ദേവതാസ്തോത്രങ്ങൾ അടങ്ങിയതും, ഛന്ദോമയവുമാകുന്ന അത്. ൧൦൨൮ കീർത്തനങ്ങൾ ഋഗ്വേദത്തിലുണ്ട്. ഹോമർ മഹാകവിയുടെ കവിതകളടങ്ങിയ മഹാഗ്രന്ഥത്തോളം വലിപ്പം ഋഗ്വേദത്തിനു

ണ്ടു്. മണ്ഡലം എന്ന സംജ്ഞയോടുകൂടിയ പത്തു പ്രകരണങ്ങളായി ഋഗ്വേദത്തെ വിഭജിച്ചിരിക്കുന്നു: രണ്ടു മുതൽ ഏഴു വരെയുള്ള ആറു മണ്ഡലങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളുടെ സ്വഭാവവും, ക്രമീകരണവും ആലോചിച്ചുനോക്കുമ്പോൾ അവയുടെ നിമ്മാതാക്കൾ വിവിധഗോത്രജരായ ദിവ്യന്മാരെന്നു കാണാം. വിഷയൈക്യവും രചനാസാമ്യവും അവയ്ക്കുണ്ടു്. ഒന്നു്, എട്ടു്, പത്തു് എന്നീ മണ്ഡലങ്ങളുടെ കത്താക്കന്മാർ പല ഗോത്രക്കാരായിരിക്കുന്നുവെന്നുമാത്രമല്ല, അവയിലെ പ്രതിപാദ്യവിഷയങ്ങൾ ഒന്നിനൊന്നു വ്യത്യസ്തമായും കാണപ്പെടുന്നു. ൯-ാമത്തെ മണ്ഡലം സോമ എന്ന ദേവതയെ മാത്രം സംബോധന ചെയ്തുകൊണ്ടുള്ള സ്തോത്രങ്ങൾ അടങ്ങിയതാകുന്നു. ൧൦-ാമത്തെ മണ്ഡലം ഒരനുബന്ധമാണോ എന്നു സംശയിപ്പാൻ ധാരാളം മാർഗ്ഗം കാണുന്നുണ്ടു്. മററു മണ്ഡലങ്ങളിൽ ഇല്ലാത്ത പലതും ഇതിൽ ആവിർഭവിച്ചിരിക്കുന്നു. ഭാഷാസംബന്ധമായി നോക്കുമ്പോഴും ഇതരവേദങ്ങളെക്കാൾ ഋഗ്വേദത്തിനു നാനാപ്രകാരേണ അന്തരമുണ്ടെന്നു സമ്മതിക്കാതെ കഴികയില്ല.

## സംഹിതാപാഠം

ഋഗ്വേദത്തിൻെറ പ്രാമാണ്യസ്വരൂപത്തെ നിർദ്ദേശിക്കുന്നതു സംഹിതകളാകുന്നു. ക്രി. മു. ൬൦൦-ൽ ആവിർഭവിച്ചിട്ടുള്ള ബ്രാഹ്മണങ്ങളുടെ പ്രചാരത്തിനും വ്യാപ്തിയ്ക്കും ശേഷമാണു് സംഹിതാവിഭാഗം ഉണ്ടായിട്ടുള്ളതെന്നു പറയുവാൻ മതിയായ കാരണങ്ങളുണ്ടു്.

## പദകാണ്ഡം

സംഹിതയിലെ ആദ്യവിഭാഗത്തിനു പദകാണ്ഡം എന്നു നാമകരണം ചെയ്തിരിക്കുന്നു. സംഹിതയിലെ പദങ്ങളുടെ വ്യുൽപത്തിക്രമം നിർദ്ദേശിക്കുകയാണു് പദകാണ്ഡത്തിൻെറ പ്രയോജനം. ക്രി. മു. ൭൦൦_ൽ ജീവിച്ചിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന 'യാസ്കൻ' സംഹിതാകർത്താവായ സാകല്യനുമായി പരിചയപ്പെട്ടിട്ടുണ്ടു്. ഋഗ്വേദസംഹിത, ൨൫൦൦ കൊല്ലത്തോളം സാഹിത്യചരിത്രത്തിൽ അതിനു സിദ്ധിച്ചിട്ടുള്ള അക്ഷയാഭാസ്സിനു കോട്ടം കൂടാതെയും ശൈഥില്യം വരാതെയും പരിശോഭിച്ചു. സംഹിതയ്ക്കു് എത്രയോ കാലംമുമ്പു വിരചിതങ്ങളെങ്കിലും, ഋഗ്വേദം ഒഴികെയുള്ള മററു വേദങ്ങളിൽ നിന്നു കിട്ടുന്ന തെളിവുകൊണ്ടു നോക്കുന്നപക്ഷം അവ ഋഗ്വേദത്തെ അപേക്ഷിച്ചു് നവീനങ്ങളും പ്രാധാന്യരഹിതങ്ങളുമെന്നു കാണാം. ക്രി. മു. ൧൦൦൦–ത്തിനു മുമ്പാണു് ഋഗ്വേദകാലമെന്നു വ്യവഹരിക്കുവാൻ ഇവയും നമ്മെ സഹായിക്കുന്നുണ്ടു്.

## വേദോച്ചാരണം

വേദങ്ങളും, ബ്രാഹ്മണങ്ങളിൽ രണ്ടു ഗ്രന്ഥങ്ങളും, ഉദാത്തം, അനുദാത്തം, സ്വരിതം എന്നീ ഉച്ചാരണരീതികളെ പുരസ്കരിച്ചുകൊണ്ടു് നിഷ്കൃഷ്ടം വിരചിച്ചിട്ടുള്ളവയാകുന്നു. വൈദികോച്ചാരണം ഗാനാത്മകമാണു്. പാണിനിയുടെ കാലത്തും വേദോച്ചാരണത്തിൽ ഉദാത്താനുദാത്തസ്വരിതങ്ങൾ അവശ്യം സ്വീകാര്യമെന്നു

പരിഗണിച്ചിരുന്നു. അഷ്ടാദ്ധ്യായിയിൽത്തന്നെ ഉദാത്താനുദാത്തസ്വരിതങ്ങൾക്ക് അദ്ദേഹം ലക്ഷണം ചെയ്തിട്ടുണ്ട്. നോക്കുക:—

"ഉച്ചൈരുദാത്തഃ"

"നീചൈരനുദാത്തഃ"

"സമാഹാരസ്വരിതഃ"

ഉച്ചാരണത്തിൽ ആരോഹണത്തിന് ഉദാത്തമെന്നും അവരോഹണത്തിന് അനുദാത്തമെന്നും, ഇടനിലയ്ക്കു സ്വരിതമെന്നും ഈ സൂത്രങ്ങൾക്ക ഭാഷ്യവും ഉണ്ട്.

പാണിനിയുടെ കാലം കഴിഞ്ഞിട്ടും, കുറെക്കാലത്തോളം ഉച്ചാരണവ്യവസ്ഥയ്ക്കു പ്രാധാന്യം ഉണ്ടായിരുന്നു. പിന്നീട് ഒരരാജകത്വം ഇവിടെയും കടന്നുകൂടി എന്നു സമ്മതിക്കാതെ കഴികയില്ല.

## വൈദികഛന്ദസ്സ്

സാധാരണയായി മൂന്നോ അഥവാ നാലോ പദങ്ങളോടുകൂടിയതാണ് വേദത്തിലെ ഓരോ പദ്യവും. ഇതിനു ത്രിപദി എന്നും ചതുഷ്പദി എന്നും പേരുകൾ പറയുന്നു. ഇത്തരത്തിലുള്ള മ മുതൽ ൫൮ വരെ പദ്യങ്ങൾ അടങ്ങിയതാണ് ഋഗ്വേദസൂക്തം. സൂക്തനിർമ്മിതിയിൽ തൽക്കർത്താക്കന്മാർ പ്രായേണ അംഗീകരിച്ചിരിക്കുന്നതു് ഗായത്രി ത്രിഷ്ടുപ്പ് തുടങ്ങിയ ഛന്ദസ്സുകളാകുന്നു. അനുഷ്ടുപ്പ് ഛന്ദസ്സും അവക്ക് അജ്ഞാതമായിരുന്നില്ല. പക്ഷെ ആ ഛന്ദസ്സ് വളരെ ദുർല്ലഭമായേ അവർ പ്രയോഗിച്ചിരുന്നുള്ളൂ.

പിന്നീടുണ്ടായ സംസ്കൃതത്തിൽ ഗായത്രിയും ത്രിഷ്ടുപ്പും തിരസ്കൃതങ്ങളായിത്തീരുകയും, തൽസ്ഥാനത്ത് അനുഷ്ടുപ്പ് അഥവാ ശ്ലോകം എന്നുകൂടി പേരുള്ള ഛന്ദസ്സ് കടന്നുകൂടുകയും ചെയ്തു. പുരാണങ്ങളിൽ വിവിധ ജാതി ഛന്ദസ്സുകൾ ദുർല്ലഭമായും, അനുഷ്ടുപ്പ് ഛന്ദസ്സ് സാമാന്യമായും സ്ഥലം പിടിച്ചിട്ടുണ്ടെങ്കിലും, അവയെല്ലാം മാർഗ്ഗദർശിയും ഛന്ദോവിഷയത്തിൽ ആവേശം അഥവാ ആസക്തി ജനിക്കുന്നതിനു ഹേതുഭൂതവും ഋഗ്വേദമാണെന്നുള്ള യാഥാർത്ഥ്യം മറച്ചുവയ്ക്കാവുന്നതല്ല.

## വൈദികസൂക്തങ്ങളിലെ പ്രതിപാദ്യവസ്തു

ഋഗ്വേദസൂക്തങ്ങൾ പ്രായേണ വിവിധ ദേവതമാരെ പരാമർശിച്ചുകൊണ്ടുള്ളവയാണെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇവയിലെ പ്രതിപാദ്യവിഷയങ്ങൾ പൌരാണികങ്ങളാകുന്നു. മതപരമായ പരിവർത്തനത്തെ ഉററുനോക്കുന്നവർക്കെല്ലാം ഈ യാഥാർത്ഥ്യം മനസ്സിലാകാതിരിക്കയില്ല. മററു സാഹിത്യങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഋഗ്വേദസൂക്തങ്ങൾ മാനുഷികവിഭാവനകളുടെയും, ചിന്താഗ്രഥനങ്ങളുടെയും ഏററവും പ്രാചീനരൂപങ്ങൾ എന്തായിരുന്നുവെന്നു കാണിച്ചുതരുന്നു. പ്രകൃതി ശക്തികളിൽ മനുഷ്യധർമ്മം ആരോപിച്ചുകൊണ്ട് അവയെ ലോകരക്ഷാർത്ഥം ആമന്ത്രണം ചെയ്യുന്ന കാഴ്ച നമുക്ക് ഋഗ്വേദത്തിൽ സുലഭമായി കാണാം. പ്രകൃതിശക്തികൾ ദേവതമാരെന്നു വന്നപ്പോൾ ഇവരുടെ പ്രസാദത്തിനുവേണ്ടി യാഗാദികർമ്മങ്ങളും ആവിഷ്കൃതങ്ങ

ളായിത്തീൻ. അനേകം ദേവതമാരെ ഋഗ്വേദം സ്തുതിക്കുകയും, വർണ്ണിക്കുകയും, അവക്കായി യാഗാദികമ്മങ്ങൾ ഭക്തിശ്രദ്ധകളോടുകൂടി അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യാക്കാരുടെയും പേഷ്യാക്കാരുടെയും പൂൎവ്വികന്മാർ ഒരേ ഗോത്രക്കാരായിരുന്ന കാലത്തുതന്നെ ഋഗ്വേദപ്രതിപാദകങ്ങളായ ദേവതമാർ പലരും വിസ്മരിക്കപ്പെട്ടിട്ടുണ്ട്.

വേദസൂക്തനിമ്മാതാക്കളായ കവികൾ പ്രപഞ്ചത്തെ ഭൂമി, ആകാശം, സ്വൎഗ്ഗം, എന്നിങ്ങനെ മൂന്നായി വിഭജിച്ചു. ഈ മൂന്നു സ്ഥലത്തും ദേവതമാരുടെ സാന്നിദ്ധ്യവും ചേഷ്ടയും ഉണ്ടെന്നായിരുന്നു അവരുടെ വിശ്വാസം. പക്ഷെ, ദേവതമാരുടെ സ്ഥിരവാസത്തിനു കവികൾ തെരഞ്ഞെടുത്തിട്ടുള്ളതു സ്വർഗ്ഗലോകത്തെ ആണെന്നു പറയാതെ കഴികയില്ല.

## വേദാന്തഗ്രന്ഥങ്ങളുടെ ആവിർഭാവം

അദ്വൈതതത്വത്തിൻെറ പിന്നീടുള്ള ഗ്രന്ഥങ്ങളിൽ നിന്നു ഒരു ദേവതയ്ക്കു മററു ദേവതമാരോടു താദാത്മ്യം വഹിക്കുന്നതിനു കഴിയുമെന്നുള്ള തത്വം വിശദമാക്കിയിരിക്കുന്നു. മാത്രമല്ല, ആ ദേവത പ്രകൃതിയിലെ ശക്തികളെ എല്ലാം നിയന്ത്രിക്കുന്നതിനു യോഗ്യതയുള്ള ഒന്നാണെന്നും ഉത്ഘോഷിച്ചിട്ടുണ്ട്. അനന്തരകാലങ്ങളിൽആവിർഭവിച്ചിട്ടുള്ള വേദഗ്രന്ഥങ്ങളിൽനിന്നു നമുക്കു കണ്ടെത്തുവാൻ കഴിയുന്ന അദ്വൈതതത്വങ്ങളെല്ലാം ഇവിടെ പ്രസ്താവിച്ച വേദാന്തത്തിൻെറ അംശങ്ങളെക്കൊണ്ടു രൂപവൽക്കരിച്ചിട്ടുള്ളതാകുന്നു. പുരാണസ്തോത്രങ്ങളിൽ കൂടി,

തൽക്കവികൾ അവരുടെ കീൎത്തനത്തിന്ന വിഷയമാകുന്ന ഓരോ ദേവതയ്ക്കും അന്നിതരസാധാരണമായ യോഗ്യതയുണ്ടെന്നു സമൎത്ഥിച്ചിരിക്കുന്നു. കവികളുടെ ഈ വൎണ്ണ്യപ്രീതി നിമിത്തം ബഹുദൈവങ്ങളിൽ ഏകദൈവത്വം പ്രചുരപ്രചാരമായിത്തീൎന്നു. ഓരോ കവിയും അയാൾ സ്തുതിക്കുന്ന ദേവതയ്ക്കു മററെല്ലാ ദേവതമാരെക്കാളും യോഗ്യതയുണ്ടെന്ന് അഭിപ്രായപ്പെട്ടുന്നുണ്ടെങ്കിൽ അതിന്ന കാരണം ദേവതമാരുടെ യോഗ്യതയല്ല, കവികളുടെ അതിശയോക്തിഭ്രമം മാത്രമാകുന്നു.

## വേദത്തിലെ അധിഷ്ഠാന ദേവതമാർ

ഇവൎക്കു ധനത്തെയും, ദീൎഘായുസ്സിനെയും നൽകുവാൻ കഴിയുമത്രെ. വേദത്തിലെ രുദ്രൻ ചിലപ്പോൾ സംഹാരകൎത്താവുമാകുന്നു. പ്രകൃതിയെ ക്രൂരവും ഭയങ്കരവുമാക്കിത്തീൎക്കുന്ന രോഗങ്ങൾ വൃത്രനെപ്പോലുള്ള ക്ഷുദ്രദേവതകളിൽ നിന്നാണുണ്ടായിത്തീരുന്നതു്. മനുഷ്യൎക്കുണ്ടാകുന്ന വ്യാധികളാകട്ടെ വൃത്രനെപ്പോലെ പ്രബലരായ ക്ഷുദ്രദേവതകളല്ല സംഭവിപ്പിക്കുന്നതു്. ഒരു തരം ചെറിയ നീചദേവതകളുണ്ടു്. അവൎക്കാണു് ഇത്തരം രോഗങ്ങൾ പ്രദാനം ചെയ്വാനുള്ള ശക്തിയും സാമൎത്ഥ്യവും ഉള്ളതു്. ആരാധകൻ നിമിത്തം ആരാധ്യദേവതയ്ക്കും, ആരാധ്യദേവതമൂലം ആരാധകനും പ്രത്യേക പ്രയോജനം ഉണ്ടാകുന്നുണ്ടുപോൽ. മിക്ക കീൎത്തനങ്ങളുടെയും ഒടുവിൽ, "ഞാൻ അങ്ങേയ്ക്കു സമൎപ്പിക്കുന്നതിനെ അങ്ങു് എനിക്കു പ്രദാനം ചെയ്യാലും" എന്നൎത്ഥമാകുന്ന യാചനകൾ കാണുന്നുണ്ടു്.

ദേവതകളുടെ പ്രഭാവത്തിനും ശക്തിയ്ക്കും ആധാരമായിട്ടുള്ളതു് ഉപാസനവും കീൎത്തനവും യാഗവുമാകുന്നു. യാഗങ്ങളിൽവച്ചു ദേവതാപ്രസാദത്തിനു് ഏററവും പൎയ്യാപ്തമായിട്ടുള്ളതു സോമയാഗമാണെന്നും വൈദികന്മാർ കരുതുന്നു. കാലാന്തരത്തിലുണ്ടായ ബ്രാഹ്മണങ്ങളാകട്ടെ ദേവതമാരെ മാത്രമല്ല, പ്രകൃതിയെത്തന്നെയും നിയന്ത്രിക്കുന്നതിനു യാഗം സമൎത്ഥമാണെന്നു് അഭിപ്രായപ്പെടുന്നു.

## ഋഗ്വേദത്തിലെ ദൈവങ്ങൾ

സൂൎയ്യൻ, ഉഷസ്സ്, അഗ്നി, മരുത്തു് ഇവയാണു് ഋഗ്വേദത്തിലെ പ്രധാന ദേവതമാർ. ഇവരെല്ലാം ഇതരദേവന്മാരുമായി സംഘടിക്കപ്പെട്ടിട്ടുള്ളവരും, പരബ്രഹ്മത്തിൻെറ അംശംവഹിച്ചു് അവതരിച്ചിട്ടുള്ളവരും ആണെന്നു് ഋഗ്വേദംഉദ്ഘോഷിക്കുന്നു. വൈദികസൂക്തങ്ങൾ ഈ യാഥാൎത്ഥ്യത്തെ വാണീദ്വാരാ പ്രകാശിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഒരു കവി പാടുകയാണു്, "ഏകംസത് വിപ്രാഃ ബഹുധാവദന്തി" എന്നു്. ബഹുധാ എന്നതിനു്, അഗ്നി, യമൻ, മാതരിശ്വാവ് എന്നിത്യാദി ദേവന്മാരെ ധരിച്ചുകൊള്ളണം. മററൊരു കവി പറയുന്നു:—"വിപ്രന്മാരും കവികളും സൂൎയ്യനെ പലതായി സങ്കല്പിക്കുന്നു."

ഋഗ്വേദത്തിലെ ദൈവങ്ങളുടെ സംഖ്യ മുപ്പത്തിമൂന്നാണെന്നു പറയപ്പെടുന്നു. എന്നാൽ ഇവയിൽ ഇരുപതെണ്ണം പ്രാധാന്യം കുറഞ്ഞവയാകുന്നു. ഇവരെ മൂന്നു സ്തോത്രങ്ങളിൽ മാത്രമേ പരാമൎശിച്ചിട്ടുള്ളു എന്ന യാഥാൎത്ഥ്യം തന്നെ ഇവരുടെ അപ്രാധാന്യതയ്ക്കു് ഉദാഹരണമാ-

ണല്ലോ. മേഘനാദം, മിന്നൽ എന്നിവയുടെ കർത്തൃത്വം ഇന്ദ്രനിലാണു സ്ഥിതിചെയ്യുന്നതു്. ഈ ദേവതയാകട്ടെ ഋഗ്വേദത്തിലെ ദൈവങ്ങളിൽ ഏററവും പ്രാധാന്യം വഹിക്കുന്നു. ഇന്ദ്രനെ പരാമർശിക്കുന്നവയായി ൨൫൦-സൂക്തങ്ങൾ ഋഗ്വേദത്തിലുണ്ടു്. അഗ്നിദേവനെ സ്തുതിക്കുന്ന കീർത്തനങ്ങളുടെ സംഖ്യ ഇരുന്നൂറാകുന്നു. സോമദേവതാപരമായി ൧൦൦-സൂക്തങ്ങൾ ഋഗ്വേദത്തിലുണ്ടു്. വർഷകർത്താവായ പർജ്ജന്യദേവതയെയും, മൃതാധിപത്യം വഹിക്കുന്ന യമനെയും മുമ്മൂന്നു സ്തോത്രങ്ങളാലാണു പ്രതിപാദിച്ചിട്ടുള്ളതു്. ൩൦൦൦-കൊല്ലങ്ങൾക്കു മുമ്പു് വിഷ്ണുവിനും ശിവനും ഇന്ദ്രാദി ദേവന്മാരെ അപേക്ഷിച്ചു് എത്രയോ കുറഞ്ഞ ഒരു നിലയേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്നാകട്ടെ, ആധുനികഹിന്ദുമതം ശിവനും വിഷ്ണുവിനും സമപ്രാധാന്യം കല്പിക്കയും, ഇന്ദ്രാദി ദേവന്മാരെക്കാൾ ഇവൎക്കു പ്രാധാന്യം നൽകുകയും ചെയ്തിരിക്കുന്നു. പക്ഷെ വൈദികകാലത്തു് പ്രാമാണ്യവും പ്രാധാന്യവും ശിവനും വിഷ്ണുവിനും തീരെ ഉണ്ടായിരുന്നില്ലെങ്കിലും, അവരിൽ ശിവന്റെ സംഹാരകർത്തൃത്വവും, വിഷ്ണുവിന്റെ രക്ഷാകർത്തൃത്വവും നിഷേധിക്കപ്പെട്ടിരുന്നില്ല. ആധുനികകാലത്തും ഈ അധികാരങ്ങൾ തന്നെയാണു് ഇവൎക്കുള്ളതു്.

ഋഗ്വേദത്തിലെ ദേവതമാരിൽ പ്രാചീനർ ദിവൌകസ്സുകളാകുന്നു. പിതൃദേവന്മാരായിട്ടാണു് ഇവരെ സങ്കല്പിച്ചിട്ടുള്ളതു്. അതിലപ്പുറമുള്ള ഒരു സ്ഥാനവും ഇവൎക്കുണ്ടായിരുന്നില്ല. മാതൃദേവതയായ ഭൂമിയെയും പിതൃദേവ

തയായ ദിവൗകസ്സിനെയും പരാമർശിച്ചുകൊണ്ടുള്ള ആറു സൂക്തങ്ങളാണ് ഋഗ്വേദത്തിലുള്ളത്.

വരുണൻ—വ്യോമദേവന്മാരിൽ അതിപ്രാധാന്യം വഹിക്കുന്നതു വരുണനാകുന്നു. ഇന്ദ്രൻ, അഗ്നി, സോമൻ തുടങ്ങിയ ദേവതമാരെ കീർത്തിച്ചിട്ടുള്ളിടത്തോളംതന്നെ വരുണനെ സ്തുതിച്ചിട്ടില്ലെങ്കിലും, ഇന്ദ്രപക്ഷപാതികളായ ഋഗ്വേദദേവതമാരിൽ പ്രഥമഗണനീയസ്ഥാനം വരുണനുണ്ട്. പ്രഭാവമേറിയ യോദ്ധാവാണ് ഇന്ദ്രനെങ്കിൽ, കായികവും മാനസികവുമായുള്ള വിഷയങ്ങളിൽ മേധാവി വരുണനാകുന്നു. ഇദ്ദേഹത്തെ അഭിമുഖീകരിച്ചുകൊണ്ടുള്ള സൂക്തങ്ങളെല്ലാംതന്നെ, മററുള്ള സൂക്തങ്ങളെക്കാൾ, ഏററവും നൈതികവും, ധാർമ്മികവും, ഭക്തിശ്രദ്ധകളുണ്ടാക്കുന്നതിനു പര്യാപ്തങ്ങളുമാകുന്നു. വേദത്തിലെ മുഖ്യഭാഗങ്ങൾ വരുണപരങ്ങളായ സൂക്തങ്ങളെന്നു വിമർശകലോകം ഐകകണ്ഠ്യേന ഉത്ഘോഷിക്കുന്നു. ഹിബ്രൂസുവിശേഷങ്ങളിലെ താത്വിക ചിന്തകളോടു സാദൃശ്യം വഹിക്കുന്നവയാണു പ്രസ്തുത സൂക്തങ്ങൾ. ഋഗ്വേദകാലം അവസിതമാവാറായതോടുകൂടി, തുടരെത്തുടരെ, വരുണന്റെ ഗുണം ക്ഷയിച്ചുവന്നു. ഒടുവിൽ ജലസാമ്രാജ്യത്തിന്റെ അധീശത്വം ഒഴികെ, മററുള്ളവയെല്ലാം അദ്ദേഹത്തിൽനിന്നു അപഹൃതമാവുകയുംചെയ്തു. വേദേതിഹാസങ്ങളുടെ ആവിർഭാവകാലത്ത് വരുണൻ സാഗരാധിപതി എന്നർത്ഥമുള്ള ഇന്ത്യൻ നെപ്ററ്യൂൺ മാത്രമായിത്തീന്നു.

സൂര്യദേവന്മാരിൽ മിത്രൻ—സൂര്യശക്തിയിൽനിന്നു വിവിധരൂപം കൈക്കൊണ്ടു് അവതരിച്ച അഞ്ചു ദേവതമാരെ ഋഗ്വേദം വർണ്ണിക്കുന്നുണ്ടു്. ഈ ദേവപഞ്ചകത്തിൽ പുരാതനനാകുന്നു മിത്രൻ. സൂര്യന്റെ മിത്രമാണു് ഈ മിത്രൻ. മാത്രമല്ല, സൂര്യഗുണങ്ങളുടെ ഒരേകദേശ പ്രാതിനിധ്യവും ഇദ്ദേഹത്തിനുണ്ടു്. നിഷ്പക്ഷദൃഷ്ട്യാ ചുഴിഞ്ഞു നോക്കുന്നതായാൽ മിത്രനിൽ ആരോപിതങ്ങളായിട്ടുള്ള ഗുണങ്ങളെല്ലാം വരുണനസംബന്ധികളാണെന്നും, മിത്രനു് വരുണനുമായി സാജാത്യം അത്യധികം ഉണ്ടെന്നും വിശദമാകും.

സൂര്യൻ—ഭാസ്കരൻ എന്നു് അന്വർത്ഥകസംജ്ഞനായ സൂര്യനാണു സൗരദേവതമാരിൽ ഏററവും അഗ്രഗണ്യൻ. സൂര്യനെ ദേവന്മാരുടെ നേത്രമായും, സ്ഥാവരജംഗമങ്ങളുടെ സാക്ഷിയായും, സപ്താശ്വരഥനായും വർണ്ണിച്ചിരിക്കുന്നു.

സാവിത്രി—സൂര്യന്റെ ത്വരിതഗതിയോടുകൂടിയ ചേഷ്ടകൾക്കു പ്രേരകയായി നിൽക്കുന്ന ദേവതയായിട്ടാണു് സാവിത്രിയെ ഋഗ്വേദം വർണ്ണിക്കുന്നതു്. ഋഗ്വേദത്തിലെ അത്യധികം പവിത്രമായ ഒരു പദ്യമാണു് സാവിത്രിദേവതയെ ഉദ്ദേശിച്ചു വിരചിതമായിട്ടുള്ളതും. പ്രസ്തുത സൂക്തി വേദാദ്ധ്യയന പ്രാരംഭത്തിൽ മംഗളപ്രാർത്ഥന എന്ന നിലയിൽ ഉച്ചരിക്കപ്പെടുന്നു. മാത്രമല്ല, മതനിഷ്ണാതന്മാരായ ബ്രാഹ്മണർ ആ സൂക്തത്തെ പ്രഭാതപ്രാർത്ഥനയായി പാരായണം ചെയ്യുന്നു.

"ഓം ഭൂവർഭുവഃ സ്വഃ
തൽ സവിതുവരേണ്യം
ഭർഗ്ഗോദേവസ്യധീമഹി
ധിയോ യോനഃ പ്രചോദയാൽ"

ഇതാണ് വേദസാരസർവ്വസ്വമായ പ്രസ്തുത സൂക്തം. ഈ സൂക്തപാരായണംകൊണ്ട് ഐഹികവും പാരത്രികവുമായ സിദ്ധികൾ ഉണ്ടാകുന്നു എന്നു വിശ്വസിക്കുന്നവരുടെ സംഖ്യ ആധുനിക കാലത്തുപോലും പരസഹസ്രമാകുന്നു.

പൂഷാവ്—സൗരസംബന്ധിയായ മറെറാരു ദേവതയാകുന്നു പൂഷൻ (പൂഷാവ്). സൂര്യന്റെസഹജസ്വഭാവത്തെ പ്രത്യക്ഷമാക്കി വർണ്ണിക്കുകമാത്രമല്ല, ആചാര്യദേവൻ എന്ന നിലയിലും അദ്ദേഹത്തെ വേദം സ്തുതിക്കുന്നുണ്ട്.

വിഷ്ണു—സൗരദേവന്മാരിൽ ഒട്ടും അപ്രധാനനല്ലാത്ത ഒരു ദേവതയാകുന്നു വിഷ്ണു. പൗരാണികമായി നോക്കുമ്പോഴും വിഷ്ണുവിനു പ്രാധാന്യമുണ്ട്. മൂന്നു ലോകങ്ങൾക്കും അദ്ദേഹമാകുന്നു നാഥൻ. പിതൃക്കളും ദേവന്മാരും അധിവസിക്കുന്ന സ്വർഗ്ഗമാണ് വിഷ്ണുലോകം, അഥവാ വൈകുണ്ഠം. സൃഷ്ടികർത്താവായ ബ്രഹ്മാവിനെയും സംഹാരകർത്താവായ ശിവനെയും പ്രവർത്തിപ്പിക്കുന്നവൻ എന്ന അർത്ഥത്തിൽ വിഷ്ണുവിനു കേശവൻ എന്നുള്ള സംജ്ഞകൂടി നൽകിയിട്ടുണ്ട്. ബ്രാഹ്മണസംഹിതയിലെ ഒരിതിഹാസത്തിൽ വിഷ്ണു വാമനനായി അവതരിച്ച്, മനുഷ്യർക്കായി ഭൂലോകം

മഹാബലിയിൽ നിന്നു വീണ്ടെടുത്തു എന്നു ഘോഷിക്കുന്നുണ്ട്. മനുഷ്യനന്മയ്ക്കായി മാത്രമാണ് വിഷ്ണു വിവിധരൂപത്തിൽ അവതാരം ചെയ്തിട്ടുള്ളതെന്നു പൗരാണികന്മാർ പറയുന്നു. ലോകപരിപാലനകർത്തൃത്വവും വിഷ്ണുവിലാണു സ്ഥിതിചെയ്യുന്നതു്.

അശ്വിനിദേവന്മാർ—പ്രഭാതസംബന്ധികളും, ഉജ്ജ്വലഗാത്രരുമായ ദേവതാദ്വയങ്ങളാകുന്നു അശ്വിനിദേവന്മാർ. സൂര്യപുത്രിയായ സൗര്യയോടൊന്നിച്ചു് രഥത്തിൽ, സ്വർഗ്ഗപുത്രന്മാരായ ഇവർ സഞ്ചരിക്കുന്നു. ഇവർ യുവാക്കന്മാരും സുന്ദരന്മാരുമാകുന്നു. പീഡിതലോകത്തെ സംരക്ഷിക്കുന്നതിനു വേണ്ടി ഇവർ ചെയ്തിട്ടുള്ള പ്രയത്നങ്ങൾ അസംഖ്യമാണു്.

ഇന്ദ്രൻ—വൈദികകാലത്തെ ഭാരതീയരുടെ അതിസുഹൃത്തായ ദേശീയദേവതയാണ് അന്തരീക്ഷത്തെ ഭരിക്കുന്ന ഇന്ദ്രൻ. വൃത്രഹന്താവായ ഈ ദേവൻ പുരാണലോകത്തിലും അപ്രധാനനല്ല. വാത്യാദേവതമാരുടെ അകമ്പടിയോടുകൂടി വജ്രായുധപാണിയായി ഇന്ദ്രൻ സഞ്ചരിക്കുന്നു.

പർജ്ജന്യൻ—മറെറാരന്തരീക്ഷദേവതയാകുന്നു പർജ്ജന്യൻ. മേഘങ്ങളെ ഘനീഭവിപ്പിക്കുന്നതിനു് അത്യാവശ്യമായ കാററിൻെറ മൂലതത്വമായി അനുബന്ധിപ്പിച്ചാണ് ഈ ദേവതയെ വേദം വർണ്ണിക്കുന്നതു്.

വായു—വാത്യാനാടകത്തിൽ പർജ്ജന്യനോടും ഇന്ദ്രനോടും സഹകരിച്ചു നിൽക്കുന്ന വായു അഥവാ വാതദേവതയാകുന്നു കാററിൻെറ അധിപതിയായ പ്രധാന നടൻ.

രുദ്രൻ—വൈദികദേവതമാരിൽ അനുപമമായ ഒരു പദവിയാണു രുദ്രനുള്ളതു്. ഋഗ്വേദത്തിൽ അദ്ദേഹം 'ശിവ' (മംഗളദായകൻ)നാകുന്നു. സംഹാരകർത്തൃത്വമാണു് ഇതര വേദങ്ങളിൽ രുദ്രനു നൽകിയിരിക്കുന്നതു്. എന്തായാലും മേൽപ്പറഞ്ഞ രണ്ടു ഗുണങ്ങളും അദ്ദേഹത്തിനുണ്ടെന്നു കാണാം.

അഗ്നി—പ്രാപഞ്ചികദേവതമാരിൽ സർവ്വപ്രാധാന്യം അഗ്നിക്കാകുന്നു. യാഗാഗ്നിയുടെ മൂർത്തീകരണംമാത്രമാണു് ഈ പ്രകൃതിദേവത. വൈദികകർമ്മങ്ങൾക്കെല്ലാം അഗ്നി സാക്ഷിയാകുന്നു. ആകാശത്തിൽ സൂര്യനായും, മേഘങ്ങളിൽ വിദ്യുത്തായും, ഭൂമിയിൽ തീയായും അഭിനയം നടത്തുന്നതു് അഗ്നിദേവതയാണെന്നു വേദങ്ങൾ ഉൽഘോഷിക്കുന്നു.

സോമദേവത—വൈദികയാഗങ്ങളിൽ പ്രധാനമായിട്ടുള്ള ഒന്നാകുന്നു സോമയാഗം. സോമ എന്നു പേരായ ചെടിയുടെയും, രസത്തിൻെറയും മൂർത്തിയാണു് ഈ ദേവതയെങ്കിലും, പ്രാധാന്യമുള്ള ദേവതമാരിൽ സോമദേവതയ്ക്കു ഗണനീയസ്ഥാനമുണ്ടു്. സോമദേവതയെ സംബോധനചെയ്തുകൊണ്ടുള്ള സൂക്തങ്ങളിൽ, സോമമധു ഉണ്ടാക്കുന്ന രീതി, അതു്, മരംകൊണ്ടുണ്ടാക്കിയ പാത്രങ്ങളിലാക്കി ദേവതയ്ക്കു സമർപ്പിക്കുന്ന സമ്പ്രദായം മുതലായവ വിശദീകരിച്ചിട്ടുണ്ടു്. ഒരു ദിവ്യപാനീയം എന്ന നിലയിൽ അതു സമർപ്പിക്കുന്നവർക്കു സോമദേവത ശാശ്വതശാന്തിയും സമാധാനവും നൽകുമെന്നാണു വൈദികസിദ്ധാന്തം.

ഹൈന്ദവ ഇറേണിയൻ കാലത്തുള്ള ഇതിഹാസങ്ങളിൽ സോമദേവതയ്ക്കും സോമമദ്യത്തിനും അദ്വിതീയമായ സ്ഥാനം ഉണ്ടായിരുന്നു എന്നു കാണുന്നു. സോമമദ്യം ദിവ്യപാനീയമെന്നു് "അവസ്ഥ" എന്ന ഗ്രന്ഥത്തിലും ഋഗ്വേദത്തിലും വർണ്ണിച്ചിട്ടുണ്ടു്.

പ്രജാപതി—ഋഗ്വേദത്തിന്റെ അന്തിമസൂക്തങ്ങളിൽ മററു ചില ദേവതമാരെയും വർണ്ണിക്കുന്നുണ്ടു്. ശ്രാദ്ധദേവത, മന്യുദേവത, പ്രജാപതി എന്നിവർ ഇക്കൂട്ടത്തിൽ പെടുന്നു. സാവിത്രി, സോമൻ, എന്നീ ദേവതമാരേപ്പോലുള്ള പ്രാധാന്യം ആദ്യകാലത്തു പ്രജാപതിക്കുണ്ടായിരുന്നുവെങ്കിലും, കാലാന്തരത്തിൽ ആ പ്രാധാന്യമെല്ലാം പോയിട്ടു സൃഷ്ടികർത്താവെന്നുള്ള നിലമാത്രം അദ്ദേഹത്തിൽ ശേഷിച്ചു. ബ്രാഹ്മണങ്ങളുടെ കാലമായപ്പോഴേക്കും, ദേവതാപിതാവും, പ്രധാനദേവതയുമായിത്തീർന്നു പ്രജാപതി. വേദകാലം കഴിഞ്ഞതോടുകൂടി പ്രജാപതിക്കു ബ്രഹ്മാ എന്ന സ്ഥാനവും ലഭിച്ചു.

ഉഷസ്സ്—സ്ത്രീദേവതമാരുടെ സംഖ്യയും അവക്കു വേദത്തിൽ നൽകപ്പെട്ടിരിക്കുന്ന സ്ഥാനവും നിസ്സാരമാകുന്നു. എങ്കിലും ചിലരെ വേദം പരാമർശിക്കാതിരിക്കുന്നില്ല. ഇക്കൂട്ടത്തിൽ മുന്നിട്ടു നിൽക്കുന്നതു പ്രഭാതദേവതയായ ഉഷസ്സാകുന്നു. ഋഗ്വേദത്തിലെ വിശിഷ്ടകവിതകളെന്നു ഗണിക്കപ്പെടാവുന്ന ഇരുപതു സൂക്തങ്ങളിൽ, മഹർഷിമാരുടെ സഗൗരവവും സുന്ദരവുമായ സൃഷ്ടി അഥവാ ഉഷസ്സ് വർണ്ണിതയായിരിക്കുന്നു.

സരസ്വതി—ഉഷസ്സിനെ കഴിഞ്ഞാൽ പിന്നീട്ട സ്ത്രീദേവതമാരിൽ പ്രാധാന്യം വഹിക്കുന്നതു് സരസ്വതിയാകുന്നു. മൂന്നു സൂക്തങ്ങളെക്കൊണ്ടാണു് സരസ്വതീദേവി വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. ഋഗ്വേദത്തിലെ ഗംഗാദേവി, ബ്രാഹ്മണങ്ങളിൽ വാഗ്ദേവതയായി രൂപാന്തരപ്പെട്ടു. വേദാനന്തരകാലത്താകട്ടെ ജ്ഞാനത്തിൻെറയും സംഗീതത്തിൻെറയും സാഹിത്യത്തിൻെറയും ആധിപത്യവും, ബ്രഹ്മാവിൻെറ പത്നിത്വവും സരസ്വതിക്കു ലഭിച്ചു.

ദേവതാദ്വന്ദ്വങ്ങൾ—വേദങ്ങളിൽ അസാധാരണത്വമുള്ളവരാണു് ദേവതാദ്വന്ദ്വങ്ങൾ. ഏറക്കുറെ ഇരുപതാകുന്നു ഇവരുടെ സംഖ്യ. മിത്രാവരുണൻ (മിത്രനും വരുണനും) ദ്യാവാപൃഥിവി (ആകാശവും ഭൂമിയും) എന്നിവർ ഇക്കൂട്ടത്തിൽപ്പെട്ടവരാകുന്നു.

ദേവതാവൃന്ദം—ചില പ്രത്യേക ദേവതയുമായി സാമാന്യേനസംബന്ധിച്ചിട്ടുള്ള ദൈവികദേവതമാരും വേദത്തിലുണ്ടു്. ഇവരിൽ ഏററവും പ്രാധാന്യമുള്ളവർ വാത്യാദേവതമാരായ മരുത്തുകളും, ഇന്ദ്രനെ യുദ്ധകാര്യങ്ങളിൽ സഹായിക്കുകയും പിൻതുടരുകയും ചെയ്യുന്ന രുദ്രപുത്രന്മാരുമാകുന്നു. ആദിത്യന്മാർ എന്നുപേരുള്ള ദേവതമാരെ അവരുടെ മാതാവായ അദിതിയോടോ, അല്ലെങ്കിൽ അവരുടെ നേതാവായ വരുണനോടോ ചേർത്താണു് പ്രസ്താവിക്കുക. ബ്രാഹ്മണങ്ങളിലും അവയെത്തുടർന്നുള്ള ഗ്രന്ഥങ്ങളിലും ഇവരുടെ സംഖ്യ പന്ത്രണ്ടാണെങ്കിലും ഋഗ്വേദത്തിൽ ഏഴോ എട്ടോ മാത്രമാകുന്നു.

ദേവാംശസംഭവന്മാർ—പ്രധാന ദേവതമാരെ കൂടാതെ അപ്രധാനന്മാരായും ചില ദേവതമാരുള്ളതായി ഋഗ്വേദം ഘോഷിക്കുന്നുണ്ട്. ആശ്ചര്യാവഹങ്ങളായ സൽക്കർമ്മങ്ങൾ കൊണ്ട് അനശ്വരത സമ്പാദിച്ചവരാണ് ഈ ശാഖയിൽ ഉൾപ്പെടുന്നത്. ഇവൎക്കു ഋഭുക്കൾ എന്നാണു പേർ. ഇവരെ കൂടാതെ ഈ വകുപ്പിൽ ഗന്ധർവ്വന്മാരെന്നും അപ്സരസ്സുകളെന്നും ചിലരുണ്ട്. ഋഗ്വേദത്തിൽ അപ്സരസ്സുകളുടെ സംഖ്യ അനിർദ്ദിഷ്ടമായി കാണപ്പെടുന്നു. ബ്രാഹ്മണങ്ങളിലെ അപ്സരസ്സുകൾ സംഗീതത്തിലും, ലാസ്യത്തിലും, ക്രീഡയിലും നാൾപോക്കുന്നവരും ലവണ്യവതികളുമാകുന്നു. വേദാനന്തരകാലങ്ങളിൽ ഇവൎക്കു ഇന്ദ്രരാജധാനിയിൽ നാട്യമാണ് കാലക്ഷേപമാൎഗ്ഗം. ഋഗ്വേദസൂക്തങ്ങളിലൊന്നിൽ, ഉർവ്വശി എന്നുപേരായ ഒരപ്സരസ്ത്രീയും പുരൂരവസ്സ് എന്നു പേരായ ഒരു മനുഷ്യനും പരസ്പരം പ്രേമബദ്ധരായിത്തീൎന്ന ഇതിവൃത്തത്തെ അടിസ്ഥാനമാക്കി ഒരു സംഭാഷണം കാണുന്നുണ്ട്. പുരാതനാര്യന്മാരുടെ പ്രേമകഥയ്ക്കു ഇതൊരു പ്രത്യേക വിഷയവും, അതിനാൽ അതു സവിശേഷം ശ്രദ്ധേയവുമാകുന്നു. ബ്രാഹ്മണങ്ങളിലൊന്നിൽ ഈ പ്രേമകഥ വിസ്തരിച്ചു വർണ്ണിച്ചിട്ടുള്ളതിനെയാണ്, ആയിരം കൊല്ലങ്ങൾക്കു ശേഷം മഹാകവി കാളിദാസൻ വിക്രമോർവ്വശീയം നാടകത്തിൽ ഇതിവൃത്തമായി അംഗീകരിച്ചതു്.

ഗന്ധർവ്വന്മാർ—വേദാന്തരകാലങ്ങളിൽ ഇവർ അപ്സരസ്സുകളോടു ചേൎന്നു ഒരു വിഭാഗമായിട്ടാണ് വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. വേദാനന്തരകാലങ്ങളിലാകട്ടെ ഇവൎക്കുള്ള സ്ഥാനം ഗായകന്മാരുടേതുമാത്രമാകുന്നു.

ദേവബന്ധികളായ മൃഗങ്ങൾ—ഋഗ്വേദത്തിലെ മന്ത്രത്തിലും ഇതിഹാസത്തിലും മൃഗങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ട്. കുതിരകൾ ദേവന്മാരുടെയും സൂര്യന്റെയും രഥം വലിക്കുന്നതായി വർണ്ണിക്കപ്പെടുന്നു. സപ്താശ്വൻ എന്നൊരു പേർകൂടി സൂര്യനുണ്ട്. ഋഗ്വേദത്തിൽ അതിമഹത്തായ ഒരു സ്ഥാനം പശുക്കൾക്കുണ്ട്. പ്രഭാതരശ്മികൾക്കും മേഘങ്ങൾക്കും ഗോശബ്ദം ഋഗ്വേദത്തിൽ പല സ്ഥലത്തും നൽകിയിരിക്കുന്നു. ഭൂമിയെത്തന്നെ ഗോരൂപമായിട്ടാണു വർണ്ണിക്കുന്നത്. ഒരു പവിത്രജീവിയായിട്ടാണ് പശുവിനെ കരുതിയിരിക്കുന്നതും. അഥർവ്വവേദത്തിൽ ഗോപൂജ പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെന്നല്ല എവിടെയും പശുവിനുള്ള മാഹാത്മ്യം സ്തുത്യർഹമാകുന്നു.

ഋഗ്വേദത്തിലെ വിഷജന്തുക്കളിൽ സർപ്പങ്ങളാണു മുന്നണിയിൽ നിൽക്കുന്നത്. വൃത്രാസുരൻ സർപ്പവേഷത്തിലാണത്രെ പ്രത്യക്ഷപ്പെട്ടിരുന്നത്. വേദാന്തരങ്ങളിൽ സർപ്പങ്ങൾ അർദ്ധദൈവികജന്തുക്കളായി പരിഗണിക്കപ്പെട്ടിരിക്കുന്നു. സൂത്രങ്ങളുടെ കാലത്ത് സർപ്പാരാധനയും സമാരംഭിക്കപ്പെട്ടിട്ടുണ്ട്. സൂത്രഗ്രന്ഥങ്ങളിൽ നാഗങ്ങളെ മനുഷ്യരൂപികളായിട്ടാണു വർണ്ണിച്ചിട്ടുള്ളത്. വേദാനന്തരകാലങ്ങളിൽ, ഇന്ത്യ സാർവത്രികമായി സർപ്പാരാധന നടത്തിയിരുന്നു. ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ച കാലത്ത് അനാര്യന്മാർ സർപ്പപൂജ ചെയ്തിരുന്നതായി മനസ്സിലാക്കുകയും, സർപ്പങ്ങൾ സുലഭമായിട്ടുള്ള ഇന്ത്യയിൽ നാഗാരാധന കരണീയമെന്നു ധരിക്കുകയും

ചെയ്തതിൻെറ ഫലമായിരിക്കണം ആൎയ്യന്മാരുടെ ഇടയി. ലും അതു പ്രചുരം പ്രചരിച്ചതെന്നൂഹിക്കാം.

പുരോഹിതന്മാർ

മനു—ഋഗ്വേദത്തിൽ പ്രസിദ്ധന്മാരും പുരാതനന്മാരുമായ ഒട്ടനേകം പുരോഹിതന്മാരും നേതാക്കന്മാരുമുണ്ടു്. ഇവരിൽ പ്രാധാന്യം മനുവിനാകുന്നു. ഇദ്ദേഹമാണു് ഇദംപ്രഥമമായി യാഗം ചെയ്തതും. മനുവാണു ആദിമമനുഷ്യൻ. ബ്രാഹ്മണങ്ങളിലൊന്നിൽ ഇദ്ദേഹം മനുഷ്യവംശസ്ഥാപനത്തിനുവേണ്ടി അശ്രാന്തയത്നം ചെയ്യുന്നവനെന്നു വർണ്ണിച്ചിരിക്കുന്നു.

സൂക്തങ്ങൾ

(ഋഗ്വേദത്തിലെ വിശ്വാസാചാരങ്ങൾ)

ഋഗ്വേദസൂക്തങ്ങൾ എല്ലാം തന്നെ മതപരമായും സാമുദായികമായുമുള്ള അന്നത്തെ വിശ്വാസാചാരങ്ങളുടെ ഒരു സൂക്ഷ്മദർപ്പണമായി പരിഗണിക്കാവുന്നതാണു്.

മരണാനന്തരജീവിതം—മരണാനന്തരമുള്ള ജീവിതത്തെ ഋഗ്വേദം പരാമർശിക്കാതിരിക്കുന്നില്ല. ശ്മശാനാഗ്നി, മൃതദേഹത്തെമാത്രമേ നശിപ്പിക്കുന്നുള്ളുവെന്നും, ആത്മാവു് അനശ്വരമാണെന്നും, അതിനെ ദഹിപ്പിക്കുന്നതിനു അഗ്നിക്കു സാദ്ധ്യമല്ലെന്നും ഋഗ്വേദകാലത്തുള്ള ജനങ്ങൾ ധരിച്ചിരുന്നു. ഈ തത്വംതന്നെയാണല്ലോ ഗീതയിലും പ്രതിപാദിച്ചിരിക്കുന്നതു്:—

"നൈനം ഛിന്ദന്തിശസ്ത്രാണി
നൈനം ദഹതിപാവകഃ
നചൈനം ക്ലേദയന്ത്യാപോ
നശോഷയതി മാരുതഃ"

ആത്മാവു് ദേഹവിഭിന്നമാണെന്നും, മരണാനന്തരം മാത്രമല്ല, മൂർച്ഛയിലും അതു ദേഹത്തെ വിടുന്നുവെന്നും ഋഗ്വേദം സമർത്ഥിക്കുന്നുണ്ടു്. ആത്മാവിന്റെ ഈ അനശ്വരതയെ വേദാന്തരങ്ങളും നിഷേധിച്ചിട്ടില്ല. ബി. സി. ൬-ാം ശതകത്തിൽ ആവിർഭവിച്ച ബുദ്ധമതതത്വത്തിലും ആത്മാവിന്റെ അനാദ്യന്തസ്ഥിതി വിശദീകരിച്ചു വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടു്. മൃതകന്റെ ചൈതന്യം പിതൃലോകത്തേയ്ക്കു് ആനയിക്കുന്നുണ്ടെന്നും, അവിടെ യമൻ വൃക്ഷമൂലത്തിരുന്നു് ദേവന്മാരോടുകൂടി വേണുഗാനം ചെയ്തും സോമമദ്യം പാനംചെയ്തും സ്ഥിതിചെയ്യുന്നു എന്നും ഋഗ്വേദം ഘോഷിക്കുന്നു. നാസ്തികന്മാർ മരണാനന്തരം അന്ധകാരദന്തുരമായ പാതാളത്തിലേക്കാണു കൊണ്ടുപോകപ്പെടുന്നതെന്നും ഋഗ്വേദം വർണ്ണിക്കുന്നു. മരണാനന്തരം നാസ്തികന്മാരെ ശിക്ഷിക്കുന്നുണ്ടെന്നുള്ള അഭിപ്രായത്തിനു വേദാനന്തരകാലമായപ്പോഴേക്കും പൂർവ്വാധികം പ്രാമാണ്യമുണ്ടായി. അപ്പോൾ മുതൽ അതിനു പററിയ ഇടമായി നരകത്തെയും രൂപവൽക്കരിച്ചു.

ഋഗ്വേദത്തിലെ ഉദ്ദേശം പന്ത്രണ്ടു സൂക്തങ്ങൾ സംഭാഷണരൂപത്തിൽ വിരചിതങ്ങളാകുന്നു. ഇവ തന്നെയാണു് പിന്നീടു് ദൃശ്യകാവ്യങ്ങളുടെ സമുൽപ്പത്തിക്കു കാരണമായിത്തീർന്നിട്ടുള്ളതെന്നു് സഹൃദയന്മാർക്കറിയാം.

മാന്ത്രികസൂക്തങ്ങൾ—ഋഗ്വേദത്തിലെ മുപ്പതിലധികം സൂക്തങ്ങൾ ഒരു ദേവതയേയും, അഥവാ ഒരു പ്രത്യേക ഉദ്ദേശത്തേയും പരാമർശിച്ചല്ല രചിക്കപ്പെട്ടിട്ടുള്ളത്. ഇവയിൽ പന്ത്രണ്ടെണ്ണം രോഗങ്ങളെയും, ബാധോപദ്രവങ്ങളെയും, മററ് ആപൽക്കര സംഭവങ്ങളെയും അകററുവാനുള്ള കരുതലോടുകൂടി വിരചിക്കപ്പെട്ടവയാണെന്നു പക്ഷാന്തരമുണ്ട്.

വൈവാഹിക സൂക്തങ്ങൾ—ഋഗ്വേദത്തിലെ ഇരുപതു പദ്യങ്ങൾ പ്രായേണ വിവാഹ സംബന്ധികളാകുന്നു. അവ സാമുദായിക നടപടികളെയും, രക്ഷാകർത്താക്കളുടെ സൗജന്യസ്വഭാവത്തെയും, നീതിധർമ്മ പ്രശ്നങ്ങളെയും, ഉദ്വാഹത്തെയും പ്രതിപാദിക്കുന്നു. ഏററവും വലിയ സൂക്തം പത്താമത്തെ മണ്ഡലത്തിൽ ൮൫-ാമത്തേതാകുന്നു. ഇതു വിവാഹസൂക്തം മാത്രമാണ്.

ശവസംസ്കാര സൂക്തങ്ങൾ—ശവസംസ്കാരച്ചടങ്ങുകളെ പ്രതിപാദിക്കുന്ന അഞ്ചു സൂക്തങ്ങൾ ഋഗ്വേദത്തിൽ അടങ്ങിയിട്ടുണ്ട്. വൈദികകാലത്തുതന്നെ ശവസംസ്കാരം ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കപ്പെട്ടിരുന്നുവെന്നു കാണുന്നു. ശവത്തെ ദഹിപ്പിക്കുകയാണ് അന്നു സാർവ്വത്രികമായി നടന്നിരുന്നത്. ദഹിപ്പിക്കുവാൻ കൊണ്ടുപോകുന്നതിനു മുമ്പായി മൃതദേഹത്തിൽ, വസ്ത്രങ്ങളും ആഭരണങ്ങളും ധരിപ്പിക്കുക പതിവാണ്. ഇങ്ങനെ ചെയ്യുന്നതിൻെറ ഉദ്ദേശം, മൃതകൻെറ മരണാനന്തരജീവിതത്തിൽ അദ്ദേഹത്തിനുപയുക്തമായിത്തീരണം

ളവ എന്നുള്ളതാണത്രെ. ഇന്നും ഈ വിശ്വാസം ഹിന്ദുക്കളുടെ ഇടയിൽ സാമാന്യേന നിലനിൽക്കുന്നുണ്ട്. ഭർത്താവിൻെറ ചിതയിൽ ചാടി, ഭാര്യ ജീവത്യാഗം ചെയ്യുന്ന സമ്പ്രദായം ഋഗ്വേദകാലത്തും ഉണ്ടായിരുന്നു. പരലോകത്തിൽ, ഇഹത്തിലെന്നപോലെ ഒന്നിച്ചു വസിക്കാനാണത്രെ ഭാര്യ ഇപ്രകാരം ചെയ്യുന്നത്. ഋഗ്വേദ സമ്മതമല്ലെങ്കിലും, സേനാനായകന്മാരുടെ മൃതദേഹത്തോടുകൂടി അവരുടെ ഭാര്യമാർ ദേഹവിയോഗാർത്ഥം ചിതയിൽ സമ്മേളിക്കുക ദുർല്ലഭമേയുള്ളു. ഇൻഡോ യൂറോപ്യൻ കാലംമുതൽ ഈ സമ്പ്രദായം വളരെ കുറഞ്ഞു. ക്രിസ്താബ്ദം ൬-ാം ശതകം മുതൽ പതിനഞ്ചാം ശതകം വരെയും ഭയങ്കരമായ 'സതി' അഥവാ ഉടന്തടിചാട്ടം, സർവ്വസമുദായത്തിലും പടന്നു പിടിച്ചു. ൧൮൨൯-ൽ ബ്രിട്ടീഷ്ഗവർമ്മെണ്ട് 'സതി' കുററകരമാണെന്നു സ്ഥാപിച്ചതോടുകൂടി ഉടന്തടിചാട്ടവും നാമാവശേഷമായി. അതുവരെ ആ ഭയാനകമായ പൈശാചിക സമ്പ്രദായം ഇന്ത്യയിൽ നിലനിന്നു.

<u>പ്രബോധകപദ്യങ്ങൾ</u>—വിവാഹ പ്രതിപാദിതങ്ങളായ പദ്യങ്ങളിൽ മൂന്നെണ്ണം ഉപദേശപരങ്ങളാകുന്നു. ഇവതന്നെയാണു സംസ്കൃത സാഹിത്യത്തിൽ ആവിർഭവിച്ചിട്ടുള്ള അസംഖ്യം പ്രബോധക പദ്യങ്ങൾക്കു മാർഗ്ഗദർശികൾ.

ജഗൽസൃഷ്ടിപരങ്ങളായ സൂക്തങ്ങൾ

<u>പുരുഷസൂക്തം</u>—ഋഗ്വേദത്തിലെ ഏഴു സൂക്തങ്ങൾ ലോകോല്പത്തിപ്രശ്നത്തെ പരാമർശിച്ചുകൊണ്ടുള്ളവ

യാകുന്നു. അവ്യക്തങ്ങളും ക്ലിഷ്ടങ്ങളുമായ ആശയങ്ങളേക്കൊണ്ടു പൂർണ്ണങ്ങളെങ്കിലും, ഇവ, ആദിമദശയിലെ ലോകസൃഷ്ടിവിചിന്തനങ്ങളെന്ന നിലയിൽ ശ്രദ്ധേയങ്ങളും, പിന്നീടുണ്ടായിട്ടുള്ളവയ്ക്കു ഹേതുഭൂതങ്ങളെന്ന നിലയിൽ ശ്ലാഘ്യങ്ങളുമാകുന്നു. ദശമമണ്ഡലം ൯0–ാമത്തെ പദ്യത്തിൽ ഒരാദിമ രാക്ഷസൻെറ ശരീരത്തിൽനിന്നു് ലോകത്തെ ആകർഷകമാക്കിത്തീക്കാൻ ദേവതമാർ ശ്രമിക്കുന്നു എന്നു പ്രതിപാദിച്ചിട്ടുണ്ടു്. പുരുഷൻ എന്നാണു് ഈ ആദിമരാക്ഷസൻെറ പേർ. അദ്ദേഹത്തിൻെറ വിവിധ അവയവങ്ങളാണു പ്രപഞ്ചമായിത്തീർന്നിട്ടുള്ളതു്. ഈ ലോകമെല്ലാം പുരുഷനാകുന്നു എന്നു കാണിക്കുന്ന പ്രസ്തുത സൂക്തം, അഥവാ പുരുഷസൂക്തം, ഇന്ത്യയിലെ അദ്വൈതമത സാഹിത്യത്തിൻെറ പുരാതന തത്വത്തെ പ്രദർശിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്. ഋഗ്വേദകാലത്തുണ്ടായിട്ടുള്ള പദ്യങ്ങളിൽ ഏററവും പുരാതനത്വം ഇതിനുണ്ടു്. ജഗൽസൃഷ്ടിപരങ്ങളായ സൂക്തങ്ങളിൽ രണ്ടെണ്ണം പദാർത്ഥങ്ങളുടെ പ്രഥമാണുവിനെ ഉൽപ്പാദിപ്പിച്ചിട്ടുള്ളതു ജലമാണെന്നു പ്രതിപാദിക്കുന്നു. മററു രണ്ടു സൂക്തങ്ങളാകട്ടെ, അസത്തിൽനിന്നു സത്തുണ്ടായി എന്ന സിദ്ധാന്തത്തെയും പ്രദർശിപ്പിച്ചിരിക്കുന്നു.

സൃഷ്ടിഗീതം—പത്താം മണ്ഡലം ൧൨൯–ാമത്തെ പദ്യം കവിതാസാരസ്യംകൊണ്ടു് ഏററവും മേത്തരമാകുന്നു. പ്രകൃതിതത്വശാസ്ത്രത്തിൻെറ സമാരംഭം ഇവിടെ നിർദ്ദേശിച്ചിട്ടുള്ളതു് അനന്തരകാലങ്ങളിൽ സാംഖ്യസിദ്ധാന്തത്തിനു മൗലിക തത്വമായിത്തീർന്നിട്ടുണ്ടു്. ആ

യ്യതത്വശാസ്ത്രചിന്തയുടെ അതിപ്രാചീനോദാഹരണമാകയാൽ ഇതു സവിശേഷശ്രദ്ധയെ സമാകർഷിക്കുന്നു. അസത്തിൽനിന്നു സത്തുണ്ടായി വളൎന്നു എന്നു കാണിക്കുന്ന സൃഷ്ടിഗീതം, പ്രഥമസൃഷ്ടി ജലം, രണ്ടാമത്തേതു ചൂടു്, എന്നിങ്ങനെ ബ്രാഹ്മണങ്ങളിൽ പ്രതിപാദിക്കുന്ന വസ്തുതത്വങ്ങൾക്കു മാൎഗ്ഗദർശനം ചെയ്തിരിക്കുന്നു. ആദ്യസൃഷ്ടി ബ്രഹ്മാവാണെന്നു ഗണിക്കുന്നതോടൊപ്പം തന്നെ പ്രഥമസൃഷ്ടി ജലമാണെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ വൈപരീത്യം, സൃഷ്ടിസിദ്ധാന്തത്തെ, പരിണാമവാദംകണക്കു്, അലങ്കോലപ്പെടുത്തിയെങ്കിലും, സാംഖ്യയോഗത്തിന്റെ ആരംഭത്തോടുകൂടി പൂൎവ്വാപരവിരോധം നാമാവശേഷമായിത്തീൎന്നു. ഋഗ്വേദത്തിലെ സൃഷ്ടിസൂക്തങ്ങൾ ഇന്ത്യൻ 'ദർശന'ത്തിന്റെ പ്രാഗ്രൂപലക്ഷണങ്ങൾ മാത്രമല്ല, ലോകോത്ഭവം വിവരിക്കുവാനുള്ള ഉദ്ദേശം മുൻനിറുത്തി വിരചിക്കപ്പെട്ടിട്ടുള്ള പുരാണങ്ങളുടെയും മൗലിക സിദ്ധാന്തങ്ങളാകുന്നു.

## ഭൗമികവിജ്ഞാനം

ഋഗ്വേദത്തിലെ ഭൂവിവരണഗണനം—ഇന്ത്യയിലെ പുരാതനാൎയ്യന്മാരുടെ പരിതസ്ഥിതികളെയും, ജീവിതത്തെയും സവിസ്തരം വൎണ്ണിക്കുന്ന ചില പദ്യങ്ങൾ—എണ്ണത്തിൽ കുറവാണെന്നു വരികിലും—ഋഗ്വേദത്തിലുണ്ടു്. ഭൗതികപരമായ സ്ഥിതിഗതികൾ ഏതാണ്ടു് അറിയുന്നതിനും ഇവ അത്യധികം പ്രയോജകീഭവിച്ചിരിക്കുന്നു. പഞ്ചനദം, അഥവാ പേർഷ്യൻ ഭാഷയിൽ പറ

ഞ്ഞുവരുന്ന പഞ്ചാബ്, ഇന്ത്യയുടെ വടക്കു പടിഞ്ഞാറെ മൂലയിൽ സ്ഥിതിചെയ്യുന്നു. ഇവിടെയാണ് വിജിഗീഷുക്കളായ ആയ്യന്മാർ ആദ്യമായി അധിവസിച്ചിരുന്നതെന്നു ഋഗ്വേദസൂക്തംകൊണ്ടു മനസ്സിലാക്കാം. ഭൂവിവരണഗണനത്തിനു ഉപയോഗയോഗ്യങ്ങളായി പരിഗണിക്കപ്പെടുന്നവ രണ്ടോ, മൂന്നോ മാത്രമേ ഉള്ളുവെങ്കിലും മൊത്തത്തിൽ ഇരുപത്തഞ്ചു പദ്യങ്ങളിൽ ഇതിനെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്.

ആയ്യഘട്ടത്തിൽ പ്രവാഹിനികൾ ഉള്ളതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. കാബൂൾ, സ്വാത്ത്, കൃമു, ഗോമതി എന്നിവയെപ്പററി ഋഗ്വേദത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. സിന്ധു, സരസ്വതി എന്നീ നദികളെയാണ് പ്രാധാന്യങ്ങളെന്ന നിലയിൽ വേദം വർണ്ണിച്ചിരിക്കുന്നതു്. സിന്ധു എന്ന വാക്കിനു നദിയെന്നു മാത്രമാണ് അത്ഥം. പക്ഷെ അതു ലോപിച്ചുണ്ടായ ഇന്തു ശബ്ദത്തിൽ നിന്നാണ് ഇന്ത്യ എന്നുള്ള പേരിൻെറ ഉത്ഭവം. ഈ ഭൂഭാഗത്തെത്തന്നെയാണ് ഇന്ത്യാക്കാരുടെ വാസഭൂമി എന്ന അത്ഥത്തിൽ പേർഷ്യൻ ഭാഷ ഹിന്ദുസ്ഥാനം എന്നു നാമകരണം ചെയ്തിരിക്കുന്നതു്.

മററുള്ള പ്രവാഹിനികളിൽ വച്ചു് പവിത്രയും, അഗ്രഗണ്യയും സരസ്വതിനദിയാണെന്നു ഋഗ്വേദം ഉത്ഘോഷിക്കുന്നു. കവിയുടെ വർണ്ണന കേട്ടാൽ ഒരു വലിയ നദിയെപ്പററിയാണതെന്നു മാത്രമേ തോന്നുകയുള്ളു. തെക്കുഭാഗത്തു പ്രവഹിക്കുന്ന ദ്രിഷദ്വതി എന്ന നദിയുമായി സരസ്വതി കൂടിച്ചേൎന്നു ബ്രഹ്മാവത്തത്തെ ചുററി

പ്രവഹിക്കുന്നതായി, വേദാനന്തരകാലങ്ങളിൽ പ്രസ്താവിക്കുന്നു. ഇന്നാകട്ടെ അതു മരുഭൂമിയിൽ പ്രവേശിച്ചു മൂതിയടയുന്ന, ഒരരുവി മാത്രമായിത്തീൎന്നിട്ടുണ്ടു്. ശതുദ്രിയുടെ ഒരു പോഷകനദിയെന്ന നിലയിൽ സരസ്വതിനദി സമുദ്രത്തിൽ ചെന്നുചേൎന്നിരുന്നു എന്നും, ഇന്നത്തേക്കാൾ അതു് എത്രയോ വലുതായിരുന്നു പുരാതനകാലത്തെന്നും വിശ്വസിക്കുന്നതിനു്, വേദത്തിൽ സരസ്വതിനദിയ്ക്കു കൊടുത്തിട്ടുള്ള വൎണ്ണന മതിയായ തെളിവാകുന്നു.

ഋഗ്വേദകാലം കഴിഞ്ഞപ്പോൾ ആൎയ്യന്മാരുടെ ഉപനിവേശസ്ഥലത്തിനു വ്യാപ്തി വൎദ്ധിച്ചു. അതോടുകൂടി അവൎക്കു പരിചയപ്പെട്ട രണ്ടു നദികളാണു് ഗംഗയും യമുനയും.

സമുദ്രം എന്നൊന്നു് ഋഗ്വേദകാലത്തു ആൎയ്യന്മാൎക്കു കേട്ടുകേൾവിയേ ഉണ്ടായിരുന്നുള്ളു. അഥൎവ്വവേദമാകട്ടെ, അതിലെ സൂക്തദ്രഷ്ടാക്കളിൽ ചിലൎക്കു സമുദ്രപരിചയം ഉണ്ടായിരുന്നതായി വൎണ്ണിച്ചിട്ടുണ്ടു്.

ഋഗ്വേദത്തിൽ പൎവ്വതങ്ങളെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. അവയാണു് നദികളുടെ ഉല്പത്തിസ്ഥാനങ്ങളെന്നും ആൎയ്യന്മാർ അറിഞ്ഞിരുന്നു. 'ഹിമവൽ' എന്ന സംജ്ഞകൊണ്ടാണു് ഹിമാലയത്തെ ഋഗ്വേദം വൎണ്ണിക്കുന്നതു്. വിന്ധ്യപൎവ്വതത്തെപ്പററിയോ അതിനു തൊട്ടു തെക്കുഭാഗത്തു പ്രവഹിക്കുന്ന നൎമ്മദാനദിയെപ്പററിയോ ഋഗ്വേദം ഒന്നുംതന്നെ ഗ്രഹിച്ചിട്ടില്ല. ഇത്രയും പ്രസ്താവിച്ചതിൽ നിന്നു ഋഗ്വേദസൃഷ്ടികാലത്തു് ആൎയ്യന്മാർ സിന്ധു, ശതുദ്രി, ഹിമാലയം എന്നിവയ്ക്കു മദ്ധ്യഭാ

ഗത്തു്, ഇന്ത്യയുടെ വടക്കുപടിഞ്ഞാറു്, സ്ഥിരവാസം ചെയ്തിരുന്നതായി മനസ്സിലാക്കാം.

ഋഗ്വേദത്തിലെ സസ്യവർഗ്ഗവും ജന്തുവർഗ്ഗവും—സസ്യവർഗ്ഗത്തെയും ജന്തുവർഗ്ഗത്തെയുംകുറിച്ചു് ഋഗ്വേദം പലതും പ്രസ്താവിച്ചിട്ടുണ്ടു്. സസ്യവർഗ്ഗത്തിൽ ഏററവും പ്രാധാന്യം സോമലതയ്ക്കാകുന്നു. പർവ്വതത്തിൽ വളരുന്ന പ്രസ്തുത ചെടി, ധാരാളം, പതിവായി ഉപയോഗിക്കപ്പെട്ടിരുന്നു. ബ്രാഹ്മണങ്ങളുടെ കാലത്തു് ഇതിനു പ്രാധാന്യം കുറഞ്ഞു. വളരെ ദൂരെനിന്നു കൊണ്ടുവരേണ്ടതായ ഒരു ചെടിയായിട്ടാണു് സോമസസ്യത്തെ ബ്രാഹ്മണങ്ങളിൽ വർണ്ണിച്ചിരിക്കുന്നതു്.

വേദാന്തരങ്ങൾക്കെല്ലാം പരിചയപ്പെട്ട ഒരു വസ്തുവാണു് അരി എന്നു വരികിലും, ഋഗ്വേദത്തെ സംബന്ധിച്ചിടത്തോളം അതു അജ്ഞാതമാത്രമാകുന്നു. മഴ ധാരാളമുള്ള പൂർവ്വ ദിക്കുകളിലാണല്ലോ നെല്ലു ധാരാളമായി വിളയുന്നതു്.

വന്യ ജന്തുക്കളിൽ, ഋഗ്വേദത്തിനു് ഏററവും പരിചയപ്പെട്ടിട്ടുള്ള ഒരു മൃഗമാകുന്നു സിംഹം. മരങ്ങൾ നിബിഡമായി വളരുന്ന പർവ്വതത്തിൽ അതു പാർത്തു വരുന്നതായി ഋഗ്വേദം പ്രതിപാദിക്കുന്നു. ബങ്കാളിലെ വനപ്രദേശങ്ങളിൽ സ്ഥിരവാസം ചെയ്തുവരുന്ന പുലിയെപ്പററി അതിൽ ഒന്നുംതന്നെ പ്രതിപാദിച്ചു കാണുന്നില്ല. മററു വേദങ്ങളിൽ സിംഹത്തിൻെറ സ്ഥാനം വഹിക്കുന്നതു പുലിയാണു്. സിംഹത്തിനും വ്യാഘ്രത്തിനും തമ്മിലുള്ള ഈ ബന്ധം വൈദിക കാലത്തു് ആര്യന്മാർ കിഴ

ക്കോട്ട നീങ്ങിപ്പാർത്തു എന്നുള്ളതിന് ശ്രദ്ധേയമായ ഒരു തെളിവാകുന്നു.

ഋഗ്വേദത്തിനു പരിചയമില്ലാത്ത ജീവിയല്ല ഗജം. ഋഗ്വേദത്തിൽ ഒന്നുരണ്ടു സ്ഥലത്തു് ആനയെ ഹസ്തത്തോടുകൂടിയ മൃഗമെന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഇതിൽനിന്നു മനസ്സിലാക്കാവുന്നതു് അവൎക്ക് ആന ഏതാണ്ടു് ഒരപരിചിത ജീവിയായിരുന്നു എന്നു മാത്രമാണല്ലോ. മററു വേദങ്ങളിലെല്ലാം 'ഹസ്തിൻമൃഗ' എന്നിങ്ങനെ ദുർല്ലഭമായിട്ടേ പ്രയോഗിക്കയുണ്ടായിട്ടുള്ളു. ആനയുടെ യഥാൎത്ഥനാമം എന്ന നിലയ്ക്കു് അവർ 'ഹസ്തിൻ' എന്ന വിശേഷണ ശബ്ദമാണു പ്രയോഗിച്ചിരുന്നതു്. ഗജങ്ങളുടെ അധിവാസസ്ഥാനം ഉത്തരേന്ത്യയിലുള്ള 'താറെ എന്ന വനമായിരുന്നു എന്നു് ഋഗ്വേദം കൊണ്ടു മനസ്സിലാക്കാം

ഋഗ്വേദത്തിൽ മതപരമായി പശുക്കൾക്കു ലഭിച്ചിരുന്ന ഉന്നതസ്ഥാനം, അവ ധനാർജ്ജനത്തിനു് ഏററവും പററിയതൊന്നായിരുന്നതുകൊണ്ടു കൂടിയായിരുന്നു എന്നു ന്യായമായി അനുമാനിക്കാം. ഋഗ്വേദം പശുഹിംസയെ ശക്തിയായി നിഷേധിക്കുന്നില്ല. ചില പ്രത്യേകാവസരങ്ങളിൽ പശുക്കളെ വധിക്കാറുണ്ടായിരുന്നു എന്നു് ഋഗ്വേദം പ്രതിപാദിക്കുന്നു. യജുർവ്വേദമാകട്ടെ, പശുഹിംസയ്ക്കു ശിക്ഷ, മരണദണ്ഡനമാണെന്നു വിധിക്കുകയാണു ചെയ്യുന്നതു്.

പശുക്കളെ കഴിഞ്ഞാൽ പിന്നത്തെ സ്ഥാനം അശ്വങ്ങൾക്കാകുന്നു. വൈദികകാലത്തു തേരുകൾ വലിക്കുന്നതും, യുദ്ധഭൂമിയിൽ രഥം വലിക്കുന്നതും കുതിരകളായി

രുന്നു. സവാരിക്കായി കുതിരയെ ഉപയോഗിച്ചിരുന്നവെ ന്നു് ഋഗ്വേദത്തിൽ കാണുന്നില്ല. മൃഗമേധങ്ങളിൽ വച്ചു് ഏററവും വിശിഷ്ടമായി പരിഗണിക്കപ്പെട്ടിരുന്നതു് അശ്വമേധമായിരുന്നു.

ലോഹങ്ങൾ—ഋഗ്വേദത്തിൽ സ്വർണ്ണത്തെപ്പററി പ്രതിപാദിച്ചിട്ടുള്ള ഭാഗങ്ങൾ ധാരാളമുണ്ടു്. വടക്കുപടിഞ്ഞാറുള്ള നദികളുടെ മിക്ക ഭാഗങ്ങളിൽ നിന്നും സ്വർണ്ണം എടുത്തിരുന്നതായി കാണുന്നു.

സ്വർണ്ണം കഴിഞ്ഞാൽ പിന്നത്തെ സ്ഥാനം അയസ്സിനാകുന്നു. ചിലപ്പോൾ ചുമന്ന അയസ്സ്, കറുത്ത അയസ്സ് എന്നിങ്ങനെ ഇരുമ്പിനു വിശേഷണങ്ങൾ പ്രയോഗിക്കാറുണ്ടു്. ചുമന്ന അയസ്സ് എന്നു പറയുന്നതു് ചെമ്പിനെ ഉദ്ദേശിച്ചായിരിക്കണം. ഇരുമ്പിനെക്കുറിച്ചുള്ള വലിയ പരിചയമൊന്നും ഋഗ്വേദത്തിനില്ല. അഥർവണവേദത്തിലാണു് ഇരുമ്പിനു കറുത്ത, ചുമന്ന എന്നിങ്ങനെയുള്ള വിശേഷണങ്ങൾ നൽകിയിരിക്കുന്നതു്.

ഋഗ്വേദകാലത്തെ ആര്യന്മാക്കു വെള്ളി എന്ന ലോഹത്തെപ്പററി യാതൊരറിവും ഉണ്ടായിരുന്നില്ല. രജതശബ്ദവും ഋഗ്വേദത്തിൽ ഒരിടത്തും കാണുന്നില്ല. ഇന്ത്യയുടെ വടക്കുപടിഞ്ഞാറു ഭാഗത്തു് വെള്ളിയോ ചെമ്പോ ഉണ്ടായിരുന്നില്ല എന്നാണു് ഊഹിക്കേണ്ടിയിരിക്കുന്നതു്.

## വർണ്ണഭേദത്തിൻെറ ബീജാങ്കുരം

കാബൂളിനും യമുനയ്ക്കും മദ്ധ്യേയുള്ള പ്രദേശങ്ങൾ ആര്യന്മാർ കൈവശപ്പെടുത്തിക്കഴിഞ്ഞു എന്നു വരികിലും,

പിന്നീടും അവർ പുരാതന നിവാസികളുമായി യുദ്ധം ചെയ്തു ജയംനേടുന്നതിൽ സർവ്വശ്രദ്ധയും പതിച്ചിരുന്നു എന്നുള്ളതിലേയ്ക്കു ധാരാളം തെളിവുകളുണ്ടു്. ആര്യന്മാരുടെ ഉദ്ദേശം, തങ്ങൾക്കു കീഴടങ്ങിയ രാജ്യങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കണം എന്നുള്ളതായിരുന്നു. വിവിധ വിഭാഗങ്ങളായി തിരിഞ്ഞിരുന്നുവെങ്കിലും, തങ്ങൾ ഒരു ജാതിക്കാരും, ഒരു മതത്തെ പിന്തുടരുന്നവരുമാണെന്നുള്ള മനോഭാവം ആര്യന്മാർക്കു പൊതുവേ ഉണ്ടായിരുന്നു. അവർ, തങ്ങൾ ആര്യന്മാരെന്നു സ്വയം അഭിമാനിച്ചു. എതിരാളികളായ ആദിമ നിവാസികളെ അവർ ദസ്യുക്കൾ അഥവാ ദാസന്മാരെന്നു വിളിക്കുകയും ചെയ്തുവന്നു. ആര്യന്മാരുടെ നിറം വെളുപ്പും, ദസ്യുക്കളുടെ നിറം കറുപ്പുമാണു്. അതിനാൽ ദസ്യുക്കളെ കൃഷ്ണചർമ്മികളെന്നു കൂടി ആര്യന്മാർ അധിക്ഷേപിച്ചു. വർണ്ണത്തിൽ ബാഹ്യമായിക്കണ്ട ഈ വ്യത്യാസം തന്നെയായിരിക്കണം പിന്നീടു വർണ്ണത്തിനും, ജാതിയ്ക്കും കാരണമായിത്തീർന്നതു്. വിജയികൾ, പരാജിതരായ ദസ്യുക്കളെ അടിമകളാക്കുകയും, അവർക്കു ശൂദ്രജാതിത്വം കല്പിച്ചു കൊടുക്കുകയും ചെയ്തു.

## ഋഗ്വേദത്തിലെ ഗോത്രവിഭാഗം

ഋഗ്വേദത്തിൽ വിവിധ ഗോത്രക്കാരായ ആര്യന്മാരെപ്പററി പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, അവരിൽ പ്രാധാന്യം, വടക്കുപടിഞ്ഞാറുള്ള ഗാന്ധാരന്മാർക്കായിരുന്നു. ആര്യന്മാർക്കു പഞ്ചഗോത്രക്കാർ എന്നൊരു പേരുകൂടിയുണ്ടു്. ഈ പഞ്ചഗോത്രങ്ങളാകട്ടെ, പൂരുക്കൾ, തുർവാസസ്സുകൾ,

യദുക്കൾ, അനുക്കൾ, ദ്രുഹ്യക്കൾ എന്നിവയാകുന്നു. ഇവരും പരസ്പരം കലഹിക്കാതിരുന്നിട്ടില്ല. മേൽ പ്രസ്താവിച്ച അഞ്ചു ഗോത്രക്കാരിൽ നാലു ഗോത്രക്കാർ, മററു ചില ഗോത്രക്കാരുമായി യോജിച്ച് ത്രിത്സുസിലെ മേധാവിയായ സുദന്മാക്കെതിരായി ദശരാജാക്കന്മാരെ വാഴിക്കയും, അവരുടെ ഭരണത്തിനു കീഴ്പ്പെട്ടു ജീവിക്കുകയും ചെയ്തു. ഇക്കാലത്തു ഇവർ അധിവസിച്ചിരുന്നതു് പരുഷ്ണിയുടെ തെക്കുവശമായിരുന്നു. പടിഞ്ഞാറുഭാഗത്തു നിന്നും നദി തരണംചെയ്‌വാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതിനിടക്കു ട്രിററ്സുസുകാരാൽ ഇവർ ഭയങ്കരമാംവണ്ണം തോല്പിക്കപ്പെട്ടു. പ്രസ്തുത യുദ്ധത്തെ ദശരാജമഹാസമരം എന്നു പറഞ്ഞുവരുന്നു.

പൂരുക്കൾ—സരസ്വതീനദിയുടെ ഇരുതീരങ്ങളിലും പൂരുക്കൾ താമസിക്കുന്നതായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. അവരുടെ രാജാവിനു പ്രകുൽസ്ഥൻ എന്നു പേർ. ത്ര്യക്ഷി എന്നു പേരായി ഒരു പിൻഗാമി അദ്ദേഹത്തിനുണ്ടായിരുന്നു എന്നും അദ്ദേഹം പരാക്രമശാലിയായ ഒരു രാജാവായിരുന്നു എന്നും, ഋഗ്വേദം ഘോഷിക്കുന്നു. ആര്യന്മാരുടെ ഗോത്രങ്ങളിൽ സർവ്വപ്രാധാന്യം വഹിക്കുന്നതു തുർവാസസ്സുകളാകുന്നു. ഇവൎക്കു യദുക്കളുമായിട്ടാണു സാഹചര്യവും സമ്പൎക്കവുമുള്ളതു്.

പരുഷ്ണിനദീതീരത്തു അധിവസിക്കുന്നവരാണു് അനുക്കൾ. ഇവൎക്കു് ദ്രുഹ്യക്കളുമായിട്ടാണു അധികബന്ധം

ഭരതന്മാർ—സുദസ്യുക്കളുടെ ശത്രുക്കളിൽ ഭരതന്മാരുടെ പേരുകൾ മുന്നണിയിൽ നിൽക്കുന്നു. ചരിത്രപരമായും ഇവരെ സംബന്ധിച്ചു ശ്രദ്ധാവഹങ്ങളായി പലതും ലഭിച്ചിട്ടുണ്ട്. വൈപാസനദിയും, ശതുദ്രിനദിയും കടന്നു സുദസ്യുക്കളുടെ പുരാതന പുരോഹിതനായ വിശ്വാമിത്രനമൊന്നിച്ചു വരുന്നതായിട്ടാണു ഇവരെ വർണ്ണിച്ചിട്ടുള്ളതു്. ഭരതന്മാരെ സുദസ്യുക്കൾ തോല്പിക്കുകയും, വിശ്വാമിത്രൻ ഭരതന്മാരുടെ പൗരോഹിത്യം കൈക്കൊള്ളുകയും ചെയ്തു. ദ്രിഷദ്വതിനദിയുടേയും സരസ്വതിനദിയുടേയും തീരത്തിലിരുന്നു ഭരതന്മാർ യാഗം ചെയ്യുന്നതായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. അഥർവ്വവേദകാലം അവസാനിച്ചതോടുകൂടി ആര്യന്മാർ ഗംഗാനദിയുടെ ഡൽററകളിൽ താമസം ഉറപ്പിച്ചു. മാഗധന്മാരും, അംഗഗോത്രജരും കൂടി ആര്യഗോത്രത്തിൻെറ വ്യാപ്തിയും എണ്ണവും വർദ്ധിപ്പിച്ചു.

കുരുക്കളും പാഞ്ചാലന്മാരും—ബ്രാഹ്മണങ്ങളുടെ ആവിർഭാവകാലത്തു പ്രശസ്തിയും പ്രമാണ്യവും അർഹിക്കുന്നവരായി രണ്ടു കക്ഷികൾ ഉണ്ടായിരുന്നു. ഇവരെയാണു കുരുക്കൾ എന്നും പാഞ്ചാലന്മാരെന്നും പറയുന്നതു്. പാഞ്ചാലന്മാരെപ്പററി ഋഗ്വേദത്തിലോ അഥർവ്വണത്തിലോ ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. കുരുക്കളെ സംബന്ധിച്ചു ഒന്നുരണ്ടു സ്ഥലത്തു പരോക്ഷമായി ചിലതു പ്രതിപാദിക്കയും ചെയ്തിട്ടുണ്ട്. ഋഗ്വേദകാലത്തുണ്ടായവയും അല്പം മുമ്പു പ്രസ്താവിച്ചിട്ടുള്ളവയുമായ ആര്യഗോത്രങ്ങളിൽ പലതും ബ്രാഹ്മണങ്ങൾക്കു അജ്ഞാതങ്ങളോ അഥവാ അ

പരിചിതങ്ങളോ ആകുന്നു. പരിശുദ്ധ സ്വഭാവത്തിനു മാതൃകകളാക്കി വർണ്ണിച്ചിട്ടുള്ള ഭരതന്മാരെക്കുറിച്ചു പോലും ബ്രാഹ്മണങ്ങൾ തുടങ്ങി വേദാനന്തരകാലംവരെ ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളിൽ ഒന്നുംതന്നെ പ്രതിപാദിച്ചിട്ടില്ല. ഇതിനു കാരണം, വേദകാലത്തുണ്ടായിരുന്ന ഗോത്രസംജ്ഞകൾക്കു മാററം സംഭവിച്ചതും, ഓരോ ഗോത്രവും ഓരോ പുതിയ പേരു കൈക്കൊണ്ടതും ആയിരിക്കണം. പുരാണത്തിൽ കുരുരാജവംശവുമായി രക്തസംബന്ധമുള്ള ഭരതന്മാരായിരിക്കണം മഹാഭാരത പ്രഖ്യാതമായ കുരുരാജ്യം സ്ഥാപിക്കുവാൻ അശ്രാന്തയത്നം ചെയ്തിട്ടുള്ളതു്. അവരുടെ ഈ ജോലിയിൽ പൂരുക്കളുടേയും ത്രിസ്സുസ്സുക്കളുടേയും സഹായസഹകരണങ്ങൾ ഉണ്ടാകുകയും ചെയ്തിരിക്കണം.

ഇന്നത്തെ ഡൽഹിയുടെ വടക്കുഭാഗത്തു താമസിച്ചിരുന്ന പാഞ്ചാലന്മാർ അഞ്ചു ഗോത്രക്കാരടങ്ങിയ ഒരു വംശക്കാരായിരിക്കണം. ബ്രാഹ്മണങ്ങളിൽ, ഏതാദൃശങ്ങളായ ഗോത്രൈകീകരണങ്ങളെപ്പററി പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്. ഋഗ്വേദപ്രതിപാദിതങ്ങളായ, ഉശീനരന്മാർ, ശ്രിഞ്ജയന്മാർ, മാത്സ്യന്മാർ, ചൈദ്യന്മാർ എന്നിവരുടെ ഗോത്രങ്ങൾ പേരുകൾ മാറാതെ തന്നെ പുരാണകാലത്തും പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

## സാമുദായിക രാഷ്ട്രീയഘടനകൾ.

ഗ്രാമങ്ങളും ജനപദങ്ങളുമായി രാജ്യത്തെ വിഭജിച്ചു. മെഗാസ്തനീസ് ഇന്ത്യ സന്ദർശിക്കുന്ന കാലത്തു് ഇന്ത്യാക്കാ

രുടെ ഭവനങ്ങൾ പ്രായേണ മരംകൊണ്ടാണുണ്ടാക്കപ്പെട്ടി
രുന്നതു്. ഗാർഹികാഗ്നിയെ സംരക്ഷിക്കുന്നതിൽ ജന
ങ്ങൾ ജാഗരൂകരായിരുന്നു. ശരണാഗതരും അനാഥരു
മായ ജനങ്ങൾ കുന്നിൻ പുറങ്ങളിലും, മേട്ടുകളിലും ഭവ
നങ്ങൾ കെട്ടിയുണ്ടാക്കി വസിച്ചുവന്നു. നഗരമോ പട്ട
ണമോ ഋഗ്വേദകാലത്തുണ്ടായിരുന്നതായി പ്രസ്താവിക്കാൻ
വഴികാണുന്നില്ല.

രാജാവു്—വൈദികകാലത്തും ജനങ്ങൾക്കു സാമാന്യം
വ്യവസ്ഥാപിതമായ ഭരണഘടന ഉണ്ടായിരുന്നു. രാജാ
ക്കന്മാർ പാരമ്പര്യം പുരസ്കരിച്ചു ഭരണം നടത്തിവന്നു
എന്നാൽ ചില അവസരങ്ങളിൽ രാജാവിനെ സ്ഥാനഭ്ര
ഷ്ടനാക്കി, പകരം ആ സ്ഥാനത്തു ജനങ്ങളാൽ തെര
ഞ്ഞെടുക്കപ്പെട്ട ഒരാളെ രാജാവായി വാഴിക്കയും ചെയ്തിട്ടു
ണ്ടു്. ഇന്നത്തേപ്പോലെ നികുതി വാങ്ങുന്ന ഏർപ്പാടു
അന്നത്തെ രാജാക്കന്മാർക്കുണ്ടായിരുന്നില്ല. രാജാവു പ്രജ
കളെ ശരിയായി ഭരിച്ചുവന്നു. അവരിൽ നിന്നു അദ്ദേഹം
പ്രതിഫലം ആശിക്കയും ചെയ്തിട്ടുണ്ടു്. പക്ഷെ അതു
ധനമോ ധാന്യമോ അല്ല, വിനയവും ഭക്തിയും ആയിരു
ന്നു. രാജാവിനുള്ള അധികാരത്തെ രാജാവല്ല വ്യവസ്ഥ
പ്പെടുത്തുവാൻ. അതിനു ജന"സമിതി"യ്ക്കേ അധികാരമു
ള്ളു. യുദ്ധകാലങ്ങളിൽ രാജാവിനു് എങ്ങോ ഇരുന്നു സുഖ
നിദ്ര ചെയ്‌വാൻ അക്കാലത്തു നിവ്വാഹമില്ല. അദ്ദേഹം
നേതൃത്വം വഹിച്ചു രണഭൂമിയിൽ ഇറങ്ങണം. ജനോത്കർ
യാഗാദികൎമ്മങ്ങൾ സ്വയം ചെയ്‌വാനും, അതിനു സാധ

ക്കാത്തപക്ഷം ഒരു പുരോഹിതൻെറ ആധ്യക്ഷ്യത്തിൽ യാഗം നടത്തിക്കുവാനും രാജാവു കടപ്പെട്ടവനാകുന്നു.

പുരോഹിതന്മാർ—ഓരോ ഗോത്രക്കാൎക്കും കുടുംബങ്ങൾ ഉണ്ട്. ഇവയിൽ ഓരോന്നിലും ഗായകന്മാരും ഉണ്ട്. ഇവരുടെ ജോലി വൈതാളികവൃത്തിയും, ദൈവപരങ്ങളായ ഗീതങ്ങൾ നിൎമ്മിച്ചു യാഗാദികളിൽ പ്രയോഗിക്കുകയുമാകുന്നു. ഇക്കൂട്ടരെയാണു പുരോഹിതന്മാർ എന്നു വ്യവഹരിച്ചിരുന്നതു്. യാഗാദികൎമ്മങ്ങളുടെ ഭാരവാഹിത്വം രാജാവു് ഇവരിലാണു സമർപ്പിച്ചിട്ടുള്ളതു്. സൗകൎയ്യത്തിനുവേണ്ടി ആദ്യകാലത്തു് ഈ വിധം ഒരേൎപ്പാടു ചെയ്തതു പിൽക്കാലത്തു പല ദോഷങ്ങൾക്കും കാരണമായിത്തീൎന്നു. പുരോഹിതന്മാർ പ്രബലന്മാരും സ്വേച്ഛാധികാരികളുമായി പരിണമിച്ചു. സമുദായത്തിൽ അവൎക്കുള്ള അധികാരം അനിയന്ത്രിതമായിത്തീൎന്നു. ഋഗ്വേദകാലങ്ങളിൽ വസിഷ്ഠൻ തുടങ്ങിയ പുരോഹിതന്മാരുണ്ടായിരുന്നുവെങ്കിലും പാരമ്പൎയ്യക്രമം അനുസരിച്ചുകൊണ്ടുള്ള പൗരോഹിത്യം അന്നു സ്വീകൃതമായിരുന്നില്ല. പഞ്ചാബിലെ ആൎയ്യന്മാരുടെ ഇടയിലാണു് പാരമ്പൎയ്യത്തിൻെറ പ്രഥമോദയം. അതോടുകൂടി യോദ്ധാക്കളുടെ വംശവും, ബ്രാഹ്മണഗോത്രവും ഉണ്ടായി.

ക്ഷത്രിയർ—അഫ്ഗാൻകാരെപ്പോലെ ഓരോ പ്രായം ചെന്ന പുരുഷനും യോദ്ധാവായിരിക്കണമെന്നായിരുന്നു പണ്ടുകാലങ്ങളിൽ നിയമം. ആൎയ്യന്മാർ കിഴക്കോട്ടു കിഴക്കോട്ടു അടുക്കും തോറും അവരുടെ സമുദായത്തിനു ഒൗ

ജ്വാല്യവും ഗാംഭീര്യവും, പാരമ്പര്യപ്രസക്തിയും വർദ്ധിച്ചുവന്നു. രാജ്യങ്ങൾ പിടിച്ചടക്കുന്നതിന്നും, പിടിച്ചടക്കിയ രാജ്യങ്ങളിൽ ശത്രുക്കളുടെ ആക്രമണങ്ങൾ ഉണ്ടാകാതിരിക്കുന്നതിന്നുമായി ആര്യന്മാർ ഓരോ ദേശത്തും സൈന്യശേഖരം ചെയ്തിരുന്നു. യോദ്ധാക്കന്മാരുടെ നായകന്മാർ ധനാഭിവൃദ്ധിയിലും സാമുദായിക സ്ഥിതിയിലും അഗ്രഗണ്യന്മാരായിരുന്നു. മതാനുഷ്ഠാനങ്ങൾക്കു ശക്തിയും പ്രാബല്യവും വർദ്ധിച്ചതോടുകൂടി യാഗാദികർമ്മങ്ങളും കൂടിക്കൂടിവന്നു. പുരോഹിതന്മാൎക്കു യാഗങ്ങളിൽ നിന്നു പിന്തിരിയുവാൻ സൗകര്യമില്ലെന്നായി. കൃഷിയും കച്ചവടവും നടത്തുന്നതിന്നും ആര്യന്മാരിൽ ചിലർ ബദ്ധപരികരന്മാരായി പരിണമിച്ചു. കാലക്രമത്തിൽ പരമ്പരാഗതമായി ഏതാദൃശവൃത്തികളെല്ലാം യാഗാദികർമ്മാനുഷ്ഠാനം, ജ്ഞാനസമാർജ്ജനം, അദ്ധ്യാപനം എന്നിങ്ങനെയുള്ളവയ്ക്കു് സമുദായമദ്ധ്യത്തിൽ ഔൽകൃഷ്ട്യം സിദ്ധിച്ചു; രാജ്യഭരണം, യുദ്ധം എന്നിവയിൽ ഏർപ്പെട്ടിരുന്നവൎക്കും സമുദായം പ്രാധാന്യം അനുവദിച്ചു; കൃഷകന്മാരും വണിക്കുകളും സമുദായത്തിൽ ഒരുയൎന്ന നില കൈക്കൊണ്ടു; ഈ മൂന്നു വിഭാഗവും ആര്യന്മാരെ സംബന്ധിച്ചവയാണു്. നാലാമത്തെ വിഭാഗമാകട്ടെ, ഇന്ത്യയിലെ ആദിമ നിവാസികളും, ആര്യന്മാൎക്കു നിശ്ശേഷം കീഴടങ്ങിയവരുമായ ദസ്യുക്കളാകുന്നു. ഇവരെ നാലാമത്തൊരു വിഭാഗമാക്കി കുറച്ചൊന്നു അകററിനിൎത്തി. ശൂദ്രർ എന്ന സംജ്ഞയാണു് ഈ വിഭാഗത്തിനു ആര്യന്മാർ കല്പിച്ചരുളിയതു്. ഋഗ്വേദത്തിൽ ഈ വിഭാഗത്തിനു സൂക്ഷ്മരേഖയേ ഉണ്ടായിരുന്നു

ള്ള. യജുർവ്വേദകാലത്തു അതു കുറേക്കൂടി സ്ഥൂലമായി; അഥർവ്വണവേദത്തിൽ ജാതിരേഖ സുദീർഘവും അതിസ്ഥൂലവും അത്യന്തം വിപുലവുമായി പരിണമിച്ചു.

## സാമുദായിക നടവടികൾ.

ഗൃഹപതി—ഋഗ്വേദകാലത്തെ സാമുദായിക നടവടികൾ എന്തെല്ലാമായിരുന്നുവെന്നു പരോക്ഷമായി ഗ്രഹിക്കാം. ഓരോകുടുംബവും 'ഗൃഹപതി' എന്നു പേരായ പിതാവിൻെറ ഭരണത്തിലായിരുന്നു. സമുദായമദ്ധ്യത്തിലും ഗൃഹപതിക്കു സ്തുത്യർഹമായ നിലയുണ്ടു്.

വിവാഹം—കന്യകയെ വിവാഹം ചെയ്തുകൊടുക്കാൻ അവളുടെ പിതാവിനാണു് സർവ്വോപരി അധികാരം. അദ്ദേഹം, ഒരാപ്തമിത്രം വഴിയായി പുത്രിക്കു അനുരൂപനായ വരനെ തെരഞ്ഞെടുക്കുന്നു. വധൂഗൃഹത്തിൽ വച്ചാണു വിവാഹം സാഘോഷം കൊണ്ടാടിയിരുന്നതു്. വരൻ അദ്ദേഹത്തിൻെറ ബന്ധുമിത്രങ്ങളൊന്നിച്ചു വധൂഗൃഹത്തിലേക്കു ആനയിക്കപ്പെടുന്നു. ഗോമാംസംകൊണ്ടുള്ള കറികൾ അന്നത്തെ അതിഥികൾക്കു ഹൃദ്യമാണു്. കന്യകയെ, വരൻ പാണിഗ്രഹണംചെയ്തു ഹോമാഗ്നിയ്ക്കു പ്രദക്ഷിണം ചെയ്യുന്നു. വിവാഹം കഴിഞ്ഞതിനുശേഷം വധൂവരന്മാർ, അലംകൃതരഥത്തിൽ കയറി വരമന്ദിരത്തിലേയ്ക്കു പുറപ്പെടുന്നു. ഏറെക്കുറെ മൂവായിരം കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന ഈ വിവാഹസമ്പ്രദായമാണു ഇന്നും ഇന്ത്യയിൽ പരിവർത്തനലേശംകൂടാതെ നടന്നുവരുന്നതു്.

ഭാൎയ്യ—ഭൎത്താവിൻെറ ഹിതം ഭാൎയ്യയ്ക്കു ശിരോധാൎയ്യമായിരുന്നു. മക്കളും പിതാവിൻെറ ആജ്ഞ നിൎവ്വിഘ്നം അനുഷ്ഠിച്ചുവന്നു. ഋഗ്വേദകാലത്തു, ഭൎത്താവൊന്നിച്ചു യാഗാദികൎമ്മങ്ങളിൽ പങ്കുകൊള്ളുവാൻ ഭാൎയ്യയ്ക്കു പൂൎണ്ണമായ അധികാരവും അവകാശവും ഉണ്ടായിരുന്നു. ഭാൎയ്യയെ ഋഗ്വേദത്തിൽ ഗൃഹപത്നി എന്നു വിളിക്കുന്നു. ഭൃത്യന്മാരുടേയും അടിമകളുടേയും മാത്രമല്ല അവിവാഹിതരായ സഹോദരന്മാരുടേയും സഹോദരിമാരുടേയും മേൽ, ഗൃഹപത്നിയ്ക്കു അധികാരമുണ്ട്. പുരുഷപ്രജയെ പ്രസവിക്കുന്ന സ്ത്രീയെ ഏററവും ബഹുമാനിച്ചിരുന്നു. സ്ത്രീപ്രജകളുടെ ആവിർഭാവം അത്രതന്നെ ആദരണീയമായിരുന്നില്ല. അഥൎവ്വവേദത്തിൽ പുരുഷപ്രജയുടെ രക്ഷക്കായി നടത്തുന്ന പ്രാൎത്ഥനകൾ അനേകമാകുന്നു. യജുൎവ്വേദത്തിൽ സ്ത്രീപ്രജകളെ ബഹിഷ്ക്കരിക്കുന്ന സമ്പ്രദായത്തിനു പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ഒരു പെൺകുട്ടി ജനിക്കുന്നതു് ക്ലേശാവഹമാണെന്നു ബ്രാഹ്മണങ്ങളിലൊന്നിൽ പ്രതിപാദിക്കുന്നു. ഈ പക്ഷപാതമനോഭാവം ഇൻഡ്യയിൽ ഇന്നും അപ്രതിഹതമായ ശക്തിയോടുകൂടി നിലനിൽക്കുന്നുണ്ട്.

കുററങ്ങൾ—കുററങ്ങളിൽ സർവ്വസാധാരണമായിട്ടുള്ളതു് ഗോഗ്രഹണമാകുന്നു. പിടികിട്ടുന്ന കള്ളന്മാരേയും പിടിച്ചുപറിക്കാരേയും യൂപങ്ങളിൽ ബന്ധിക്കുക പതിവായിരുന്നു. ഋണബാദ്ധ്യതകൾ, തവണതവണയായി കൊടുത്തു തീൎത്തു എടവാടവസാനിപ്പിച്ചിരുന്നതായി ഋഗ്വേദം അഭിപ്രായപ്പെടുന്നു. ചൂതുകളി മുതലായവയാണു് ഋണബാദ്ധ്യതയെ ഉണ്ടാക്കിത്തീൎക്കുന്നതു്. ചൂതാട്ടത്തിൻെറ

ഗൗരവാവഹമായ പുരാതനതപം കാണിക്കുന്ന ഏററവും ഭംഗിയുള്ള ഒരു പദ്യം ഋഗേ ദത്തിലുണ്ട്. തനിക്കും ഭവനത്തിനും നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതു് കണ്ടിട്ട ചൂതാട്ടത്തിൽ തനിക്കു സാമർത്ഥ്യമില്ലാതെ വന്നതിനെപ്പററി വിലപിക്കുന്ന ഒരാളുടെ പ്രലപനമാണു് പ്രസ്തുത പദ്യത്തിലെ ഇതിവൃത്തം.

വസ്ത്രാഭരണങ്ങൾ—ഒരുതരം താഴ്ന്ന വസ്ത്രങ്ങളാണു് ജനങ്ങൾ ധരിച്ചിരുന്നതു്. ആട്ടിൻരോമങ്ങളെക്കൊണ്ടു് നെയ്തുണ്ടാക്കി, സ്വർണ്ണശലാക അരുകു പാളിവെച്ചും വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. പതക്കം, കണ്ഠാഭരണം, വളകൾ, കർണ്ണാഭരണം എന്നിവയായിരുന്നു അക്കാലത്തുള്ള ആഭരണങ്ങൾ. തലമുടി ഭംഗിയായി വളത്തി ചീപ്പുകൊണ്ടു് ഈരി കോതി ബന്ധിക്കുന്ന സമ്പ്രദായവും അന്നു നടപ്പുണ്ടു്. ചിടയിൽനിന്നും, പേൻ മുതലായ വിസർപ്പിജങ്ങളിൽ നിന്നും തലമുടി സുരക്ഷിതമായിരിക്കുന്നതിനുവേണ്ടി, നൂറുപല്ലുള്ള ഒരുതരം ചീപ്പുണ്ടാക്കിയിരുന്നു എന്നു അഥർവ്വവേദം ഘോഷിക്കുന്നു. താടി വളത്തുകയാണു് സാധാരണ സമ്പ്രദായം. പക്ഷെ ചില പ്രത്യേക സന്ദർഭങ്ങളിൽ ക്ഷൗരവും ഉണ്ടായിരുന്നു.

ഭക്ഷ്യപാനീയങ്ങൾ—ആഹാരപദാർത്ഥങ്ങളിൽ പ്രാധാന്യം പാലിന്നായിരുന്നു. പാനീയമായും, ധാന്യങ്ങൾ പചിക്കുന്നതിനായും, സോമസുധയുമായി കലത്തുന്നതിനായും പാൽ ഉപയോഗിച്ചിരുന്നു. പാൽകഴിഞ്ഞാൽ അടുത്തസ്ഥാനം നവനീതത്തിനാകുന്നു. ധാന്യങ്ങൾ ഉണക്കി തിരികല്ലിൽ പൊടിച്ചു മാവാക്കി പാലിൽ കുഴച്ചുവേ

വിച്ചോ, വെണ്ണചേൎത്തു പാകപ്പെടുത്തിയോ ഉപയോഗിക്കുക പതിവായിരുന്നു. പഴവൎഗ്ഗങ്ങളും സസ്യങ്ങളും ധാരാളം ഉപയോഗിച്ചുവന്നു. മൃഗമേധങ്ങളുണ്ടാകുമ്പോഴാണു് സാധാരണമായി മാംസം ഭക്ഷിക്കുക. രണ്ടുതരം ലഹരിപാനീയങ്ങളെപ്പററി വേദം പ്രസ്താവിക്കുന്നുണ്ടു്. അവയിലൊന്നു സോമമദ്യമാണു്. അതു സഭ്യകൾക്കും മതസംബന്ധങ്ങളായ ആഘോഷങ്ങൾക്കുമാണു് സാധാരണയായി ഉപയോഗിക്കുക. സോമമദ്യം കഴിഞ്ഞാൽ പിന്നത്തേതു സുരയാണു്. ഈ മദ്യം നിത്യമെന്നപോലെ ഉപയോഗിച്ചുകൊണ്ടിരുന്നു. ഇൻഡ്യയിൽ ആധുനികകാലത്തു യവത്തിൽ നിന്നു 'ബീർ' എന്നു പേരായ ഒരു തരം മദ്യം ഉണ്ടാക്കുന്നതുപോലെ, വൈദികകാലത്തു ധാന്യത്തിൽ നിന്നാണു് സുര ഉണ്ടാക്കിയിരുന്നതു്. സുരയുടെ ആവശ്യം ധാരാളത്തിലധികമായി വൎദ്ധിച്ചതോടുകൂടി യജുൎവ്വേദം സുരയെ ഉണ്ടാക്കുന്നവർ എന്ന അർത്ഥത്തിൽ ഒരു പ്രത്യേക തൊഴിലാളിവൎഗ്ഗത്തെ സൃഷ്ടിച്ചുവിട്ടു. അവരുടെ തൊഴിൽ അതു മാത്രമേ ആയിരുന്നു കൂട്ട എന്നും യജുൎവ്വേദം നിഷ്ക്കൎഷിക്കുന്നു.

<u>തൊഴിൽ</u>—വൈദിക ഭാരതീയരുടെ തൊഴിലുകളിൽ സൎവ്വപ്രാധാന്യം വഹിച്ചിരുന്നതു യുദ്ധമാകുന്നു. തേരിലിരുന്നും പദാതികളെന്ന സംജ്ഞവഹിച്ചും യുദ്ധം ചെയ്യുവാൻ ഇവർ അഭ്യസിച്ചിട്ടുണ്ടു്. കാലാൾസൈന്യമെന്ന വാക്കു ഋഗ്വേദത്തിലില്ല. പിന്നീടാണു് അതിന്റെ പുറപ്പാടു്. അലക്സാണ്ഡരുടെ ജൈത്രയാത്രയ്ക്കുശേഷമാണു ഇൻഡ്യയിൽ വ്യവസ്ഥിതമായ സൈനികക്രമം ഉണ്ടായ

ത്തു്. വേദകാലത്തെ യോദ്ധാക്കൾ ലോഹകവചങ്ങൾ ധരിച്ചു്വില്ലും അമ്പും കുന്തവും ഈട്ടിയും കൊണ്ടു സമരം ചെയ്തിരുന്നു. കന്നുകാലികളെ വളർത്തുന്ന സമ്പ്രദായത്തിനു അക്കാലത്തു ധാരാളം പ്രാധാന്യം ഉണ്ടായിരുന്നു. ജനങ്ങൾ കർഷകവൃത്തിയിലും അഭിജ്ഞന്മാരായിരുന്നു. കാളകൾ വലിക്കുന്ന ഒരു തരം 'കരി'യെപ്പററി അഥർവ്വവേദം പ്രസ്താവിക്കുന്നുണ്ടു്. അരിവാൾ കൊണ്ടു യവസസ്യം കൊയ്തെടുക്കുകയും, ധാന്യം പതിർക്കുറവു തീർത്തു ഉണക്കി സൂക്ഷിക്കയും ചെയ്തിരുന്നു.

വൈദികാര്യന്മാർക്കു ഏററവും പ്രിയപ്പെട്ട ഒരു തൊഴിലാണു വേട്ട. അവർ മൃഗങ്ങളെ കെണിവെച്ചും, വലവെച്ചും, ശരം പ്രയോഗിച്ചും പിടിച്ചിരുന്നു. മത്സ്യഗ്രഹണത്തെപ്പററി വേദത്തിൽ ഒന്നും തന്നെ പ്രസ്താവിച്ചു കാണുന്നില്ല. ഋഗ്വേദകാലത്തു നദീതരണം ചെയ്തിരുന്നതു ഒരു തരം യാനപാത്രങ്ങൾ വഴിയായിട്ടായിരുന്നു വെന്നു കാണുന്നു. ഇത്തരം യാനപാത്രങ്ങളാണു് ആദിമകാലത്തു് ആവിർഭവിച്ചിട്ടുള്ളതു്. ഇവയിൽ തണ്ടുകളാണു് ഉപയോഗിച്ചിരുന്നതു്.

<u>വാണിജ്യം</u>—പദാർത്ഥങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നതു ഇന്നത്തെപ്പോലെ നാണയം ഉപയോഗിച്ചല്ല. അന്നു നാണയത്തിൻെറ ഉദ്ദേശം പശുക്കളെക്കൊണ്ടാണു് സാധിച്ചിരുന്നതു്. പകരത്തിനു പകരം സാധനങ്ങൾ കൈമാററം ചെയ്തും അക്കാലത്തു വാണിജ്യം നടത്തിയിരുന്നു. ശമ്പളം, സമ്മാനം മുതലായവ കൊടു

ക്കുവാനും, ആഭരണങ്ങൾ ഉണ്ടാക്കുവാനുമായിട്ടാണു നാണയങ്ങൾ ആവിർഭവിച്ചത്. ഋഗ്വേദത്തിൽ നിഷ്കം അഥവാ പതക്കം എന്നൊരു ആഭരണത്തെപ്പററി പ്രതിപാദിക്കുന്നുണ്ട്. അതാണ് പിന്നീട്ട നാണയരൂപത്തിനു മാർഗ്ഗദർശിയായിത്തീന്നത്.

പുരാതന ഭാരതത്തിൽ പല തരത്തിലുള്ള വാണിജ്യവും വ്യവസായവും നടന്നിരുന്നതായി അനേകം തെളിവുകളുണ്ട്. മരപ്പണിക്കാരനേയും, വണ്ടിയുണ്ടാക്കുന്നവനേയുംപററി വേദത്തിൽ പ്രസ്താവിക്കാതിരുന്നിട്ടില്ല. എങ്കിലും രഥങ്ങളും, വണ്ടികളും ഉണ്ടാക്കുന്നതു ഒരു പ്രത്യേക കലയായിട്ടാണ് കരുതപ്പെട്ടിരുന്നത്. ലോഹങ്ങൾ കൊണ്ട് ഗൃഹോപയുക്തങ്ങളായ പാത്രങ്ങൾ ഉണ്ടാക്കുന്ന കൊല്ലൻ ചെമ്പുപണിക്കാരൻ എന്നിവരെപ്പററിയും ഋഗ്വേദത്തിൽ വൎണ്ണിക്കുന്നുണ്ട്. പുല്ലുപായ്കൾ ഉണ്ടാക്കുക, തുന്നുക മുതലായവ സ്ത്രീകൾ അഭ്യസിച്ചിരുന്നതായി കാണുന്നു. തോൽ ഊറയ്ക്കിടുന്ന സമ്പ്രദായവും അക്കാലത്തുണ്ടായിരുന്നു. യജുൎവ്വേദകാലത്താണ് തൊഴിൽ വിഭജനം പരിഷ്കൃതമായിത്തീന്നത്. ആനക്കാരൻ, ആട്ടക്കാരൻ, തട്ടാൻ, കയർ പിരിക്കുന്നവൻ എന്നിവരെല്ലാം ഈ വിഭജനത്തിൽ ഉൾപ്പെട്ടിരുന്നു.

<u>വിനോദങ്ങൾ</u>—തേരോട്ടമാണ് വൈദികകാലത്തെ അതിഹൃദ്യമായ വിനോദം. സാരഥ്യവൈദഗ്ദ്ധ്യത്തിനു് അക്കാലത്തും അതിനു ശേഷവും പ്രാധാന്യമുണ്ടായിരുന്നു. ഓട്ടത്തിനും, യുദ്ധത്തിനും ഒന്നുപോലെ ഉപയോഗിച്ചിരുന്ന തേരിൻെറ ഉപയോഗം ഇന്നു് നിശ്ശേഷം ഇല്ലാതാ

യി ത്തീന്നിരിക്കുന്നു. അതു കഴിഞ്ഞാൽ മനുഷ്യരെയെല്ലാം ആകഷിച്ചിരുന്നതു ചൂതാട്ടമാണ്. കളിയിൽ പരപക്ഷ നിന്ദ ഏററവും വലിയ ഒരപരാധമായി ഋഗ്വേദം പരിഗണിച്ചിരിക്കുന്നു. സ്ത്രീകളുടെ നാട്യത്തിനും അക്കാലത്തു വിനോദങ്ങളുടെ കൂട്ടത്തിൽ ഗണനീയസ്ഥാനമാണുണ്ടായിരുന്നതു്.

സംഗീതം—മദ്ദളം, വേണു, വീണ എന്നിങ്ങനെയുള്ള സംഗീതോപകരണങ്ങളിൽ വൈദികകാലത്തെ ജനങ്ങൾക്ക പരിചയമുണ്ടായിരുന്നു. ഇന്നും വീണയ്ക്കുള്ള പ്രാധാന്യം സവ്വവിദിതമാണല്ലോ. മതധമ്മാനുഷ്ഠാനങ്ങളിൽ വാദ്യങ്ങൾക്ക ഗണനീയസ്ഥാനമുണ്ടു്. യാഗാദ്യുത്സവങ്ങളിൽ വീണയ്ക്കായിരുന്നു സവ്വപ്രാധാന്യം. യജുർവ്വേദകാലമായപ്പോഴേയ്ക്കും സംഗീതം ഒരു തൊഴിലായിക്കഴിഞ്ഞു. സാമവേദകാലത്തു സംഗീതം ഏറെക്കുറെ പരിഷ്കൃതമായി എന്നു കാണുന്നു. സംഗീതത്തെപ്പററി പ്രസ്താവിക്കുന്ന ഭാഗങ്ങൾ അതിൽ ഒട്ടേറെയുണ്ടെന്നുള്ള വാസ്തവം ഈ അവസരത്തിൽ സവിശേഷം സ്മത്തവ്യമാകുന്നു.

---

# അദ്ധ്യായം 3

## ഇതരവേദങ്ങൾ.

ചരിത്രപരമായി നോക്കുമ്പോൾ സാമവേദം അപ്രധാനമാകുന്നു. ഋഗ്വേദത്തിൽ നിന്നുദ്ധരിച്ച ഒ പദ്യങ്ങളൊഴികെ, അതിൽ ആകെക്കൂടി ൧൫൪൯ ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. സോമയാഗത്തിൽ പ്രയോഗിക്കേണ്ട സൂ

ക്തങ്ങളാണു് സാമവേദത്തിൽ ഭൂരിഭാഗവും. സോമയാഗപ്രവൎത്തകന്മാരായ ഒരു കൂട്ടം പുരോഹിതന്മാരുടെ ഗ്രന്ഥം എന്നേ സാമവേദത്തെ പറയേണ്ടതുള്ളു. പദ്യങ്ങളെല്ലാം പല്ലവി, അനുപല്ലവി, ചരണങ്ങൾ എന്നിങ്ങനെ ഗാനക്ഷമമാംവണ്ണം തയാർ ചെയ്യപ്പെട്ടിട്ടുള്ളവയാകുന്നു. സാമവേദം, യജുൎവ്വേദത്തെ അപേക്ഷിച്ച്, സൂക്തങ്ങളുടെ സമാഹാരം (collection) എന്ന നിലയിൽ പുരാതനമെന്നു വിശ്വസിക്കുന്നതിനു് മതിയായ കാരണങ്ങളുണ്ടു്.

## യജുൎവ്വേദം.

ഋഗ്വേദത്തിൽനിന്നു് വിഭിന്നമായ ഭൂവിവരണങ്ങൾ അടങ്ങിയ ഗ്രന്ഥമായിട്ടു മാത്രം യജുൎവ്വേദത്തെ പരിഗണിച്ചാൽ പോരാ; മതപരവും സാമുദായികവുമായ ജീവിതത്തിന്റെ ഒരു നിദൎശനം കൂടിയാണതു്. വൈദികപരിഷ്ക്കാരകേന്ദ്രം യജുൎവ്വേദകാലത്തു കുറേക്കൂടി വിപുലമായിത്തീൎന്നു. ഹിന്ദുക്കളെപ്പററി അതിൽ അധികമൊന്നും പ്രസ്താവിച്ചിട്ടില്ല. ഉത്തരഭാരതത്തിന്റെ മദ്ധ്യഭാഗത്തു പ്രതിഷ്ഠാപിതങ്ങളായ കുരുപാഞ്ചാലാദിതിത്ഥികളാണു് യജുൎവ്വേദവൎണ്ണനയ്ക്കു വിഷയീഭവിച്ചിട്ടുള്ളതു്. കുരുക്കളുടെ രാജ്യത്തിനു കുരുക്ഷേത്രം എന്ന സംജ്ഞ നൽകപ്പെട്ടു. യജുൎവ്വേദവും ബ്രാഹ്മണങ്ങളും കുരുക്ഷേത്രത്തെ ഒരു പരിശുദ്ധ ഭൂഭാഗമായി പ്രശംസിയ്ക്കുന്നു. സരസ്വതിനദിയ്ക്കു തെക്കും ദൃഷദ്വതിനദിയ്ക്കു വടക്കും കുരുക്ഷേത്രം സ്ഥിതിചെയ്യുന്നു. പാഞ്ചാലരാജ്യമാകട്ടെ യമുനാനദിയ്ക്കും ഗംഗാനദിയ്ക്കും മദ്ധ്യത്തിലാണു കിടക്കുന്നതു്.

ആര്യമതത്തിനു വ്യാപ്തി വർദ്ധിച്ചതും സാമുദായികവ്യവസ്ഥകൾ പരിഷ്കൃതങ്ങളായിത്തീർന്നതും കുരുക്ഷേത്രത്തിൽ വച്ചായിരുന്നു. മാത്രമല്ല, അവിടെ നിന്നാണ് അതു ഇതരപ്രദേശങ്ങളിലേയ്ക്കു ശക്തിയായി വ്യാപിച്ചതും. ചരിത്രപരമായി നോക്കുമ്പോൾ, കുരുക്ഷേത്രത്തിനു മറെറാരുവിധത്തിലും പ്രഖ്യാതിയുണ്ടായിട്ടുണ്ട് എന്നു കാണാം. എന്തുകൊണ്ടെന്നാൽ ഇവിടെ വച്ചാണല്ലോ പാഞ്ചാലമാത്സ്യന്മാർ ഒരു കക്ഷിയായും, പുരാതന ഭരതന്മാരും കുരുക്കളും മറെറാരു കക്ഷിയായും മഹാഭാരത്തിൽ വർണ്ണിക്കുന്ന ഘോരസമരം ഉണ്ടായതു്. വിഖ്യാതവും ഏ. ഡി. ൨-ാം ശതകത്തിൽ വിരചിതവുമായ മനുസ്മൃതിയിൽ കുരുക്ഷേത്രത്തെ തൽക്കർത്താവു് ബഹുമാനപൂർവ്വം സ്മരിക്കുന്നുണ്ടു്. മാത്രമല്ല ബ്രാഹ്മണ്യത്തിൻെറ യഥാർത്ഥനിലയവും കുരുക്ഷേത്രമാകുന്നു. ഇന്ത്യയിലെ നാനാഭാഗങ്ങളിലേയ്ക്കും വ്യാപിച്ച പ്രസ്ഥാനങ്ങളെല്ലാം പ്രഥമതഃ ആവിർഭവിച്ചതു കുരുക്ഷേത്രത്തിലായിരുന്നു.

നൂതനപ്രസ്ഥാനങ്ങൾ—യജുർവ്വേദത്തിൽ നാലു പ്രസ്ഥാനങ്ങൾ അടങ്ങിയിരിക്കുന്നു. ഇവയിൽ ഒന്നിനു ശുക്ലയജുർവ്വേദം എന്നുപേർ. യാഗപ്രയുക്തങ്ങളായ പദ്യങ്ങളും ചടങ്ങുകളും മാത്രമാണു് ശുക്ലയജുർവ്വേദത്തിൽ അടങ്ങിയിട്ടുള്ളതു്. ഇവയുടെ വ്യാഖ്യാനങ്ങൾ ബ്രാഹ്മണങ്ങളൊന്നിൽ നമുക്കു കാണാവുന്നതാകുന്നു. മററു മൂന്നു പ്രസ്ഥാനങ്ങൾ അടങ്ങിയിട്ടുള്ളതു കൃഷ്ണയജുർവ്വേദത്തിലത്രെ. ഇതിലെ പദ്യങ്ങൾ—യാഗപ്രയുക്തങ്ങളായ മന്ത്രതന്ത്രങ്ങൾ—വ്യാഖ്യാനവുമായി ഇടകലർന്നു കിടക്കുന്നു.

കൃഷ്ണയജുർവ്വേദത്തിലെ നാലു സിദ്ധാന്തങ്ങൾ അന്യോന്യം ദൃഢബന്ധത്തിൽ ഒരു വകുപ്പായി സ്ഥിതിചെയ്യുന്നു. നിരുക്തദൃഷ്ട്യാ ഇവയ്ക്കു ഏററവും സാജാത്യവും ഉണ്ട്.

യജുർവ്വേദസ്വരൂപം—സാമവേദത്തെപ്പോലെ യാഗത്തിൻെറ ഒരംശത്തിന്നു മാത്രമായി രൂപീകരിക്കപ്പെട്ടിട്ടുള്ളതല്ല യജുർവ്വേദം. അതിൽ യാഗം മുതലായിട്ടുള്ള എല്ലാററിൻേറയും വിവരണം അടങ്ങിയിരിക്കുന്നു. ഋഗ്വേദമാണ് സാമവേദത്തിൻേറയും യജുർവ്വേദത്തിൻേറയും മൗലികാഗ്രന്ഥം. അതിൽനിന്നാണ് ഈ രണ്ടു വേദങ്ങളും സൂക്തങ്ങൾ കടം വാങ്ങിയിട്ടുള്ളതു്. യജുർവ്വേദത്തിൽ എടുത്തിട്ടുള്ള ഭാഗങ്ങൾ സാമവേദത്തെ അപേക്ഷിച്ചു എത്രയോ ചുരുക്കമാകുന്നു. പകുതിഭാഗങ്ങൾ ഗദ്യത്തിലുള്ളവയാണ്. ഇതും പദ്യത്തിലുള്ളവയിൽ ഒന്നു പകുതിയും മൗലികങ്ങളാകുന്നു. യാഗവ്യവസ്ഥകൾ വർണ്ണിക്കുന്ന ഭാഗത്തിന്നു നവീനത്വം കാണുന്നുണ്ടെങ്കിലും മൊത്തമായി പറയുമ്പോൾ യജുർവ്വേദത്തിലെ ഭാഷ ഋഗ്വേദത്തോടു് ഏറക്കുറെ സാമ്യമുള്ളതാണ്. ഇതിഹാസങ്ങളും അതുപോലെതന്നെ. പക്ഷെ ദേവന്മാരെ സംബന്ധിച്ചിടത്തോളം ഋഗ്വേദത്തിൽനിന്നു എത്രയോ അകന്നാണു യജുർവ്വേദത്തിൻെറ നില. ദേവന്മാരുടെ ആധിപത്യം യജുർവ്വേദത്തിൽ, പ്രജാപതിയ്ക്കാകുന്നു. രുദ്രൻ ശിവനായി രൂപാന്തരപ്പെട്ടു. വിഷ്ണുവിന്നും മാഹാത്മ്യം കല്പിക്കപ്പെട്ടു. മതപരങ്ങളായ ആരാധനാനിയമങ്ങളിലാണു ഇത്തരം വ്യതിയാനങ്ങൾ പ്രധാനമായി സംഭവിച്ചിട്ടുള്ളതു്.

നാഗാ(സർപ്പാ) രാധന ഇന്നു ഇന്ത്യയിലെ മതവുമായി കലന്നു ഇതുപോലെ വന്നിട്ടുള്ള ഒരു ഏർപ്പാടു മാത്ര മാകുന്നു. യാഗാദികൎമ്മങ്ങൾക്കു യജുൎവ്വേദം ഒരസാധാരണ സ്ഥാനമാണു നൽകിയിരിക്കുന്നതു്. ഋഗ്വേദത്തിൽ യാഗം ആരാധകന്റെ വേഴ്ചയിൽ ദേവതമാരുടെ നിശ്ചയത്തെ നിയന്ത്രിക്കുകമാത്രമാകുന്നു. യജുൎവ്വേദത്തിലാകട്ടെ, അതു ചിന്തകളുടേയും അഭിലാഷങ്ങളുടേയും കേന്ദ്രമായിത്തീ രുകമാത്രമല്ല, പുരോഹിതന്മാരുടെ നിശ്ചയത്തിനു ദേവ തമാർ വഴങ്ങിക്കൊടുക്കണമെന്നുള്ള ഒരേർപ്പാടുകൂടിയാ യിത്തീരുകയും ചെയ്തിരിക്കുന്നു. മതം, ഇന്നു കേവലം പൗരോഹിത്യചക്രത്തിൽ കിടന്നു തിരിയുന്ന ഒരു യന്ത്ര മായി തീൎന്നിട്ടുണ്ടു്. ബാഹ്യാനുഷ്ഠാനങ്ങളെല്ലാം പുരോ ഹിതന്മാരുടെ ഹിതത്തെ അനുസരിക്കുവാനും തുടങ്ങി. അതോടുകൂടി ഇവക്കു സാമുദായികമായും, മതപരമായും മേധാവിത്വവും സിദ്ധിച്ചു. ജാതിവ്യവസ്ഥയെ ഇത്ര ക്രൂര മാംവണ്ണം രൂപീകരിച്ചതു വാസ്തവത്തിൽ പുരോഹിത ന്മാരാകുന്നു. യജുൎവ്വേദകാലത്താണു ബ്രാഹ്മണമേധാവി ത്വത്തിനു ബീജാവാപം ചെയ്തതു്. ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രന്മാരെന്ന നാലുജാതിയ്ക്കും പുറമേ പിന്നെ യും കുറെ ജാതിക്കാരെ സൃഷ്ടിച്ചു വിട്ടതു യജുൎവ്വേദമല്ലെ ന്നു സമ്മതിക്കാം. പക്ഷെ ചാതുർവർണ്യത്തിനു വ്യവ സ്ഥ ഇത്രത്തോളം ഗൗരവമാക്കിയതു യജുർവേദമാകുന്നു. അതുതന്നെയാണു പിന്നീടുണ്ടായ അവാന്തരവിഭാഗങ്ങ ളുടെ മൂലവും.

## അഥൎവ്വവേദം

ഋക്, സാമം, യജുസ്സ് എന്നീ മൂന്നു വേദങ്ങൾക്കു മാത്രമേ ധൎമ്മശാസ്ത്രസമ്മതം സിദ്ധിച്ചിരുന്നുള്ളു. മഹായാഗങ്ങൾക്ക് ഇവയാണു പ്രയോജകീഭവിച്ചിരുന്നതും. അഥൎവ്വവേദത്തിലെ സൂക്തങ്ങൾ ജാതകൎമ്മങ്ങൾക്കും, വിവാഹത്തിനും, മരണാനന്തരകൎമ്മങ്ങൾക്കും, രാജാക്കന്മാരുടെ കിരീടധാരണം തുടങ്ങിയ കൎമ്മങ്ങൾക്കുമാണു് അംഗീകരിക്കാനുള്ളതു്. പൌരോഹിത്യത്തിന്റെ പ്രഭാവം അഥൎവ്വവേദത്തിൽ സാൎവ്വത്രികമായി കാണാം. ചില ഭാഗങ്ങൾ വായിക്കുമ്പോൾ അഥൎവ്വവേദം ഋഗ്വേദത്തെക്കാൾ പഴക്കമുള്ളതാണെന്നു തോന്നുമെങ്കിലും, മറ്റു ചില ഭാഗങ്ങൾ—മതസംബന്ധമായ ആശയങ്ങൾ—നോക്കുമ്പോൾ അതു ഏറ്റവും നവീനമാണെന്നും പറയാതിരിക്കയില്ല. ആദ്ധ്യാത്മികതത്വങ്ങൾ ഇതരവേദങ്ങളെ അപേക്ഷിച്ചു അഥൎവ്വത്തിലാണു കൂടുതലുള്ളതു്. പരിഷ്കാരചരിത്രത്തിനു ഉൽപ്പത്തിസ്ഥാനമെന്ന നിലയിൽ, ഋഗ്വേദം പോലെ തന്നെ അഥൎവ്വവേദവും പ്രാധാന്യം വഹിക്കുന്നുണ്ടെന്നു പറയാതെ കഴികയില്ല.

൬൦൦൦ പദ്യങ്ങളുടങ്ങിയ അഥൎവ്വവേദത്തെ ഇരുപത്തു ഗ്രന്ഥങ്ങളായി വിഭജിച്ചിരിക്കുന്നു. ഏറക്കുറെ ൧൨൦൦ പദ്യങ്ങൾ ഋഗ്വേദത്തിൽനിന്നു ഉദ്ധൃതങ്ങളാകുന്നു. സൂക്തിസമാഹാരങ്ങളിൽ ൬-ൽ ഒരു ഭാഗം ഗദ്യമാണു്. അവയിൽ ചിലതു അതിപുരാതനങ്ങളെങ്കിലും ഋഗ്വേദബ്രാഹ്മണങ്ങളുടെ ആവിൎഭാവകാലംവരെ അതു പ്രാ

ധനം ചെയ്യപ്പെട്ടുകയുണ്ടായില്ല. വ്യാകരണദൃഷ്ട്യാ പരിശോധിക്കുമ്പോൾ അഥവ്വത്തിലെ ഭാഷ ഋഗ്വേദഭാഷയെ അപേക്ഷിച്ചു നവീനവും ബ്രാഹ്മണങ്ങളെ അപേക്ഷിച്ച് പുരാതനവുമാണെന്നു കാണാം. വളരെക്കാലമായി ധമ്മശാസ്ത്രപ്രാമാണ്യം വഹിക്കാൻ തുടങ്ങിയ പ്രസ്തുത വേദത്തിന്ന ആ വിധമൊരു നിലയുണ്ടെന്നല്ല സവ്വസമ്മതി സിദ്ധിച്ചതു് ക്രി. മു. ൩-ാംശതകത്തിലാണ്. ക്രി. മു. ൨-ാംശതകത്തിൽ അഥവ്വത്തിന്ന നാലാം വേദമെന്നൊ പ്രശസ്തിയുണ്ടായി.

## ബ്രാഹ്മണങ്ങൾ.

വേദങ്ങളെ തുടൎന്ന രംഗപ്രവേശം ചെയ്തതു ബ്രാഹ്മണങ്ങളാകുന്നു. അവ യാഗാദികമ്മങ്ങളെ സാമാന്യേന പരാമശിക്കുന്നു. വിഷയസ്വഭാവമനുസരിച്ചു ബ്രാഹ്മണങ്ങളെ തിഥി, അത്ഥവാദം, ഉപനിഷത്തു് എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. യാഗാദികമ്മങ്ങളിൽ വ്യാപൃതമായി, ഏകാഗ്രമായി സ്ഥിതിചെയ്യുന്ന ആത്മീയ സംരംഭങ്ങളുടെ ദശാവിശേഷത്തെയാണ് ബ്രാഹ്മണങ്ങൾ പ്രതിഫലിപ്പിക്കുന്നതു്. വേദങ്ങളിലെ വിവിധ സംഹിതകളുമായി അനുബന്ധിച്ചാണ് ബ്രാഹ്മണങ്ങൾ സ്ഥിതിചെയ്യുന്നതു്. അവയുടെ രചനാകാലം ക്രി. മു. ൮൦൦-നും ൫൦൦-നും ഇടക്കാണെന്നു അനുമിക്കപ്പെട്ടിരിക്കുന്നു.

ശതപഥബ്രാഹ്മണം—ഋഗ്വേദവുമായി അനുബന്ധിച്ചിട്ടുള്ള ഐതരേയബ്രാഹ്മണം കുരുപാഞ്ചാലരാജ്യത്തു ആവിർഭവിച്ചതായി കാണുന്നു അതിൽ ശ്രദ്ധേയങ്ങളായ

ഐതിഹ്യങ്ങളും വംശപരമ്പരകളും ഉണ്ട്. ശുക്ലയജു
ൎവ്വേദത്തെ അനുബന്ധിച്ചു നിൽക്കുന്ന ശതപഥബ്രാഹ്മ
ണം, ഋഗ്വേദം കഴിഞ്ഞാൽ മുന്നണിയിൽ സ്ഥിതിചെയ്യു
ന്ന ഒന്നാകുന്നു. വൈദികസാഹിത്യത്തിൽ ശതപഥബ്രാ
ഹ്മണത്തിനുള്ള പ്രശസ്തിയും പ്രാമാണ്യവും അദ്വിതീയ
മാണ്. അതിലെ ഭൂവിവരണത്തിൽ, സംസ്കാരകേന്ദ്ര
മായ കുരുപാഞ്ചാല രാജ്യത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടു
ണ്ട്. പക്ഷെ, ആ കേന്ദ്രത്തിന്ന ശതപഥബ്രാഹ്മണത്തി
ന്റെ കാലത്തു വ്യാപ്തിവർദ്ധിച്ചിരുന്നു. അതു കുരുപാ
ഞ്ചാലരാജ്യത്തേയും അതിക്രമിച്ചു മദ്ധ്യദേശത്തിന്റെ കി
ഴക്കുഭാഗത്തുള്ള കോസലത്തേയും വിദേഹത്തേയും പ്രാപി
ച്ചുവശായി. ഈ രണ്ടു രാജ്യങ്ങളുടെ തലസ്ഥാനനഗര
ങ്ങളായ അയോദ്ധ്യയേയും മിഥിലയേയും പററി ശതപ
ഥബ്രാഹ്മണം പ്രകീൎത്തിക്കാതിരിക്കുന്നില്ല. മഹാരാജാവു
ജനകൻ കുരുപാഞ്ചാലരാജ്യത്തുനിന്ന ബ്രാഹ്മണരെ വരു
ത്തി അൎത്ഥവാദം ചെയ്യിച്ചിരുന്നുവെന്ന പ്രസ്തുത ബ്രാഹ്മ
ണത്തിൽ ഘോഷിക്കുന്നു. മാത്രമല്ല വിദേഹത്തുവച്ചാ
ണ് ശുക്ലയജുൎവ്വേദം പ്രസാധനം ചെയ്യപ്പെട്ടതെന്നു ശത
പഥബ്രാഹ്മണത്തിൽ നിന്നു ലഭിക്കുന്ന തെളിവുകളെക്കൊ
ണ്ട് അനുമാനിക്കയും ചെയ്യാം. പക്ഷെ ഇക്കാലത്തും
അവിടെ ബ്രാഹ്മണ്യത്തിന്ന അത്രതന്നെ പ്രാമുഖ്യം ഉണ്ടാ
യിരുന്നില്ല. ബുദ്ധമതാവിർഭാവത്തിന് അല്പകാലം മു
മ്പാണ് ശതപഥബ്രാഹ്മണം രചിക്കപ്പെട്ടിട്ടുള്ളത്. ബ്രാ
ഹ്മണകാലത്തിന്റെ അന്ത്യദശയിലാണ് പ്രസ്തുതഗ്രന്ഥ
ത്തിന്റെ ആവിർഭാവമെന്ന് അതിലെ ആന്തരമായ തെ

ളിവിനെ മുൻനിറുത്തി പ്രസ്താവിക്കാം. ഒന്നു രണ്ടു വിദ്വാന്മാരുടെ പേരുകൾ ശതപഥത്തിൽ പ്രകടിപ്പിച്ചിരിക്കുന്നു. ഇവർ അശ്രുതപൂർവ്വന്മാരാണ്. ആകെക്കൂടിനോക്കുമ്പോൾ ഈ ബ്രാഹ്മണം പ്രധാനവും ശ്രദ്ധാർഹവുമാണെന്നേ പറയാവതുള്ളു.

## ഉപനിഷത്തുക്കൾ.

ബ്രാഹ്മണങ്ങളുടെ ഒരു ഭാഗമാണ് ഉപനിഷത്തുക്കളെങ്കിലും, പൊതുവെ അവ പ്രധാനങ്ങളാകുന്നു. അതോടുകൂടിത്തന്നെ സ്വതന്ത്രങ്ങളുമാകുന്നു. യാഗാദികർമ്മകാണ്ഡത്തെ എതിർക്കുന്നതിലും ഒരു പുതിയമതത്തെ പ്രകാശിപ്പിക്കുന്നതിലും ഉപനിഷത്തുക്കൾ മടിക്കുന്നില്ല. അവയുടെ ഉദ്ദേശം, ലൌകികസുഖാനുഭൂതികളോ, നരകവിമുക്തിയോ അല്ല; യാഗാദികർമ്മങ്ങളെക്കൊണ്ടു് ഇവ സാധിക്കുമെന്നിരുന്നാൽത്തന്നെയും അവയിൽ ഉപനിഷത്തുക്കൾ ഭ്രമിക്കുന്നില്ല. യഥാർത്ഥജ്ഞാനംകൊണ്ടു് ജീവാത്മാവിനെ ജയിച്ചു ഈശ്വരസാക്ഷാൽക്കാരം സമ്പാദിക്കണമെന്നാണ് ഉപനിഷത്തുക്കളുടെ ഉദ്ദേശം. ജീവാത്മസ്വരൂപം എന്താണെന്നു അവയിൽ നിർദ്ദേശിച്ചിട്ടുണ്ടു്. ആത്മാവു എന്നും ബ്രഹ്മം എന്നും ഉള്ള സംജ്ഞകൾ ഔപനിഷദങ്ങളാകുന്നു. ആത്മാവിനെ ഋഗ്വേദം, ഒരു ശ്വാസത്തേക്കാൾ വ്യത്യസ്തമായി ഗണിച്ചിട്ടില്ല. ബ്രാഹ്മണങ്ങളാകട്ടെ അവിടന്നല്പം കൂടിക്കടന്ന് ആത്മാവാണ് അതെന്നു വ്യവഹരിക്കുന്നു. പിന്നീടതിനു ജീവാത്മാവു എ

ന്ന സംജ്ഞ സിദ്ധിച്ചു. ഋഗ്വേദത്തിൽ ബ്രഹ്മശബ്ദ ത്തിന ' ഭക്തി' എന്ന അൎത്ഥമാണ കല്പിച്ചിരിക്കുന്നതു്. ബ്രാഹ്മണങ്ങളുടെ കാലത്തു പ്രസ്തുതപദത്തിന് ' പ്രാപഞ്ചികവിശുദ്ധി' എന്ന അർത്ഥം ലഭിച്ചു. പിന്നീടതിന വിശ്വനിയാമകശക്തി എന്ന അൎത്ഥം ഉണ്ടായിത്തീൎന്നു മതത്തിന്റേയും ദർശനത്തിന്റേയും സുദീർഘചരിത്ര ത്തിൽ ബ്രഹ്മശബ്ദത്തിന, ഭാരതീയരുടെ മതപരിണാമത്തിന്റെ ഒരു സംഗ്രഹം എന്നേ അർത്ഥം കൊടുക്കേണ്ടതുള്ളു. ശ്വേതാശ്വതരോപനിഷത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതുപോലെ, ഈ ഭൌതികലോകം ബ്രഹ്മാവിനാൽ ലീലാർത്ഥം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാകുന്നു. ആത്മാനാത്മവിവേകം പ്രദർശിപ്പിക്കുന്ന 'തത്വമസി' യാകുന്നു ഉപനിഷത്തുക്കളുടെയെല്ലാം സാരതത്വം. ആത്മാവിന്റെ പരകായപ്രവേശസിദ്ധാന്തത്തെ സാരമായി സഹകരിക്കുന്ന പ്രസ്തുത തത്വം, ഇടക്കാലത്തുണ്ടായിട്ടുള്ള ഉപനിഷത്തുക്കളിലെല്ലാം കാണാം. ബുദ്ധൻ അംഗീകരിച്ചിട്ടുള്ളതും ഈ തത്വമൊന്നു മാത്രമാകുന്നു. ഉപനിഷത്തിലെ പ്രസ്തുതസിദ്ധാന്തത്തിന്റെ ഉല്പത്തിസ്ഥാനം ശതപഥബ്രാഹ്മണമാണ്. പക്ഷെ ഉപനിഷത്തുകൾ അതിനെ സാധകബാധകയുക്തികൾകൊണ്ടു് സമർത്ഥിക്കയാണു ചെയ്തതു്. ഉപനിഷത്തുക്കളിലൊന്നിൽ മനുഷ്യരുടെ സുഖദുഃഖങ്ങൾക്കു കാരണം പ്രാഗ്ജന്മകർമ്മവിപാകമാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

പൂർണ്ണവും അനുയോജ്യവുമെന്ന നിലയിൽ ലോകം, പരിഷ്കൃതമായതെങ്ങിനെയെന്നു താക്കികബുദ്ധ്യാ ഉപ

നിഷത്തുക്കൾ നിരീക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രകൃതി കവിതയും, പ്രകൃതി തത്വവും ആയി ലോകത്തെ വിമർശിക്കുന്ന സാധാരണസാമ്പ്രദായമാണു ഉപനിഷത്തുക്കൾ കൈക്കൊണ്ടിട്ടുള്ളതു്. അവയുടെ വിമർശനങ്ങൾ പിൽക്കാലത്തു വേദാന്തതത്വശാസ്ത്രത്തിലെ സിദ്ധാന്തങ്ങൾക്കു ന്യൂനതയുണ്ടാക്കിത്തീർത്തു. ക്രി. മു. ൬൦൦-ാമാണ്ടിനിപ്പുറമാണു് ഇത്തരം സിദ്ധാന്തങ്ങളിൽ അതിപ്രാചീനമായവയോടു ബുദ്ധമതം അഭിമുഖീകരിച്ചതു്.

ഉപനിഷത്തുക്കളുടെ കാലാനുക്രമവിഭാഗങ്ങൾ—ആന്തരമായതെളിവു ആസ്പദമാക്കി നോക്കുമ്പോൾ, ഉപനിഷത്തുക്കൾക്കു കാലാനുക്രമമായ നാലു വകുപ്പുകൾ ഉണ്ടെന്നു കാണാം. ഇവയിൽ അതിപ്രാചീനമായ വകുപ്പു ബ്രാഹ്മണങ്ങളിലെ ഗദ്യരീതിയിൽ വിരചിതമാകുന്നു. മാത്രമല്ല അതിൽ സുദീർഘവും പ്രധാനവുമായ രണ്ടു ഉപനിഷത്തുക്കൾ അടങ്ങുകയും ചെയ്തിട്ടുണ്ടു്. ബൃഹദാരണ്യകോപനിഷത്തും ഛാന്ദോഗ്യോപനിഷത്തുമാണു് അവ. ഇവയിൽ ആദ്യത്തേതു ശതപഥബ്രാഹ്മണത്തിൻെറ ഉപസംഹാരഭാഗമാകുന്നു. രണ്ടാമത്തേതാകട്ടെ, സാമവേദവുമായി അനുബന്ധിക്കയും ചെയ്തിരിക്കുന്നു.

രണ്ടാമത്തെ വകുപ്പിൽപ്പെട്ട ഉപനിഷത്തുക്കളും നാലാമത്തെ വകുപ്പിൽപ്പെട്ട ഏതാനും ഉപനിഷത്തുക്കളും പദ്യരൂപത്തിൽ ഉള്ളവയാകുന്നു.

## സൂത്രങ്ങൾ.

ക്രി. മു. ൫൦൦ മുതൽ ൨൦൦ വരെയുള്ള കാലത്തു ആവിർഭവിച്ചിട്ടുള്ളവയും വൈദിക സാഹിത്യത്തിൻെറ അ

ന്ത്യദശയിൽ പെട്ടവയും ആകുന്നു സൂത്രഗ്രന്ഥങ്ങൾ. ഇവയെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ആദ്യത്തെ വിഭാഗത്തിന്നു ശ്രൌതസൂത്രം എന്നുപേർ. ബ്രാഹ്മണങ്ങളിലെ യാഗാദികർമ്മങ്ങളെ തുടർന്നു ശ്രുതിയെ ഉപജീവിച്ചു കൊണ്ടാണു ശ്രൌതസൂത്രം വിരചിതമായിട്ടുള്ളതു്. ഉപനിഷത്തുക്കളേപ്പോലെ, തത്വപ്രകാശനത്തിന്റെ ഒരുഭാഗമാണു ശ്രൗതസൂത്രമെന്നു അതു സ്വയം അഭിമാനിക്കുന്നില്ല. സൂത്രശാഖയിൽ പുരാതനമായിട്ടുള്ള ഗ്രന്ഥം ബുദ്ധൻ ജീവിച്ചിരുന്ന കാലത്താണു ആവിർഭവിച്ചിട്ടുള്ളതു്. നാലു വേദങ്ങളുടേയും ആഭിമുഖ്യത്തിൽ ഉണ്ടായിട്ടുള്ള ഇത്തരം സൂത്രഗ്രന്ധങ്ങളുടെ സംഖ്യ പതിമ്മൂന്നാകുന്നു. അവ ഒന്നിനൊന്നു വ്യത്യസ്തവും ഓരോന്നും ഓരോ ബ്രാഹ്മണങ്ങളെ പുരസ്കരിച്ചുകൊണ്ടു വിരചിതവുംആകുന്നു. ശ്രൌതസൂത്രം ഋഗ്വേദസംബന്ധിയാണു്; ആശ്വലായനസൂത്രം ഐതരേയബ്രാഹ്മണത്തേയാണു പിൻതുടരുന്നതു്. സാംഖ്യായനസൂത്രങ്ങൾ കൗഷീതകിബ്രാഹ്മണത്തെ അനുഗമിക്കുന്നു. പവിത്രങ്ങളായ അഗ്നിത്രയങ്ങളെ അനുബന്ധിച്ചിട്ടുള്ള യാഗാദികർമ്മങ്ങളെ ഇതിൽ വിവരിക്കുന്നു. താദൃശകർമ്മങ്ങൾ അനുഷ്ഠിക്കുന്നതു ബ്രാഹ്മണപുരോഹിതന്മാരുമാണു്. സഭകൂടി സമാരാധനം ചെയ്യുന്ന സമ്പ്രദായം അന്നോ, അതിന്നുശേഷമോ ഹിന്ദുമതത്തിൽ ഉണ്ടായിരുന്നില്ല.

സ്മാർത്ത- ഗൃഹ്യ- ധർമ്മസൂത്രങ്ങൾ—മററു രണ്ടു സൂത്രവകുപ്പുകൾ സ്മൃതികളെയാണു ആശ്രയിച്ചുനിൽക്കുന്നതു്. ജനനം മുതൽ മരണം വരെ ഒരു കുടുംബം അനുഷ്ഠിക്കേണ്ടധർമ്മങ്ങൾ ഇന്നിന്നവയെന്നു ഗൃഹ്യസൂത്രം പ്രതിപാദി

കുന്നു. ജാതകർമ്മവും ഉപനയനവും ഗൃഹ്യധർമ്മങ്ങളിൽ പ്രാധാന്യം അർഹിക്കുന്നവയാണു്. അവയെ കഴിഞ്ഞാൽ പിന്നീട്ട മുന്നണിയിൽ നിൽക്കുന്നവ ഉദകക്രിയയും തർപ്പണവുമാകുന്നു. ഇവരണ്ടും ഇന്നും ഇന്ത്യയിൽ പ്രാബല്യം വഹിച്ചു സ്ഥിതിചെയ്യുന്നുണ്ടു്. പരിഷ്ക്കാരചരിത്രത്തിനുള്ള ഉപകരണങ്ങൾ ശേഖരിച്ചു കൊടുക്കുന്നതിൽ ഗൃഹ്യസൂത്രവും പങ്കെടുത്തിരിക്കുന്നു. ധർമ്മസൂത്രസാഹിത്യത്തിന്റെ മൂന്നാമത്തെ ശാഖയിൽ പ്രതിപാദിക്കുന്നതു അനുഷ്ഠാനങ്ങളെപ്പററിയാകുന്നു. ഇന്ത്യയിലെ പുരാതന നിയമഗ്രന്ഥം എന്ന നിലയിൽ അംഗീകരിക്കാവുന്നധർമ്മസൂത്രത്തിനു വല്ല ന്യൂനതയും ആധുനികലോകം കാണുന്നുണ്ടെങ്കിൽ, അതു മതധർമ്മങ്ങളേപ്പോലെതന്നെ ഇതരധർമ്മങ്ങളേയും സവിസ്തരം പരാമർശിച്ചിട്ടില്ല എന്നുള്ളതായിരിക്കും. പിന്നീടാവിർഭവിച്ച സംസ്കൃതഗ്രന്ഥങ്ങളും ഈ കുറവിനു പരിഹാരം ഉണ്ടാക്കാൻ യത്നിച്ചുകാണുന്നില്ല. അനേകം ധർമ്മഗ്രന്ഥങ്ങൾ നമുക്കു നഷ്ടപ്പെട്ടു കഴിഞ്ഞിട്ടുണ്ടു്. പ്രധാനമായി ഈ വകുപ്പിൽ അഞ്ചെണ്ണമാണു പരിഗണിക്കപ്പെട്ടിരിക്കുന്നതു്. ഇവയെല്ലാം പ്രധാനമായി വൈദിക വിദ്യാർത്ഥികളുടേയും ഗൃഹസ്ഥന്മാരുടേയും ആത്മശുദ്ധി, തപസ്സ്, അഹിതഭക്ഷണം എന്നിവയെ പ്രതിപാദിക്കുന്നു. അതോടുകൂടിത്തന്നെ വിവാഹം, അവകാശക്രമം, അപരാധം എന്നിവയെപ്പററിയും സംക്ഷേപമായി വർണ്ണിക്കുന്നുണ്ടു്.

ഇക്കാലത്തു തന്നെ വേറെയും ചില ഗ്രന്ഥങ്ങൾ ആവിർഭവിക്കയുണ്ടായിട്ടുണ്ടു്. അവ സൂത്രങ്ങളുടെ വകുപ്പുക

ളിലൊന്നിലും പെട്ടതല്ല എങ്കിലും അവയ്ക്കു പ്രാധാന്യം ക്രമത്തിലധികം ഉണ്ട്. വൈദിക സൂക്തങ്ങളേയും, പദ്യങ്ങളേയും, അപഗ്രഥിച്ചു ധാതപത്ഥം കല്പിക്കുകയാണ് പ്രാതിശാഖ്യ സൂത്രങ്ങൾ ചെയ്യുന്നതു്. അതോടുകൂടി നിഷ്കൃഷ്ടമായ ഉച്ചാരണരീതിയും അവയിൽ നിർദ്ദേശിച്ചിരിക്കുന്നു.

യാസ്കപ്രണീതമായ നിരുക്തം പദാർത്ഥനിശ്ചയത്തെ ബോധിപ്പിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാകുന്നു. വേദത്തിലെ അനേകം പദ്യങ്ങൾ അതിൽ ഉദ്ധരിക്കുകയും, അവയെ ദവധാന പൂർവ്വം അപഗ്രഥിച്ചു് അർത്ഥം കല്പിക്കയും യാസ്കൻ ചെയ്തിരിക്കുന്നു. സംസ്കൃതസാഹിത്യത്തിൻെറ ആദിമകാലത്തുണ്ടായ ഗദ്യത്തിൻെറ രീതി, നിരുക്തത്തിൽ കാണാം. ആകയാൽ അതു ഭാഷാചരിത്ര ഗവേഷകന്മാൎക്കും ശ്രദ്ധേയമാകുന്നു. പാണിനിമതങ്ങളെപ്പോലെ തന്നെയാണു യാസ്കനും നിയമ നിബന്ധനം ചെയ്തിട്ടുള്ളതു്. പക്ഷെ, പാണിനിയ്ക്കു എത്രയോ കാലം മുമ്പാണു യാസ്കൻ ജീവിച്ചിരുന്നതു്. ഈ രണ്ടു പേരുടേയും കാലങ്ങൾക്കുള്ളിൽ എത്രയോ വയ്യാകരണന്മാർ ജീവിച്ചിരുന്നിട്ടുണ്ടുതാനും.

വ്യാകരണം എന്ന നിലയിൽ പാണിനിയുടെ അഷ്ടാധ്യായി തന്നെയാണു മേഘലക്കിടയിൽ നിൽക്കുന്നതു്. വൈദിക പദപ്രയോഗങ്ങളെ സംബന്ധിച്ചു് അനേകം നിയമങ്ങൾ പാണിനി എഴുതിയിട്ടുണ്ടെങ്കിലും സംസ്കൃത ഭാഷയെപ്പററിയാണു് അദ്ദേഹം കൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നതു്. സാഹിത്യത്തെ പരിഷ്ക്കരിക്കുന്നതിനു പാ-

ണിനിയുടെ ഗ്രന്ഥം ഏററവും പ്രയോജകീഭവിച്ചിട്ടുണ്ടു്. സൂത്രഗ്രന്ഥങ്ങളുടെ ആവിർഭാവത്തിനിടയ്ക്കുണ്ടായിട്ടുള്ള നിരുക്തം, വേദാനന്തരകാലത്തെ ഗ്രന്ഥപ്രണേതാക്കൾക്കു ഒരുത്തമ മാർഗ്ഗദർശിയായി പരിണമിച്ചു.

---

## അദ്ധ്യായം IV

## വേദാനന്തരസാഹിത്യം.

വേദകാലത്തുണ്ടായിട്ടുള്ള സാഹിത്യവും, വേദാനന്തരകാലത്തുണ്ടായിട്ടുള്ള സാഹിത്യവും തമ്മിൽ ആകൃതി കൊണ്ടും, വിഷയസ്വഭാവം കൊണ്ടും, ചേതന കൊണ്ടും വളരെ അകന്നു നിൽക്കുന്നു. വൈദിക സാഹിത്യം മതപരവും സംസ്കൃതസാഹിത്യം സാമുദായികവുമാകുന്നു. സംസ്കൃതസാഹിത്യത്തിൽ ഹിന്ദുമതം പരിഷ്കാരോന്മുഖമാകാൻ തുടങ്ങി. വേദത്തിലെ ദേവതമാരിൽ പലരും വിസ്മൃതരായി; ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർക്കു മാത്രമേ പ്രാധാന്യമുള്ളു എന്ന നിലവന്നു; കുബേരൻ, ഗണപതി, കാർത്തികേയൻ, ലക്ഷ്മി, ദുർഗ്ഗ, പാർവ്വതി എന്നിവർക്കു ത്രിമൂർത്തികളെക്കഴിഞ്ഞാൽപ്പിന്നെ പ്രാധാന്യം സിദ്ധിച്ചു; ചില സർപ്പദേവതമാരും അർദ്ധദിവ്യന്മാരായ മററുചില ഉപദേവതമാരും രംഗപ്രവേശം ചെയ്തു. വേ

ദങ്ങളിൽ, ജീവിതം ഹൃദ്യവും മധുരവുമായി തദ്രഷ്ടാക്കൾ നിരീക്ഷണം ചെയ്തു. വേദാനന്തരസാഹിത്യമാകട്ടെ, അതു ക്ലേശബഹുലവും ശോകഹതവുമെന്നു വ്യാഖ്യാനിച്ചു. അതോടുകൂടി പ്രപഞ്ചത്തിനു സദാചാര ചൈതന്യം കൂടിയേ തീരു എന്ന നില വരുത്തി. പുനർജ്ജന്മസിദ്ധാന്തത്തിനു പ്രാബല്യവും ഉണ്ടായി. സംസ്കൃതസാഹിത്യകാരന്മാർ അതിശയോക്തിപ്രിയന്മാരും, വർണ്ണനാചതുരന്മാരും ആയിത്തീൎന്നു.

ബ്രാഹ്മണങ്ങളിലും സൂത്രഗ്രന്ഥങ്ങളിലും ഉപയോഗിക്കുക നിമിത്തം പ്രാധാന്യം അർഹിച്ച ഗദ്യരീതി, വ്യാകരണശാസ്ത്രപ്രതിപാദനത്തിനും ദർശനശാസ്ത്രവിവരണത്തിനും പ്രയോജനപ്പെടുന്നരീതിയിൽ അല്പമൊന്നു രൂപാന്തരം സംഭവിച്ചു. ഗദ്യസാഹിത്യമാകട്ടെ യക്ഷികഥകളിലും, ഇതിഹാസങ്ങളിലും, ദുർല്ലഭമായി ദൃശ്യകാവ്യങ്ങളിലും കടന്നുകൂടി. സമസ്തപദബഹുലവും സുദീർഘവുമായിരുന്നു ഇക്കൂട്ടത്തിൽ ചില ഗദ്യങ്ങൾ. ഇന്നും സംസ്കൃതഗദ്യരീതിയെ ഈ വിഷമത വിട്ടുമാറുക ഉണ്ടായിട്ടില്ല. ബ്രാഹ്മണങ്ങളിലെ സാഹിത്യത്തെ കണക്കാക്കാതെ വിടുന്നപക്ഷം ഉത്തരേന്ത്യയിലെ ബുദ്ധമതഗ്രന്ഥങ്ങളിലും ജൈനമതഗ്രന്ഥങ്ങളിലും ഒരുവിധം നല്ല ഗദ്യം ഉണ്ടായിരുന്നു എന്നു പറയാം. പക്ഷെ ജൈനമതവും, ബുദ്ധമതവും പിന്നീട് പാലിതുടങ്ങിയ പ്രാകൃതഭാഷകൾ ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടി അവരുടെ ഇടയിലും സംസ്കൃതഗദ്യത്തിനു വളരുവാൻ മാർഗ്ഗം ലഭിച്ചില്ല. സംസ്കൃതസാഹിത്യം ഇതുനിമിത്തം ആദ്യകാലത്തുണ്ടായ വേദസംഹി

തകളേപ്പോലെ സങ്കുചിതമാകാൻ തുടങ്ങി. സംസ്കൃതഛന്ദസ്സുകൾക്കും വൃത്തങ്ങൾക്കും മാർഗ്ഗദർശ്ശി വേദങ്ങളായിരുന്നു എങ്കിലും, വേദത്തിൽ പ്രയോഗിക്കാത്തവയോ, അല്ലെങ്കിൽ വേദത്തിൽ പ്രചുരം പ്രചരിക്കാത്തവയോ ആയ ഒട്ടനേകം ഛന്ദസ്സുകൾ സംസ്കൃതസാഹിത്യത്തിൽ ഉണ്ടായിത്തീൎന്നു. ഒന്നു രണ്ടു പുരാണങ്ങളിൽ പ്രയോഗിച്ചിട്ടുള്ള പദ്യകവിതാരീതി ഒഴികെ മററുള്ളവയിലെല്ലാം അലങ്കാരബഹുലവും സുന്ദരവുമായ പദ്യങ്ങളാണു് അടങ്ങിയിട്ടുള്ളതു്. ഇതിൽ നിന്നു നാം മനസ്സിലാക്കേണ്ടതു് ഗദ്യശാഖക്കു വളർച്ച ചുരുങ്ങി എന്നും പദ്യശാഖയ്ക്കു അനന്നിമിഷം വ്യാപ്തിയും സംസ്കാരവും സിദ്ധിച്ചു എന്നുമാകുന്നു.

## പുരാണകാവ്യങ്ങൾ.

ആഗമം—വൈദികാന്ത്യകാലത്തെ തുടൎന്നു പരിഷ്കൃതമായിട്ടുള്ള ഒന്നല്ല സംസ്കൃതസാഹിത്യം. സൂത്രകാലത്തിൽ ബുദ്ധമതസാഹിത്യമായ പാലിഭാഷയും ജൈനസാഹിത്യമായ പ്രാകൃതവും ഉദയം ചെയ്തു. അതിനാൽ പുരാണങ്ങളിൽ സംസ്കൃത ഭാഷയുടെ ആദിമ ദശയിലുള്ള പദ്യങ്ങളേ അടങ്ങിയിരുന്നുള്ളു. പുരാണകാവ്യങ്ങളെ ഇതിഹാസം, ആഖ്യാനം, പുരാണം എന്നിങ്ങനെ മൂന്നായി വിഭജിക്കാം. ഇവയ്ക്കു പുറമേയാണു കാവ്യം എന്നു പേരായ സുന്ദരകവിത. ഇതിഹാസവകുപ്പിൽ പുരാതനവും പ്രസിദ്ധവുമായ ഗ്രന്ഥം മഹാഭാരതമാകുന്നു. രാമായണം ഒടുവിൽ പ്രസ്താവിച്ച ശാഖയിൽപ്പെടുന്നു. ഇവ രണ്ടും ശ്ലോകസമ്പൂൎണ്ണങ്ങളാണു്. പക്ഷെ മഹാഭാരതം

അതിപ്രാചീനവും പ്രചാരലുപ്തവുമായ ചില വൃത്തങ്ങളേയും, ഗദ്യത്തിലുള്ള ചില പുരാതന കഥകളേയും കൈക്കൊണ്ടിരിക്കുന്നു. രചനയിലും, വിഷയസ്വഭാവത്തിലും മേലേക്കിടയിൽ നിൽക്കുന്ന രാമായണം, ഭാരതത്തെപ്പോലെ വിവിധ കവികളാൽ പ്രണീതമല്ല; അതു മഹർഷി വാത്മീകിയുടെ കല്പനാവൈഭവത്തിൻേറയും പ്രതിഭയുടേയും ഒരു വിപുല ദപ്പണമാകുന്നു. മഹാഭാരതമാകട്ടെ അനേക കഥകളെ ഇതിവൃത്തകേന്ദ്രത്തിൽ സന്ദർഭാനുരൂപം ബന്ധിച്ചു കൊണ്ടുള്ള ഒന്നാകുന്നു. സദാചാരാദ്ധ്യയനത്തിനു നാനാപ്രകാരേണ മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്ന ഒരു വലിയ ഗ്രന്ഥമാണു ഭാരതം. മഹാഭാരതമെന്ന പദത്തിനു തന്നെ

'മഹത്വാൽ ഭാരവത്വാച്ച'

'മഹാഭാരതമുച്യതേ' എന്നാണല്ലോ ലക്ഷണസമന്വയം ചെയ്തിരിക്കുന്നതു്. ഒരു ലക്ഷത്തിലധികം പദ്യങ്ങളാണു അതിലടങ്ങിയിട്ടുള്ളതു്. പതിനെട്ടു ഭാഗങ്ങളായി അതു വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ ഭാഗത്തിനും പവ്വമെന്നുപേർ. ൧൯-ാമത്തേതു ഹരിവംശം എന്ന പേരിനാൽ അറിയപ്പെടുന്ന ഒരനുബന്ധമാകുന്നു. പതിനെട്ടു ദിവസംകൊണ്ടവസാനിക്കുന്ന ഒരു ഭയങ്കരസമരമാകുന്നു ഭാരതകഥയുടെ മൗലികകേന്ദ്രം. കൗരവപ്രധാനിയായ ദുര്യോധനൻ ഒരുഭാഗത്തും പാണ്ഡവപ്രമുഖനായ യുധിഷ്ഠിരൻ മറുഭാഗത്തും സൈന്യസമേതം നിന്നു പോരാടുന്നു. ഇവർ ജ്യേഷ്ഠാനുജന്മാരുടെ മക്കളും, ശകുന്തളാപുത്രനായ ഭരതൻെറ ഗോത്രത്തിൽ — ചന്ദ്രവംശത്തിൽ — ജനിച്ചവരുമാണു്.

ഭാരതയുദ്ധം എന്നു് ഈ സമരത്തെ വ്യവഹരിക്കുന്നു. ഒട്ടനേകം ഉപാഖ്യാനങ്ങളുടെ സംഗമഭ്രൂവായ മഹാഭാരതംതന്നെയാണു് പതിനെട്ടു സൎഗ്ഗമുള്ള ഭഗവൽഗീതയേയും പ്രസവിച്ചതു്. യുദ്ധാരംഭത്തിൽ, ഉഭയസേനയുടേയും മദ്ധ്യത്തിൽ കിംകൎത്തവ്യതാമൂഢനായി തേരിൽ ഇരിക്കുന്ന അൎജ്ജുനനെ കൎത്തവ്യനിഷ്ണാതനാക്കാൻ വേണ്ടി സാരഥിയായ കൃഷ്ണപരമാത്മാവു് ഉപദേശിക്കുന്ന സൂക്തിസുധയാണു ഭഗവദ്ഗീത എന്നുപേർ പറഞ്ഞുവരുന്നതു്.

മഹാഭാരതപരിഷ്ക്കാരം—മഹാഭാരതം ഇന്നു നാം കാണുന്ന വിധത്തിൽ ആകുന്നതിന്നു് അതിനു ഒന്നുരണ്ടു അവസ്ഥാന്തരങ്ങളെ ആശ്രയിക്കേണ്ടിവന്നിട്ടുണ്ടു്. ആദ്യകാലത്തു അതിൽ ൮൦൦൦ പദ്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീടാണു അതു ൨൪൦൦൦ ശ്ലോകങ്ങൾ അടങ്ങിയ ഗ്രന്ഥമായി രൂപാന്തരപ്പെട്ടതു്. അയൽ രാജ്യവാസികളായ കുരുക്കളും പഞ്ചാലന്മാരും തമ്മിൽ കലഹിക്കുകയും അതിന്റെ പരിണാമമായി ഒന്നിക്കുകയും ചെയ്ത ഒരു കഥയല്ലേ ഭാരതരചനയ്ക്കു ഇതിവൃത്തമായിത്തീൎന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. യജുൎവ്വേദത്തിൽ, ഈ രണ്ടു കക്ഷികൾ യോജിച്ചതായും മഹാഭാരതത്തിൽ വൎണ്ണിക്കപ്പെടുന്ന ധൃതരാഷ്ട്ര രാജാവു സൎവ്വജനാനുവാദത്തോടുകൂടി നേതാവായതായും പ്രതിപാദിച്ചിട്ടുണ്ടു്. ഈ സംഭവത്തെ ഇതിവൃത്തമായി കല്പിക്കുന്ന പക്ഷം പ്രസ്തുതകഥയുടെ കാലം ക്രി. മു. പത്താംശതകത്തിലാണെന്നു അനുമാനിക്കാം. മഹാഭാരതത്തിൽ പ്രതിപാദിക്കപ്പെടുന്ന ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും അതിന്റെ കാലം പുരാതനമെ

ന്നുള്ളതിലേയ്ക്കു മറെറാരു തെളിവാകുന്നു. അങ്ങനെ നോക്കുന്നപക്ഷം ഭാരതത്തിലെ കഥ നടന്നകാലം ക്രി. മു. 8-ാം ശതകത്തിലാണെന്നു കാണാം. ധർമ്മാനുഷ്ഠാനത്തെ ഏററവും ഗൗരവമായി ഭാരതം വർണ്ണിക്കുന്നതുകൊണ്ടു ധർമ്മശാസ്ത്രഗ്രന്ഥങ്ങൾക്കു പ്രചുരം പ്രചാരം സിദ്ധിച്ചകാലത്താണു് മഹാഭാരതത്തിലെ ചില ഭാഗങ്ങൾ രചിക്കപ്പെട്ടിട്ടുള്ളതെന്നു ഊഹിക്കാനും വഴിയുണ്ടു്. ഏതായാലും ഇന്നു നാം കാണുന്ന വിധത്തിൽ പ്രസ്തുതഗ്രന്ഥം ഒരു "മഹാഭാരത"മായിത്തീർന്നതു ക്രി. പി. അഞ്ചാം ശതകത്തിലായിരിക്കണമെന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമൊന്നുമില്ല.

ഭാരതത്തിലെ പ്രധാന കഥ കൗരവപാണ്ഡവന്മാർ തമ്മിലുള്ള യുദ്ധമാകുന്നു എന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രസ്തുതസമരത്തിൽ കൗരവരെല്ലാം ചരമഗതി പ്രാപിച്ചു. പാണ്ഡവന്മാർ കുറേക്കാലം രാജ്യം ഭരിച്ചതിനുശേഷം മഹാപ്രസ്ഥാനം തുടങ്ങി. അവരും അർജ്ജുനന്റെ പൗത്രനായ പരീക്ഷിത്തിനെ ഇഹത്തിൽ വിട്ടുകൊണ്ടു് വനാന്തരത്തിൽ വെച്ചു കാലഗതി പ്രാപിച്ചു. ആ ബാലനാണു പിന്നീടു ചന്ദ്രവംശത്തെ നിലനിറുത്തിയതു്.

മഹാഭാരതത്തിൽ അഞ്ചിൽ നാലു ഭാഗവും ഉപാഖ്യാനങ്ങളാകുന്നു. ശാകുന്തളോപാഖ്യാനമാണു് ഇവയിൽ മുന്നിട്ടു നിൽക്കുന്നതു്. കാളിദാസന്റെ സുപ്രസിദ്ധനാടകത്തിനു ഇതിവൃത്തമായി തീർന്നിട്ടുള്ളതും ഈ ഉപാഖ്യാനമാകുന്നു. മത്സ്യോപാഖ്യാനമാണു രണ്ടാമത്തേതു്.

മൂന്നാമത്തേതു രാമായണോപാഖ്യാനമാകുന്നു. പരുന്തിന്റെ ആക്രമണത്തിൽ നിന്നു ഒരു കപോതത്തെ രക്ഷിക്കാൻ വേണ്ടി ജീവത്യാഗം ചെയ്യുന്ന ഉശീനരരാജാവിനെ സംബന്ധിച്ചുള്ള ഉപാഖ്യാനമാണു നാലാമത്തേതു്. അഞ്ചാമത്തേതു സാവിത്രി ഉപഖ്യാനമാകുന്നു. പ്രാധാന്യത്തെ സംബന്ധിച്ചിടത്തോളം ആറാമത്തേതായി നിൽക്കുന്നതു നളോപാഖ്യാനമത്രെ.

## പുരാണങ്ങൾ.

മഹാഭാരതത്തോടു് അടുത്തു ബന്ധപ്പെട്ടിട്ടുള്ളവയും, വിഷ്ണുവിന്റേയും ശിവന്റേയും അപദാനങ്ങളെ പ്രധാനമായി വർണ്ണിക്കുന്നവയും, മഹാഭാരതവുമായി താരതമ്യപ്പെടുത്തുമ്പോൾ വ്യത്യസ്തസ്വഭാവം ആയ ഒരുകൂട്ടം ഗ്രന്ഥങ്ങളുണ്ടു്. അവയ്ക്കു പുരാണങ്ങളെന്നു പേർ പറയുന്നു. പുരാണവിഷയങ്ങൾ—സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരം, വംശാനുകഥനം എന്നിങ്ങനെ അഞ്ചുലക്ഷണങ്ങളോടു കൂടിയവയ്ക്കു പുരാണസംജ്ഞ നൽകുന്നു. അവയിൽ സൂര്യവംശം, ചന്ദ്രവംശം, ദേവന്മാരുടെ വിക്രമങ്ങൾ തപസ്വിമാരുടെ പ്രഭാവം, അവതാരങ്ങൾ, ദേവാരാധന, വ്രതോപവാസങ്ങൾ, നിവേദ്യങ്ങൾ, തീർത്ഥാടനം, ഉത്സവം എന്നിവയും വർണ്ണിക്കപ്പെടുന്നു. മഹാഭാരതത്തിലെന്നപോലെ തന്നെ പുരാണങ്ങളിലും ഭൂമി സപ്തദ്വീപങ്ങളോടു കൂടിയതാണെന്നും ഓരോ ദ്വീപത്തെയും ഓരോ സമുദ്രം ചുററിക്കിടക്കുന്നുവെന്നും പ്രതിപാദിച്ചിട്ടുണ്ടു്. മദ്ധ്യദ്വീപത്തിന്റെ മദ്ധ്യത്തിലായി മഹാമേരു സ്ഥി

തിചെയ്യുന്നു. ഈ ദ്വീപത്തെ ജംബുദ്വീപ് എന്നുപറയുന്ന ഭാരതവൎഷവും ഈ ദ്വീപിലാകുന്നു. ചില പുരാണങ്ങളിൽ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ പരബ്രഹ്മമാണെന്നു പ്രസ്താവിച്ചിട്ടുണ്ട്.

ഹരിവംശവുമായി അനുബന്ധിച്ചിട്ടുള്ളതും ക്രി. മു. ൩.൨൦-ൽ ആവിർഭവിച്ചതുമായ ഒരു പുരാണമാകുന്നു വായുപുരാണം. മത്സ്യപുരാണം, കൂൎമ്മപുരാണം എന്നിങ്ങനേയുള്ളവ വിഷ്ണുവിന്റെ അവതാരവുമായി അനുബന്ധിച്ചിട്ടുള്ളവയാണ്. ഇവയിൽ പ്രാധാന്യം വിഷ്ണുപുരാണത്തിനാകുന്നു. സൎഗ്ഗാദി ലക്ഷണസമ്പൂൎണ്ണമാണു പ്രസ്തുതഗ്രന്ഥം. ൧൮൦൦൦ ശ്ലോകങ്ങൾ അടങ്ങിയ ഭാഗവതപുരാണം വിഷ്ണുവിന്റെ പ്രഭാവത്തെ സാർവ്വത്രികമായി വൎണ്ണിച്ചിരിക്കുന്നു. ഇന്ത്യയിൽ ഇതിനുള്ളതുപോലെ പ്രചാരം മറെറാരു പുരാണത്തിനും ഇല്ലെന്നുള്ളതു വാസ്തവം തന്നെ.

## രാമായണം.

൨൪,൦൦൦ ശ്ലോകങ്ങൾ അടങ്ങിയ രാമായണത്തെ ഏഴുഭാഗമാക്കി വിഭജിച്ചിരിക്കുന്നു. ഓരോഭാഗത്തിനും കാണ്ഡം എന്നു പേർ പറയുന്നു. ആദ്യകാലത്തു ഇതിൽ അഞ്ചു കാണ്ഡങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീടു കൂട്ടി ചേൎത്തവയാണത്രേ മററു കാണ്ഡങ്ങൾ.

<u>ഉത്ഭവസ്ഥാനം</u>—ഇക്ഷ്വാകു രാജാക്കന്മാരുടെ തലസ്ഥാനനഗരമായ അയോദ്ധ്യയിൽ രാമായണകഥ നടക്കുന്നതായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു. രാമായണത്തിലെ മൗ

ലികഭാഗങ്ങൾ രചിക്കപ്പെട്ടതിനു ശേഷമാണ് ഭാരതം സമാഹരിക്കപ്പെട്ടതെന്നു വിചാരിക്കുവാൻ മാൎഗ്ഗം കാണുന്നുണ്ട്. പുരാണങ്ങളിലെ പദ്യശൈലി നോക്കുമ്പോഴും, രാമായണം ബുദ്ധമതകാലത്തിനു ശേഷമാണ് ആവിർഭവിച്ചിട്ടുള്ളതെന്നു പറയാം. രാമായണത്തിൽനിന്നു കിട്ടുന്ന തെളിവുകൾ ക്രൂലങ്കഷം പരിശോധിക്കുന്നപക്ഷം, രാമായണത്തിലെ മൗലികഭാഗങ്ങൾ ക്രി. മു. ൫-ാം ശതകത്തിലും, മററുഭാഗങ്ങൾ ക്രി. മു. രണ്ടാം ശതകത്തിലും രചിക്കപ്പെട്ടിട്ടുള്ളവയെന്നു തീർച്ചപ്പെടുത്താം.

ശൈലി—രാമായണത്തിലെ ഭാഷാശൈലി, പുരാണങ്ങളുടേതിൽനിന്നു അത്യധികം വ്യത്യസ്തമാകുന്നു. വർണ്ണനാബഹുലവും, അലങ്കാരപ്രചുരവുമാകുന്നു രാമായണകാവ്യം. പിന്നീടുണ്ടായിട്ടുള്ള കാവ്യങ്ങൾക്കെല്ലാം രാമായണമാകുന്നു മാൎഗ്ഗദർശനം ചെയ്തിട്ടുള്ളതു്.

രാമായണകഥ:—പ്രഥമഭാഗം. ദശരഥമഹാരാജാവിൻെറ പത്നിമാരിൽ കൗസല്യയാണു രാമൻെറ മാതാവ്. രാമൻ സീതാലക്ഷ്മണന്മാരൊന്നിച്ചു വനവാസം ചെയ്യുന്നു. രാമൻെറ അനുജനും കൈകേയീപുത്രനുമായ ഭരതൻ രാമനെ കൂട്ടിക്കൊണ്ടു അയോദ്ധ്യയിലേയ്ക്കു പോകാൻ ശ്രമിക്കുന്നു. ഉദ്യമം ഫലിക്കാതെ ഭരതൻ പ്രത്യാഗമിക്കുന്നു. രാമൻ, ദുഷ്ടന്മാരായ രാക്ഷസന്മാരിൽ പലരേയും വധിയ്ക്കുന്നു. രാക്ഷസരാജാവായ രാവണൻ പ്രതികാരേച്ഛുവായി രാമൻ ഇല്ലാത്ത അവസരം നോക്കി സീതയെ അപഹരിച്ചു ലങ്കയിലേയ്ക്കു കൊണ്ടു പോകുന്നു. സുഗ്രീവൻേറയും ഹനുമാൻേറയും സഹായസഹകരണ

ങ്ങളോടുകൂടി രാമൻ സമുദ്രത്തിൽ സേതു ബന്ധിച്ചു ലങ്കയിൽ പ്രവേശിക്കുകയും രാവണനെ നിഗ്രഹിച്ചു സീതയെ വീണ്ടെടുക്കുകയും ചെയ്യുന്നു. അനന്തരം അദ്ദേഹം അയോദ്ധ്യയിൽ മടങ്ങി എത്തി ഭരതനിൽനിന്നു രാജ്യഭാരം ഏററുവാങ്ങുന്നു.

രണ്ടു പ്രധാനഭാഗങ്ങൾ—രാമായണകഥ രണ്ടു പ്രധാനഭാഗമായി തിരിയുന്നു. ആദ്യത്തേതു ഭരതൻ അയോദ്ധ്യയിലേയ്ക്കു മടങ്ങി വരുന്നതോടുകൂടി അവസാനിക്കുന്നു. ഇതു ചരിത്രപരമായ ഒരു ഭാഗത്തെ ആശ്രയിച്ചു നില്ക്കുന്ന ഇതിവൃത്തം തന്നെ. എന്തുകൊണ്ടെന്നാൽ, ഋഗ്വേദത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രബലന്മാരായ മൂന്നു രാജാക്കന്മാരാണു് ഇക്ഷ്വാകു, ദശരഥൻ, രാമൻ എന്നിവർ. പക്ഷെ അതിൽ ഇവർ തമ്മിലുള്ള ബന്ധം എത്രത്തോളമാണെന്നും എങ്ങനെയുള്ളതെന്നും വിശദമാക്കിയിട്ടില്ല. അവർ തമ്മിലുള്ള ബന്ധത്തെ നിർണ്ണയിക്കുന്നതിനു അതിൽനിന്നു തെളിവുകളും ലഭിക്കുന്നില്ല. രണ്ടാമത്തെ ഭാഗം, വിഷയസ്വഭാവംകൊണ്ടു് ആദ്യഭാഗത്തെ അപേക്ഷിച്ചു ഏററവും വ്യത്യസ്തമാകുന്നു. ഐതിഹ്യങ്ങളുടേയും ആത്യന്തികങ്ങളായ സംഭവസഹസ്രങ്ങളുടേയും ഒരു ദർപ്പണമാണു് അതു്. ദക്ഷിണഇന്ത്യയെ കീഴടക്കുകയും, അതുവഴിയായി ഡക്കാൻ, സിലോൺ, എന്നിവിടങ്ങളിൽ ആര്യപരിഷ്ക്കാരം പ്രചരിപ്പിക്കുകയും ചെയ്വാൻ ബദ്ധപരികരന്മാരായ ആര്യന്മാരുടെ പ്രഥമയത്നത്തിൻെറ ഒരു വിപുലവർണ്ണനമല്ലെ രാമായണകഥയുടെ രണ്ടാംഭാഗമെന്നു പലരും സംശയിക്കുന്നുണ്ടു്. ആര്യന്മാ

മ്രാജ്യം ദക്ഷിണേന്ത്യയിൽ പ്രതിഷ്ഠാപിക്കുവാൻ രാമൻ യത്നിക്കുന്നതായി അഥവാ അതിനുദ്ദേശിക്കുന്നതായി രാമായണത്തിൽ കാണുന്നില്ല. ദാക്ഷിണാത്യപരിഷ്കാരത്തെ രാമൻ ഒരു വിധത്തിലും ഭംഗപ്പെടുത്തുന്നതായും രാമായണം നമുക്കു അറിവു തരുന്നില്ല. രാമായണകർത്താവായ വാത്മീകിയ്ക്കു ഡക്കാനിലെ ചില ബ്രഹ്മർഷിമാരെപ്പററിയല്ലാതെ ആ പ്രദേശത്തെപ്പററി ഒന്നും തന്നെ അറിഞ്ഞുകൂടാ. അതിനാൽ ദക്ഷിണേന്ത്യ പിടിച്ചടക്കാനും ലങ്ക കൈ കേറാനുമായി ഉദ്യമിച്ച ആര്യന്മാരുടെ പ്രയത്നങ്ങളുടെ വിപുലവർണ്ണനമാണ് രാമായണകഥ രണ്ടാംഭാഗമെന്നു വിചാരിക്കാവുന്നതല്ല.

വൈദികസാഹിത്യത്തിൽ ഉഴവുചാലിനെ, മനുഷ്യധർമ്മം ആരോപിച്ചു സീതയാക്കിയിരിക്കുന്നു. വർഷങ്ങളുടെ അധിപനായ ഇന്ദ്രനാണ് സീതയുടെ ഭർത്താവ്. ആ ഇന്ദ്രൻ തന്നെയാണ് സീതയുടെ ഭർത്താവായി പറയുന്ന രാമൻ. രാമൻ രാവണനുമായി യുദ്ധം ചെയ്യുന്നതു ഋഗ്വേദപ്രതിപാദിതമായ ഇന്ദ്രവൃത്രസമരത്തിൻെറ മറെറാരു ചിത്രമാകാനിടയുണ്ട്.

<u>രാമായണത്തിൽ പിന്നീടു ചേർത്തഭാഗങ്ങൾ</u>—രാമായണകഥയ്ക്കു വിസ്തൃതി വരുത്താൻ വേണ്ടി വാത്മീകി രചിച്ച ആദ്യകാണ്ഡവും ഉത്തരകാണ്ഡവും വിഷ്ണുവിൻെറ മഹത്വം പ്രദർശിപ്പിച്ച് തദ്വാരാ രാമനെ അവതാരപുരുഷനാക്കി മേന്മപ്പെടുത്തുകയാണ് ചെയ്യുന്നത്. ശ്രീരാമൻ ഭാരതീയ ഹിന്ദുക്കളുടെ ആരാധനാമൂർത്തിയാകുന്നു. സംസ്കൃതസാഹിത്യത്തിൽ രാമായണം പോ

ലെ സഹൃദയസമ്മതമായ ഒരു കാവ്യം ഇതേവരെ ഉണ്ടായിട്ടില്ല; ഉണ്ടാകുമെന്നും തോന്നുന്നില്ല. ഉത്സവാദ്യാഘോഷങ്ങളിൽ, ഒരു ചടങ്ങെന്നവണ്ണം ഹിന്ദുക്കൾ രാമായണം പാരായണം ചെയ്തു വരുന്നു. രാമായണകഥ, മററനേകം കാവ്യങ്ങൾക്കും നാടകങ്ങൾക്കും ഇതിവൃത്തമായി തീൎന്നിട്ടുണ്ട്. ഇന്ത്യയിലെ വിവിധഭാഷകളിലേയ്ക്കു രാമായണം തൎജ്ജിമ ചെയ്തിരിക്കുന്നതു തന്നെ അതിനു ഇന്ത്യാക്കാരുടെ ഇടയിലുള്ള പ്രചാരത്തിനു മതിയായ തെളിവാണല്ലൊ. ക്രിസ്താബ്ദം ൧൫൩൨-നും ൧൬൨൩-നും മധ്യേ ആവിർഭവിച്ചിട്ടുള്ള തുളസീദാസ്‌രാമായണം അഥവാ രാമചരിതമാനസം വാത്മീകിരാമായണത്തെ ഉപജീവിച്ചെഴുതിയിട്ടുള്ള ഒരു വിശിഷ്ട ഹിന്ദിഗ്രന്ഥമാകുന്നു. വടക്കെ ഇന്ത്യയിലെ ഭൂരിഭാഗം ഹിന്ദുക്കളും, ക്രിസ്ത്യാനികൾ ബൈബിളിനെ എങ്ങനെയോ അതുപോലെയാണു് രാമചരിതമാനസത്തെ പരിഗണിച്ചിട്ടുള്ളതു്.

---

# അദ്ധ്യായം V

## കാവ്യങ്ങൾ.

### മഹാകവി കാളിദാസൻ.

രാമായണത്തെ പുരസ്കരിച്ചു് ആവിർഭവിച്ചിട്ടുള്ളവയാണു കാവ്യങ്ങൾ എന്ന സംഗതി നിൎവ്വിതൎക്കമാണു്. പക്ഷെ രാമായണത്തെ പിന്തുടൎന്നു് ഉടനെ കാവ്യങ്ങൾ

ആവിർഭവിക്കയുണ്ടായില്ല. ക്രിസ്ത്വാബ്ദം ൬൦൬-മുതൽ ൬൪൮-വരെ ഉത്തരേന്ത്യയെ സാർവ്വത്രികമായി ഭരിച്ചിരുന്ന താണേശ്വരകാന്യകുബ്ജരാജാവായ ഹർഷവർദ്ധനന്റെ കാലത്താണു കാവ്യങ്ങൾ വിരചിതങ്ങളായതു്. നമുക്കു കിട്ടുന്നിടത്തോളം തെളിവുകൾ വച്ചു നോക്കുന്നതായാൽ ക്രിസ്ത്വാബ്ദം ആറാം ശതകത്തിനു മുമ്പു ജീവിച്ചിരുന്നു് കാവ്യനിർമ്മാണം ചെയ്തിട്ടുള്ളവരിൽ പ്രധാനികൾ കാന്യകുബ്ജ രാജാവായ ഹർഷവർദ്ധനന്റെ വിദ്വത്സദസ്സിലെ അംഗമായ ബാണഭട്ടനും, മഹാകവി കാളിദാസനുമാകുന്നു. ക്രിസ്ത്വാബ്ദം ൭-ാംശതകം വരെ ജീവിച്ചിരുന്ന കവികളെപ്പററിയാകട്ടെ, അവർ വിരചിച്ചിട്ടുള്ള കാവ്യങ്ങളെപ്പററിയാകട്ടെ, ഒരു ശരിയായ തെളിവു നമുക്കു് കിട്ടുന്നില്ല. വല്ലതെളിവുകളും ഉണ്ടെങ്കിൽത്തന്നെയും അതു പൂർവ്വാപരവിരുദ്ധമായി കാണപ്പെടുകയും ചെയ്യുന്നു. വിക്രമാദിത്യരാജാവിന്റെ കാലത്താണു് കാവ്യങ്ങൾക്കു രംഗപ്രവേശവും വ്യാപ്തിയും ഉണ്ടായതെന്നും അദ്ദേഹം ജീവിച്ചിരുന്നതു് ൬-ാം ശതക (ക്രിസ്ത്വാബ്ദം) ത്തിലാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. മററു ചിലർ പറയുന്നതു് വിക്രമാദിത്യമഹാരാജാവിന്റെ കാലം ൪-ാം ശതകത്തിലാണെന്നും അദ്ദേഹമാണു് കവികുലചക്രവർത്തിയെന്നും ആകുന്നു. മാത്രമല്ല, ൬-ാം ശതകത്തിൽ വിക്രമാദിത്യൻ എന്നുപേരുള്ള ഒരൊററരാജാവെങ്കിലും ഇൻഡ്യയെ മുഴുവനായിട്ടോ അല്ലെങ്കിൽ ഏതെങ്കിലും ഒരു രാജ്യത്തെ പ്രത്യേകമായിട്ടോ ഭരിച്ചിട്ടില്ലെന്നും ഇവർ അഭിപ്രായപ്പെടുന്നു.

ജ്യോതിർവ്വിദാഭരണം എന്ന ഗ്രന്ഥത്തിൽ വിക്രമാദിത്യൻെറ പണ്ഡിതസദസ്സിനു് അലങ്കാരങ്ങളായി നവരത്നങ്ങൾ ഉണ്ടായിരുന്നുവെന്നും അവർ,

"ധന്വന്തരിക്ഷപണകാമര സിംഹശംഖു
വേതാളഭട്ടഘടകർപ്പരകാളിദാസാഃ
ഖ്യാതോവരാഹമിഹിരോ നൃപതേഃ സഭായാം
രത്നാനിവൈ വരരുചിർന്നവ വിക്രമസ്യ"

പ്രസ്തുതശ്ലോകത്തിൽ പ്രതിപാദിക്കപ്പെടുന്നവരാണെന്നും ഘോഷിക്കുന്നു. ഈ പദ്യത്തെ ഒരു തെളിവായി സ്വീകരിക്കാൻ നിവൃത്തിയില്ല. കാരണം ഈ കവികളുടെ ജീവകാലത്തിലുള്ള അപാരാന്തരമാകുന്നു. ൧൬-ാം നൂററാണ്ടിലുണ്ടായ ജ്യോതിർവ്വിദാഭരണം, നാലാം ശതകത്തിലോ ആറാം ശതകത്തിലോ ജീവിച്ചിരുന്ന കവികളെ ഒരു ചരടിൽ ഇണക്കിച്ചേക്കാക്കുന്നതു് ഒരു കവിതയെന്ന നിലയിൽ അഭിനന്ദനാർഹം തന്നെ. പക്ഷെ അതൊരു തെളിവായി ഗണിക്കുന്നതു ശരിയായിരിക്കയില്ല.

<u>കാളിദാസൻെറകാലം</u>—വിക്രമാദിത്യൻെറ നവരത്നങ്ങളിൽ പ്രാധാന്യം വഹിക്കുന്നതു് കാളിദാസനാകുന്നു. അദ്ദേഹം ജീവിച്ചിരുന്നതു ക്രിസ്താബ്ദം ൪൦൦—നോടടുത്തായിരിക്കണം. ഗ്രീക്കുകാരിൽ നിന്നു കിട്ടിയ ജ്യോതിഷവിദ്യയിൽ കാളിദാസനു പാണ്ഡിത്യം ഉണ്ടായിരുന്നുവെന്നു് വിശ്വസിക്കാൻ മതിയായ കാരണമുണ്ടു്. ആ സ്ഥിതിക്കു് ക്രിസ്താബ്ദം ൩-ാം ശതകത്തിനിപ്പുറമാണു് അദ്ദേഹം ജീവിച്ചിരുന്നതെന്നും അതിനപ്പുറമാകാൻ വഴിയില്ലെന്നും തെളിയുന്നു.

കാവ്യലക്ഷണം—പുരാണനിമ്മാണത്തിന് നിദാനവും നിദശനവും ഭാരതമായിരിക്കുന്നതുപോലെ, രാമായണത്തെ പുരസ്ക്കരിച്ചുകൊണ്ട് അനേകം കാവ്യങ്ങൾ ആവിർഭവിച്ചു. ക്രിസ്താബ്ദം ൪-ാം ശതകം മുതൽ ൧൧-ാം ശതകം വരെ ഇടയ്ക്കിടയ്ക്കു പല കാവ്യങ്ങളും രംഗപ്രവേശം ചെയ്തു. രചനാഗുണം കാവ്യത്തിന്റെ സത്തായി ചിലർ കരുതി കാവ്യങ്ങൾ രചിച്ചു. മററു ചിലർ അത്ഥാലങ്കാരത്തിനു പ്രാധാന്യം കല്പിച്ചു. ധ്വനിക്കു പ്രാധാന്യം വേണമെന്നായി മററുചിലർ. രസാത്മകത്വമാണു കാവ്യത്തിനു അത്യന്താപേക്ഷിതമെന്നുംവേറെ ചിലർ അഭിപ്രായപ്പെട്ടു. വാസ്തവം പറയുന്നപക്ഷം ഇവയെല്ലാം സമ്മേളിക്കുമ്പോൾ മാത്രമേ ഒരു കാവ്യത്തിനു യഥാത്ഥയോഗ്യത ലഭിക്കുകയുള്ളുതാനും.

രഘുവംശവും കുമാരസംഭവവും—രഘുവംശവും കുമാരസംഭവവുമാണ് കാവ്യങ്ങളിൽ മുന്നണിയിൽ നിൽക്കുന്നത്. ഇവയുടെ കത്താവ് മഹാകവി കാളിദാസനാകുന്നു. ശൈലി, ആശയം ഇവ രണ്ടും ഈ രണ്ടു കാവ്യങ്ങളിലും സാവ്വത്രികമായി സുന്ദരഭാവേന പരിലസിക്കുന്നുണ്ട്. ശ്രീരാമചരിതം വ്യാഖ്യാനിക്കുന്നതോടുകൂടി അദ്ദേഹത്തിന്റെ പിതാക്കന്മാരേയും രഘുവംശം വണ്ണിക്കുന്നു. ഓരോ രാജാക്കന്മാരുടേയും ജീവിതദശയെ സംക്ഷേപിച്ചു വണ്ണിക്കുവാനേ കാളിദാസനു കഴിഞ്ഞിട്ടുള്ളു. കാരണം വിസ്തരഭയം മാത്രമാകുന്നു. അലങ്കാരങ്ങളും നവനവങ്ങളായ ആശയങ്ങളും രഘുവംശത്തിൽ സുലഭമാകുന്നു. അദ്ദേഹത്തിന്റെ ഇതരകാവ്യങ്ങളെ അപേക്ഷിച്ചു രഘുവംശത്തി

ലെ ശൈലി കോമളവും ലളിതവുമാണ്. ഐറോപ്യന്മാൎക്കുകൂടി രഘുവംശത്തിലെ ശൈലി ഹൃദ്യമായിത്തീൎന്നിട്ടുണ്ട്.

കുമാരസംഭവത്തിൽ ൧൭ സൎഗ്ഗങ്ങളുണ്ട്. ആദ്യത്തെ ഏഴു സൎഗ്ഗങ്ങളിൽ പാൎവ്വതിയുടെ ജനനം മുതൽ വിവാഹം വരെയുള്ള ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. വൎണ്ണനാചാതുൎയ്യം ഉദാഹരിക്കുന്നതിനു ഇതിലെ ഓരോപദ്യവും പൎയ്യാപ്തമായിരിക്കുന്നുണ്ട്. ൮—മുതൽക്കുള്ള സൎഗ്ഗങ്ങളിൽ ശിവനു പാൎവ്വതിയിൽ സുബ്രഹ്മണ്യൻ ജനിക്കുന്നതും അദ്ദേഹം ദേവസൈന്യാധിപതിയായി താരകാസുരനെ നിഗ്രഹിക്കുന്നതുമായ ഭാഗങ്ങളാണ് വൎണ്ണിക്കപ്പെട്ടിരിക്കുന്നതു്.

## കിരാതാർജ്ജുനീയം.

മഹാഭാരതത്തിൽ കിരാതവേഷധാരിയായ ശിവനും, അർജ്ജുനനും തമ്മിൽ ദ്വന്ദ്വയുദ്ധം നടത്തിയതായി വർണ്ണിക്കുന്നുണ്ടല്ലൊ. ആ ഇതിവൃത്തം തന്നെയാണ് കിരാതാർജ്ജുനീയം കാവ്യത്തിലും വർണ്ണനാവിഷയമായിരിക്കുന്നതു്. ക്രിസ്ത്വാബ്ദം ൬൩൪-ൽ വിരചിതമായ ഒരു ശിലാശാസനത്തിൽ കിരാതാർജ്ജുനീയ കർത്താവായ ഭാരവിയുടെ പേർ കാണുന്നതുകൊണ്ടു ഏതാണ്ടു ഈ കാലത്തോടടുത്തായിരിക്കണം പ്രസ്തുതകാവ്യം എഴുതപ്പെട്ടിട്ടുള്ളതു് എന്നു നമുക്കു വിശ്വസിക്കാം. ഭാരവി, ക്രിയാശബ്ദങ്ങളെക്കൊണ്ടു് കന്ദുകക്രീഡകഴിച്ചിട്ടുള്ളതെങ്ങനെയെന്നു കാണണമെങ്കിൽ ഈ കാവ്യത്തിലെ ഒരു സൎഗ്ഗം വായിച്ചാൽ മതി.

നകാരവും ടകാരവും ഒഴികെ മററു യാതൊരു വ്യഞ്ജനാക്ഷരങ്ങളും പ്രയോഗിക്കാതെ രചിച്ചിട്ടുള്ള ചിലപദ്യം പ്രസ്തുതകാവ്യത്തിലുണ്ട്. അനുലോമമായും പ്രതിലോമമായും വായിക്കാവുന്നവിധം സജ്ജീകൃതങ്ങളായ പദ്യങ്ങളും കിരാതാർജ്ജുനീയത്തിൽ ദുർല്ലഭമല്ല.

## ഭട്ടികാവ്യം.

കവിയും വിഖ്യാത വൈയാകരണനുമായ ഭർത്തൃഹരി ക്രി.പി. ൬൫൧-ലാണല്ലോ കാലഗതി പ്രാപിച്ചതു്. അദ്ദേഹത്തെ സങ്കല്പിച്ചു കൊണ്ടു ശ്രീരാമ ചരിതത്തെ വർണ്ണിക്കുന്ന ഒരു മഹാകാവ്യമാകുന്നു ഭട്ടികാവ്യം. സംസ്കൃതവ്യാകരണത്തിൽ പാണ്ഡിത്യം സമ്പാദിക്കണമെന്നുള്ളവർ അവശ്യം അഭ്യസിക്കേണ്ട ഒരു കാവ്യമാണിതു്.

## ശിശുപാലവധം.

കാവ്യത്തിൻെറ പേർ കൊണ്ടു തന്നെ അതിലെ ഇതിവൃത്തമെന്തെന്നു വായനക്കാൎക്കു മനസ്സിലാക്കാം. കൃഷ്ണൻ എങ്ങനെയാണു ശിശുപാലവധം നിർവ്വഹിച്ചതെന്നു ഈ കാവ്യം വർണ്ണിക്കുന്നു. മാഘകവിപ്രണീതമായതുകൊണ്ടു് ശിശുപാലവധം കാവ്യത്തിനു 'മാഘം' എന്നുകൂടി പേർ പറഞ്ഞു വരുന്നുണ്ടു്. ഈ കാവ്യത്തിലെ ൧൯-ാം സൎഗ്ഗം മുഴുവൻ ചിത്രശ്ലോകങ്ങളാകുന്നു എന്നുതന്നെ പറയാം. മാഘ കവിയുടെ പദസ്വാധീനവും പദപ്രയോഗ ചാതുര്യവും എത്രത്തോളമെന്നു നമ്മെ അറിയിച്ചു തരുന്നതു ഈ

സൎഗ്ഗമാകുന്നു. അനുലോമമായി അന്വയിക്കുമ്പോൾ ഒരൎത്ഥവും പ്രതിലോമമായി അന്വയിക്കുമ്പോൾ മററൊരൎത്ഥവും വരുന്ന ചില മനോഹര പദ്യങ്ങളും ഇക്കൂട്ടത്തിലുണ്ട്. ക്രി. പി. ൭-ാം ശതകത്തിന്റെ ഉത്തരാൎദ്ധത്തിലായിരിക്കണം മാഘ കാവ്യം രചിക്കപ്പെട്ടിട്ടുള്ളതു്.

## നൈഷധീയം.

നൈഷധീയം അഥവാ നൈഷധചരിതം, നിഷധരാജാവായ നളനെപ്പററി പ്രതിപാദിക്കുന്നു. പ്രസ്തുതകാവ്യത്തിലെ ഇതിവൃത്തം ശ്രീമഹാഭാരതത്തിൽനിന്നു അംഗീകരിക്കപ്പെട്ടിരിക്കുന്നു.

## രാഘവപാണ്ഡവീയം.

ക്രി. പി. ൱-ാം ശതകത്തിൽ ജീവിച്ചിരുന്ന കവിരാജനാൽ രചിക്കപ്പെട്ടിട്ടുള്ള ഒരു മനോഹര കാവ്യമാകുന്നു രാഘവപാണ്ഡവീയം. പ്രസ്തുതകാവ്യത്തിലെ ഇതിവൃത്തം ശ്രീരാമപരവും അതേസമയത്തു തന്നെ പാണ്ഡവപരവുമാകുന്നു. രാമായണവും മഹാഭാരതവുമാണു് ഇതിവൃത്തസ്വീകരണത്തിൽ കവിരാജനു് മാൎഗ്ഗദൎശനം ചെയ്തിട്ടുള്ളതു്.

## നളോദയം.

രാജ്യവും ധനവും നഷ്ടപ്പെട്ടു കാടേഗതിയായി പുറപ്പെട്ട നളമഹാരാജാവിനു അനന്തരകാലത്തുണ്ടായ അഭ്യുദയത്തെയാണു് ഈ കാവ്യത്തിൽ, തൽക്കവി, വൎണ്ണിക്കു

ന്നതു്. കവിയുടെ ഉദ്ദേശം കൃത്രിമഛന്ദസ്സുകഠം പ്രയോഗി ക്കുന്നതിൽ തനിക്കുള്ള യോഗ്യത കാണിക്കുകയാണോ എ ന്നു തോന്നിപ്പോകുന്നു. ശൈലിയിലും അദ്ദേഹം സവിശേ ഷം ശ്രദ്ധപതിപ്പിച്ചിട്ടുണ്ടു്. ഏതുചെറിയ സംഭവവും ഈ കവി സുദീർഘങ്ങളായ വർണ്ണനകളെക്കൊണ്ടു വലയം ചെയ്യാതിരുന്നിട്ടില്ല. പ്രാരംഭത്തിൽ മാത്രമല്ല, പാദാന്ത്യ ത്തിൽ മാത്രമല്ല, പാദങ്ങളുടെ ഇടയ്ക്കും നടുക്കും പ്രാസം വാരിവിതച്ചിട്ടുള്ള ഒന്നാണു പ്രസ്തുതകാവ്യം. സംസ്കൃത സാഹിത്യത്തിൽ പ്രാസത്തെ ഇതുപോലെ ദീക്ഷിച്ചിട്ടുള്ള മറെറാരു കാവ്യം ഇല്ലെന്നു തന്നെ വേണം പറയുവാൻ. ഗീതാഗോവിന്ദവും പ്രാകൃതഭാഷയ്ക്കു അധീനമായ 'മോഹ മുദ്ഗാരം' എന്ന കാവ്യവും നളോദയത്തെയാണു പിൻതു ടർന്നിട്ടുള്ളതു്. പ്രാകൃത ഭാഷയിൽ പ്രാസത്തിനു സവി ശേഷ സ്ഥാനമാണു നൽകിയിട്ടുള്ളതു്; ആഭാഷയിൽ മാ ത്രമല്ല ഇന്ത്യയിലെ ഇന്നത്തെ നാട്ടുഭാഷകളിലും പ്രാസ ത്തെ വലിയ കാര്യമായി അംഗീകരിച്ചിട്ടുണ്ടെന്നുള്ള വാ സ്തവവും സ്മർത്തവ്യമാകുന്നു.

## ഗദ്യകാവ്യങ്ങഠം.

സംസ്കൃതഗ്രന്ഥകാരന്മാർ കാവ്യങ്ങളുടെ വകുപ്പിൽ പെടുത്തിയിട്ടുള്ള ചില ഗദ്യകാവ്യങ്ങളുണ്ടു്. അവയുടെ ആ വിർഭാവം ൬-ം ൭-ം ശതകങ്ങഠംക്കിടക്കാകുന്നു. അവ യിലെ ശൈലി ഏറക്കുറെ വികൃതവും വായനക്കാരെ വീർ പ്പുമുട്ടിയ്ക്കുന്നവയുമാകുന്നു. സുദീർഘങ്ങളായ സമസ്തപദ ങ്ങളുടെ ആക്രമണം ഇത്തരം കാവ്യങ്ങളിൽ അതിരു ക

വിഞ്ഞതു തന്നെയാണു്. ലഘുവായ കഥാതന്തുവിനെ തൽകർത്താക്കൾ വർണ്ണനകൾകൊണ്ടും അലങ്കാരങ്ങൾ കൊണ്ടും വിപുലമാക്കിത്തീക്കുന്നു. ൬-ാം ശതകത്തിൽ ജീവിച്ചിരുന്ന ദണ്ഡിയുടെ ദശകുമാരചരിതമാണു് ഇക്കൂട്ടത്തിൽ മുന്നണിയിൽ നിൽക്കുന്നതു്. ഇതേ നൂററാണ്ടിൽ ത്തന്നെയാണു് സുബന്ധുവും ഉജ്ജയിനിയിലെ രാജകുമാരിയുടെ ചരിത്രത്തെ ഇതിവൃത്തമാക്കിക്കൊണ്ടു് വാസവദത്ത എഴുതിയിട്ടുള്ളതു്. ഏഴാം നൂററാണ്ടിൻെറ പ്രാരംഭത്തിലാകുന്നു കാദംബരി എന്നുപേരായ രാജകുമാരിയുടെ ഭാഗധേയത്തെ വിഷയമാക്കിക്കൊണ്ടു ബാണഭട്ടൻ കാദംബരി ഗദ്യകാവ്യം രചിച്ചിട്ടുള്ളതു്. ക്രി. പി. ൬൦൬- മുതൽ ൬൪൮-വരെ കന്യാകുബ്ജം ഭരിച്ച ഹഷവർദ്ധനമഹാരാജാവിൻെറ അപദാനങ്ങളെ വർണ്ണിച്ച കാദംബരീകർത്താവെഴുതിയിട്ടുള്ള മറെറാരു ഗദ്യകാവ്യമാണു് ഹർഷചരിതം. സാഹിത്യചരിത്രനിമ്മാണത്തിനും രാഷ്ട്രചരിത്രരചനയ്ക്കും ഈ ഗ്രന്ഥം സഹായമായിത്തീന്നിട്ടുണ്ടു്.

## ഖണ്ഡകാവ്യങ്ങൾ.

മേഘദൂതു്—പ്രായേണ ദൃശ്യകാവ്യങ്ങളിലാണു് ഖണ്ഡകവിതകൾ കാണപ്പെടുന്നതു്. എങ്കിലും വേറെയും സ്വതന്ത്രങ്ങളായി ചില ഖണ്ഡകാവ്യങ്ങൾ ഉണ്ടായിട്ടില്ലെന്നുപറഞ്ഞുകൂടാ. ഇക്കൂട്ടത്തിൽ സവ്വപ്രാധാന്യം വഹിക്കുന്നവ കാളിദാസപ്രണീതങ്ങളായ മേഘദൂതും ഋതുസംഹാരവുമാകുന്നു. ദൂതിൽ പൂവ്വാർദ്ധത്തിലും ഉത്തരാർദ്ധത്തിലുമായി മന്ദാക്രാന്താവൃത്തത്തിലുള്ള ൧൧൫ പദ്യങ്ങൾ

അടങ്ങിയിട്ടുണ്ട്. മദ്ധ്യേന്ത്യയിൽ ഇരുന്നുകൊണ്ട് ഒരു യക്ഷൻ, അളകാപുരിയിലുള്ള തന്റെ പ്രാണപ്രേയസിയ്ക്കു ഒരു സന്ദേശം അയയ്ക്കുന്നതാണ് ഈ ഖണ്ഡകാവ്യത്തിലെ ഇതിവൃത്തം. ആഷാഢമാസത്തിൽ തന്നിക്കഭിമുഖമായ ഒരു മേഘത്തെക്കണ്ടിട്ടു വിരഹഭീരുവും ദൂരസ്ഥിതനും ആയ നായകൻ പ്രത്യാശാഭരിതനായിത്തീരുന്നതാണ് ഇതിലെ കഥാസാരം. പൂർവ്വമേഘത്തിൽ സന്ദേശഹരനു, നായകൻ മാർഗ്ഗദർശനം ചെയ്യുന്നു. ഉത്തരമേഘത്തിൽ കൈലാസത്തിലുള്ള സ്വ വസതിയുടെ ആഹാര്യശോഭയേയും നായികയുടെ വിരഹദുഃഖത്തേയും നായകൻ പ്രതിപാദിക്കുന്നു. മേഘദൂതിലാണ് കാളിദാസന്റെ കല്പനാവൈഭവവും, പ്രകൃതിയുടെ ലാവണ്യസാരം നിരീക്ഷിക്കുന്നതിലുള്ള പാടവവും പ്രത്യക്ഷപ്പെടുന്നത്. ജർമ്മനിയിലെ വിഖ്യാതകവിയായ 'ഗെറേറ' ഈ ഖണ്ഡകാവ്യത്തെ മുക്തകണ്ഠം സ്തുതിക്കുന്നതിൽ നിന്നു ഇതിന്റെ യോഗ്യത ഏറെക്കുറെ വെളിപ്പെടുന്നുണ്ടല്ലോ.

ഋതുസംഹാരം—വിവിധവൃത്തങ്ങളിൽ ആറദ്ധ്യായമായി ഛന്ദപെ പദ്യങ്ങൾ അടക്കി വിരചിച്ചിട്ടുള്ള ഒരു ഖണ്ഡകാവ്യമാകുന്നു ഋതുസംഹാരം. ഇന്ത്യയിലെ കാലാവസ്ഥയെ ആറു ഋതുക്കളായിട്ടാണ് വിഭജിച്ചിട്ടുള്ളതു്. ഈ ഋതുക്കളെ ഓരോന്നിനേയും കാളിദാസൻ അത്യന്തം തന്മയത്വത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു. മാനുഷികപ്രേമത്തെ ഇത്ര സ്പഷ്ടമായും ഹൃദയസ്പൃക്കായും മറെറാരു കവിയും വർണ്ണിച്ചിട്ടില്ല. പ്രകൃതിസൗന്ദര്യത്തിൽ മനുഷ്യപ്രേമത്തെ കലർത്തി കാവ്യം എഴുതി വിജയം നേടിയിട്ടുള്ളവ

രിൽ ഋതുസംഹാരകത്താവ് അഗ്രഗണ്യനാകുന്നു. വിവിധാകൃതിയിലുള്ള ഭൂവിഭാഗങ്ങളേയും, പ്രകൃതിവൈവിധ്യങ്ങളേയും അനുകമ്പാപൂർവ്വം വീക്ഷിച്ച്, പ്രകൃതിസൌഭാഗ്യത്തിൽ നിമഗ്നനായിരുന്നുകൊണ്ടാണ് ആ കവികോകിലം കളകൂജനം ചെയ്യുന്നത്.

ചൌരപഞ്ചാശിക—പതിനൊന്നാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന കാഷ്മീർ കവിയായ ബിൽഹണനാകുന്നു ചൌരപഞ്ചാശികയുടെ കർത്താവ്. അതിലെ പ്രതിപാദ്യവിഷയം ചൌര്യമാകുന്നു. അമ്പതു പദ്യങ്ങളടങ്ങിയ പ്രസ്തുതഗ്രന്ഥം ഖണ്ഡകാവ്യങ്ങളുടെ കൂട്ടത്തിൽ ഗണനീയമായ ഒരു സ്ഥാനം വഹിക്കുന്നുണ്ട്. ബിൽഹണൻ ഒരു രാജകുമാരിയെ സ്നേഹിച്ചിരുന്ന യാഥാർത്ഥ്യം അവളുടെ പിതാവറിയുകയും ബിൽഹണനെ വധശിക്ഷകൊണ്ടു സമ്മാനിക്കുവാൻ തീർച്ചപ്പെടുത്തുകയും ചെയ്യുന്നു. രാജകുമാരിയുമായിട്ടുണ്ടായ സുഖാനുഭവങ്ങളെ സ്മരിച്ചു ബിൽഹണൻ കദാനുപഞ്ചകം രചിച്ചു. രാജാവിന് ബിൽഹണൻെറ പേരിൽ അനുകമ്പയും ബഹുമാനവും അങ്കുരിച്ചു. അദ്ദേഹം പുത്രിയെ ബിൽഹണനു പാണിഗ്രഹണം ചെയ്തുകൊടുത്തു. സുപ്രസിദ്ധമായ കദാനുപഞ്ചകത്തിലെ ഒരു പദ്യം മാതൃകയ്ക്കായി ഇവിടെ ചേർക്കാം. വിപ്രലംഭശൃംഗാരത്തിന് ഒരു ഉദാഹരണമാണ് പ്രസ്തുതപദ്യമെങ്കിലും ബിൽഹണകവിയുടെ കവിതാരീതി മനസ്സിലാക്കുന്നതിന് അതു് ഉപകരിക്കുമല്ലൊ.—

"കദാനുകാന്തേ, സുരതാന്തരേതേ
പശ്യാമി താന്തേ വദനാരവിന്ദേ
പയസ്സമുദ്രോദിത ചന്ദ്രബിംബേ
പീയൂഷബിന്ദൂനിവഘർമ്മബിന്ദൂൻ"

ഘടകർപ്പരം—ഇരുപത്തിരണ്ടുപദ്യങ്ങൾ മാത്രം അടങ്ങിയ മറെറാരു ഖണ്ഡകാവ്യമാകുന്നു ഘടകർപ്പരം. ഘടകർപ്പരകവിയുടെ കൃതിയായതുകൊണ്ടും ഘടകർപ്പരം ഇതിവൃത്തമായതുകൊണ്ടും പ്രസ്തുതസംജ്ഞ ഈ ഖണ്ഡകാവ്യത്തെ സംബന്ധിച്ചിടത്തോളം അനുപാത്മകമാകുന്നു.

ഖണ്ഡകവിതാസമാഹാരം.

സംസ്കൃതത്തിലെ ഖണ്ഡകവിതകളിൽ ഭൂരിഭാഗവും ശൃംഗാരരസസംപൂർണ്ണങ്ങളും ഭാവപ്രധാനങ്ങളുമായ മുക്തക, (ഒററശ്ലോക)ങ്ങളുമാകുന്നു. ഓരോരോകവികൾ ഓരോരോ സന്ദർഭത്തിലാണ് ഇത്തരം പദ്യങ്ങൾ ഉണ്ടാക്കിയിട്ടുള്ളതു്. അതിനാൽ അവരുടെയെല്ലാം കവിതാരീതിയും, വർണ്ണനാസമ്പ്രദായവും മനസ്സിലാക്കുവാൻ ഏതാദൃശപദ്യങ്ങൾ പ്രയോജകീഭവിക്കുന്നുണ്ട്. ഇത്തരത്തിൽ സന്ദർഭാനുസാരങ്ങളായ പദ്യങ്ങൾ എഴുതി ഖണ്ഡകാവ്യം രചിച്ചിട്ടുള്ള കവികളും ഉണ്ട്: ഏവംവിധമായ കവിതാസമുച്ചയത്തെ രൂപീകരിക്കുന്നതിൽ അദ്വിതീയനാകുന്നു, ഭർത്തൃഹരി

ഭർത്തൃഹരി—ക്രി. പി. ൬൫൧-ൽ ലോകാന്തരവാസം അംഗീകരിച്ച ഇദ്ദേഹം ആദ്ധ്യാത്മികതത്തിൻേറയും ഭൗതികതത്തിൻേറയും നടുക്കുനിന്നു ചാഞ്ചാടുന്ന കാഴ്ചയാണ് ഭർത്തൃഹരിയിൽ നാം കാണുന്നതു്. ഭർത്തൃഹരിയിലെ പദ്യങ്ങളെ ൩ ശതകങ്ങളായി വേർതിരിച്ചിരിക്കുന്നു. മൂന്നു ശതകങ്ങളിൽ രണ്ടെണ്ണം മററുള്ള ശതകത്തെ അപേക്ഷിച്ചു അർത്ഥാലങ്കാരബാഹുലവും സാരഭൂയിഷ്ഠവുമാ

കുന്നു. മറെറാന്നു ശൃംഗാര ശതകമാകുന്നു. സ്ത്രീഹൃദയത്തിൻെറ ആഴം, പ്രകൃതിയിൽ അവക്കുള്ളസ്ഥാനം എന്നിങ്ങനെയുള്ള സംഗതികളെ കൂലങ്കഷം വിമൎശിക്കുന്ന മനോഹരപദ്യങ്ങളുടെ ഒരു സമുച്ചയമാകുന്നു പ്രസ്തുതശതകം.

ശൃംഗാരതിലകം—ഓരോരോ അവസരങ്ങളിൽ മഹാകവികാളിദാസൻ എഴുതിയിട്ടുള്ള ഇരുപത്തിമൂന്നു പദ്യങ്ങളടങ്ങിയ ഒരു ഖണ്ഡകാവ്യമാകുന്നു ശൃംഗാരതിലകം. മഹാകവിയുടെ പ്രതിഭാശക്തിയ്ക്കും, ഭാവനാശക്തിയ്ക്കും രചനാനൈപുണ്യത്തിനും, അദ്ദേഹത്തിൻെറ ഇതരകൃതികൾ എന്നപോലെ ഈ ഗ്രന്ഥവും ഒരു മാതൃകയാകുന്നു. അചുംബിതങ്ങളായ ആശയങ്ങളും, നവനവോല്ലേഖങ്ങളും കൊണ്ടു് ഈ കാവ്യം സഹൃദയന്മാരെ ഹഠാദാകർഷിക്കുന്നുണ്ടു്.

അമരുകശതകം—അമരുകകവിയാൽ വിരചിതങ്ങളായ ഒരു നൂറു മുക്തകങ്ങളുടെ സമാഹാരമാകുന്നു പ്രസ്തുത ഗ്രന്ഥം. നായികാനായകന്മാരുടെ പ്രേമത്തിൻെറ നാനാവശങ്ങളേയും, അവരുടെ വികാരങ്ങളേയും ഇതുപോലെ ചിത്രീകരിക്കുവാൻ മറെറാരുകവിയ്ക്കും കഴിവുണ്ടായിട്ടില്ല. മറെറല്ലാകവികളേയും പോലെ അമരുകൻെറ പ്രേമവും ആദർശപരമോ, അസാധാരണമോ അല്ല. ചിന്തയുടെ ഗൗരവവും, വികാരങ്ങളുടെ മഹത്വവും നമുക്കു് ഈ ഖണ്ഡകാവ്യത്തിൽ കാണാം. അദ്ദേഹത്തിൻെറ വൃക്ഷങ്ങളും ചെടികളും കൂടി ലാവണ്യപൂരം ചൊരിഞ്ഞു ലാസ്യം ചെയ്യുന്നുണ്ടു്. പുഷ്പങ്ങളിൽ താമരയാണു് അമരുകകൃതികളിൽ സൎവ്വപ്രാധാന്യം വഹിക്കുന്നതു്.

## ദൃശ്യകാവ്യങ്ങൾ.

ഗീതാഗോവിന്ദം—പരിശുദ്ധമായ ഖണ്ഡകാവ്യത്തിൽ നിന്നു പവിത്രമായ ദൃശ്യകാവ്യത്തിലേക്കു പകരുന്ന ഒരു വിചിത്ര ദൃശ്യമാകുന്നു ഗീതാഗോവിന്ദം. ബങ്കാളിൽ ഇന്നും നടക്കുന്ന നാടകത്തിൻെറ ആദിമരൂപമായ പ്രസ്തുതഗ്രന്ഥം ക്രി. പി. പന്ത്രണ്ടാംശതകത്തിൽ ആവിർഭവിച്ചു. സംഭാഷണങ്ങൾ ഇതിൽ തിരെ ഇല്ലെന്നുതന്നെ പറയാം. ഉണ്ടെങ്കിൽത്തന്നെയും അതു പദ്യരൂപമായിട്ടാണുതാനും. സുന്ദരീരത്നമായ രാധയുടേയും കൃഷ്ണൻേറയും പ്രേമവും, അവരുടെ വിഹാരങ്ങളും സായൂജ്യപ്രാപ്തിയുമാകുന്നു ഗീതാഗോവിന്ദത്തിലെ പ്രതിപാദ്യവിഷയം. കൃത്രിമകവനമാണ് അതെങ്കിലും തൽക്കത്താവായ ജയദേവനു ഗീതാഗോവിന്ദനിമ്മാണത്താൽ സുസ്ഥിരവും ദിവ്യവുമായ യശസ്സു സിദ്ധിച്ചു. അത്ഥാലങ്കാരബഹുലവും ആദ്യപ്രാസം, അന്ത്യപ്രാസം, അനുപ്രാസം, ഛേകാനുപ്രാസം, യമകം എന്നിങ്ങനെയുള്ള ശബ്ദാലങ്കാരങ്ങളുടെ നിവാസസ്ഥാനവുമാകുന്നു ഗീതാഗോവിന്ദം.

നാടകം—ഇതേവരെ ഖണ്ഡകാവ്യങ്ങളുടേയും ഗദ്യസംഭാഷണങ്ങളുടേയും കലർപ്പായി കിടന്ന ഒരു സാഹിത്യപ്രസ്ഥാനം നാടകങ്ങളായി രൂപാന്തരപ്പെട്ടു. അതിനു മുമ്പ് അവയുടെ സ്ഥിതി അന്ധകാരാവൃതമായിരുന്നു. ഋഗ്വേദത്തിലെ ഗദ്യരീതിയിലുള്ള സംഭാഷണം പിന്നീട് ഗദ്യകാവ്യങ്ങളുടെ ആവിർഭാവത്തിനു കാരണമായിത്തീന്നതുപോലെ, ഒരു കാലത്തു വികൃതരൂപത്തിൽ അഭിന-

യിക്കപ്പെട്ടിരുന്ന കാവ്യങ്ങൾ ശരിയായ നാടകകാവ്യങ്ങളെ രംഗപ്രവേശം ചെയ്യിച്ചു. ക്രിസ്ത്വാബ്ദം ൪-ാം ശതകത്തിനുശേഷം കുറെക്കാലത്തേയ്ക്കു നടനകലയ്ക്കു യാതൊരഭിവൃദ്ധിയും ഉണ്ടായതായി പ്രസ്താവിക്കാൻ വഴിയില്ല. ഇത്താ ആയിരിക്കണം നാടകത്തിൻെറ പ്രഥമരൂപം. പിന്നീട് അതിൽ സംഭാഷണപദ്ധതി കടന്നുകൂടി. സ്ത്രീകളെ നടികൾ എന്നും പുരുഷന്മാരെ നടന്മാരെന്നും വിളിച്ചുവന്നു. സംഗീതം സംഭാഷണത്തെ തുടൎന്നു രംഗത്തിൽ പ്രവേശിച്ചു. ഈ പ്രാഥമിക സ്വരൂപത്തിനു ഉത്തമോദാഹരണമായി ഗീതാഗോവിന്ദത്തെ എടുക്കാം. ബംഗാളിൽ നടപ്പുള്ള യാത്രക്കളിയും ഇക്കൂട്ടത്തിൽപ്പെട്ടതാകുന്നു.

ഗ്രീക്ക്സാഹിത്യവും ഭാരതീയ ദൃശ്യകാവ്യവും—ഇന്ത്യയുടെ വടക്കു പടിഞ്ഞാറുഭാഗത്തു സ്ഥിരവാസംചെയ്തു രാജ്യാഭരിച്ച ഗ്രീക്ക്ജനതയുടെ ഇടയിൽ നാടകങ്ങൾ കൂടെക്കൂടെ അഭിനയിക്കുക പതിവാണ്. നാട്യകലയിൽ ഗ്രീക്കുകാൎക്കുള്ള അറിവും ആസക്തിയും ചരിത്രപ്രസിദ്ധമാണല്ലൊ. ഇന്ത്യാക്കാരെ നാടകാഭിനയത്തിനും നാടകഗ്രന്ഥനിൎമ്മാണത്തിനും പ്രഥമവും പ്രധാനവുമായി പ്രേരിപ്പിച്ചതു വാസ്തവത്തിൽ ഗ്രീക്കുകാർ ഇന്ത്യയിൽ അഭിനയിച്ച നാടകങ്ങളായിരിക്കണം. അല്ലെങ്കിൽ നാടകരചനയ്ക്കു ഇന്ത്യയിലെ കവികളെ പ്രേരിപ്പിച്ചതും പ്രോത്സാഹിപ്പിതും ഗ്രീക്കുകാരാണ്. ഗ്രീക്കുകാർ ഇന്ത്യയിൽ നാടകം അഭിനയിച്ചിരുന്നു എന്നുള്ളതിനു നമുക്കു തെളിവില്ല. പക്ഷെ അഭിനയിക്കയുണ്ടായിട്ടില്ല എന്നു തീൎച്ചപ

റയുവാനും നിവൃത്തികാണുന്നില്ല. നാടകങ്ങളിൽ ഉപയോഗിക്കുന്ന തിരസ്കരണിക്കു യവനിക എന്നാണു പേർ. ഈ പദം ഗ്രീക്കിൽനിന്നു വന്നതാകകൊണ്ടു ഇന്ത്യൻ നാടകങ്ങളുടെ പുരോഗാമിത്വം ഗ്രീക്കുനാടകങ്ങൾക്കാണെന്നു സിദ്ധാന്തിക്കുന്നതും യുക്തിയുക്തമായിരിക്കയില്ല. ഗ്രീക്കുകാരുടെ നാടകങ്ങൾക്കു തന്നെ 'യവനിക' ഉണ്ടായിരുന്നോ എന്നും നമുക്കറിഞ്ഞുകൂടാ. ഇന്ത്യൻ നാടകത്തിനു ഒരു യവനികയല്ല അനേകം യവനിക ഉപയോഗിക്കുന്നുണ്ട്. ഗ്രീക്കുനാടകങ്ങൾക്കു ഈ സമ്പ്രദായമില്ലെന്നാണു ചിലർ പറയുന്നതു്. എന്നാലും, ഇന്ത്യൻ നാടകങ്ങൾ സ്വതന്ത്രങ്ങളായിരുന്നു എന്നോ, ദേശീയപരമായ അഭിവൃദ്ധിയും ശ്രേയസ്സും അവയ്ക്കുണ്ടായിരുന്നുവെന്നോ പ്രസ്താവിക്കുവാൻ വളരെ ആലോചിച്ചു വേണം.

<u>നാടകപരിഷ്ക്കാരം</u>—ഭാരതീയ നാടകങ്ങളിൽ കംസവധവും, ബലി (മഹാബലി) ബന്ധവും പാണിനിയുടെ അഷ്ടാധ്യായിക്കു പതഞ്ജലിമഹർഷി എഴുതിയിട്ടുള്ള ഭാഷ്യത്തിൽ പ്രസ്താവിച്ചു കാണുന്നതുകൊണ്ടു നാടകപ്രസ്ഥാനം ആവിർഭവിച്ചതു ക്രി. മു. രണ്ടാംശതകത്തിലാണെന്നു തീർച്ചപ്പെടുത്താം. ഈ രണ്ടുനാടകങ്ങളുടേയും ഇതിവൃത്തം വിഷ്ണുപുരാണത്തിൽ നിന്നു അംഗീകൃതമാകുന്നു. ഗീതാഗോവിന്ദവും യാത്രക്കളിയും ഇതിവൃത്തസ്വീകരണത്തിനായി അഭയം പ്രാപിച്ചതും പ്രസ്തുതപുരാണത്തെയായിരുന്നു. വിഷ്ണുവിന്റേയും കൃഷ്ണന്റേയും ജീവിതസംഭവങ്ങളുമായി പരിചയപ്പെട്ടുകൊണ്ടു നാടകപ്രസ്ഥാനം ആരംഭിക്കയും ഗദ്യരീതിയിലുള്ള സംഭാഷണങ്ങൾ പിന്നീട

തിനെ പരിഷ്ക്കരിക്കയും ചെയ്തു എന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

ഖണ്ഡകാവ്യങ്ങളുടെ മൗലികത്വം—ഏതെങ്കിലും ഒരു കഥ ഖണ്ഡകാവ്യമാക്കുക; അതിൽ വിവിധവൃത്തങ്ങൾ വിന്യസിക്കുക; സന്ദർഭോചിതമായി ഗദ്യത്തിലുള്ള സംഭാഷണങ്ങൾ ചേർക്കുക; അതിനെ ഓരോഭാഗങ്ങളാക്കി വേർതിരിക്കുക; ഇത്രയുമായാൽ ആ ഖണ്ഡകാവ്യം ഒരു നാടകമാകും. ശാകുന്തളം തന്നെ നോക്കുക. അതിലുള്ള പദ്യങ്ങൾ മാത്രം ചേർത്തു ഒരു ബുക്കാക്കുന്നപക്ഷം, അതെത്രയോ ചെറിയതായിരിക്കും. സംസ്കൃതനാടകങ്ങളിലെ ഗദ്യം ഇംഗ്ലീഷുനാടകങ്ങളിലെ ഗദ്യ ശൈലിയിൽ നിന്നു വളരെ അന്തരമുള്ളതാണ്. സുദീർഘങ്ങളും സമസ്തപദബഹുലങ്ങളുമായ വാചകങ്ങളും ഇന്ത്യൻ നാടകങ്ങളിൽ സുലഭങ്ങളാകുന്നു. അഭിനയരീതിയും പാശ്ചാത്യനാടകങ്ങളിൽ നിന്നു വ്യതിരിക്തമാണ്.

നാടകങ്ങളിലെ ഭാഷ—കഥാപാത്രങ്ങളുടെ സ്ഥിതിഗതികൾക്കനുസരിച്ചായിരിക്കണം അവർ സംഭാഷണം ചെയ്യുന്ന ഭാഷയും എന്നുള്ള സ്ഥിരനിശ്ചയം നാടകകവികൾക്കു സാമാന്യത്തിലധികമുണ്ട്. സംസ്കൃതഭാഷ, സാധാരണയായി, നാടകങ്ങളിൽ കഥാനായകന്മാരും, രാജവംശത്തിൽ പിറന്നവരും, തത്തുല്യരായ ഇതരന്മാരും ബ്രാഹ്മണരും പ്രയോഗിക്കുന്നു. സ്ത്രീകളും, ഭൃത്യന്മാർ തുടങ്ങിയവരും ഉപയോഗിക്കുന്നതു പ്രാകൃതഭാഷയായിരിക്കണം. പ്രാകൃതഭാഷയിലുള്ള സംഭാഷണം കൂടാതെ സംസ്കൃ

ത്തനാടകങ്ങൾ രചിക്കുവാൻ പ്രാചീനകവികൾക്കാക്കും ധൈര്യമുണ്ടായിരുന്നില്ല.

ശോകപര്യവസായിത്വം—ഏതുതരം ഇതിവൃത്തവും ഒന്നുകിൽ ശോകത്തിൽ; അല്ലാത്തപക്ഷം സുഖത്തിൽ; ഇങ്ങനെ രണ്ടിൽ ഏതെങ്കിലും ഒരു വിധത്തിലേ അവസാനിക്കയുള്ളുവല്ലൊ. ഭാരതീയനാടകങ്ങൾ ശോകപര്യവസായിത്വത്തെ വെറുക്കുന്നവയാണു്. ഏതെങ്കിലും ഒരിതിവൃത്തത്തെ ശോകത്തിൽ പര്യവസാനിപ്പിക്കുന്നതു നാടകം കാണുന്നവർക്കു മാത്രമല്ല, നാടകകർത്താവിനുതന്നെയും സങ്കടകരമായിരിക്കും. അതിനാൽ അത്തരം കഥകളെ അംഗീകരിക്കുവാൻ നാടകകർത്താക്കൾ ഒരിക്കലും സന്നദ്ധരായിരുന്നില്ല. വേണ്ടിവന്നാൽത്തന്നെയും ശോകപര്യവസായിയായ ഒരിതിവൃത്തത്തെ അവർ കല്പിതസംഭവം കൊണ്ടു വളച്ചുകെട്ടിയോ വലിച്ചുനീട്ടിയോ സുഖപര്യവസായിയാക്കിത്തീർക്കാതിരിക്കയും പതിവില്ല. നാടകത്തിൽ ശോകാനുഭവം കഥാപാത്രങ്ങൾക്കുണ്ടാകും. പക്ഷെ ഒടുവിൽ അതെല്ലാം അവരെ വിട്ടകലും. അകന്നില്ലെങ്കിൽ കവികൾ അതു ദൂരീകരിക്കും. ഇടക്കാലത്തുണ്ടാകുന്ന നൈരാശ്യവും, വിലാപവും, കിംകർത്തവ്യതാമൂഢതയും, കരച്ചിലും പിഴിച്ചിലും കഥാന്ത്യത്തിലുണ്ടാകുന്ന സുഖാനുഭവത്തിൽ അലിഞ്ഞു അവേദനാജ്ഞങ്ങളായി പരിണമിക്കുന്നു.

വിദൂഷകൻ—പൗരസ്ത്യനാടകങ്ങളിൽ വിദൂഷകനു് അഥവാ മാഢവ്യനു കല്പിച്ചിട്ടുള്ള സ്ഥാനം ആശാസ്യവും

അഭിമാനകരവുമാകുന്നു. മാഢവ്യനു എവിടേയും ചെല്ലാം; ആരോടും സംസാരിക്കാം; കളിക്കാം; ചിരിക്കാം; നർമ്മസംഭാഷണം ചെയ്യാം; വിനോദരസികനായ ഈ സരസനെക്കൊണ്ടാണു കവികൾ ഹാസ്യരസത്തിനു തിലകം തൊടുവിക്കുക. നിദ്ര, സംഭോഗം, ആഹാരം, യുദ്ധം എന്നിതുകൾ, ദൃശ്യകാവ്യങ്ങളിലെല്ലാംതന്നെ, രംഗപ്രയോഗാനർഹങ്ങളാകുന്നു.

ഇതിവൃത്തം—നാടകത്തിനു ആവശ്യമായ ഇതിവൃത്തത്തെ കവികൾ, ചരിത്രത്തിൽനിന്നോ, ഇതിഹാസപുരാണങ്ങളിൽനിന്നോ സ്വീകരിക്കുന്നു. നാടകകർത്താക്കൾ, കഥാവസ്തുവിനെ രംഗപ്രയുക്തമാക്കിത്തീർക്കുന്നതിലും, കഥാപാത്രങ്ങളുടെ സ്വഭാവം രൂപീകരിയ്ക്കുന്നതിലും തങ്ങൾക്കുള്ള നൈപുണ്യം പ്രകടിപ്പിക്കുന്നുണ്ടു്. ഇന്ത്യൻ നാടകകഥകളിലെ സ്ഥായിയായ രസം പ്രായേണ ശൃംഗാരമായിരിക്കും. കഥാനായകൻ മിക്ക നാടകങ്ങളിലും രാജാവായി കാണപ്പെടുന്നു. അദ്ദേഹം ഭൂരികളത്രസംഗ്രഹനോ അഥവാ ഏകപത്നീവ്രതനോ ആയിരിക്കാം. പക്ഷെ ഏതെങ്കിലും അതി സുന്ദരിയായ ഒരു കന്യകയെ കാണുമ്പോൾ—പ്രഥമദർശനത്തിൽത്തന്നെ—അദ്ദേഹത്തിനു അവളിൽ അനുരാഗം അങ്കുരിക്കുന്നു. അനേകം പ്രതിബന്ധങ്ങളോടാണു പിന്നീടദ്ദേഹത്തിനു മല്ലിടേണ്ടി വരുന്നതു്. എന്നാലും കഥാനായകൻ പിന്മടങ്ങുകപതിവില്ല. ഫലസിദ്ധിവരെ അദ്ദേഹം യത്നിക്കും. ഈ വിഷമാവസരങ്ങളിലെല്ലാം കഥാനായകനെ സ്നേഹാദര

ബുദ്ധ്യാ സഹായിക്കുന്നതും അദ്ദേഹവുമായി സഹകരിക്കുന്നതും മാഢവ്യനാകുന്നു.

ഘടന—സംസ്കൃതനാടകങ്ങളെ ആദ്യം അങ്കങ്ങളാക്കി വിഭജിക്കുന്നു. അങ്കങ്ങളെ രംഗങ്ങളാക്കി വേർതിരിക്കുന്നു. രംഗത്തിൽനിന്നു നടന്മാർ അണിയറയിലേയ്ക്കു പോകുമ്പോൾ രംഗവും മാറുന്നു. പിന്നീടു നടന്മാരെ പ്രവേശിപ്പിക്കുന്നതു മറെറാരു രംഗത്തിലായിരിക്കും. സ്ഥലകാലങ്ങളെ പുരസ്കരിച്ചായിരിക്കും രംഗവിഭാഗം ചെയ്യുക. നാടകരംഗം വിജനമാക്കി ഇടുക സംസ്കൃതനാടകത്തിൽ പതിവില്ല. നാടകം അവസാനിക്കുന്നതുവരെ, എന്തുതന്നെയായാലും, ഈ ഏർപ്പാടിനു ഭംഗം വരുത്തുവാൻ നാടക ഭാരവാഹികൾ ഒരുങ്ങുന്നതുമല്ല. നാടകം നാന്ദിയോടുകൂടി ആരംഭിച്ചു ഭരതവാക്യത്തോടുകൂടി അവസാനിക്കുന്നു. നാന്ദിയുടെ അന്ത്യത്തിൽ സൂത്രധാരൻ പ്രവേശിച്ചു നടിയുമായി ആലോചിച്ചതിനുശേഷം രംഗപ്രയോക്തവ്യമായ ചരിത്രം ഇന്നതെന്നു (അവർ തമ്മിൽ നടത്തുന്ന സംഭാഷണംകൊണ്ടു) വെളിപ്പെടുത്തുകയാണു ചെയ്യുന്നതു്.

രംഗവിധാനം—മദ്ധ്യകാലഭാരതീയക്കു രംഗത്തെപ്പററി ജ്ഞാനമില്ലാതിരുന്നതിനാൽ അക്കാലത്തു നാടകങ്ങൾ അഭിനയിക്കുന്നതു സാധാരണയായി രാജമന്ദിരങ്ങളിലെ സംഗീതഹാളുകളിലായിരുന്നു. രംഗവിധാനത്തിനു സൗകര്യമുണ്ടാകാൻ ഹാളിൻെറ മദ്ധ്യഭാഗത്തായി ഒരു യവനിക കെട്ടുന്നു. പക്ഷെ രംഗത്തേയും സദസ്സിനേയും വേർ

തിരിക്കുന്നതിനായിട്ടല്ല അതു നാട്ടുക. യവനികയ്ക്കു പിന്നിലാണ അണിയറ. അലങ്കാരങ്ങൾ അക്കാലത്തു വളരെ ദുല്ലഭമായിരുന്നു. കഥാപാത്രങ്ങളുടെ സംഭാഷണം കൊണ്ടാണ ഹൃദയാകഷകങ്ങളായ സ്ഥലങ്ങളെ ശ്രോതാക്കൾ പരിചയപ്പെട്ടുക. രാജസിംഹാസനം, പീഠങ്ങൾ, രഥങ്ങൾ, ആയുധങ്ങൾ എന്നിവ രംഗത്തിൽ പ്രദശിപ്പിക്കുക പതിവാണ്. ദേവലോകവാസികളും ഭൂലോകനിവാസികളും തമ്മിൽ സമ്മേളിക്കുന്ന ഘട്ടങ്ങളുണ്ടായിരുന്നാൽ, വിമാനം ഓട്ടുന്നതും, വിമാനത്തിൽനിന്ന ദേവന്മാർ, ഇറങ്ങുന്നതും, കഥാപാത്രങ്ങൾ, വാക്കുകൾകൊണ്ടും ആംഗ്യങ്ങൾകൊണ്ടും വർണ്ണിച്ചു കാണികളെ ആഹ്ലാദിപ്പിക്കുകയാണ പതിവ്.

### പ്രധാനനാടകങ്ങളും നാടകകൃത്തുകളും.

<u>കാളിദാസനും ശാകുന്തളവും</u>—ഭാരതീയനാടകഗ്രന്ഥങ്ങളിൽ മുന്നണിയിൽ നിൽക്കുന്നവ ക്രി. പി. ൪൦൦-നും ൮൦൦-നും മധ്യേ വിരചിതങ്ങളാകുന്നു. എണ്ണത്തിൽ ഏറെക്കുറെ ഒരു ഡസനോളം വരുന്ന അത്തരം നാടകങ്ങളുടെ പ്രണേതാക്കൾ, കാളിദാസൻ, ഭവഭൂതി, ശൂദ്രൻ, ശ്രീഹഷൻ എന്നിവരാകുന്നു. മഹാകാവ്യത്തിലും ഖണ്ഡകാവ്യത്തിലും അദ്വിതീയത്വം സിദ്ധിച്ച മഹാകവി കാളിദാസൻ തന്നെയാണ വിശ്വവിശ്രുതമായ ശാകുന്തളം നാടകത്തിന്റേയും കത്താവ്. ശാകുന്തളം കൂടാതെ, മാളവികാഗ്നിമിത്രം, വിക്രമോവ്വശീയം എന്നിങ്ങനെ രണ്ടു നാടകങ്ങൾ കൂടി അദ്ദേഹം രചിച്ചിട്ടുണ്ട്. ശാകുന്തളവും

വിക്രമോർവ്വശീയവും, മാളവികാഗ്നിമിത്രത്തെ അപേക്ഷിച്ചു മേത്തരമാകുന്നു. ആദ്യത്തേതിൽ ദുഷ്യന്തമഹാരാജാവിൻേറയും രണ്ടാമത്തേതിൽ വിക്രമമഹാരാജാവിൻേറയും പ്രേമസംരംഭങ്ങൾ കവി വർണ്ണിക്കുന്നു. ഇവരിരുവരും വിഖ്യാതന്മാരും, പുരാതന രാജവംശത്തിൽ ജാതന്മാരുമാകുന്നു. നിത്യജീവിതത്തെ ചിത്രണം ചെയ്തിട്ടുള്ള രണ്ടു വിചിത്രകാവ്യങ്ങളാകുന്നു ഈ നാടകങ്ങൾ. മാളവികാഗ്നിമിത്രം, പൗരുഷത്തേയോ, ദിവ്യതയേയോ പരാമർശിക്കുന്നില്ല; സഹവയസ്സരുടെ ഒരു പ്രേമകഥയാണു അതിലെ പ്രതിപാദ്യവിഷയം.

കണ്വമഹർഷിയുടെ വളർത്തുപുത്രിയായ ശകുന്തള, ശാകുന്തളത്തിലെ നായികയും, ദുഷ്യന്തരാജാവ് അതിലെ നായകനും ആകുന്നു. പുഷ്പവാടിയെ ശുശ്രൂഷിച്ചുകൊണ്ടു നിൽക്കുന്ന ശകുന്തളയെ കണ്ടു രാജാവ് മോഹിക്കുന്നു. അവൾക്കും ദുഷ്യന്തനിൽ പ്രേമം ഉണ്ടായി. ഏറെത്താമസിയാതെ രാജാവ് ശകുന്തളയെ ഗാന്ധർവ്വവിവാഹം ചെയ്ത്, ഉടൻ വന്നു ശകുന്തളയെ കൂട്ടിക്കൊണ്ടു പൊയ്ക്കൊള്ളാമെന്നു വാഗ്ദാനം ചെയ്തു. രാജാവു രാജധാനിയിലേയ്ക്കു മടങ്ങി. നിശ്ചിതദിവസം കഴിഞ്ഞു. ദുഷ്യന്തനോ പ്രതിനിധിയോ വന്നു ശകുന്തളയെ കൂട്ടിക്കൊണ്ടു പോകുന്നില്ല എന്നു കണ്ടു കണ്വൻ പുത്രിയെ ഭർത്തൃസന്നിധിയിലേയ്ക്കയയ്ക്കുന്നു. ദുർവ്വാസാവിൻേറ ശാപത്താൽ ദുഷ്യന്തൻ ശകുന്തളയെ തിരിച്ചറിയുവാൻ അശക്തനായിത്തീരുന്നു. ദുഷ്യന്തമഹാരാജാവു ശകുന്തളയ്ക്കു നൽകിയ മോതിരം, വഴിയായി രാജാവിനു ശകുന്തളാസ്മരണം ഉ

ണ്ടാകുന്നു. ഏറെത്താമസിയാതെ അവർ ദമ്പതികളായി ആയുശ്ശേഷം നയിക്കുന്നു.

ശകുന്തളയെ കവി ലോകോത്തരസൗഭാഗ്യത്തിൻെറ മാതൃകയായി വർണ്ണിച്ചിരിക്കുന്നു. സജീവക ഭാവനകളുടെ സമ്പത്തുകൊണ്ടു പരിപൂർണ്ണവും, രചനായോഗ്യതയാൽ അദ്വിതീയവുമായ ശാകുന്തളംനാടകം ലോകസാഹിത്യത്തിനെല്ലാം ഒരു തൊട്ടുകുറിയായി പരിശോഭിക്കുന്നുണ്ട്. പുരാണ ലോകത്തിൽനിന്നു വ്യതിരിക്തമായ ഒരു നവീനത്വം ശാകുന്തളത്തിൽ ആദ്യന്തം കളിയാടുന്നു. ഹിന്ദുസാഹിത്യത്തിൽ ശാകുന്തളത്തെപ്പോലേ ലൗകികപാരത്രികാഹ്ലാദസന്ദായകമായ ഒരു നാടകം ഉണ്ടായിട്ടില്ലെന്നു ജർമ്മൻ കവിയായ 'ഗെറേറ' മുക്തകണ്ഠം ഉദ്ഘോഷിച്ചിരിക്കുന്നു.

<u>വിക്രമോർവ്വശീയം</u>—പുരൂരവസ്സും ഉർവ്വശിയും തമ്മിലുള്ള പ്രേമത്തെ അടിസ്ഥാനമാക്കി, ഋഗ്വേദപ്രതിപാദിതമായ ഒരിതിവൃത്തം എടുത്തു നാടകമാക്കുകയാണു കാളിദാസൻ ചെയ്തിട്ടുള്ളതു്. ദിവ്യാംഗനാമദ്ധ്യത്തിൽ കണ്ട ഉർവ്വശിയിൽ, പുരൂരസ്സു പ്രേമസമർപ്പണം ചെയ്യുന്നു. അവളുടെ സൗന്ദര്യത്തിൽ, അദ്ദേഹം മറെറല്ലാററിനേയും വിസ്മരിക്കുന്നു. ഇന്ദ്രസന്നിധിയിൽനിന്നുള്ള ആഹ്വാനത്താൽ ഉർവ്വശിക്കു പുരൂരവസ്സിനെ വിട്ടുപിരിയേണ്ടിവന്നു. രാജാവു ദുഃഖിതനായിത്തീന്നു. ഉർവ്വശിയെ കരസ്ഥമാക്കാനുള്ള വഴികളെപ്പററി ആലോചിച്ചു് അദ്ദേഹത്തിൻെറ ദിവസങ്ങൾ കഴിഞ്ഞുകൂടി. അങ്ങനെയിരിക്കെ, ദേവന്മാരും അസുരന്മാരും തമ്മിൽ ഒരു ഭയങ്കരയുദ്ധം ഉണ്ടായി. പ്ര

സ്തുത സമരത്തിൽ പുരൂരവസ്സു ഇന്ദ്രനെ സഹായിക്കയും, തന്മൂലം അസുരന്മാർ പരാജിതരാകുകയും ചെയ്തു. ഇന്ദ്രൻ സന്തോഷഭരിതനായിത്തീൎന്നു. ഏറെത്താമസിയാതെ രാജാവു ഇന്ദ്രാനുകൂല്യത്തോടുകൂടി ഉർവ്വശിയെ സ്വരാജധാനിയിലേക്കു കൂട്ടികൊണ്ടുവന്നു താമസിപ്പിച്ചു.

മാളവികാഗ്നിമിത്രം—ശാകുന്തളത്തേയും വിക്രമോർവ്വശീയത്തേയും പോലെ തന്നെ മാഹാത്മ്യമുള്ളതല്ലെങ്കിലും, നാടകപ്രപഞ്ചത്തിൽ ഒരു ഗണനീയസ്ഥാനം കൈക്കലാക്കിയിട്ടുള്ള ഗ്രന്ഥമാകുന്നു മാളവികാഗ്നിമിത്രം. ഇന്ത്യയിലെ രാജകീയ ജീവിതത്തെ പുരസ്കരിച്ചു വിരചിതമായപ്രസ്തുത നാടകത്തിൽ, നാടകരചനാകാലത്തു നടപ്പിലിരുന്ന സാമുദായികാചാരങ്ങളുടേയും, നടവടികളുടേയും ചിത്രം നമുക്കു കാണാം. ക്രി. മു. രണ്ടാം ശതകത്തിൽ വിദിശാരാജ്യം ഭരിച്ചിരുന്ന അഗ്നിമിത്രരാജാവിൻേറയും, മഹാറാണിയുടെ പരിചാരികമാരിൽ ഒരുവളായ മാളവികയുടേയും പ്രേമമാകുന്നു മാളവികാഗ്നിമിത്രത്തിലെ ഇതിവൃത്തം. അവളെ സന്ദർശിക്കാനും, അവളുമായി സമ്മാലാപം ചെയ്യുന്നതിനും വേണ്ടി കഥാനായകൻ അനേകം ഗൂഢതന്ത്രങ്ങൾ പ്രയോഗിക്കുന്നുണ്ടു്. രാജ്ഞിയുടെ പരിചാരികയാണു മാളവിക എങ്കിലും അവൾ രാജവംശത്തിൽ പിറന്നവളായതുകൊണ്ടു, ഒടുവിൽ, രാജാവിനു അവളെ വിവാഹം ചെയ്‌വാൻ കഴിഞ്ഞു. ഈ ഘട്ടത്തിൽ കഥയും അവസാനിക്കുന്നു.

മൃച്ഛകടികം—ഭാരതീയ നാടകങ്ങളിൽ മൃച്ഛകടികം മേലേക്കിടയിൽനിൽക്കുന്നു. നാടകലക്ഷണങ്ങളെ

ല്ലാം പൂർണ്ണമായിട്ടുള്ള പ്രസ്തുത ഗ്രന്ഥത്തിൽ, ജീവിതത്തിന്റെ വിവിധവശങ്ങളേയും, കർമ്മവൈവിധ്യങ്ങളേയും, പൌരുഷത്തേയും തൽക്കവി സവിശേഷം പരാമർശിച്ചിട്ടുണ്ട്. ഓരോകഥാപാത്രത്തേയും അവസ്ഥാനുരൂപം വർണ്ണിക്കുന്നതിൽ, കവി, കാണിച്ചിട്ടുള്ള സാമൎത്ഥ്യം വിസ്മയാവഹമാകുന്നു. ശൂദ്രക രാജപ്രണീതമാണു മൃച്ഛകടികമെന്നു കാണുന്നുണ്ടെങ്കിലും, ആ രാജാവിന്റെ സദസ്സിലെ ഏതെങ്കിലും ഒരു കവിയായിരിക്കണം വാസ്തവത്തിൽ അതിന്റെ കൎത്താവു്. ചിലരുടെ അഭിപ്രായം മൃച്ഛകടികം ദണ്ഡിയുടേതാണെന്നാകുന്നു. പ്രസ്തുത നാടകം ക്രിസ്ത്വാബ്ദം ൬-ാം ശതകത്തിലാണുണ്ടായിട്ടുള്ളതെന്നു ഊഹിക്കാം. ഉജ്ജയിനിയും പരിസരപ്രദേശങ്ങളുമാകുന്നു മൃച്ഛകടികത്തിലെ രംഗങ്ങൾ. അതിലെ കഥാനായകൻ ഔദാര്യമൂൎത്തിയായ ചാരുദത്തനാകുന്നു. സമ്പന്നനായ വണിക്കായിരുന്നു അദ്ദേഹമെങ്കിലും, കാലവൈപരീത്യത്താൽ നിൎദ്ധനനായിത്തീൎന്ന കാലത്താണു വസന്തസേന എന്ന ഗണികാംഗനയ്ക്കു ആ മഹാത്മാവിൽ പ്രേമമുണ്ടായതു്. അവൾ അദ്ദേഹത്തിന്റെ ധനത്തെയല്ല ഗുണത്തെയാണു വലിയ കാര്യമായി കരുതിയതു്. ഒടുവിൽ ചാരുദത്തൻ ആ മനസ്വിനിയെ വിവാഹം ചെയ്യുന്നു. രാജസ്യാലന്റെ കഥയില്ലായ്മ തുടങ്ങിയ ഒട്ടനേകം വിനോദ ചിത്രങ്ങൾ നമുക്കു ഈ നാടകത്തിൽ കാണാൻ കഴിയും.

<u>ശ്രീഹർഷനും രത്നാവലിയും</u>—കാന്യകുബ്ജരാജാവായ ഹർഷവർദ്ധനനെപ്പററി ഇതിനു മുമ്പൊരിടത്തു പ്രസ്താ

വിക്കയുണ്ടായിട്ടുണ്ടല്ലൊ. അദ്ദേഹമാണ ശ്രീഹഷൻ. ഈ രാജാവു രണ്ടു നാടകങ്ങൾ എഴുതിയിട്ടുള്ളവയിൽ ഒന്നാകുന്ന രത്നാവലി. കാളിദാസൻെറ മാളവികാഗ്നിമിത്രം പോലെ രത്നാവലിയും രാജകീയാനുഭവങ്ങളുടെ ഒരു സുന്ദര ചിത്രമാകുന്നു. വത്സരാജാവായ ഉദയനൻെറയും, അദ്ദേഹത്തിൻെറ പട്ടമഹിഷിയായ വാസവദത്തയുടെ പരിചാരികയായ സാഗരികയുടേയും പ്രേമമാകുന്ന രത്നാവലിയിലെ കഥാതന്തു. കപ്പൽച്ഛേതം നിമിത്തം കടലിൽ അകപ്പെട്ട സിലോൺ രാജകുമാരി, ദൈവഗത്യാരക്ഷപെട്ടു വത്സരാജ്യത്തുവന്നു രാജ്ഞിയുടെ പരിചാരികയായി ജീവിക്കുന്നു. അവളുടെ യഥാർത്ഥനാമധേയം രത്നാവലി എന്നാണ്. ചില പ്രതിബന്ധങ്ങൾ ഉണ്ടാകാതിരുന്നില്ലെങ്കിലും ഉദയനൻ രത്നാവലിയെ വിവാഹം ചെയ്തു. വാസവദത്തയുടെ പേരിൽ ഉദയനനുള്ള പ്രേമത്തിൻെറ മറെറാരു രൂപാന്തരമായിട്ടാണ് വിമർശകലോകം ഈ വിവാഹത്തെ പരിഗണിക്കുന്നതു്. കവിതാഭംഗികൊണ്ടും കഥാപാത്രരൂപീകരണത്തിലുള്ള ഔചിത്യവിശേഷം കൊണ്ടും രത്നാവലി, നാടകസാഹിത്യത്തിൽ മുന്നണിയിൽ നിൽക്കുന്നു. പാർവ്വതീപരിണയവും ഹഷപ്രണീതമെന്നു പറയുന്നു. ചിലരുടെ അഭിപ്രായം ഈ രണ്ടു നാടകങ്ങളുടെയും യഥാർത്ഥ കർത്താവു ബാണഭട്ടനാണെന്നുള്ളതത്രെ.

നാഗാനന്ദം—ബുദ്ധമതത്തിലെ അഹിംസാ തത്വത്തെ പുരസ്കരിച്ചു വിരചിതമായിട്ടുള്ള മറെറാരു നാടകഗ്രന്ഥമാകുന്നു നാഗാനന്ദം. ഇതിൻെറ കർത്താവും ശ്രീഹഷനാ

കുന്നു. വികാരവിചീവിക്ഷുബ്ധമായ ഒരിതിവൃത്തത്തിന്മേലാണു നാഗാനന്ദം കെട്ടിപ്പടുത്തിരിക്കുന്നതു്. ശ്രീഹർഷന്റെ രാജധാനിയിലെ കവികളിൽ ഒരാളായ ധാവകനായിരിക്കണം നാഗാനന്ദത്തിന്റെ യഥാർത്ഥപ്രണേതാവു്.

ഭവഭൂതി—ക്രിസ്ത്വാബ്ദം എട്ടാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന നാടകകർത്താക്കളിൽ മുഖ്യനാകുന്നു ഭവഭൂതി. ഉജ്ജയിനിയുമായി ചിരപരിചിതനും വിദർഭരാജ്യനിവാസിയുമായ ഒരു ബ്രാഹ്മണനാകുന്നു വശ്യവചസ്സായ ഇദ്ദേഹം. പക്ഷെ, ജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം നയിച്ചതു കാന്യകുബ്ജരാജാവായ യശോവർമ്മന്റെ രക്ഷാധികാരത്തിലായിരുന്നു. കാവ്യഗുണസമ്പൂർണ്ണങ്ങളാണു് അദ്ദേഹം രചിച്ചിട്ടുള്ള മൂന്നുനാടകങ്ങളും. അതീതശതാബ്ദങ്ങളിലുണ്ടായിട്ടുള്ള നാടകങ്ങളേയും കവികളേയും അപേക്ഷിച്ചു ഭവഭൂതിയും, തൽകൃതികളും വിഭിന്നങ്ങളാകുന്നു. മാധവ്യനെക്കൂടാതെയും, വിനോദരസത്തിനു പ്രവേശനം നൽകാതെയുമാണു് ഭവഭൂതി, നാടകങ്ങൾ എഴുതിയിട്ടുള്ളതു്. പ്രകൃതിയുടെ ബാഹ്യഭാവങ്ങളിലല്ല, ആഭ്യന്തരദൃശ്യങ്ങളിലാണു്, പുഞ്ചിരിയിലല്ല, തപ്തബാഷ്പത്തിലാണു് ഭവഭൂതിയുടെ നേത്രങ്ങൾ പതിഞ്ഞിട്ടുള്ളതു്. സദാചാരപരവും, നൈതികവുമായ ഒരു ലക്ഷ്യത്തെ പുരസ്കരിച്ചുകൊണ്ടു അദ്ദേഹം കഥാപൂർത്തിവരുത്തിയിരിക്കുന്ന വെന്നുകാണാം.

മാലതീമാധവം—ഭവഭൂതിയുടെ നാടകങ്ങളിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു മാലതീമാധവമാകുന്നു. നാട

കരംഗം ഉജ്ജയിനിയാണ്. ഉജ്ജയിനിയിലെ മന്ത്രിയുടെ പുത്രി മാലതിയും, പ്രസ്തുതനഗരത്തിൽ ഉപരിവിദ്യാഭ്യാസംചെയ്തു താമസിക്കുന്ന മാധവനും തമ്മിലുള്ള പ്രണയത്തെ അടിസ്ഥാനപ്പെടുത്തിയാണു ഈ നാടകം വിരചിക്കപ്പെട്ടിട്ടുള്ളതു്. മാലതീമാധവന്മാർ പ്രഥമദർശനത്തിൽത്തന്നെ പ്രേമബദ്ധരായിത്തീരുന്നു. രാജാവിൻെറ വിചാരം, താനുദ്ദേശിച്ചു വച്ചിട്ടുള്ള പുരുഷനെ മന്ത്രിപുത്രി വിവാഹംചെയ്യാൻ സമ്മതിക്കാതിരിക്കയില്ലെന്നാണ്. മാലതിയ്ക്കാകട്ടെ, ആ ആളിൽ പ്രേമലേശംപോലും ഇല്ലതാനും. ശുഭപര്യവസായിയായ ഒരു ചെറുകഥയാകുന്നു ഇതിലെ ഇതിവൃത്തം.

മഹാവീരചരിതവും ഉത്തരരാമചരിതവും—ഭവഭൂതി മഹാകവിയുടെ മററു രണ്ടു നാടകങ്ങളാണ് മഹാവീരചരിതവും ഉത്തരരാമചരിതവും. ഗ്രന്ഥങ്ങളുടെ പേർകൊണ്ടു തന്നെ ഇവരണ്ടും ശ്രീരാമനെ വിഷയമാക്കിക്കൊണ്ടുള്ളവയെന്നു ഏറെക്കുറെ മനസ്സിലാക്കാം. രാമായണ കഥയെ അല്പം ഭേദഗതിയോടുകൂടിയാണ് മഹാവീരചരിതത്തിൽ, തൽക്കർത്താവു അംഗീകരിച്ചിട്ടുള്ളതു്. ശ്രീരാമപട്ടാഭിഷേകം ഏതാദൃശവ്യത്യാസങ്ങളിൽ ഒന്നാകുന്നു. രാവണവധം കഴിഞ്ഞു് അയോദ്ധ്യയിൽ തിരിച്ചെഴുന്നള്ളിയ രാമമഹാരാജാവിൻെറ അനന്തരജീവിതമാകുന്നു ഉത്തരരാമചരിതത്തിലെ ഇതിവൃത്തം. അതിൽ അനേകം രസസമ്പൂർണ്ണങ്ങളായ പദ്യങ്ങൾ അടങ്ങിയിട്ടുണ്ടു്. സാധാരണ നാടകങ്ങളിൽ നിന്നു ഇതിനുള്ള വ്യത്യാസങ്ങളിൽ ഒന്നു പദ്യങ്ങളുടെ ബഹുലതയാകുന്നു. ഭാരതീയ നാടകങ്ങൾക്കു

സപ്നം കാണുവാൻ പോലും സാധിക്കാത്ത ചില ആശയങ്ങൾ ഉത്തരരാമചരിതത്തിലുണ്ട്. സീതാപരിത്യാഗംകൊണ്ടു നാടകകഥ ആരംഭിക്കുന്നു; പുനസ്സമ്മിളനത്തോടുകൂടി അതു അവസാനിക്കയും ചെയ്യുന്നു. സീത അയോദ്ധ്യയിലില്ലാത്ത ആ പന്ത്രണ്ടുകൊല്ലക്കാലവും അവിടം നിർജ്ജീവവും, സംഭവബഹുലമെങ്കിലും പ്രശാന്തവുമായിരുന്നു.

വിശാഖദത്തനും മുദ്രാരാക്ഷസവും—ക്രി. പി. ൮-ാം ശതകത്തിൽ ആവിർഭവിച്ചിട്ടുള്ളതെന്നു വിശ്വസിക്കപ്പെട്ടുന്ന മുദ്രാരാക്ഷസം, നാടകസാഹിത്യചരിത്രത്തിൽ സവിശേഷം പ്രസ്താവാർഹമായ ഒന്നാകുന്നു, അതിലെ ഇതിവൃത്തമാണ് മററു നാടകങ്ങളിൽ നിന്നു അതിനെ വേർതിരിച്ചുനിറുത്തുന്നതു്. രാഷ്ട്രീയജിവിതം, കർമ്മം ശ്രദ്ധ എന്നിവകൊണ്ടു മുദ്രാരാക്ഷസം പൂർണ്ണമായിരിക്കുന്നു. അതിൽ, തൽക്കർത്താവായ വിശാഖദത്തൻ, ശൃംഗാരരസത്തിന്നു പ്രവേശനമേ അനുവദിച്ചിട്ടില്ല. ക്രി. മു. ൩൨൧-ൽ ചന്ദ്രഗുപ്തനാൽ ബഹിഷ്കരിക്കപ്പെട്ട നന്ദരാജാക്കന്മാരുടെ—നവനന്ദന്മാരുടെ—സചിവനാണല്ലൊ രാക്ഷസൻ. ആ അമാത്യപ്രധാനിയെ ജയിക്കുന്നതിനു വേണ്ടി ചന്ദ്രഗുപ്തൻെറ മന്ത്രിയായ ചാണക്യബ്രാഹ്മണൻ പ്രയോഗിക്കുന്ന തന്ത്രങ്ങളാണ് മുദ്രാരാക്ഷസത്തിലെ പ്രധാന ഇതിവൃത്തം.

ഭട്ടനാരായണനും വേണീസംഹാരവും—ക്രി. പി. ൮-ാം ശതകം മുതൽ ൧൧-ാം ശതകംവരെ ഏറെക്കുറെ വ്യ

നാടകങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. അവയിൽ വേണീസംഹാരമാകുന്ന മുന്നണിയിൽ നിൽക്കുന്നതു്. ദുശ്ശാസനനാൽ സഭാമദ്ധ്യത്തിൽ വച്ചു് അവമാനിതയായ പാഞ്ചാലിയുടെ ദയനീയാവസ്ഥയെ മുൻനിറുത്തി മഹാഭാരതത്തിൽ നിന്നും ഇതിവൃത്തംഎടുത്തു് ഭട്ടനാരായണൻ വിരചിച്ചിട്ടുള്ളതാണു പ്രസ്തുതനാടകം. ഈ നാടകത്തിനു ഇന്ത്യയിലുള്ള പ്രചാരം ആലോചിച്ചു നോക്കുന്നപക്ഷം, വൈഷ്ണവജനതയുടെ മതാഭിനിവേശമാണു നമ്മുടെ കൺമുമ്പിൽ പ്രത്യക്ഷമാകുക. സാഹിത്യഗുണംകൊണ്ടു വേണീസംഹാരത്തെ താഴ്ത്തിവക്കുന്ന അനേകം നാടകങ്ങൾ വേറെയുണ്ടെങ്കിലും അവയ്ക്കൊന്നും ഇത്രമാത്രം പ്രചാരം സിദ്ധിക്കയുണ്ടായിട്ടില്ല. ക്രി. പി. ൻ-ാം ശതകത്തിൻെറ പ്രാരംഭത്തിലായിരിക്കണം വേണീസംഹാരം എഴുതപ്പെട്ടിട്ടുള്ളതു്.

രാജശേഖരകവിരാജൻ—ശബ്ദങ്ങളുടെ അനിർഗ്ഗള പ്രവാഹം, പ്രസാദഗുണം, രചനാഭംഗി, വൃത്തപ്രയോഗചാതുര്യം എന്നിവയാകുന്നു, ക്രിസ്താബ്ദം ൻ-ാം ശതകത്തിൽ ജീവിച്ചിരുന്ന രാജശേഖരകവിരാജൻെറ കാവ്യങ്ങൾക്കുള്ള മേന്മകൾ. നാടകകലയിൽ അദ്ദേഹത്തിനു പാടവം നന്നെ കുറവായിരുന്നതുകൊണ്ടു് അദ്ദേഹം എഴുതിയിട്ടുള്ള നാടകങ്ങൾക്കു്, അവ, എത്രതന്നെ കാവ്യഗുണമുള്ളവയായിരുന്നിട്ടും, പൊതുജനങ്ങളുടെ ഇടയിൽ പ്രചാരം സിദ്ധിക്കയുണ്ടായില്ല. മൗലികത്വം ഇല്ലെന്നിരുന്നാലും രാജശേഖരൻെറ നാടകങ്ങൾ കാളിദാസൻ, ഭവഭൂതി, ശ്രീഹർഷൻ എന്നിവരുടെ നാടകങ്ങളെ അനുകരിക്കുന്നവയും

കുന്നു. ഹൎഷന്റെ രത്നാവലിയ്ക്കും രാജശേഖരന്റെ വിദ്ധസാലഭഞ്ജികക്കും തമ്മിൽ പലഭാഗംകൊണ്ടും സാമ്യമുണ്ടു്. സീതാവിവാഹം മുതൽ ലങ്കയിൽനിന്നു രാമൻ അയോദ്ധ്യയിൽ മടങ്ങി എത്തുന്നതുവരെയുള്ള രാമായണ കഥയാണു് രാജശേഖരന്റെ ബാലരാമായണത്തിൽ നാം കാണുന്നതു്. അതുപോലെ തന്നെ മഹാഭാരത കഥയെ അടിസ്ഥാനമാക്കി, പാഞ്ചാലീസ്വയംവരം മുതൽ പാണ്ഡവന്മാർ വനത്തിലേക്കു യാത്രയാകുന്നതു വരെയുള്ള ഭാഗം ഈ കവി നാടകമായി രചിച്ചു് ബാലഭാരതം എന്നു് അതിനു പേർ നൽകുകയും ചെയ്തിരിക്കുന്നു.

ക്ഷേമേശ്വരനും ചണ്ഡകൗശികവും—കാന്യകുബ്ജത്തെ പത്താം ശതകത്തിൽ ഭരിച്ചിരുന്ന "മഹീപാല"മഹാരാജാവിന്റെ ആശ്രിതനായി ജീവിച്ചു എന്നു വിശ്വസിക്കപ്പെടുന്ന ക്ഷേമേശ്വരനാണു് ചണ്ഡകൗശികം എന്ന നാടകത്തിന്റെ കൎത്താവു്.

ദാമോദരമിശ്രനും ഹനുമാൻ നാടകവും—വാനരമുഖ്യനായ ഹനുമാൻ ശ്രീരാമനുവേണ്ടി ചെയ്തിട്ടുള്ള യത്നങ്ങളെ ഇതിവൃത്തമാക്കി എഴുതപ്പെട്ടിട്ടുള്ള നാടകത്തിനു ഹനുമാൻ നാടകം എന്നുപേർ. അതിന്റെ കൎത്താവായ ദാമോദരമിശ്രൻ ൧൧-ാം ശതകത്തിന്റെ പ്രാരംഭത്തിൽ, ധാരാനഗരത്തിലും ഉജ്ജയിനിയിലും വാണരുളിയ മാളവരാജാവിന്റെ സദസ്സിലെ ഒരംഗമായിരുന്നു എന്നു് ഐതിഹ്യമുണ്ടു്.

കൃഷ്ണമിശ്രനും പ്രബോധചന്ദ്രോദയവും—ക്രി. പി ൧൧-ാം ശതകത്തിൽ ജീവിച്ചിരുന്ന കൃഷ്ണമിശ്രകവിയാകുന്നു സംസ്കൃത സാഹിത്യ പ്രണയികളുടെയെല്ലാം സവിശേഷശ്രദ്ധയെ സമാകർഷിച്ചിട്ടുള്ള പ്രബോധചന്ദ്രോദയ നാടകത്തിന്റെ പ്രണേതാവ്. വൈദികവും താത്വികവുമായ ഇതിവൃത്തത്തെ നാടകത്തിൽ ബന്ധിച്ചു ഓരോ ദിവ്യവസ്തുക്കൾക്കും മനുഷ്യധർമ്മം ആരോപിച്ചു കവിതാചാതുര്യം മുൻനിർത്തി രചിച്ചിട്ടുള്ള പ്രസ്തുതനാടകം, വൈഷ്ണവബ്രാഹ്മണരുടെ ഗൗരവത്തെ പുലർത്തുന്നതിനു് ഏററവും പ്രയോജകീഭവിച്ചിട്ടുണ്ടു്.

---

# അദ്ധ്യായം VI

## പലവക സാഹിത്യകൃതികൾ.

### കല്പിത കഥകൾ.

യക്ഷികഥകൾ—ഒരു ചെറിയ കഥയിൽ അനേകം ഉപകഥകൾ സന്ദർഭാനുസാരം ചേർത്തു സദാചാരപരമായും, ജ്ഞാനാഭിവൃദ്ധിക്കു പററിയ നിലയിലും രചിക്കുന്ന കഥകൾ ഭാരതീയ സാഹിത്യത്തിൽ അനേകമാകുന്നു. ആവർത്തനം എന്നൊരു ദോഷം പൊതുവെ ഇത്തരം കഥകൾ

ക്കെല്ലാം ബാധിച്ചിട്ടുണ്ട്. ഇന്ത്യാക്കാരിൽ നിന്ന പേഷ്യാക്കാരും, അറബികളും ഏതാദൃശ കഥാരചന കണ്ടും കേട്ടും മനസ്സിലാക്കിയതിൻെറ ഫലമാണ് അറബിക്കഥതരം തുടങ്ങിയവ.

പഞ്ചതന്ത്രം:—മൃഗങ്ങളിലും പക്ഷികളിലും മനുഷ്യധൎമ്മം ആരോപിച്ചു രചിച്ചിട്ടുള്ള കഥകളിൽ പഞ്ചതന്ത്രം മുന്നണിയിൽ നിൽക്കുന്നു. അഞ്ചുതന്ത്രങ്ങളാണ് ഇതിൽ അടങ്ങിയിട്ടുള്ളതെന്ന ഗ്രന്ഥസംജ്ഞകൊണ്ടു തന്നെ വെളിവാകുന്നുണ്ടല്ലൊ. പഞ്ചതന്ത്രത്തിൽ ഇടക്കിടയ്ക്കു പദ്യങ്ങളും ഗദ്യങ്ങളും കാണാം. അനേകം പക്ഷികളുടേയും മൃഗങ്ങളുടേയും കഥകൾ അടങ്ങിയ പഞ്ചതന്ത്രം ഒരു ഗ്രന്ഥത്തിൻെറ നിലയിൽ ഏകീഭവിപ്പിച്ചതു് ഏതുകാലത്താണെന്ന തിട്ടമായി പറയുവാൻ നിവൃത്തിയില്ല. പക്ഷെ, ഒരു കാൎയ്യം തീൎച്ചയാണ്. ക്രി. പി. ൫൩൧–നു ഇപ്പുറമല്ല പഞ്ചതന്ത്രം ഗ്രന്ഥരൂപമായിത്തീൎന്നിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ ഇക്കാലത്താണു പേഷ്യാരാജാവായ കൊസ്രു അനുഷിർവാൻ, പെഹ്ലവിഭാഷയിലേയ്ക്കു പഞ്ചതന്ത്രം തൎജ്ജിമ ചെയ്യിച്ചതു്. ചതുരംഗവിദ്യ ഇന്ത്യയിൽനിന്നു പേർഷ്യാക്കാർ ഗ്രഹിച്ചതും ഇക്കാലത്തുതന്നെയാണ്. ചിലരുടെ അഭിപ്രായം പഞ്ചതന്ത്രം കാഷ്മീരിൽ വച്ചാണ് എഴുതപ്പെട്ടതെന്നും അതിൻെറ കൎത്താവ് വിഷ്ണുശൎമ്മ എന്ന പേരായ ബ്രാഹ്മണനാണെന്നും, ശൎമ്മയുടെ ജീവിതകാലം ക്രി. മു. ൨–ാം ശതകത്തിലായിരുന്നുവെന്നും ആകുന്നു. ദക്ഷിണേന്ത്യയിലും ഉത്തരേന്ത്യയിലും പ്രചരിച്ചിരുന്ന പഞ്ചതന്ത്രങ്ങളിൽ ആദ്യത്തേതു

വളരെ ചെറുതും രണ്ടാമത്തേതു വളരെ വലുതുമാണു്. ഇവരണ്ടിലും പെടാത്ത ചില പഞ്ചതന്ത്രകഥകൾ ബുദ്ധമതഗ്രന്ഥങ്ങളിലും സ്ഥലംപിടിച്ചു കാണുന്നു. ജാതകകഥകൾ എന്നുപറയുന്നതു് ഇത്തരം കഥകളെയാകുന്നു. ക്രി. മു. ൪-ാം ശതകത്തിലാണു ജാതകകഥകൾ സമാഹരിച്ചിട്ടുള്ളതു്. പക്ഷെ ഇന്നു നാം കണുന്ന സൂട്ടപിടികയുടെ സ്ഥാനത്തു് അതു് എത്തിയിരുന്നില്ല. ൫-ാം ശതകത്തിലാണു് അതു് അത്തരത്തിലായിത്തീൎന്നതു്. ബുദ്ധമതസംബന്ധങ്ങളായ പല കഥകളും പഞ്ചതന്ത്രത്തിൽ കടന്നുകൂടിയതു കൊണ്ടാണു് ആ മതത്തിനു കൂടുതൽ പ്രചാരം സിദ്ധിച്ചിരുന്ന ഉത്തരേന്ത്യയിലെ പഞ്ചതന്ത്രം വലുതാകുവാനുള്ള കാരണം. തെക്കേഇന്ത്യയിൽ പ്രചരിച്ച പഞ്ചതന്ത്രമാകട്ടെ, ബ്രാഹ്മണരചിതമാകുന്നു. അതുകൊണ്ടു് അതിൽ ബുദ്ധമത ഗ്രന്ഥങ്ങളെ ആശ്രയിച്ചിട്ടുള്ള കഥകൾക്കു പ്രവേശിക്കാൻ കഴിഞ്ഞില്ല. ഉത്തരേന്ത്യയിലെ പഞ്ചതന്ത്രത്തെ, ജൈനമത സംബന്ധങ്ങളായ കഥകളും പൂൎവ്വാധികം വലുതാക്കിത്തീൎത്തു. ഇതു ക്രി. പി. ൻ൫ാ-നും ൧൨൦൦-നും ഇടയ്ക്കാണെന്നു കാണാം. ആദ്യത്തെ പഞ്ചതന്ത്രവും അഞ്ചുതന്ത്രങ്ങളുടെ സമാഹാരം തന്നെയായിരുന്നു. പക്ഷെ അതിനു ഓരോന്നിനും ഇന്നു കാണുന്ന സംജ്ഞകളല്ല പണ്ടുണ്ടായിരുന്നതു്.

പക്ഷിമൃഗാദിജന്തുക്കളിൽ മാനുഷികങ്ങളായ എല്ലാ വികാരങ്ങളേയും പ്രദൎശിപ്പിച്ചു വായനക്കാരെ രസിപ്പിക്കയും ജ്ഞാനികളാക്കിത്തീൎക്കുകയുമാണു് പഞ്ചതന്ത്രം ചെയ്യുന്നതു്. മൃഗങ്ങൾ വേദാദ്ധ്യയനം ചെയ്യുന്നതും, മത

നിബന്ധനകൾ അനുഷ്ഠിക്കുന്നതും നമുക്കു അതിൽ കാണാം; ചില മൃഗങ്ങൾ ദൈവങ്ങളും, മററു ചിലതു മഹർഷിമാരും, വേറെ ചിലതു അതിപരാക്രമികളായ നേതാക്കളുമാകുന്നു. അവ, മനുഷ്യരേപ്പോലെതന്നെ ഇതിഹാസപുരാണങ്ങൾ പ്രസംഗിക്കുന്നു; അവയെ സന്ദർഭാനുസാരം ഉദ്ധരിച്ചു സ്വാഭിപ്രായസമർത്ഥനം ചെയ്യുന്നു. സ്ത്രീകളുടെ വിശ്വാസ്യത, ബ്രാഹ്മണരുടെ കുലീനത, മന്ത്രിമാരുടെ കർത്തവ്യാകർത്തവ്യങ്ങൾ, പ്രജകളുടെ വിനയാദിഗുണങ്ങൾ എന്നിവയെല്ലാം മൃഗങ്ങളിൽ ആരോപിക്കപ്പെട്ടിട്ടുണ്ടു്. ഭാരതീയസാഹിത്യശാഖയിൽ അഭിനവവും ഉജ്ജ്വലവുമായ ഒരു പ്രസ്ഥാനമാണു് പഞ്ചതന്ത്രമെന്നു നിർവ്വിവാദം പറയാം.

സാഹിത്യത്തിന്റെ പ്രയോജനം മനുഷ്യരുടെ ഇടയിൽ ദ്രുതവ്യാപ്തിയാണെങ്കിൽ ആ ഒരു ഗുണം പഞ്ചതന്ത്രത്തെപ്പോലെ മറെറാരു ഗ്രന്ഥത്തിനും ലഭിച്ചിട്ടില്ല. മദ്ധ്യകാലയൂറോപ്പു പഞ്ചതന്ത്രത്തെപ്പററി അറിഞ്ഞതു് അറബിഭാഷയിൽ നിന്നു യൈറോപ്യഭാഷയിലേക്കു അതു പരാവർത്തനം ചെയ്തപ്പോളാകുന്നു. പഞ്ചതന്ത്രകഥകൾ അക്കാലം മുതൽ പാശ്ചാത്യ കഥകളിൽ സമുജ്ജ്വലശോഭയോടുകൂടി വിഹരിക്കുവാനും തുടങ്ങി.

<u>ഹിതോപദേശം</u>—പഞ്ചതന്ത്രം പോലെതന്നെ ഇന്ത്യയിലെ സുപ്രസിദ്ധഗ്രന്ഥങ്ങളിൽ ഒന്നായിട്ടാണു് ഹിതോപദേശത്തെ പരിഗണിച്ചിട്ടുള്ളതു്. ഇംഗ്ലണ്ടിൽ സംസ്കൃതാദ്ധ്യയനം ചെയ്യുന്ന വിദ്യാർത്ഥികൾ പ്രഥമപാഠമായി അംഗീകരിക്കുന്നതു ഹിതോപദേശമാകുന്നു. ഹ

തോപദേശത്തിന് മാൎഗ്ഗദൎശി പഞ്ചതന്ത്രമാണ്. ൪൩ കഥകൾ അടങ്ങിയ ഹിതോപദേശത്തിലെ ഇരുപത്തഞ്ചുകഥകളും പഞ്ചതന്ത്രപ്രതിപാദകങ്ങളാകുന്നു. ഹിതോപദേശത്തെ നാലുഭാഗമാക്കി വേർതിരിച്ചിരിക്കുന്നു. പഞ്ചതന്ത്രത്തിലെ ഗദ്യപദ്യശൈലികളിൽനിന്നു തുലോം പരിഷ്കൃതങ്ങളാണ് ഹിതോപദേശശൈലികൾ. അതിനു നൽകിയിട്ടുള്ള ഹിതോപദേശസംജ്ഞ ഏററവും അന്വൎത്ഥകമായ ഒന്നാകുന്നു. അഞ്ചുനൂററാണ്ടുകളിലധികം ഈ ഗ്രന്ഥത്തിനു പഴക്കമില്ല എന്നാണ് പൊതുവെ പറയാവുന്നതു്. നീതിശാസ്ത്രഗ്രന്ഥങ്ങളുടെ കൂട്ടത്തിലാണ് ഹിതോപദേശത്തെയും പഞ്ചതന്ത്രത്തെയും ഗണിക്കേണ്ടതെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

<u>വേതാളപഞ്ചവിംശതി</u>—ഒരു മൃതശരീരത്തിൽ വേതാളം പ്രവേശിച്ച് ഉജ്ജയിനിയിലെ രാജാവായ വിക്രമാദിത്യനോടു പറയുന്ന ഇരുപത്തഞ്ചു സുന്ദരകഥകളുടെ ഒരു സമാഹാരമാകുന്നു വേതാളപഞ്ചവിംശതി. വിക്രമനും വേതാളവും എന്ന പേരിൽ(Vikrama and Vampire) ഈ കഥകൾ ആംഗ്ളേയൎക്കു സുപരിചിതങ്ങളാണ്.

<u>സിംഹാസനദ്വാത്രിംശിക</u>—സിംഹാസനം വിക്രമാദിത്യരാജാവിനോടു പറയുന്ന ൩൨ കഥകളടങ്ങിയ ഒരു ഗ്രന്ഥമാകുന്നു സിംഹാസനദ്വാത്രിംശിക. ഈ രണ്ടു കഥാഗ്രന്ഥങ്ങളും ബുദ്ധമതസംബന്ധങ്ങളാകുന്നു.

<u>ശുകസപ്തതി</u>—വേതാളപഞ്ചവിംശതിയേയും സിംഹാസനദ്വാത്രിംശികയേയും പോലെ ശുകസപ്തതിയും കഥാ

ഗ്രന്ഥമാകുന്നു. ഭർത്താവു് വിദേശവാസം ചെയ്യുന്നകാലത്തു് ഭാര്യയെ സമാശ്വസിപ്പിക്കാനും ആനന്ദിപ്പിക്കുവാനും വേണ്ടി ഒരു ശുകം പറയുന്ന എഴുപതു കഥകളാണു് ഇതിൽ അടങ്ങിയിരിക്കുന്നതു്.

കഥാസരിൽസാഗരം—മുൻപറഞ്ഞ ൨ കഥകളും ഗദ്യത്തിൽ എഴുതപ്പെട്ടവയും സാമാന്യേന ചെറുതും ആകുന്നു. കഥാസരിൽസാഗരം അനേകം കഥാസരിത്തുകൾ ചെന്നു വീഴുന്ന ഒരു സാഗരം തന്നെയാണെങ്കിലും അതു മുഴുവൻ പദ്യങ്ങളാകുന്നു. ഏറക്കുറെ ഇരുപത്തിരായിരം ശ്ലോകങ്ങളാണു് അതിൽ അടങ്ങിയിരിക്കുന്നതു്. ക്രി. പി. ൧൦൭൦-ൽ ജീവിച്ചിരുന്ന കാഷ്മീർകവിയായ സോമദേവനാണു് കഥാസരിൽസാഗരത്തിന്റെ കർത്താവു്.

ബൃഹത്കഥാമഞ്ജരി—കഥാസരിൽസാഗരം പോലെയെങ്കിലും, അതിന്റെ മൂന്നിൽ ഒരു ഭാഗംമാത്രം വലുപ്പം വരുന്ന ഒരു ഗ്രന്ഥമാകുന്നു ബൃഹത്കഥാമഞ്ജരി. ക്ഷേമേന്ദ്രവ്യാസദാസൻ എന്ന പേരിൽ അറിയപ്പെടുന്ന ദേഹവും, സോമദേവന്റെ സമകാലീനനുമായ 'ദാസ' നാണു് ക്രി. പി. ൧൦൩൭-ൽ ഈ ഗ്രന്ഥം എഴുതിയിട്ടുള്ളതു്. സോമദേവനേപ്പോലെതന്നെ വ്യാസദാസനും സ്വതന്ത്രനാണു്. ബൃഹത്കഥാമഞ്ജരി രചിക്കുന്നതിനാവശ്യമായ വസ്തുക്കൾ പ്രാകൃതഭാഷകളിൽ നിന്നാണു് അദ്ദേഹത്തിനു ലഭിച്ചിട്ടുള്ളതു്.

### ശാസ്ത്രസംബന്ധികളായ കവിതകൾ.

പഞ്ചതന്ത്രം, ഹിതോപദേശം എന്നിങ്ങനെയുള്ള കഥകളിലേയ്ക്കു സംക്രമിപ്പിച്ചിട്ടുള്ള ആശയങ്ങൾ സംസ്കൃ

തസാഹിത്യത്തിൻെറ നാനാശാഖകളിൽനിന്ന സ്വീകൃതങ്ങളാകുന്നു. നിയമഗ്രന്ഥങ്ങളിലും, നാടകങ്ങളിലും, കാവ്യങ്ങളിലും, പുരാണങ്ങളിലും, ഹിന്ദുക്കളുടെ സദാചാരസർവ്വസ്വമെന്ന അപരാഭിധാനമുള്ള മഹാഭാരതത്തിലും നിന്നാണ് അത്തരം ആശയങ്ങൾ രൂപീകൃതങ്ങളായതു്.

നീതിശാസ്ത്രം—നീതിശാസ്ത്രസംബന്ധികളായ കവിതകൾ മാത്രം അടങ്ങിയ ഗ്രന്ഥങ്ങൾ രചിക്കുന്നതിലും ഭാരതീയകവികൾ ശ്രമിക്കാതിരുന്നിട്ടില്ല. അവരുടെ കൂട്ടത്തിൽ മുന്നണിയിൽ നില്ക്കുന്നതു ഭർത്തൃഹരിയാകുന്നു. അദ്ദേഹത്തിൻെറ നീതിശതകവും വൈരാഗ്യശതകവും നീതിശാസ്ത്രാപേക്ഷകങ്ങളാണ്. ഇത്തരത്തിലുള്ള കവിതകൾ എടുത്തു സംഗ്രഹിക്കുന്നതിൽ ൧൯-ാം ശതകം മുതൽക്കാണ് കവികൾ കൂടുതൽ ശ്രദ്ധ പതിക്കാൻ തുടങ്ങിയതു്. ഇക്കൂട്ടത്തിൽ സംസ്കൃതപാഠവും ജർമ്മൻവ്യാഖ്യാനവും അടങ്ങിയ "Indische Spruche" എന്ന ഗ്രന്ഥം സവിശേഷം പ്രസ്താവയോഗ്യമാകുന്നു. പ്രസ്തുതഗ്രന്ഥത്തിൽ ൮൦൦൦ സംസ്കൃതശ്ലോകങ്ങളാണ അടങ്ങിയിരിക്കുന്നതു്. സമാഹാരകർത്താവും വ്യാഖ്യാതാവുമായ Bohtlingk ൻെറ സമുചിതപ്രയത്നത്തെ തീർച്ചയായും അഭിനന്ദിക്കതന്നെ വേണം.

ധർമ്മശാസ്ത്രങ്ങളും, ആത്മവിദ്യയും, ആത്മാനാത്മവിവേകശാസ്ത്രവും, തർക്കശാസ്ത്രവും ഇന്ത്യൻ സാഹിത്യത്തിൽ സ്ഥലം പിടിച്ചിട്ടുണ്ടെങ്കിലും വ്യവസ്ഥിതമായ ദർശനശാസ്ത്രത്തിന അതിൽ സ്ഥാനം ഏതുമേതും ഇല്ലാ

യിരുന്നു. ശാസ്ത്രസിദ്ധാന്തങ്ങളിൽ തന്നെ പലതും, അവ ചാർവ്വാകങ്ങളാണെന്നുള്ള അഭിപ്രായത്തിൽ തിരസ്കൃതങ്ങളുമാകുന്നു. ശേഷിച്ചിട്ടുള്ളവയെ, അദ്വൈതം, ദ്വൈതം, താർക്കികം എന്നിങ്ങനെ മൂന്നായി തരം തിരിക്കയും ചെയ്തിട്ടുണ്ട്. ബ്രാഹ്മണ്യസംസ്ഥാപനത്തിന്നു പ്രയോജകീഭവിക്കാത്ത സിദ്ധാന്തങ്ങളെ യാഥാസ്ഥിതികഹിന്ദുക്കൾ കൈക്കൊള്ളുക പതിവില്ല. മതത്തിൽ ബ്രാഹ്മണാധിപത്യം വർദ്ധിച്ചതോടുകൂടി, അതു അതിന്നുള്ള സർവ്വശക്തിയോടും കൂടി ബ്രാഹ്മണ്യത്തെ എതിർക്കാൻ ആരംഭിച്ചു. മററൊരു രാജ്യത്തും ഉണ്ടായിട്ടില്ലാത്ത വിധം മതത്തിൻെറ ക്ഷോഭം ഇന്ത്യയിൽ വർദ്ധിച്ചു വശായി.

ഹിന്ദുസാധാരണങ്ങളായ പുനർജ്ജന്മവിശ്വാസവും, മോക്ഷബോധവും ജൈനമതവും ബുദ്ധമതവും അംഗീകരിച്ചിരുന്നു. ഈ രണ്ടു സിദ്ധാന്തങ്ങളും ൨൫൦൦ കൊല്ലത്തോളം ഇന്ത്യയിൽ പ്രാബല്യം വഹിച്ചവയാണ്. ഭൗതികവാദത്തിൻെറ പുറപ്പാടോടുകൂടി ഇവയ്ക്കു മ്ലാനത സംഭവിച്ചു. ചരാചരങ്ങൾക്കെല്ലാം അനശ്വരമായ ഒരാത്മാവുണ്ടെന്നും, അതു പരിണമിച്ചു കൊണ്ടുതന്നെ ഇരിക്കുന്നുവെന്നും ആര്യന്മാർ വേദകാലത്തിന്നു മുമ്പുതന്നെ വിശ്വസിക്കാൻ തുടങ്ങി. ആ വിശ്വാസത്തിന്നു കുറെക്കാലത്തേയ്ക്കു ഉപര്യുപരി പ്രാബല്യമേ ഉണ്ടായുള്ളു. സുകൃതമാത്രമായ ജീവിതത്തിന്നേ മുക്തിക്കർഹതയുള്ളുവെന്നും അവർ വിശ്വസിച്ചു. തൃഷ്ണയെ അങ്കുരിപ്പിക്കുന്ന അവിദ്യയാണു പുനർജ്ജന്മത്തിന്നു ഹേതുവെന്നു ഹിന്ദുക്കൾ തീർച്ചപ്പെടുത്തിയിരുന്നു. വിശ്വാസം കൊണ്ടല്ല വിജ്ഞാനം

കൊണ്ടേ അവിദ്യനശിക്കുകയുള്ളുവെന്നു പ്രകടം പ്രദശി പ്പിക്കുന്ന ശാസ്ത്രങ്ങളാകുന്നു ദശനങ്ങൾ.

വേദാന്തം.

ദശനത്തിലെ പ്രധാനസിദ്ധാന്തങ്ങളാകുന്നു വേദാന്തത്തിലെ പ്രതിപാദ്യവിഷയങ്ങൾ. ബ്രാഹ്മണമതത്തിന്, വേദാന്ത്യകാലം മുതൽ വേദാന്തമാണ് പ്രബലമായ ശാസ്ത്രത്തിൻെറ സ്ഥാനം കൈക്കൊണ്ടിരുന്നതു്. വേദാന്തപദത്തിനു പലരും പല വിധത്തിൽ അത്ഥം പറഞ്ഞു കാണുന്നുണ്ടെങ്കിലും, വേദത്തിൻെറ പ്രാപ്യസ്ഥാനം എന്നല്ലാതെ അതിനു മറെറാരുവിധമായ അത്ഥവും കല്പിക്കേണ്ടതില്ല. വേദത്തോട്ട് അത്രമാത്രം അനുബന്ധിച്ചും ഉപനിഷത്തുകളെ ശരിയായിവിമശിച്ചും കൊണ്ടാണ് വേദാന്തം തത്വമസി സിദ്ധാന്തം പുരസ്കരിച്ചു ലോകരംഗത്തിൽ പ്രത്യക്ഷമാകുന്നതു്. 'ഏകമേവാദ്വിതീയം പരബ്രഹ്മ'മെന്നതും വേദാന്തസിദ്ധാന്തമാണു്. ആ പരബ്രഹ്മത്തിൻെറ അംശമാണു മനുഷ്യൻെറ ആത്മാവെന്നു വേദന്തത്തിനു അഭിപ്രായമില്ല. അതുതന്നെയാണു് താദാത്മ്യഭാവന അവനിൽ കുടികൊള്ളുന്നതെന്നാത്രേ വേദാന്തം ഉദ്ഘോഷിക്കുന്നതു്. അവിദ്യകൊണ്ടു മായാബന്ധം ഉണ്ടാകുന്നു. വിജ്ഞാനംകൊണ്ടു മായാവരണം നീങ്ങിയാൽ ഈശ്വരസാക്ഷാൽക്കാരം സിദ്ധിക്കുന്നു. അപ്പോളാണു അവിദ്യയ്ക്കും പരബ്രഹ്മത്തിനും മദ്ധ്യസ്ഥമായ മുക്തി സിദ്ധിക്കുന്നതു്. മനുഷ്യൻെറ ജന്മോദ്ദേശവും

മുക്തിയാകുന്നു. വേദാന്തത്തിൽ വിദ്യയ്ക്കു പരാവിദ്യ എന്നും അപരാവിദ്യ എന്നും രണ്ടു വിഭാഗം ഉണ്ടു്. പരാവിദ്യ ബ്രഹ്മജ്ഞാനത്തിൻെറ പരമാവധിയും, അപരാവിദ്യ സംസാരബന്ധനാത്മികവും ആകുന്നു.

ബാദരായണാചാര്യരും ശങ്കരാചാര്യരും —ബാദരായണ വിരചിതമായ ബ്രഹ്മസൂത്രഭാഷ്യത്തിൽ വേദാന്തതത്വങ്ങൾ അടങ്ങിയിരിക്കുന്നു. ക്രി. പി. ൮൦൰-ൽ ജീവിച്ചിരുന്ന ശങ്കരാചാര്യർ ബാദരായണഭാഷ്യത്തെ വിമർശിച്ചിട്ടുണ്ടു്. ശങ്കരാചാര്യരുടെ പവിത്രനാമധേയം ബ്രാഹ്മണമതത്തെ പുനഃപ്രതിഷ്ഠ ചെയ്യുന്നതിലും, ബുദ്ധമതത്തെ ഇന്ത്യയിൽനിന്നു ബഹിഷ്ക്കരിക്കുന്നതിലുമാണു് അറിയപ്പെടുന്നതു്. മായാസ്വരൂപത്തെപ്പററി ആചാര്യന്മാർ എഴുതിയിട്ടുള്ള വിവരണങ്ങൾ പ്രഖ്യാതങ്ങളും അനിഷേധ്യങ്ങളുമാകുന്നു. 'ശങ്കരഃ ശങ്കരഃ സാക്ഷാൽ' എന്ന തത്വത്തിൽ ഇന്ത്യാക്കാർക്കുള്ള വിശ്വാസം അഭംഗുരമായിരുന്നു.

രാമാനുജാചാര്യർ—൧൧-ാം ശതകത്തിൽ ജീവിച്ചിരുന്നു എന്നു് വിശ്വസിക്കപ്പെടുന്ന രാമാനുജാചാര്യരാണു് ബ്രഹ്മസൂത്രത്തിനു വ്യാഖ്യാനം എഴുതിയിട്ടുള്ളവരിൽ ഒട്ടു വിലപ്പെട്ട ആൾ. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ മനുഷ്യാത്മാവിനു പരബ്രഹ്മവുമായി താദാത്മ്യമില്ല. അജ്ഞാനംകൊണ്ടല്ല അവിശ്വാസംകൊണ്ടാണു് മനുഷ്യർ കഷ്ടപ്പെടുന്നതെന്നും, ജ്ഞാനമല്ല ഭക്തിയാണു് സായൂജ്യത്തിനുള്ള ഉത്തമമാർഗ്ഗമെന്നും അദ്ദേഹം ഉദ്ഘോഷിക്കുന്നു.

സദാനന്ദയോഗീന്ദ്രൻ:—ഇദ്ദേഹം ഏതുകാലത്താണു ജീവിച്ചിരുന്നതെന്നു പറയുവാൻ നിവൃത്തിയില്ല. വേദാന്തസിദ്ധാന്തങ്ങളുടെ കമനീയമായ ഒരു സംഗ്രഹമാണ് അദ്ദേഹം രചിച്ചിട്ടുള്ള "വേദാന്തസാരം."

മീമാംസ—ബ്രാഹ്മണങ്ങളിലും യാഗാദികർമ്മപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങളിലും കാണുന്നതുപോലെ, വൈദികമതത്തിന്റെ പ്രായോഗിക പദ്ധതികളും വേദാന്തനിരീക്ഷണവുമാണ് മീമാംസയിലെ പ്രതിപാദ്യവിഷയങ്ങൾ. വേദോക്തകർമ്മങ്ങൾ ശരിയായി അനുഷ്ഠിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്താണെന്നും എത്രത്തോളമാണെന്നും അതിൽ പ്രതിപാദിച്ചിട്ടുണ്ട്. വേദം അനശ്വരമെന്നാണു മീമാംസ വിശ്വസിക്കുന്നത്. ദർശനവുമായി മീമാംസയ്ക്കു ബന്ധമോ സാജാത്യമോ ഇല്ല. അതിലെ സിദ്ധാന്തങ്ങൾ കർമ്മ മീമാംസാസൂത്രത്തിൽ ജൈമിനി രൂപവൽക്കരിച്ചിരിക്കുന്നു.

ജൈമിനിയുടെ കർമ്മമീമാംസാസൂത്രം അതിവിശിഷ്ടമായ ഒരു ഗ്രന്ഥമെന്നു വിശ്വസിക്കുന്നവർ ഇന്ത്യയിൽ അനേകമുണ്ട്. കർമ്മമീമാംസാസൂത്രത്തിനു് എഴുതിയിട്ടുള്ള വ്യാഖ്യാനങ്ങൾ പലതാണെങ്കിലും അവയിൽ അതി പ്രാചീനമായതു് ശബരസ്വാമിയുടേതാകുന്നു. പ്രസ്തുത വ്യാഖ്യാനത്തെ പുരസ്കരിച്ചുകൊണ്ടാണു് ക്രി. പി. ൭൦൰-ൽ സുപ്രസിദ്ധമീമാംസകനായ കുമാരിലഭട്ടപാദർ തന്ത്രവാർത്തികം രചിച്ചിട്ടുള്ളതു്.

## തത്വതൎക്കശാസ്ത്രങ്ങൾ.

വൈശേഷികസൂത്രം—മീമാംസ കഴിഞ്ഞിട്ട് രംഗപ്രവേശം ചെയ്തതു മാധ്വാചാൎയ്യരുടെ വൈശേഷിക സൂത്രവും ന്യായവുമാകുന്നു. പരമാണുവിൽനിന്നു പ്രപഞ്ചം ഉണ്ടാകുന്നതെങ്ങനെയെന്നു വിവരിക്കയും ആശയങ്ങളെ യഥാവിധി, തരം തിരിക്കയുമാകുന്നു ഈ രണ്ടു ഗ്രന്ഥങ്ങളുടെയും സ്വഭാവം. താൎക്കികസിദ്ധാന്തങ്ങളെ പുരസ്കരിച്ചാണ് വൈശേഷികം ചമയ്ക്കപ്പെട്ടിട്ടുള്ളതു്. പദാൎത്ഥം, തരം, വികാരം, സാധാരണത്വം, വിശേഷം, ആനുഷംഗികം എന്നിവയായിരുന്നു വൈശേഷികത്തിലെ പ്രധാന സിദ്ധാന്തങ്ങൾ. പിന്നീടു അവയോടുകൂടി അഭാവസിദ്ധാന്തവും അനുബന്ധമായി ചേൎന്നു. ഈ സിദ്ധാന്തങ്ങളിന്മേലാണു വൈശേഷികതത്വം സ്ഥാപിതമായിരിക്കുന്നതു്. പദാൎത്ഥങ്ങളിൽനിന്നു് അണുക്കളിലേക്കുള്ള മാററം ലോകോത്ഭവ സിദ്ധാന്തത്തിനു മാതൃകയായി പരിണമിച്ചു. തരം എന്ന ഉപാധി ആദ്ധ്യാത്മികതത്വത്തിലേക്കുള്ള സോപാനമായി; ആത്മാവിനു ആദിയോ അന്തമോ ഇല്ലെന്നു സ്ഥാപിക്കപ്പെട്ടു. ബാഹ്യവൃത്തികൾ മാത്രമല്ല, സ്വവിശേഷങ്ങൾകൂടി അറിയുവാൻ ആത്മാവിനു ഉപകരണമായിരിക്കുന്നതു മനസ്സാണെന്നു തീരുമാനിക്കപ്പെട്ടു. വൈശേഷികസൂത്രത്തിന്റെ ആവിർഭാവം ക്രിസ്താബ്ദത്തിനു അല്പം മുമ്പാകുന്നു എന്നുപറയാം

ന്യായം—താൎക്കിക സിദ്ധാന്തങ്ങളെ പുരസ്കരിച്ചാണു ന്യായവും ആവിർഭവിച്ചിട്ടുള്ളതു്. തത്വശാസ്ത്രാഭ്യാസ

നം ഇന്ത്യയിൽ നിലനിന്നതു് ന്യായഗ്രന്ഥത്തിൻെറ അപാരമഹത്വം കൊണ്ടാകുന്നു. ജ്ഞാനത്തിൻെറ വിവിധാംശങ്ങളെക്കുറിച്ചു മാത്രമല്ല, ആത്മബോധം, ധാരണാശക്തി, അനുമാനം, സാദൃശ്യം, അഭിപ്രായസമത്ഥനം എന്നിവ ഉണ്ടായിരിക്കണം എന്നുള്ളതിനെപ്പററിയും അതിൽ വിവരിക്കുന്നുണ്ടു്. ഇന്ത്യാക്കാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനുണ്ടായിരുന്ന നിലയ്ക്കും വിലയ്ക്കും ഒരുത്തമ മാതൃകയാകുന്നു ഈ ഗ്രന്ഥം. സിദ്ധാന്തങ്ങളെ ക്രമപ്പെടുത്തുന്നതിനു ന്യായസൂത്രം എന്നപേർ നൽകിയമഹാൻ ഗൗതമനാകുന്നു.

ഈശ്വരാസ്തിക്യം—വൈശേഷിക സൂത്രവും ന്യായസൂത്രവും അഭിനവങ്ങളായ രണ്ടു വിശിഷ്ട പ്രസ്ഥാനങ്ങളാണെന്നു നാം മനസ്സിലാക്കിക്കഴിഞ്ഞല്ലൊ. ഈശ്വരാസ്തിക്യത്തെ സ്ഥാപിക്കുന്നവയല്ല ഈ രണ്ടു ഗ്രന്ഥങ്ങളും. പക്ഷെ ഈ ഭൗതിക പ്രപഞ്ചത്തിൻെറ സ്രഷ്ടാവാരാണെന്നു് അവയും കണ്ടുപിടിക്കയുണ്ടായില്ല. ഈ ഗ്രന്ഥങ്ങളിലുള്ള വൈദികാഭിപ്രായങ്ങളെ ആദ്യമായി പരിഷ്ക്കരിച്ചതു ഉദയനാചാര്യരാകുന്നു എന്നു് ൧൦-ാം ശതക (ക്രിസ്താബ്ദ) ത്തിൽ അദ്ദേഹം വിരചിച്ചിട്ടുള്ള "കുസുമാഞ്ജലി" വിളിച്ചു പറയുന്നുണ്ടു്.

### സാംഖ്യം.

ആദ്യകാലത്തുണ്ടായ ഉപനിഷത്തുകൾ അദ്വൈതവാദം കൊണ്ടുവന്നതിനെ ഖണ്ഡിച്ചതു കപിലാചാര്യരാണല്ലോ. അദ്ദേഹമാണു് സാംഖ്യസിദ്ധാന്തത്തിൻെറ

ഹേതുവാദം സ്ഥാപിച്ചമഹാൻ. ബുദ്ധൻെറ ആവിർഭാവത്തിനു മുമ്പാണു കപിലാചാൎയ്യർ ജീവിച്ചിരുന്നതെന്നു ബുദ്ധമതഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു. കപിലസിദ്ധാന്തങ്ങൾ ആദ്യന്തം ദ്വൈതങ്ങളാകുന്നു. അദ്ദേഹം രണ്ടു ഭാവങ്ങൾ സമ്മതിക്കുന്നുണ്ട്. അവയ്ക്കു ആദിയുമില്ല അന്തവുമില്ല എന്നും അദ്ദേഹം പ്രസ്താവിക്കുന്നു. പക്ഷേ അവയ്ക്കു അന്തരമുണ്ടെന്നുള്ള കാൎയ്യമാണ് അദ്ദേഹം പറയുന്നതു്. സാംഖ്യശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ളതു് പ്രകൃതി സ്വഭാവവും ഈ രണ്ടു ഭാവങ്ങൾക്കും തമ്മിലുള്ള പരസ്പരബന്ധവുമാകുന്നു. ആത്മാവും ഭാവവും തമ്മിലുള്ള ഉച്ചനീചഭാവം തിരിച്ചറിയുന്നതിന് വിജ്ഞാനം അത്യാവശ്യമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ജഡരൂപത്തിലുള്ളതാണെങ്കിലും പ്രകൃതി, പരിണാമത്തിൻെറ അന്തസ്സാരശക്തിയെ വഹിക്കുന്നുണ്ട്. പ്രകൃതിയിൽനിന്നു പുരുഷനായി പരിണമിക്കുന്നതു കൎമ്മാനുസാരേണയാണെന്നും സാംഖ്യം സിദ്ധാന്തിക്കുന്നു. പരമാത്മാവിൻെറ ആസ്തിക്യത്തെ പ്രസ്തുതശാസ്ത്രം നിഷേധിച്ചിരിക്കുന്നു. ആസ്തിക്യസ്ഥാപനത്തിനു വിശ്വാസയോഗ്യമായ തെളിവുകിട്ടാതെയാണു സാംഖ്യവും വിഷമത്തിൽ ചെന്നു ചാടിയിരിക്കുന്നതു്.

സാംഖ്യശാസ്ത്രത്തിനു പ്രചാരം വരുത്തുവാൻ രണ്ടാമതായി ശ്രമിച്ചതു് പഞ്ചശിഖൻ ആയിരുന്നു. അദ്ദേഹം ജീവിച്ചിരുന്നതു ക്രിസ്താബ്ദാരംഭത്തിലായിരിക്കണം. സാംഖ്യശാഖയിൽ അതിപുരാതനമായ ഒരു ഗ്രന്ഥമാകുന്ന ക്രി. പി. ൫-ാം ശതകത്തിലൊ ഒരു പക്ഷേ

അതിന്നല്പം മുമ്പൊ ജീവിച്ചിരുന്ന ഈശ്വരകൃഷ്ണനാൽ വിരചിതമായ സാംഖ്യകാരിക. ക്രിസ്ത്വാബ്ദം ൬-ാം ശതകത്തിലാണ് സാംഖ്യകാരികയുടെ ഗൗഡപാദവ്യാഖ്യാനം രംഗപ്രവേശം ചെയ്തതു്. സാംഖ്യസൂത്രത്തെ ലഘൂകരിക്കുവാൻവേണ്ടി എഴുതപ്പെട്ടിട്ടുള്ള സാംഖ്യസൂത്രകാരിക ൧൪-ാംശതകം വരെ അച്ചടിപ്പിക്കയുണ്ടായില്ല.

വേദാന്തത്തെപ്പോലെ തന്നെയില്ലെങ്കിലും ക്രിസ്താബ്ദാരംഭത്തോടുകൂടി സാംഖ്യസിദ്ധാന്തങ്ങൾക്കു ഇന്ത്യ ഒട്ടാകെ പ്രബലപ്രചാരം ഉണ്ടായി. മതത്തോടും തത്വശാസ്ത്രങ്ങളോടും അതിന് ക്രമത്തിലധികമായ അധികാരവും സിദ്ധിച്ചു. മനുസ്മൃതി, മഹാഭാരതം, പുരാണങ്ങൾ എന്നിവയോടാണ് സാഹിത്യ പരമായ വിലയെ സംബന്ധിച്ചിടത്തോളം സാംഖ്യത്തിന്റെ അടുപ്പം. സാംഖ്യത്തിലെ ചില ഉപദേശങ്ങൾ സംസ്കൃതസാഹിത്യത്തിന്റെ പൊതുസ്വത്തായിത്തീൎന്നിട്ടുണ്ടു്.

### പരിണാമതത്വം

പരമാണുവിൽനിന്നു പരിണാമയുഗങ്ങളിൽകൂടി പരിഷ്കൃതമായിത്തീൎന്ന ഒന്നാകുന്നു പ്രപഞ്ചം എന്നു വൎണ്ണിക്കപ്പെട്ടിരിക്കുന്നു. സത്വരജസ്തമോഗുണങ്ങളെ മുൻനിറുത്തി പദാൎത്ഥങ്ങളെ മൂന്നായി വേർതിരിക്കുന്നു. സൃഷ്ടിയും സ്ഥിതിയും സംഹാരവും വെറും പരിണാമങ്ങൾ മാത്രമാകുന്നു. ഒന്നിനും ആദിയോ അന്ത്യമോ ഇല്ല.

ഇത്തരത്തിലുള്ള പരിണാമവാദം മൗലികവും അത്യന്തം ശ്രദ്ധേയവുമാകുന്നു. മാനസിക വ്യാപരങ്ങളെ

ല്ലാം ആത്മാവിനാൽ അനുഷ്ഠിക്കപ്പെടുന്നവയല്ല. അവ, ബാഹ്യേന്ദ്രിയ വ്യാപാരങ്ങൾ മാത്രമാകുന്നു. മറെറാരുവിധത്തിൽ പറയാമെങ്കിൽ അവ വെറും ഭാവങ്ങൾ മാത്രമാകുന്നു. ആത്മാവിനു വ്യാപാരങ്ങളൊന്നുമില്ല എന്നുള്ളതു സമ്മതിക്കുന്നപക്ഷം വ്യഷ്ടികളുടെ ആത്മാക്കൾക്കു തമ്മിലും ഇക്കാര്യത്തിൽ ഗുണാപേക്ഷയാ വ്യത്യസ്തതയുണ്ടാകുന്നതെങ്ങനെ? ദേഹം സ്ഥൂല ശരീരമാണ്. അതിന്നുള്ളിലാണു സൂക്ഷ്മശരീരം സ്ഥിതിചെയ്യുന്നതു്. പൗരുഷത്തെ വ്യവസ്ഥപ്പെടുത്തുന്ന പ്രവൃത്തി സൂക്ഷ്മശരീരത്തിന്റേതാകുന്നു. അതു ആത്മാവിനെ പിന്തുടൎന്നു് പരകായ പ്രവേശം ചെയ്യുന്നു. മോക്ഷ പ്രാപ്തി ആത്മാവിന്നുണ്ടാകുമ്പോൾ മാത്രമേ സൂക്ഷ്മശരീരം ഭൗതികാന്തർല്ലീനമായി ആത്മാവിനെ വിടുകയുള്ളു. സൂക്ഷ്മശരീരത്തോടുചേൎന്ന ആത്മാവു് വ്യഷ്ടിത്വത്തിന്റെ നിലനില്പിനായി ശ്രമിക്കുന്നു എന്നുള്ളതു ശരിയല്ല. ആത്മാവിനെ വ്യഷ്ടിയിൽ നിലനിൎത്തുന്നതു സൂക്ഷ്മശരീരമാണ്.

## യോഗശാസ്ത്രം.

യോഗശാസ്ത്രനിൎമ്മാതാവായ പതഞ്ജലി വയ്യാകരണപ്രമുഖനും കൂടിയാണെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല. അദ്ദേഹം ജീവിച്ചിരുന്നതു ക്രി. മു. രണ്ടാംശതകത്തിലാണെന്നു പറയാം. പതഞ്ജലിയോഗത്തിനു ജനതാമദ്ധ്യത്തിൽ പ്രചാരം ധാരാളം ഉണ്ടാകുവാൻ അതിൽ അദ്ദേഹം ഒരു പ്രത്യേക ദേവതയെ ആരോപിച്ചിരിക്കുന്നു. യോഗശാസ്ത്രം ഒരുത്തമഗ്രന്ഥമാണെങ്കിലും അതി

ലെ വ്യവസ്ഥകൾക്ക് ഇത്തരം ആരോപണം വലുതായ ശൈഥില്യമാണുണ്ടാക്കിത്തീൎക്കുന്നതു്. സാംഖ്യത്തിൽ ആത്മാവിനും ദൈവത്തിനും തമ്മിലുള്ള നില, നാം വായിച്ചിട്ടുണ്ടല്ലൊ. മനസ്സിനെ ഏകാഗ്രമാക്കുവാൻ യോഗശാസ്ത്രം ഉപദേശിക്കുന്നു. ആത്മാവിനേക്കാൾ മഹത്വം മനസ്സിനാണെന്നു യോഗശാസ്ത്രം വ്യംഗ്യരൂപേണ സമൎത്ഥിക്കയാണു ചെയ്യുന്നതു്. യോഗശാസ്ത്രത്തെ മനുസ്മൃതിയും, മഹാഭാരതവും വിശിഷ്യ, ഭഗവദ്ഗീതയും പിൻതാങ്ങുന്നുണ്ടു്. ഇന്നും ആ ശാസ്ത്രത്തിൽ ഇന്ത്യാക്കാൎക്കു് വലിയ വിശ്വാസവും ഭക്തിയും കണ്ടു വരുന്നു. യോഗപരിശീലനം നടത്തുന്ന പലരും ഇന്ത്യയിൽ ഇക്കാലത്തും ഉണ്ടു്. പക്ഷെ യോഗികളിൽ ഭൂരിഭാഗവും ഇക്കാലത്തു ഉദരംഭരികളും കിതവന്മാരും ആയിത്തീൎന്നിരിക്കുന്നു എന്നുള്ളതു പരിതാപകരമെങ്കിലും പരമാൎത്ഥമാകുന്നു.

## രണ്ടു ദൎപ്പണ ഗ്രന്ഥങ്ങൾ.

ശ്വേതാശ്വതരോപനിഷത്തു്—സാംഖ്യം, യോഗം, വേദാന്തം എന്നീ പ്രസ്ഥാനങ്ങളുടെയെല്ലാം പ്രാതിനിധ്യം വഹിക്കുന്ന ഗ്രന്ഥമാകുന്നു ശ്വേതാശ്വതരോപനിഷത്തു്.

ഭഗവദ്ഗീത—ശ്വേതാശ്വതരോപനിഷത്തു പോലെ തന്നെ പുതിയ പ്രസ്ഥാനങ്ങളുടെയെല്ലാം ഒരു മനോഹര ദൎപ്പണമാകുന്നു. ഭഗവദ്ഗീത. പഞ്ചമവേദം എന്നുകൂടി പേരുള്ള ശ്രീമഹാഭാരതത്തിൽ ഭഗ്വദ്ഗീത നടുനായ

കമാകുന്നു. ഗീതയിലെ പ്രതിപാദ്യവിഷയം, കിംകർത്തവ്യതാമൂഢനായി, കുരുക്ഷേത്രത്തിൽ ഉഭയസൈന്യങ്ങളുടെ മദ്ധ്യത്തിൽ, തേരിൽ ഇരിക്കുന്ന അർജ്ജുനനെ കർത്തവ്യനിരതനാക്കുവാൻ വേണ്ടി കൃഷ്ണഭഗവാൻ ഉപദേശിക്കുന്ന ആദ്ധ്യാത്മികവിഷയമാകുന്നു. ആശയപ്രൗഢിയും കവിതാഗുണവും ഇതുപോലെ തികഞ്ഞിട്ടുള്ള മറെറാരു ഗ്രന്ഥവും ഭാരതീയസാഹിത്യത്തിലില്ല. ശാസ്ത്രവും, കാവ്യവും, വേദവും, വേദാന്തവും, ന്യായവും, മീമാംസയും അടങ്ങിയ ഒരു വിശാലപ്രപഞ്ചമാകുന്നു.

### ചാർവ്വാകപ്രസ്ഥാനം; ബുദ്ധമതവും ജൈനമതവും.

സാംഖ്യാദികളായ ആറു സിദ്ധാന്തങ്ങളെക്കുറിച്ച് ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവയെ കൂടാതെ ബ്രാഹ്മണർ ചാർവ്വാകങ്ങളെന്നു ഗണിച്ചിട്ടുള്ള മൂന്നു സിദ്ധാന്തങ്ങളും കൂടി ഉണ്ട്. സാംഖ്യത്തെത്തന്നെ ആസ്പദമാക്കിയിട്ടുള്ള ഈ സിദ്ധാന്തങ്ങളിന്മേലാണ് ബുദ്ധമതവും ജൈനമതവും പ്രതിഷ്ഠാപിതമായിട്ടുള്ളതു്. ആ രണ്ടു മതങ്ങളുടേയും മൗലികതത്വം ജീവിതം ദുഃഖഭൂയിഷ്ഠം മാത്രമാണെന്നാകുന്നു. ജീവകാരുണ്യത്തെ മുൻനിർത്തി ക്ലേശാനുഭൂതികളിൽനിന്നു വിമുക്തനായി നിർവ്വാണപദം പ്രാപിക്കുകയാണ് മനുഷ്യരുടെ കർത്തവ്യമെന്നു പ്രസ്തുതമതങ്ങൾ ഉദ്ഘോഷിക്കുന്നു. സഗുണോപാസനത്തേയും നിർഗ്ഗുണോപാസനത്തേയും ഈ മതങ്ങൾ നിഷേധിക്കുന്നു. മനുഷ്യാത്മാവിൻെറ ആസ്തിക്യത്തിൽ ജൈനമതം വിശ്വസിക്കുന്നുണ്ടു്. ബുദ്ധമതം ഒരു പടി കൂടി അങ്ങോട്ടു

കടന്നു മനുഷ്യാത്മാവിന്റെ ആസ്തിക്യത്തേയും നിഷേധിച്ചു് ആത്മാവിന്റെ ലക്ഷ്യം നിർവ്വാണമാണെന്നു യുക്തിപൂർവ്വം സമർത്ഥിക്കുന്നു.

ഹൈന്ദവദർശനങ്ങളിൽ ഉള്ളതിനേക്കാൾ സദാചാരനിയമങ്ങൾ കൂടുതലുണ്ടു് ഈ രണ്ടു മതങ്ങളിലും. മതനിബന്ധനകളെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ജൈനബുദ്ധമതങ്ങൾ രണ്ടും ഏറക്കുറെ തുല്യമാണു്. ജൈനമതസ്ഥാപകനായ ജിനമഹർഷി, ബുദ്ധമതാനുയായി ആയിരുന്നു എന്ന സംഗതി സവിശേഷം സ്മർത്തവ്യമാകുന്നു. ബ്രാഹ്മണമതത്തേയും ഹിംസാബഹുലങ്ങളായ അതിലെ യാഗാദികർമ്മങ്ങളേയും എതിർത്തിട്ടുള്ള അനേകം ആചാര്യന്മാർ ക്രി. മു. ൬-ാം ശതകത്തിൽ ജീവിച്ചിരുന്നിട്ടുണ്ടു്. അവരിൽ രണ്ടുപേരാണു് സമകാലീനന്മാരായ ബുദ്ധനും ജിനനും.

ബുദ്ധമതസാഹിത്യം—ഇന്ത്യയിലെ ബുദ്ധമതസാഹിത്യം കുറെ പാലിഭാഷയിലും കുറെ സംസ്കൃതഭാഷയിലുമാണു സ്ഥിതിചെയ്യുന്നതു്. സാധാരണ ജനങ്ങൾക്കു ബുദ്ധമതസിദ്ധാന്തങ്ങൾ ഗ്രഹിക്കണമെങ്കിൽ അവരുടെ ഇടയിൽ നടപ്പുള്ള പ്രാകൃതഭാഷ പ്രയോഗിക്കാതെ കഴികയില്ല എന്നു ബുദ്ധൻ ഗ്രഹിച്ചു. ബീഹാറിലെ നാട്ടുഭാഷയായ മാഗധിയോടു കലർപ്പുള്ള പാലി ഭാഷ, ബുദ്ധമതഭാഷ എന്ന നിലയിൽ കൈക്കൊള്ളുന്നതു നന്നായിരിക്കയില്ലെന്നു മനസ്സിലാക്കിയതു കൊണ്ടാണു് ബുദ്ധൻ പാലിഭാഷയെ പരിഷ്ക്കരിച്ചതു്. വടക്കുപടിഞ്ഞാറൻ ഡക്കാണിൽ നടപ്പുള്ള ശുദ്ധപാലിയെ ബുദ്ധൻ മതഭാഷയാ

യി കൈക്കൊണ്ടപ്പോൾ അതു ജനങ്ങളുടെ ശ്രദ്ധയെ ഹ റാദാകഷിച്ചു. ബമ്മ, സയാം, സിലോൺ എന്നീ രാജ്യങ്ങളിലും പാലി ഭാഷയ്ക്കു സ്വാഗതം ലഭിച്ചു. ആ ഭാഷയിലാണു ബുദ്ധൻ മതപ്രസംഗങ്ങൾ ചെയ്തതും, നിയമങ്ങൾ രചിച്ചതും. ബുദ്ധമതസിദ്ധാന്തങ്ങൾ അടങ്ങിയ ഗ്രന്ഥത്തിനു ത്രിപിടകം എന്നു പേർ. പ്രഥമപിടകത്തിൽ വിനയത്തെപ്പററി പ്രതിപാദിക്കുന്നു. ബുദ്ധമതനിബന്ധനകളേയും, ബുദ്ധഭിക്ഷുക്കളുടേയും ഭിക്ഷുണിമാരുടേയും ഉപദേശങ്ങളേയും ഏററവും വിനയത്തോടുകൂടി കൈക്കൊള്ളണമെന്നു അതിൽ ആജ്ഞാപിച്ചിരിക്കുന്നു. ശുദ്ധപിടകത്തിൽ ധമ്മം, സദാചാരം എന്നിവയെപ്പററി വിവരിക്കുന്നു. മൂന്നാമത്തേതായ അഭിധമ്മപിടകത്തിൽ സദാചാര നിയമത്തിൻെറ വ്യാപ്തിയെ വ്യാഖ്യാനിക്കുന്നു. ബുദ്ധവേദമായ ത്രിപിടികത്തോടനുബന്ധിച്ചു ബുദ്ധൻെറ അതീത ജന്മങ്ങളെപ്പററിയുള്ള ഐതിഹ്യങ്ങളടങ്ങിയ ൫൦൦ കഥകൾ ചേത്തിട്ടുണ്ടു്. ഈ കഥകൾക്കു ജാതകകഥ എന്നു പേർ പറഞ്ഞുവരുന്നു. മതസംബന്ധങ്ങളായ കവിതകൾ, വ്യാഖ്യാനങ്ങൾ, പ്രഭാഷണങ്ങൾ, ഉപദേശങ്ങൾ, ഐതിഹ്യങ്ങൾ എന്നിങ്ങനെ പലതും ബുദ്ധമതസാഹിത്യത്തിൽ അടങ്ങിയിട്ടുണ്ടു്.

ഹീനയാനവും മഹായാനവും—ബുദ്ധമതത്തിലെ പുരാതന സിദ്ധാന്തങ്ങൾ ആർഹതപദപ്രാപ്തിക്കോ അഥവാ നിർവ്വാണപ്രാപ്തിക്കോ വേണ്ടി ക്ലേശിക്കുവാൻ പ്രേരിപ്പിയ്ക്കുന്നവയായിരുന്നു. എന്നാൽ ക്രിസ്ത്വാബ്ദം രണ്ടാം ശതകത്തിൻെറ പ്രാരംഭത്തോടുകൂടി ഈ സിദ്ധാന്തങ്ങളെ ല

ഷ്യകരിക്കുന്ന മറെറാരു പ്രസ്ഥാനം നാഗാർജ്ജുനൻ ഏ
ർപ്പെടുത്തി. അദ്ദേഹത്തിൻെറ സിദ്ധാന്തം മനുഷ്യജീ
വികളേയും മനുഷ്യേതര ജീവികളേയും രക്ഷിക്കുവാൻ വേ
ണ്ടി ബോധിസത്വം പ്രാപിക്കുകയാണ് മനുഷ്യർ വേണ്ട
തെന്നാകുന്നു. പ്രസ്തുത സിദ്ധാന്തത്തിനു മഹായാനമെന്നു
പേർ. പുരാതന സിദ്ധാന്തങ്ങൾവഴി ആർഹതപദം
പ്രാപിക്കുന്ന സമ്പ്രദായത്തിനു ഹീനയാനമെന്നും പേരു
ണ്ടായി. ഉത്തരേന്ത്യയിലുള്ള ബുദ്ധമതാനുയായികളുടെ
പുരാതന സൂത്രങ്ങളിൽ നിന്നു വ്യതിരിക്തമായ വൈപു
ല്യ സൂത്രങ്ങളാണു മഹായാന പ്രസ്ഥാനക്കാർ അംഗീകരി
ച്ചിട്ടുള്ളതു്. ഇടക്കിടയ്ക്കു പദ്യവും ഇടക്കിടയ്ക്കു ഗദ്യവു
മായിട്ടാണു പ്രസ്തുതഗ്രന്ഥം രചിച്ചിട്ടുള്ളതു്. പദ്യത്തിൽ
പ്രതിപാദിച്ചിട്ടുള്ളവിഷയങ്ങളെ വ്യാഖ്യാനിക്കുവാനാണു
ഗദ്യരീതി പ്രയോഗിച്ചിരിക്കുന്നതു്. പ്രാകൃതമൂല ഭാഷക
ളിൽനിന്നു പരിഭാഷപ്പെടുത്തപ്പെട്ടതെങ്കിലും വൈപുല്യ
സൂത്രം സംസ്കൃത പദബഹുലമായി കാണപ്പെടുന്നു. പ്ര
സ്തുതപ്രസ്ഥാനത്തിലെ പുരാതന സിദ്ധാന്തങ്ങളിൽ ഒന്നു
സുഖാവനിവ്യൂഹമാകുന്നു. ഈ ഗ്രന്ഥം ചൈന ഭാഷ
യിലേയ്ക്കു ക്രി. പി. രണ്ടാം ശതകത്തിൽ തർജ്ജിമചെ
യ്തിട്ടുണ്ടു്. മഹായാനപ്രസ്ഥാനക്കാരുടെ മറെറാരു സൂ
ത്രഗ്രന്ഥമാണു ലളിതാവിസ്താരം. ഇതിൽ ബുദ്ധൻെറ
ജീവചരിത്രം അടങ്ങിയിരിക്കുന്നു. ബുദ്ധമത സാഹിത്യഗ്ര
ന്ഥങ്ങളിൽ ഗണനീയമായ മറെറാന്നു സുധർമ്മപുണ്ഡരീക
മാകുന്നു. ആ ഗ്രന്ഥം ക്രി. പി. ൨൮൬-ൽ ചൈനഭാ
ഷയിലേയ്ക്കു തർജ്ജിമചെയ്തു. അതിൽ മതസിദ്ധാന്ത

ങ്ങളെ ലളിതമായി പ്രതിപാദിച്ചിരിക്കുന്നു. ബുദ്ധമത സാഹിത്യ വകുപ്പിൽപ്പെട്ടതു തന്നെയാണ്, സംസ്കൃത കാവ്യ ലക്ഷണങ്ങൾ മുൻനിർത്തി അശ്വഘോഷൻ എഴുതിയിട്ടുള്ള ബുദ്ധചരിതം. ക്രി പി. രണ്ടാം ശതകത്തിലായിരിക്കണം ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം.

മഹാവാസ്തു—മഹായാനികളുടെ സംഘത്തിൽ നിന്നു ആവിർഭവിച്ച മറെറാരു സംസ്കൃതഗ്രന്ഥമാകുന്നു ആര്യശ്ശൂരൻ എഴുതിയിട്ടുള്ള ജാതകമാല. ബുദ്ധന്റെ പ്രാഗ്ജന്മങ്ങളിലെ കഥകളാണ് അതിൽ അടങ്ങിയിട്ടുള്ളതെന്നു ഇതിനുമുമ്പ് പ്രസ്താവിക്കയുണ്ടായല്ലൊ. ദിവ്യാപദാനവും ഇക്കൂട്ടത്തിൽപ്പെട്ടതാകുന്നു. ഇതിൽ ഐതിഹ്യപരവും, ചരിത്രപരവുമായ കഥകളാണ് അടങ്ങിയിരിക്കുന്നതു്. ക്രി. മു. രണ്ടാം ശതകത്തിൽ ആവിർഭവിച്ചതും ഹീനയാന പ്രസ്ഥാനത്തോടനുബന്ധിച്ചതും വിനയപാഠത്താൽ സാമ്പൂർണ്ണവുമായ ഒരു സംസ്കൃതഗ്രന്ഥമാകുന്നു മഹാവാസ്തു. ഇതിലെ സംസ്കൃതശ്ലോകങ്ങളും, ബുദ്ധമതത്തിലെ ഇതരഗ്രന്ഥങ്ങളും 'തഞ്ചർ' എന്നപേർ നൽകി നേപ്പാളിലുള്ള ടിബററിൻ ഭാഷയിലേക്കു ക്രി. പി. ൭൦൦-നും ൯൦൦-നും മദ്ധ്യെ തർജ്ജിമ ചെയ്തിട്ടുണ്ടു്. ക്രി. പി. ആദ്യശതകം മുതൽ ബുദ്ധമതഗ്രന്ഥങ്ങളായ സംസ്കൃതപാഠങ്ങളെ ചൈനാഭാഷയിലേക്കും, ക്രി. പി. ൬-ാം ശതകത്തിൽ ജപ്പാൻഭാഷയിലേക്കും തർജ്ജിമ ചെയ്തു ഇക്കാലത്താണ് കൊറിയ വഴിയായി ബുദ്ധമതം ജപ്പാനിലും പ്രചരിച്ചതു്.

ജൈനമതസാഹിത്യം—ഏറക്കുറെ ആയിരം കൊല്ലം മുമ്പു് ബുദ്ധമതം അതിന്റെ ജന്മഭൂമിയിൽനിന്നു ബഹിഷ്കൃതമായി എങ്കിലും, അതിനു മറുദേശങ്ങളിൽ പ്രചുരപ്രചാരം സിദ്ധിക്കാതിരുന്നില്ല. ജൈനമതത്തിനു ഈ ഒരു ദുര്യോഗം സംഭവിക്കയുണ്ടായില്ല. അതു് ഇന്നും ഇന്ത്യയിൽ നിലനിൽക്കുന്നു. ജൈനമതപ്രചാരകന്മാരിൽ അഗ്രഗണ്യൻ, വൈശാലിക്കുസമീപം സ്ഥിതിചെയ്യുന്ന വിദേഹത്തിലെ കുണ്ഡഗ്രാമക്ഷത്രിയനായ മഹാവീരനായിരുന്നു. ജൈനമതത്തിൽ ശ്വേതാംബരന്മാരും, ദിഗംബരന്മാരും ഇങ്ങനെ രണ്ടുവകുപ്പുകാരുണ്ടു്. ആദ്യകാലത്തു ജൈനമതക്കാരെല്ലാം ദിഗംബരന്മാരായിരുന്നു. പിന്നീടാണു് ചിലർ ശ്വേതാംബരന്മാരായി രൂപാന്തരപ്പെട്ടതു്. ജൈനമതത്തിൽ ഈ സമ്പ്രദായം ഉണ്ടായതു ക്രി. മു. ൩-ാം ശതകത്തിലാകുന്നു. ജൈനവേദം രചിച്ചുതുടങ്ങിയതു ക്രിസ്ത്വാബ്ദാരംഭത്തിനു ഏറെക്കാലം മുമ്പല്ല. പക്ഷെ വേദസമാഹാരം എഴുതി പൂർത്തിയാക്കുവാൻ പിന്നീടും നാലഞ്ചു നൂററാണ്ടുകൾ വേണ്ടിവന്നു. പ്രാകൃതഭാഷകളിൽ ഏററവും സുന്ദരവും, പ്രധാനവുമായ അർദ്ധമാഗധിഭാഷയിലാണു് അതു എഴുതപ്പെട്ടിരിക്കുന്നതു്. വേദാർഹങ്ങളല്ലാത്ത മററു ഗ്രന്ഥങ്ങളെല്ലാം സാമാന്യേന, പ്രാകൃത ഭാഷാകവികൾക്കു അത്യന്തം ഹൃദ്യമായ മഹാരാഷ്ട്രിയിലാണു് രചിക്കപ്പെട്ടിട്ടുള്ളതു്. സംസ്കൃതഭാഷ പുനരുജ്ജീവിച്ചതോടുകൂടി ജൈനന്മാർക്കു സാഹിത്യത്തെ സംബന്ധിച്ചിടത്തോളം പ്രസ്തുതഭാഷ അപരിഹാര്യമെന്നു ബോധ്യമായി. ജൈനമതാനുയായികളിൽ പലരും ആ ഭാഷ

യിൽ നിപുണന്മാരായിത്തീൎന്നു. ഇക്കൂട്ടത്തിൽ പ്രഖ്യാതനാകുന്നു പഞ്ചതന്ത്രത്തെ മതാനുയായികളുടെ ഇടയിൽ പ്രചുരം പ്രചരിപ്പിച്ച ഹേമചന്ദ്രൻ. ഇന്ത്യയിൽ ജൈനമതം ശക്തിയായി പ്രചരിച്ചതു ക്രി. പി. ൻ൦൦-മുതൽ ൧൩൦൦ വരെയാകുന്നു. അഹിംസയാകുന്ന മൂലതത്വത്തിന്മേലാണു ജൈനമതം പ്രതിഷ്ഠാപിതമായിരിക്കുന്നതു്. സസ്യാഹാരമാകുന്നു ജൈനന്മാർ കൈക്കൊണ്ടിട്ടുള്ളതു്. ജൈന മതാനുഷ്ഠാനം ഏററവും ദുഷ്കരമാകുന്നു. നടക്കുമ്പോൾ മാൎഗ്ഗത്തിലുള്ള എറുമ്പുകളേക്കൂടി കൊല്ലാതിരിക്കണം എന്നുള്ളതു് ജൈനമതസിദ്ധാന്തങ്ങളിൽ ഒന്നാകുന്നു.

<u>ചാൎവ്വാകപ്രസ്ഥാനം</u>—ബുദ്ധമതവും ജൈനമതവും ആദ്ധ്യാത്മികങ്ങളാണെന്നു് ഇതേവരെ പ്രസ്താവിച്ച വിവരങ്ങൾ കൊണ്ടു ഏറക്കുറെ അനുമാനിക്കാം. ജൈനമതത്തെ തുടൎന്നു രംഗപ്രവേശം ചെയ്തതു ചാൎവ്വാകമതമാകുന്നു. ഭൗതികവാദികളുടെ മതമാകുന്നു ചാൎവ്വാകമതം. ബുദ്ധമതത്തിനു മുമ്പുതന്നെ ചാൎവ്വാകന്മാർ ഇൻഡ്യയിലുണ്ടായിട്ടുണ്ടു്. പക്ഷെ അവരുടെ പ്രസ്ഥാനത്തിനു പ്രചാരം ഉണ്ടായതു് പിൻപീടാണെന്നു മാത്രമേയുള്ളു. പുനൎജ്ജന്മത്തേയും, മോക്ഷത്തേയും, ചാൎവ്വാകന്മാർ നിഷേധിച്ചു. ചാൎവ്വാകമതഗ്രന്ഥത്തിനു് ബൃഹസ്പതിസൂത്രം എന്നുപേർ. ൧൪-ാം നൂററാണ്ടിലുണ്ടായിട്ടുള്ളതും മാധവവിരചിതവുമായ സൎവ്വദൎശനസംഗ്രഹം ചാൎവ്വാകസിദ്ധാന്തങ്ങളടങ്ങിയ ഒരു ഗ്രന്ഥമാകുന്നു. കൺമുമ്പിൽ കാണാത്തതും അനുഭവത്തിനു യോജിക്കാത്തതുമായ എല്ലാററിനേയും

ചാർവ്വാകന്മാർ നിസ്സാരങ്ങളെന്നു പരിഗണിച്ചു. ശരീരത്തിൽ സംബന്ധിക്കുന്ന ഒരു ശക്തിമാത്രമല്ലാതെ മറ്റൊന്നുമല്ല ആത്മാവെന്നു അവർ തീർച്ചപ്പെടുത്തി. പഞ്ചേന്ദ്രിയജ്ഞാനത്തിൽ നിന്നു പരമായിട്ടുള്ളതെല്ലാം ചാർവ്വാകദൃഷ്ട്യാ നിസ്സാരമാകുന്നു. മതാധിപത്യം വഹിക്കുന്ന ബ്രാഹ്മണർ മതദ്രോഹികളാണെന്ന് ചാർവ്വാകന്മാർ ഉദ്ഘോഷിക്കുന്നു. വേദം പൌരുഷേയവും, വേദനിർമ്മാതാക്കളുടെ കാപട്യത്തിനും, കലുഷമനോഭാവത്തിനും, കൃത്രിമവികാരപ്രദർശനത്തിനും, അത്തു മാതൃകയും ആണെന്ന് അവർ വാദിച്ചു. ബ്രാഹ്മണരുടെ യാഗാദികർമ്മങ്ങൾ ഉദരംഭരണത്തിനുള്ള ചടങ്ങുകളെന്നു പരിഗണിച്ചു.

## നിയമസാഹിത്യം.

വിഷ്ണുസ്മൃതി—വേദാനന്തരകാലങ്ങളിൽ ധർമ്മസൂത്രങ്ങളെ പുരസ്കരിച്ചു ഒട്ടനേകം നിയമഗ്രന്ഥങ്ങൾ രംഗപ്രവേശം ചെയ്തു. ഇവയിൽ സർവ്വപ്രാധാന്യം വഹിക്കുന്നതു വിഷ്ണുസ്മൃതിയാകുന്നു. ആ ഗ്രന്ഥം പൂർണ്ണമായതു ക്രി. പി. ൨-ാം ശതകത്തിനു ഇപ്പുറമല്ല. നിയമഗ്രന്ഥങ്ങളെല്ലാം പദ്യത്തിലാണ് എഴുതപ്പെട്ടിരിക്കുന്നതു്. പ്രതിപാദ്യവിഷയങ്ങളെ വിസ്തരിക്കുന്നതിൽ, സ്മൃതികർത്താക്കന്മാർ സമർത്ഥന്മാരായിരുന്നു.

മനുസ്മൃതി—സ്മൃതികളിൽ ഗഹനവും വിപുലവുമായിട്ടുള്ളതു ക്രി. പി. ൨-ാം ശതകത്തിനുശേഷം ഉണ്ടായിട്ടുള്ള മാനവധർമ്മശാസ്ത്രമാകുന്നു. ൨൬൮൪-പദ്യങ്ങളാണ് അതിൽ അടങ്ങിയിട്ടുള്ളതു്.

യാജ്ഞവൽക്യസ്മൃതി—മാനവധമ്മശാസ്ത്രം അഥവാ മനുസ്മൃതി കഴിഞ്ഞാൽ ആ ശാഖയിൽ രണ്ടാമതായി നിൽക്കുന്നതു് ക്രി. പി. ൩൦൦-ൽ ഉണ്ടായ യാജ്ഞവൽക്യസ്മൃതിയാകുന്നു. മനുസ്മൃതിയെ അപേക്ഷിച്ചു പ്രസ്തുതഗ്രന്ഥം വളരെ ചെറുതാകുന്നു. അതിൽ ൧൦൦൦ ശ്ലോകങ്ങളടങ്ങിയിരിക്കുന്നു. മിഥിലാനഗരമായിരിക്കണം യജ്ഞാവൽക്യന്റെ ജന്മഭൂമി.

നാരദസ്മൃതി—സ്മൃതിശാഖയിൽപ്പെട്ട മറെറാരു ഗ്രന്ഥമാകുന്നു നാരദസ്മൃതി. ഇതിൽ ധമ്മത്തെപ്പററി വ്യവസ്ഥചെയ്യുന്ന ഭാഗം ആദ്യത്തേതാണു്. മനുസ്മൃതിയേക്കാളും യാജ്ഞവൽക്യസ്മൃതിയേക്കാളും വിഷ്ണു സ്മൃതിയേക്കാളും എത്രയോവലുതാണു് പ്രസ്തുതഗ്രന്ഥം. ൧൨, ൦൦൦ പദ്യങ്ങളാണു് ഇതിൽ അടങ്ങിയിരിക്കുന്നതു്. നാരദസ്മൃതി മനുസ്മൃതിയെ പിൻതുടരുന്നു. ക്രി. പി. ൭-ാം ശതകത്തിലായിരിക്കണം രചിക്കപ്പെട്ടിട്ടുള്ളതു്.

നിയമവ്യാഖ്യാനങ്ങൾ— നിയമവ്യാഖ്യാനങ്ങളാകുന്നു സംസ്കൃത നിയമസാഹിത്യത്തിന്റെ രണ്ടാംദശയെ രൂപവൽക്കരിക്കുന്നതു്. ക്രിസ്ത്വാബ്ദം ൯—ാം ശതകത്തിലാണ് മനുസ്മൃതിക്കു മേധാതിഥിവ്യാഖ്യാനം ആദ്യമായി ഉണ്ടായതു്.

൧൭—ാം നൂററാണ്ടിൽമനുസ്മൃതിയ്ക്കുകുല്ലൂകഭട്ടർ ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ടു്. ഈവ്യാഖ്യാനമാണു മനുസ്മൃതി വ്യാഖ്യാനങ്ങളിൽ മുന്നിട്ടു നിൽക്കുന്നതു്.

യാജ്ഞവൽക്യസ്മൃതിക്കും പല വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ടു്. അവയിൽ പ്രസിദ്ധമായതു് ൧൧—ാം ശതക

ത്തിൽ വ്രജനേശ്വരൻ എഴുതിയ മിതാക്ഷരവ്യാഖ്യാനമാകുന്നു. ഇൻഡ്യ മുഴുവനും പ്രസ്തുത വ്യാഖ്യാനത്തിനു് പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. അവകാശവ്യവസ്ഥയെ സംബന്ധിച്ചു് സ്മൃതിയിൽനിന്നും ഉപയുക്തഭാഗങ്ങളെ എടുത്തു കോൾബ്രൂക്ക്സ് തർജ്ജിമ ചെയ്തിട്ടുള്ളവയെ ആംഗ്ലോ ഇൻഡ്യൻ നിയമകോടതി ൧൯-ാം നൂററാണ്ടു മുതൽ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടു്.

ധർമ്മപ്രബന്ധങ്ങൾ—നിയമ സാഹിത്യത്തിൻെറ മൂന്നാമത്തെദശയെ പ്രതിനിധീകരിക്കുന്നവയാകുന്നു ൧൧-ാം ശതകത്തിനു ശേഷം ആവിർഭവിച്ച ധർമ്മനിബന്ധങ്ങൾ. ഇവയിൽ ഏററവും പ്രൗഢമായിട്ടുള്ളതു് ഹേമാദ്രിയുടെ ചതുർവ്വർഗ്ഗചിന്താമണിയാകുന്നു. പ്രസ്തുതഗ്രന്ഥം ക്രി. പി. ൧൩൦൦-ലാണ് രംഗപ്രവേശം ചെയ്തതു്. മറെറാന്നു അവകാശവ്യവസ്ഥ അഥവാ ദായഭാഗം അടങ്ങിയ 'ധർമ്മരത്ന'മാകുന്നു. ൧൪-ാം ശതകത്തിൽ എഴുതപ്പെട്ട പ്രസ്തുതഗ്രന്ഥത്തിൻെറ കർത്താവു ജീമൂതവാഹനനാണ്. ദായഭാഗം മിസ്റ്റർ കോൾബ്രൂക്ക്സ് ആംഗലഭാഷയിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. ഇന്ത്യയിലെ നിയമ ഗ്രന്ഥങ്ങൾ, മററു രാജ്യക്കാരുടേതിൽ നിന്നു അത്യന്ത്യം വ്യത്യസ്തങ്ങളാകുന്നു. ഇതിനു കാരണം മുഖ്യമായി ആ വക നിയമഗ്രന്ഥങ്ങളുടെ കർത്താക്കൾ സ്വകാര്യവ്യക്തികളാണ് എന്നുള്ളതത്രെ. സ്മൃതികർത്താക്കന്മാരിൽ ഭൂരിഭാഗവും ബ്രാഹ്മണരായിരുന്നതുകൊണ്ടു് അവരുടെ നന്മയ്ക്കും മേന്മയ്ക്കും ഭംഗം വരാതിരിക്കാൻ അവർ നിയമദ്വാരാ മുൻകരുതലുകൾ ചെയ്തിരുന്നു. ഇതാണ് സ്മൃതികൾ സർവ്വജനസമ്മ

ത്തങ്ങളായ നിയമങ്ങളായിത്തീരാതിരുന്നതിനല്ല പ്രധാനഹേതു.

## ചരിത്രം.

രാജതരംഗിണി—ചരിത്രമെന്ന നിലയിൽ ശരിയായ ഒരു ഗ്രന്ഥം ഉണ്ടായതു മഹമ്മദീയർ ഇൻഡ്യയെ ആക്രമിച്ചു കീഴടക്കിയതിനുശേഷം മാത്രമാകുന്നു. ആ ഗ്രന്ഥത്തിൻെറ പേർ രാജതരംഗിണി എന്നാകുന്നു. കാഷ്മീർ രാജപരമ്പരയെപ്പററി പ്രധാനമായി പ്രതിപാദിക്കുന്ന പ്രസ്തുതഗ്രന്ഥത്തിൻെറ കൎത്താവു കൽഹണനും ഗ്രന്ഥകാലം ക്രി. പി. ൧൧൪൮-ാമതു വർഷവും ആകുന്നു. രാജതരംഗിണിയിൽ ഗ്രന്ഥകൎത്താവു ജീവിച്ചിരുന്നകാലം വരെയുള്ള ചരിത്രം ഏറക്കുറെ ഉൾപ്പെട്ടിട്ടുണ്ട്. കാശ്മീരത്തിലെ സ്ഥിതിഗതികൾ അറിയുന്നതിന് പ്രത്യേകിച്ചും ഈ ഗ്രന്ഥം സഹായിക്കുന്നു. പദ്യരൂപത്തിൽ വിരചിതമായ പ്രസ്തുതഗ്രന്ഥത്തിൽ ൮൦൦൦-ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു.

## വ്യാകരണം.

ക്രി. മു. ൩-ാം ശതകത്തിൽ ജീവിച്ചിരുന്നു എന്നു അനുമിക്കപ്പെടുന്ന പാണിനിയാണു അതിപുരാതനവും പ്രശംസനീയവുമായ അഷ്ടാധ്യായി എന്ന വ്യാകരണത്തിൻെറ കൎത്താവു്. അദ്ദേഹത്തിൻെറ ജന്മഭൂമി ഇന്ത്യയുടെ വടക്കുപടിഞ്ഞാറാകുന്നു. ഏറക്കുറെ ൪൦൦൦ സൂത്രങ്ങളാണു് അഷ്ടാധ്യായിയിൽ അടങ്ങിയിരിക്കുന്നതു്. ദുർല്ലഭം

ചിലതൊഴികെ മററു സൂത്രങ്ങളെല്ലാം ഹൃദിസ്ഥമാക്കുന്നതിനു സൗകയ്യപ്പെടത്തക്കവണ്ണം രണ്ടോ മൂന്നോ വാക്കുകളടങ്ങിയതാകുന്നു. രണ്ടക്ഷരംകൊണ്ടും ചിലപ്പോൾ അദ്ദേഹം സൂത്രനിമ്മാണം ചെയ്യപതിവാകുന്നു. 'ചുട്ട' എന്ന സൂത്രം ഇതിനുദാഹരണമാണ്. 'പ്രത്യയാദികളായ ച, ഛ, ജ, ഝ, ഞ, ട, ഠ, ഡ, ഢ, ണ എന്നീവണ്ണങ്ങൾ ലോപിക്കും' എന്നാണു ഈ സൂത്രത്തിന്റെ അത്ഥം. കാഴ്ചയിൽ ഒരു ചെറിയ ഗ്രന്ഥമാണെങ്കിലും, അതിന്റെ പ്രൗഢത സമുദ്രംപോലെ ഗംഭീരവും അപാരവുമാകുന്നു. സംസ്കൃത ഭാഷയുടെ നിയമങ്ങൾ അഷ്ടാധ്യായിയിലുള്ളതുപോലെ പൂണ്ണമായി മറെറാരു ഗ്രന്ഥത്തിലും പ്രതിപാദിച്ചിട്ടില്ല. ഏററവും ചെറുതായ ആ ഗ്രന്ഥമാകുന്നു ലോകത്തിലെ ഏററവും പൂണ്ണമായ വ്യാകരണശാസ്ത്രം. പാണിനീവ്യാകരണത്തിന്റെ അനുബന്ധങ്ങളായിട്ടാണ് ഉണാദി സൂത്രത്തേയും, ധാതുപാഠത്തേയും, ഗണപാഠത്തേയും പരിഗണിച്ചിട്ടുള്ളതു്. ഉണാദി സൂത്രത്തിൽ അവ്യവസ്ഥിതങ്ങളായി രൂപവൽക്കരിച്ചിട്ടുള്ള ശബ്ദങ്ങളുടെ പട്ടിക അടങ്ങിയിരിക്കുന്നു. നിയമങ്ങൾ ആവശ്യമായ ചില പദ സമൂഹങ്ങളുടെ പട്ടികയാണു ഗണപാഠം. ധാതുപാഠമാകട്ടെ ൨൦൦൦ ക്രിയാധാതുക്കളുടെ പട്ടികയാകുന്നു. ക്രി. മു. ൩-ാം ശതകത്തിൽത്തന്നെയായിരിക്കണം കാത്യായനൻ പാണിനിയുടെ ൧൨൪൫ സൂത്രങ്ങൾക്കു വാത്തികങ്ങൾ എഴുതിയിട്ടുള്ളതു്. പാണിനിയുടെ ൧൨൪൫ സൂത്രങ്ങൾക്കു വാത്തികവും, അഷ്ടാധ്യായിക്കു മഹാഭാഷ്യവും എഴുതിയതു സുപ്രസിദ്ധവൈയാകരണനായ പതഞ്ജലി മഹഷിയാകുന്നു. അഷ്ടാധ്യായി കുറേക്കൂടി സുഗമമായി

ത്തീരണമെന്നുള്ള മുൻകരുതലോടു കൂടിയാണു് ൧൭-ാം ശതകത്തിൽ സിദ്ധാന്തകൗമുദി പ്രത്യക്ഷപ്പെട്ടതു്. ക്രി. പി. ഉദ്ദേശം ൬൭൦-ൽ ആയിരുന്ന അഷ്ടാധ്യായിക്കു കാശികാവൃത്തി എന്ന പേരിൽ ഒരു സമ്പൂർണ്ണവ്യാഖ്യാനം ഉണ്ടായതു്. സിദ്ധാന്തകൗമുദി സുഗമമാകണമെന്നുള്ള ഉദ്ദേശത്തിൻ പേരിലാണു് 'വരദരാജൻ' അതിനെ സംഗ്രഹിച്ചു ലഘുകൗമുദി രചിച്ചതു്. വ്യാകരണപാഠം ആദ്യമായി ആരംഭിക്കുന്നവർ ലഘുകൗമുദിയെ പ്രധാനമായി അഭയം പ്രാപിക്കുന്നതിൽ നിന്നു് ആ ഗ്രന്ഥത്തിൻെറ മഹത്വം വെളിവാകുന്നുണ്ടു്. പാണിനിയുടെ സിദ്ധാന്തങ്ങളെ അവഗണിച്ചും ചില ആചാര്യന്മാർ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. ഔത്തരാഹന്മാരായ ബുദ്ധമതാനുയായികൾക്കു് ഉപയോഗപ്പെടത്തക്കവണ്ണം ക്രി. പി. ൪൭൦-ൽ 'ചന്ദ്രഗോപിൻ' ഒരു വ്യാകരണഗ്രന്ഥം എഴുതിയിട്ടുള്ളതാണു് ഇക്കൂട്ടത്തിൽ പുരാതനമായിട്ടുള്ളതു്. പാണിനിയുടെ ആശയങ്ങളെ കടംവാങ്ങിക്കൊണ്ടാണു ചന്ദ്രഗോപിൻ ഗ്രന്ഥനിർമ്മാണം ചെയ്തിട്ടുള്ളതെങ്കിലും, അതു മററുള്ളവർ അറിയാതെ കഴിക്കാൻ അദ്ദേഹം വളരെ യത്നിച്ചിട്ടുണ്ടെന്നു സൂക്ഷ്മദൃക്കുകൾക്കു നിഷ്പ്രയാസം ഗ്രഹിക്കാം. ബങ്കാളിൽ ഇന്നും പ്രചുരപ്രചാരമുള്ള ഒരു വ്യാകരണഗ്രന്ഥമാകുന്ന ൧൩-ാം ശതകത്തിൽ വോപദേവൻ എഴുതിയിട്ടുള്ള മുഗ്ദ്ധബോധം,

## നിഘണ്ടുക്കൾ.

സംസ്കൃത നിഘണ്ടുവിൻെറ അതിപ്രാചീനമാതൃക വൈദിക നിഘണ്ടുവാകുന്നു. അതിൽ പുരാതന

ങ്ങളും കഠിനങ്ങളുമായ പദങ്ങളുടെ പട്ടിക അടങ്ങിയിരിക്കുന്നു. ഇക്കൂട്ടത്തിൽ അതിപ്രാചീനമെങ്കിലും ആവശ്യത്തിന്നു ഒരു വിധം പററുന്ന ഗ്രന്ഥമാകുന്നു ക്രി. മു. ൫-ാം ശതകത്തിൽ ഉണ്ടായിട്ടുള്ള യാസ്കനിരുക്തം. നാമപദങ്ങളും അവ്യയങ്ങളും മാത്രമല്ല അതിൽ ക്രിയാപദങ്ങളുടേയും പട്ടികഅടങ്ങിയിട്ടുണ്ട്. കോശങ്ങൾ എന്നുകൂടി പേരുള്ള സംസ്കൃത നിഘണ്ഡുക്കളിൽ സാധാരണയായി നാമപദങ്ങളുംഅവ്യയങ്ങളുമാണു് ഉണ്ടായിരിക്കുക കോശങ്ങൾ നിഘണ്ഡുക്കളെന്നു പറഞ്ഞുവരുന്നുണ്ടെങ്കിലും ആ സംജ്ഞ ശരിയാണെന്നു പറഞ്ഞുകൂടാ. സംസ്കൃതഭാഷയുടെ പ്രാചീനപദങ്ങൾ കോശങ്ങളിൽ ചേർത്തുകാണുന്നില്ല. പ്രധാന പദങ്ങളുടേയും പ്രചാരലുപ്തങ്ങളായ വാക്കുകളുടേയും കവികൾ പ്രയോഗിക്കുന്ന ചില പ്രത്യേക പദങ്ങളുടേയും കലവറകളാകുന്നു കോശങ്ങൾ. പദങ്ങൾ ഹൃദിസ്ഥങ്ങളായിരിക്കണമെന്നുള്ള കരുതലോടു കൂടിയാണ് കോശങ്ങൾ പദ്യം സ്വീകരിച്ചുകാണുന്നതു്. യൈറോപ്യദൃഷ്ട്യാ ഇത്തരം ഗ്രന്ഥങ്ങൾക്കു നിഘണ്ഡു എന്നു പേർകൊടുക്കുന്നതു വലിയ സാഹസമായിരിക്കും. കോശങ്ങളെ പൊതുവിൽ രണ്ടായി തരം തിരിക്കാം. ഒന്നാമത്തെ വകുപ്പിൽ ഒരേ അൎത്ഥത്തെക്കുറിക്കുന്ന പദങ്ങൾ ഒന്നിന്നു പിന്നിൽ മററൊന്നായി ചേൎക്കപ്പെട്ടിരിക്കും. രണ്ടാമത്തെ വകുപ്പാകട്ടെ, ഒരു പദത്തിന്നു വരാവുന്ന നാനാൎത്ഥങ്ങളെ കാണിക്കുന്നു. സംസ്കൃത കോശങ്ങൾക്കുള്ള മഹത്വം അതു പദ്യരൂപത്തിൽ വിരചിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതത്രെ. പൎയ്യായ പദങ്ങളെ കോശങ്ങളിൽ നിബന്ധിച്ചിട്ടുള്ളതു് അ

ക്ഷരക്രമത്തിലല്ല. നാനാൎത്ഥ പ്രതിപാദകമായ രണ്ടാം വകുപ്പിൽ അക്ഷരക്രമം നിബന്ധിക്കപ്പെട്ടിരിക്കുന്നു.

അമരകോശം—വ്യാകരണശാസ്ത്രത്തിൽ പാണിനിയുടെ അഷ്ടാധ്യായിക്കുള്ള പ്രാധാന്യം എത്രത്തോളമാണോ അത്രത്തോളം മാഹാത്മ്യം കോശങ്ങളിൽ അമരസിംഹൻെറ കൃതിയായ അമരകോശത്തിനുമുണ്ടു്. ക്രി. പി. ഏഴാം ശതകത്തിനപ്പുറമല്ല അമരകോശം രചിച്ചിട്ടുള്ളതു്.

അനേകാൎത്ഥസമുച്ചയം—ശാശ്വതനാൽ രൂപീകരിക്കപ്പെട്ടിട്ടുള്ള അനേകാൎത്ഥ സമുച്ചയം അമരകോശത്തെ അപേക്ഷിച്ചു പഴക്കമുള്ളതാകുന്നു.

അഭിധാനരത്നമാല—ക്രി. പി. ഏറക്കുറെ ൯൫൦-ലാണ് ഹലായുധൻെറ അഭിധാനരത്നമാല ആവിർഭവിച്ചിട്ടുള്ളതു്.

വൈജയന്തി—ഹലായുധ പ്രണീതമായ അഭിധാനരത്നമാലയെ തുടൎന്നു് ഉദ്ദേശം ഒരു നൂററാണ്ടു കഴിഞ്ഞപ്പോളാണ് യാദവപ്രകാശൻെറ വൈജയന്തി ലോകരംഗത്തിൽ പ്രത്യക്ഷപ്പെട്ടതു്. ജെയിൻ പണ്ഡിതനായ ഹേമചന്ദ്രൻ ക്രി. പി. ൧൦൮൮—൧൧൭൨ വരെ കാലങ്ങളിൽ മൂന്നു സംസ്കൃതനിഘണ്ഡുക്കളെ സംഗ്രഹിക്കുകയും ആ കൂട്ടത്തിൽ ഒരു പ്രാകൃത നിഘണ്ഡുവും, പ്രാകൃതവ്യാകരണവും അനുബന്ധിപ്പിക്കയും ചെയ്തു.

## കാവ്യനിരൂപണഗ്രന്ഥങ്ങൾ.

കാവ്യനിരൂപണഗ്രന്ഥങ്ങളിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു ഭരതമുനിയുടെ നാട്യശാസ്ത്രമാകുന്നു. ക്രി.

പി. ൯-ാം ശതകത്തിനു പിൻപായിരിക്കണം ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളതു്. ൭-ാം ശതകത്തിലാണു ദണ്ഡിയുടെ കാവ്യാദർശം ആവിർഭവിച്ചിട്ടുള്ളതു്. കാവ്യലക്ഷണം, അലങ്കാരലക്ഷണം, കാവ്യത്തിൽ സ്വീകരിക്കാൻ പാടില്ലാത്ത പത്തു ദോഷങ്ങൾ എന്നിവ അതിൽ അടങ്ങിയിരിക്കുന്നു. ഈ വകുപ്പിൽ, കാലാന്തരത്തിൽ ആറു ഗ്രന്ഥങ്ങളോളം ഉണ്ടായിട്ടുണ്ടു്. ക്രി. പി. ൧൪൦൦-ൽ പൂർവ്വബംഗാളിൽ പ്രത്യക്ഷപ്പെട്ട സാഹിത്യദർപ്പണം മറെറാരു ഗണനീയമായ കാവ്യനിരൂപണ ഗ്രന്ഥമാണു്.

## കണക്കുശാസ്ത്രം.

കണക്കുശാസ്ത്രത്തിൽ ഭാരതീയർക്കുണ്ടായിട്ടുള്ള അപാരവിജയം ഏററവും സ്തുത്യർഹമാകുന്നു. അക്കങ്ങൾ കണ്ടുപിടിക്കുന്നതിലും, അവയെ കൂട്ടുക, കിഴിക്കുക, ഹരിക്കുക, ശിഷ്ടത്തെ ഏററവും ചുരുങ്ങി പരിമാണമാക്കി അംശിക്കുക എന്നിങ്ങനെയുള്ള ചടങ്ങുകളിൽ ഭാരതീയശാസ്ത്രജ്ഞന്മാർ പ്രദർശിപ്പിച്ചിട്ടുള്ള പാടവം ലോകത്തെയൊട്ടാകെ വിസ്മയിപ്പിക്കുകയാണു ചെയ്യുന്നതു്. ജാമിററിശാസ്ത്രത്തിൽ (തച്ചുശാസ്ത്രം) ഗ്രീക്കുകാരെന്നപോലെ കണക്കുശാസ്ത്രത്തിൽ ഭാരതീയരാകുന്നു അഗ്രഗണ്യന്മാർ. പ്രായോഗികപദ്ധതിയോടു കൂടി ഒരു തരം ജാമിററ്റിയുടെ മാതൃകയാണു വൈദികസൽവസൂത്രങ്ങളിൽ നാം കാണുന്നതു്. ത്രികോണശാസ്ത്രത്തിൽ ഇന്ത്യാക്കാർ അജ്ഞാനികളായിരുന്നില്ല. കണക്കുശാസ്ത്രത്തെ മേൽക്കുമേൽ പരിഷ്ക്കരിക്കുവാൻ അവർ അശ്രാന്തയത്നം ചെയ്തിരു

ന്നു. അഞ്ചാം ശതകത്തിലുണ്ടായിട്ടുള്ള കണക്കു ശാസ്ത്രജ്ഞന്മാരാണു ബീജഗണിതം കണ്ടു പിടിച്ചതു്. ജ്യോതിഷവിദ്യയ്ക്കു വിഷ്ക്കംഭം കുറിച്ചവർ ഇവരാകുന്നു. അടിയളവു്, ദണ്ഡളവു മുതലായവ ഏർപ്പെടുത്തിയതും ഇക്കാലത്താണു്. ബീജഗണിതത്തിൽ ഗ്രീക്കുകാരേയും ഇന്ത്യാക്കാർ പിന്നിലാക്കി. കണക്കുശാസ്ത്രം ഇന്ത്യാക്കാർ പദ്യങ്ങളായി രചിച്ചിരിക്കുന്നു എന്നു കേൾക്കുമ്പോൾ യൂറോപ്യന്മാർ ആശ്ചര്യാധിക്യത്താൽ നെററി ചുളിയ്ക്കുമായിരിക്കും.

## ഖഗോളശാസ്ത്രം.

ഗ്രീക്കുകാരുമായി പരിചയപ്പെടുകയും അവരുടെ ശാസ്ത്രം ഗ്രഹിക്കുകയും ചെയ്തതിനുശേഷമാണു് ഇന്ത്യാക്കാർ ഖഗോളശാസ്ത്രത്തിൽ പുരോഗതി പ്രാപിച്ചതു്. കാര്യം എങ്ങനെയൊക്കെയായിരുന്നാലും ഭാരതീയരുടെ വാനശാസ്ത്രസാഹിത്യം ലോകോത്തരമാകുന്നു. ക്രി. പി. ൩൦൦- മുതൽക്കാണു ശാസ്ത്രീയരീതിയിൽ ആദ്യമായി ഖഗോളശാസ്ത്രം ഉണ്ടാക്കപ്പെട്ടതു്. സൂര്യസിദ്ധാന്തം തുടങ്ങിയ നാലു ഉപാധികളാണ് വാനശാസ്ത്രത്തിലെ പ്രാഥമികവിഷയം. ക്രി. പി. ൪൭൬-ൽ പാടലീപുത്രത്തിൽ ജാതനായ ആര്യഭട്ടൻ ആകുന്നു ശരിയായ ഇന്ത്യൻ വാനശാസ്ത്രദ്രഷ്ടാവു്.

ആര്യഭട്ടർ—അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥത്തിനു ആര്യഭട്ടീയം എന്നു പേർ. അതിലെ ൩-ാമത്തെ

പ്രകരണം ഗണിതസിദ്ധാന്തങ്ങളടങ്ങിയതാകുന്നു. ഭൂമിയുടെ ഭ്രമണവേഗം, സൗരയൂഥം, സൂര്യചന്ദ്രഗ്രഹണങ്ങൾ, ഗ്രഹണഹേതുക്കൾ എന്നിവ സൂക്ഷ്മമായി ഗ്രഹിച്ച ആര്യഭട്ടന്റെ പവിത്രനാമധേയം ലോകാവസാനംവരെ നിലനിൽക്കാതിരിക്കയില്ല.

വരാഹമിഹിരൻ—ക്രി. പി. ൫൮൭-ൽ ദിവംഗതനായ വരാഹമിഹിരാചാര്യരാണ് ആര്യഭട്ടനെ കഴിഞ്ഞാൽ ജ്യോതിശാസ്ത്രത്തിൽ അഗ്രഗണ്യനായ പണ്ഡിതൻ. ഉജ്ജയിനിക്കു സമീപമാണ് അദ്ദേഹം ജാതനായതു്. പഞ്ചസിദ്ധാന്തിക, ബൃഹത്സംഹിത എന്നിങ്ങനെയുള്ള നാലു ഗ്രന്ഥങ്ങളാണ് വരാഹമിഹിരൻ വിരചിച്ചിട്ടുള്ളതു്. പ്രായോഗികവാനശാസ്ത്രസിദ്ധാന്തങ്ങളാണ് പഞ്ചസിദ്ധാന്തികയിൽ അടങ്ങിയിരിക്കുന്നതു്. ബൃഹത്സംഹിതയിൽ ജ്യോതിഷനിയമങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

ബ്രഹ്മഗുപ്തൻ—ഇദ്ദേഹമാണ് ക്രി. പി. ൬൨൮-ൽ മുപ്പതാമത്തെ വയസ്സിൽ ബ്രഹ്മസ്ഫുടസിദ്ധാന്തം എന്ന സുപ്രസിദ്ധഗ്രന്ഥം രചിച്ചിട്ടുള്ളതു്. വരാഹമിഹിരനെപ്പോലെ തന്നെ വിഖ്യാതനാണ് ബ്രഹ്മഗുപ്തനും.

ഭാസ്കരാചാര്യർ—ജ്യോതിഷഗ്രന്ഥനിർമ്മാതാക്കളിൽ ഒടുവിലത്തെ ആളായ ഭാസ്കരാചാര്യർ ക്രി. പി. ൧൧൧൪-ൽ ജനിച്ചു. സൂര്യസിദ്ധാന്തം കഴിഞ്ഞാൽ ജ്യോതിഷശാസ്ത്രത്തിൽ ഭാസ്കരാചാര്യരുടെ സിദ്ധാന്തശിരോമണിയാകുന്നു അനിഷേധ്യഗ്രന്ഥങ്ങളിൽ അദ്വിതീയമായി നിൽക്കുന്നതു്.

## ആയുൎവ്വേദസാഹിത്യം.

ചികിത്സാശാസ്ത്രത്തിന്ന സംസ്കൃതത്തിൽ ആയുൎവ്വേദം എന്നു പേർ. അഥൎവ്വവേദത്തെ പിന്തുടൎന്നാണു് ആയുൎവ്വേദം ആവിർഭവിച്ചതു്. അഥർവ്വത്തിൽ പലേ വ്യാധികളേപ്പററിയും ഔഷധങ്ങളെക്കുറിച്ചും പ്രസ്താവിച്ചു കാണുന്നുണ്ടു്,

ചരകൻ;സുശ്രുതൻ— ആയുർവ്വേദഗ്രന്ഥകൎത്താക്കന്മാരിൽ അദ്വിതീയന്മാർ ചരകനും സുശ്രുതനുമാകുന്നു. ക്രി. പി. പ്രഥമശതകത്തിൻെറ അന്ത്യത്തിലായിരിക്കണം ചരകൻ ജീവിച്ചിരുന്നതു്. ഇന്ത്യയിൽ ഇന്നും പ്രചുരപ്രചാരത്തിലിരിക്കുന്ന ചരകസംഹിത ഈ ആചാര്യൻെറ ശാസ്ത്രവിജ്ഞാനത്തിൻെറ പരിണതഫലമാകുന്നു. രണ്ടാം നൂററാണ്ടിലായിരിക്കണം സുശ്രുതൻെറ കാലം. ഇദ്ദേഹം ശസ്ത്രക്രിയയിൽ അദ്വിതീയനായിരുന്നു. ഇദ്ദേഹമാണ് സുശ്രുതസംഹിതയുടെ കൎത്താവു്.

വാഗ്ഭടൻ:—ചരകനേയും സുശ്രുതനേയും തുടൎന്നു് ആയുർവ്വേദ ശാസ്ത്രത്തിൽ പ്രഖ്യാതിനേടിയ മഹാൻ വാഗ്ഭടനായിരുന്നു. ക്രി. പി. ൬൦൦-ൽ ജീവിച്ചിരുന്ന ഇദ്ദേഹമാണ് സുപ്രസിദ്ധ ആയുൎവ്വേദഗ്രന്ഥമായ അഷ്ടാംഗഹൃദയത്തിൻെറ പ്രണേതാവു്. ബാഗ്ദാദിലെ കലീഫയുടെ ആജ്ഞയനുസരിച്ചു ക്രി. പി. ൮-ാം ശതാബ്ദത്തിൽ അനേകം ആയുർവ്വേദശാസ്ത്രഗ്രന്ഥങ്ങൾ അറബിഭാഷയിലേയ്ക്കു തൎജ്ജിമ ചെയ്തിട്ടുണ്ടു്. പാശ്ചാത്യവൈദ്യവിദഗ്ദ്ധന്മാർ വളരെക്കാലം ഭാരതീയവൈദ്യശാസ്ത്രങ്ങൾ പരിശോധിക്കയും, അവയ്ക്കു ആന്തരമായ നിലയും

വിലയും ഏററവും നിസ്സാരമാണെന്ന് അഭിപ്രായപ്പെടു കയും ചെയ്തിരിക്കുന്നു. ഭൗതികപ്രധാനന്മാരായ പാശ്ചാത്യക്കു ആദ്ധ്യാത്മികപ്രഭാവന്മാരായ ഭാരതീയരുടെ ചികിത്സാപദ്ധതികഠം രുചിക്കാതിരിക്കുന്നുണ്ടെങ്കിൽത്തന്നെയും അതിൽ ആശ്ചര്യപ്പെടുവാനില്ല. ശസ്ത്രക്രിയാപദ്ധതിയിൽ അവർ ഭാരതീയരെ എന്തെന്നില്ലാതെ പുകഴ്ത്തുന്നുണ്ടു്, കൃത്രിമനാസികകഠം ഉണ്ടാക്കുന്ന സമ്പ്രദായമാണ് അവക്ക് ഏററവും വിസ്മയാവഹമായി തോന്നിയിരിക്കുന്നതു്. ൧൮-ാം നൂററാണ്ടിലെ ആംഗ്ലേയവൈദ്യനിപുണന്മാർ ഈ സമ്പ്രദായം എത്രത്തോളം പ്രായോഗികമെന്നു പരിശോധിച്ചു നോക്കുകയുണ്ടായി. അവക്കു നിരാശയ്ക്കു ഏതുമേത്തും വഴിയുണ്ടായില്ലതാനും.

## പ്രാകൃതസാഹിത്യം.

സംസ്കൃതവുമായി ഏററവും അടുത്തു നിൽക്കുന്ന പ്രാകൃതഭാഷയേയും സാഹിത്യത്തേയും പററി അല്പമൊന്നു വിവരിച്ചു ഈ ഭാഗം അവസാനിപ്പിക്കാം. ആദിമകാലങ്ങളിൽ ജനങ്ങഠം സംസാരിച്ചിരുന്നതു പ്രാകൃതഭാഷയാണല്ലൊ. ആ ഭാഷയിൽ പലേ ഗ്രന്ഥങ്ങളും എഴുതപ്പെട്ടിരിക്കാനും ഇടയുണ്ടു്. പക്ഷെ അവ നമുക്കു കണ്ടെത്തുവാൻ കഴിയുന്നില്ല. യഥാത്ഥദേശഭാഷകളാണു പ്രാകൃതഭാഷകഠം എന്നു പറയുവാൻ നിവൃത്തിയില്ല. സംസാരഭാഷയിൽ സാഹിത്യപ്രയോഗങ്ങഠം പലതും കാണുന്നുണ്ടു്. പ്രാകൃതഭാഷകഠംക്കു അപഭ്രംശഭാഷകഠം എന്നും നാട്ടുഭാഷകഠംക്കു് ദേശ്യഭാഷകഠം എന്നും അക്കാലത്തെ

ഗ്രന്ഥകാരന്മാർ സംജ്ഞ നൽകി. പ്രാകൃതഭാഷാഗ്രന്ഥ മെന്നനിലയിൽ നമുക്കു കിട്ടിയിരിക്കുന്ന ബൃഹൽക്കഥ "പൈശാചി" ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതും സംഭാഷണരൂപത്തിലുള്ളതും സാഹിത്യത്തിന്റെ അടുത്തുകൂടി എത്താത്തതും ആകുന്നു.

ബൃഹൽക്കഥ—ആദിമകാലത്തു പ്രചരിച്ചിരുന്ന അനേകം കഥകളുടെ ഒരു സമാഹാരമാകുന്നു ബൃഹൽക്കഥ. ക്രിസ്ത്വാബ്ദം രണ്ടാം ശതകത്തിൽ ജീവിച്ചിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന ഗുണാഢ്യനാണ് ബൃഹൽക്കഥയുടെ പ്രസാധകൻ. ൧൧-ാം ശതകത്തിൽ ക്ഷേമേന്ദ്രനും, സോമദേവനും ഈ ഗ്രന്ഥത്തെ സംസ്കൃതത്തിലേയ്ക്കു തർജ്ജിമചെയ്തു.

പ്രാകൃതഖണ്ഡകാവ്യങ്ങൾ— ജൈനമതാനുയായികൾ പ്രാകൃതഭാഷയെ മതഭാഷയായി സ്വീകരിച്ചതോടുകൂടി അതിനു ജനങ്ങളുടെ ഇടയിൽ ദ്രുതപ്രചാരം ഉണ്ടായി. സാഹിത്യപരമായവിലയും അതിനു സിദ്ധിച്ചു. മതപരങ്ങളല്ലാത്തഗ്രന്ഥങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്നഭാഷ മഹാരാഷ്ട്രിയായിരുന്നു. അതു മിക്കവാറും സാഹിത്യഭാഷകൂടിയാണ്. പ്രാകൃതഭാഷയ്ക്കു സാഹിത്യഭാഷ എന്ന നിലയിൽ മേന്മ ഉണ്ടാകണമെന്നുള്ള ഉദ്ദേശം മുൻനിറുത്തിയാണ് അതിൽ ഖണ്ഡകാവ്യങ്ങൾ രചിക്കപ്പെട്ടതു്. പ്രാകൃതഖണ്ഡകാവ്യങ്ങളിൽ "സട്ടസി" (സപ്തശതി) മുന്നണിയിൽ നിൽക്കുന്നു. ഈ കാവ്യം ഹാല വിരചിതമാകുന്നു. ഇദ്ദേഹം ശൃംഗാരരസവർണ്ണനയിൽ അ

ദ്വിതീയനായിരുന്നു എന്നു ഈ കാവ്യം നമ്മെ മനസ്സിലാക്കുന്നുണ്ട്. ഒരു കവിയേക്കാറം, സമാഹർത്താവു എന്ന നിലയിലാണ് ഇദ്ദേഹംക്കൂടുതൽ പരിചിതനായിരിക്കുന്നതു്. ക്രിസ്താബ്ദ പ്രാരംഭത്തിലായിരിക്കണം ഈ കവി ജീവിച്ചിരുന്നതു്. അദ്ദേഹം സമാഹരിച്ചിട്ടുള്ള കവിതകളിൽ അവ എഴുതിയ കവികളുടെ പേർ ചേൎത്തുകാണുന്നുണ്ട്. അദ്ദേഹത്തിൻെറ കാലത്തിനുശേഷം ഇത്തരത്തിൽ കാവ്യസമാഹാരം ചെയ്തിട്ടുള്ളവരുടെ പേർ കാണുന്നതേയില്ല.

<u>പ്രാകൃതനാടകം</u>—സംസ്കൃതനാടകങ്ങളിൽ പ്രാകൃതഭാഷ ക്രമത്തിലധികം പ്രയോഗിച്ചിട്ടുണ്ടെന്നു് ഇതിനു മുമ്പു പ്രസ്താവിക്കയുണ്ടായല്ലൊ. മഹാരാഷ്ട്രി; ഖണ്ഡകാവ്യങ്ങളിലും കടന്നുകൂടിയിരുന്നു. പ്രാകൃതഭാഷ മാത്രമായി രചിക്കപ്പെട്ട ഒരു നാടകം നമുക്ക് ലഭിച്ചിട്ടുണ്ട്. അതിൻെറ പേർ കൎപ്പൂരമഞ്ജരി എന്നാകുന്നു. ക്രി. പി. ൯00-മാണ്ടിൽ ജീവിച്ചിരുന്ന രാജശേഖരകവിരാജനാണ് കർപ്പൂരമഞ്ജരിയുടെ കർത്താവു്. അദ്ദേഹം എഴുതിയിട്ടുള്ള മററു മൂന്നു നാടകങ്ങളെ സംബന്ധിച്ചു മൻപൊരിടത്തു പ്രസ്താവിച്ചിട്ടുണ്ട്. കുന്തളരാജാവിൻെറ പുത്രി കൎപ്പൂരമഞ്ജരി, ചണ്ഡപാലരാജാവിനെ വിവാഹം ചെയ്തതെങ്ങനെ എന്നാണ് കൎപ്പൂരമഞ്ജരിയിൽ പ്രതിപാദിക്കുന്നതു്. കുന്തളരാജ്ഞിയുടെ അസൂയയാൽ നായികാനായകന്മാർ കഷ്ടപ്പാടുകറം വളരെയനുഭവിച്ചു് ഒടുവിൽ അവർ ദമ്പതികളായിത്തീരുന്നു. ഈ അവസരത്തിൽ നാടകകഥയും അവസാനിക്കുന്നുണ്ട്.

പ്രാകൃതകാവ്യങ്ങൾ—പ്രാകൃതകാവ്യശാലയിൽ നമുക്കു ലഭിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ രണ്ടിലധികമില്ല. അവയിൽ ഏററവും പ്രാചീനമായതു "രാവണവഹ"മാകുന്നു. 'ദഹമുഹവംഹം' എന്നൊരു പേർകൂടി അതിന്നുണ്ടു്. സേതുബന്ധനം മുതൽ രാവണവധംവരെയുള്ള കഥയാണ് ഈ നാടകത്തിൽ അടങ്ങിയിരിക്കുന്നതു്. പ്രസ്തുതനാടകത്തിൽ പ്രവരസേനനെ വർണ്ണിച്ചു കാണുന്നു. ഇദ്ദേഹം കാക്ഷ്മീരിലെ രാജാക്കന്മാരിൽ ഒരാളായിരിക്കണം. ഇദ്ദേഹമാണ് "രാവണവഹ"ത്തിന്റെ കർത്താവെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. മററൊരു പ്രാകൃതകാവ്യം "ഗൗഡവഹം"എന്ന പേരിനാൽ അറിയപ്പെടുന്നു. അതിന്റെ കർത്താവു സംസ്കൃതഭായിൽ വാക്പതിരാജനായ "ബാപ്പിരോ" ആകുന്നു. ക്രി. പി. ൭൦൦-ലാണ് ഇദ്ദേഹം ജീവിച്ചിരുന്നതു്. ഗൗഡവഹം, കാന്യകുബ്ജരാജാവായ യശോവർമ്മൻ ഗൗഡരാജാവിനെ വധിച്ച കഥയെ വർണ്ണിക്കുന്നു.

"SUBODHINI" PRESS, TRIVANDRUM—1936.

340.